VI. ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തിനെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. സുധാകരൻ : സർ, 'കേട്ട ഗാനം മധുരം, കേൾക്കാത്തത് മധുരതരം' എന്നാണ്. കവിവാക്യത്തെ സാർത്ഥകമാക്കുന്നതാണ് ബഹുമാന പ്പെട്ട ഗവർണ്ണർ നടത്തിയ പ്രസംഗം. ബഹു. ഗവർണ്ണറുടെ നയപ്രഖ്യാപനത്തി നുശേഷം ഇതിനെക്കാൾ മധുരതരമായി ബഹുമാന്യനായ നമ്മുടെ ധനകാര്യ മന്ത്രിയുടെ ബഡ്ജറ്റ് അടുത്തമാസം 14-ാം തീയതി വരാൻ പോവുകയാണ്. വാസ്തവത്തിൽ നമ്മുടെ ഭരണഘടനയുടെ 50-ാം വാർഷികം ആഘോഷി ക്കുന്ന ഈ അവസരത്തിൽ ഭരണഘടന ഉയർത്തിപ്പിടിക്കുന്ന നാനാത്വത്തിൽ ഏകത്വം എന്ന മഹനീയമായ ഒരു കാഴ്ചപ്പാടിന്റെ പുരുഷാകാരമായിട്ടാണ് നമ്മുടെ ബഹുമാനപ്പെട്ട ഗവർണ്ണർ ഈ പ്രസംഗം മലയാളത്തിന്റെ നിയമസഭ യുടെ ഈ അത്യുന്നത വേദിയിൽ സ്പീക്കറോടൊപ്പം നിന്നുകൊണ്ട് ഇവിടെ ചെയ്തിട്ടുള്ളത്. 50 വർഷക്കാലം നമ്മുടെ ഭരണഘടന എല്ലാ വെല്ലുവിളിക ളെയും നേരിട്ട് ലഭ്യമായ ജനാധിപത്യത്തിന്റെ അടിത്തറ ഭദ്രമാക്കി നിലനിർത്താൻ കഴിഞ്ഞതിന്റെ പ്രതീകമായിരുന്നു ഗവർണ്ണറുടെ പ്രസംഗം. മധുരം, സൗമ്യം, ദീപ്തം എന്ന് വിശേഷിപ്പിക്കാവുന്ന അതിമനോഹരമായ വാക്കുകളിലൂടെ പിന്നിട്ട നൂറ്റാണ്ടുകളിലെ തിരശ്ശീല ഉയർത്തി പുറകോട്ട് നോക്കിയശേഷം അവലോകനം ചെയ്തുകൊണ്ട് അനന്തനീലിമയാർന്ന ആകാശംപോലെ വിസ്തൃതമായിരിക്കുന്ന പുതിയ നൂറ്റാണ്ടിലേയ്ക്ക് ദൃഷ്ടി കൾ ഉറപ്പിച്ച്. ബഹുമാനപ്പെട്ട ഗവർണ്ണർ നയപ്രഖ്യാപനം നടത്തി. നായനാർ ഗവണ്മെന്റിന്റെ നല്ല കാര്യം വിശദീകരിച്ച സമയത്ത്, ഭരണഘടനയുടെ 50-ാം വാർഷികം ആഘോഷിക്കുന്ന സമയത്ത്, ഗവർണ്ണറെ കരിങ്കൊടി കാട്ടിഎതിരേറ്റ ബഹുമാന്യനായ ശ്രീ. എ.കെ. ആന്റണിയുടെ നേതൃത്വത്തി ലുള്ള പ്രതിപക്ഷം ഭരണഘടനയെ അപമാനിക്കുകയാണു ചെയ്തത്. പ്രകോ പനപരമായ യാതൊന്നുമില്ലാത്ത, രാജ്യത്തിന്റെ വിശാല വികസനത്തിന്റെ വഴിത്താര തെളിയിക്കുന്ന, ആ മഹത്തായ ഭരണഘടനാനുസൃതമായ പ്രസംഗത്തെ അപമാനിച്ചുകൊണ്ട് കരിങ്കൊടി കാട്ടിയ പ്രതിപക്ഷം! ഞാൻ നിങ്ങളെ ആശംസിക്കുന്നു! നിങ്ങൾ ശൂന്യമാക്കിയ സീറ്റുകൾ അടുത്ത തെര ഞ്ഞെടുപ്പിൽ ശൂന്യമായിത്തന്നെ കിടക്കട്ടെ! അത് ഒരു കാവ്യനീതി പോലെ, ഒരു പൊയറ്റിക് ജസ്റ്റിസ്പോലെ നിങ്ങളുടെമേൽ ആഞ്ഞു പതിക്കാൻ പോവുകയാണ്. സർ, ഇവിടെ ചർച്ച നടന്നു. സഖാവ് ആനത്തലവട്ടം തുടങ്ങി കേരളത്തിന്റെ ഉജ്ജ്വലനായ രാഷ്ട്രീയ നേതാവ്, ചെറുപ്പത്തിലേ പയറ്റിത്തെളി ഞ്ഞ, നല്ല പരിശീലനമുള്ള, പക്വതയാർന്ന ശ്രീ. പിണറായി വിജയനും സഖാവ് ശ്രീ. കെ.പി. രാജേന്ദ്രനും അടക്കമുള്ളവരുടെ പ്രസംഗം നാം കേട്ടു. അങ്ങനെ ഇടതുപക്ഷ ജനാധിപത്യമുന്നണിയിലെ ഈ നേതാക്കന്മാരെല്ലാം പ്രസംഗിച്ചു. നിങ്ങൾ ബി.ജെ.പി. യും ആർ.എസ്.എസ്സുമായി ചേർന്ന് ഈ രാജ്യത്തിന്റെ രാഷ്ട്രീയ-സാംസ്കാരിക-വിദ്യാഭ്യാസ-വികസനമേഖലകളിൽ ഇളക്കിവിട്ട ഇരുളിന്റെ കരിമ്പടക്കെട്ടുകൾക്ക് തീകത്തിക്കുന്ന പർവ്വത മുനമ്പു കൾപോലെയാണ് ഇവരെല്ലാപേരും പ്രസംഗിച്ചത്. നിങ്ങൾ ഇവിടെ രാഷ്ട്രീ യാകാശത്ത് അലയാൻ വിട്ടിരിക്കുന്ന ഇരുളിന്റെ കരിമ്പടക്കെട്ടുകൾക്ക് സഖാവ് ആനത്തലവട്ടം ആനന്ദൻ, സഖാവ് പിണറായി വിജയൻ, സഖാവ് ഗോവിന്ദൻ മാസ്റ്റർ, ശ്രീ. കെ.പി. രാജേന്ദ്രൻ, ശ്രീ. കണാരൻ അടക്കം പ്രസംഗിച്ച എല്ലാവരും തീകൊളുത്തിയിരിക്കുകയാണ്. നിങ്ങളുടെ ആ കരിമ്പ ടകെട്ടുകളെല്ലാം കത്തി ചാമ്പലായിരിക്കുകയാണ്. അങ്ങനെ സത്യം സത്യ

മായി രാഷ്ട്രീയ നഭോമണ്ഡലത്തിൽ പ്രകാശിച്ചിരിക്കുന്ന ഈയവസരത്തിൽ ബഹു. പ്രതിപക്ഷ നേതാവിന്റെ നേതൃത്വത്തിൽ, ഭരണഘടനയുടെ അടിസ്ഥാനശിലയിളക്കാൻ ശ്രമിക്കുന്ന, അടിത്തറയിളക്കാൻ ശ്രമിക്കുന്ന, ബി.ജെ.പി. യുമായി ചേർന്നുകൊണ്ട് നിങ്ങൾ മേൽക്കൂരയിളക്കാൻ ശ്രമിക്കുന്നു, അറിഞ്ഞും അറിയാതെയും. ബി.ജെ.പി., ആർ.എസ്.എസ്. ഭരണഘടനയുടെ അടിസ്ഥാനശില ഇളക്കാൻ ശ്രമിക്കുമ്പോൾ ഇവിടെ കേരളത്തിൽ യു.ഡി. എഫ്. മേൽക്കൂര ഇളക്കാൻ ശ്രമിക്കുകയാണ്. ഭാരമുള്ള സാധനങ്ങൾ, തടിയോ അതുപോലുള്ള സാധനങ്ങളോ, കയറ്റിക്കൊണ്ടു പോകുമ്പോൾ നമ്മുടെ നാട്ടിൽ അതു കയറ്റുന്ന തൊഴിലാളികൾ വിളിക്കാറുണ്ട് "ഹോയ്, ഹോയ്, ഒത്തുപിടി!" എന്ന്. നിങ്ങൾ വളരെ ഭാരമായ ഒരു ജോലി ഏറ്റെടുത്തിരിക്കുന്നു. ആർ.എസ്.എസ്. അടിത്തറ ഇളക്കാൻ, നിങ്ങൾ മേൽക്കൂര ഇളക്കാൻ രണ്ടുപേരുംകൂടി പറയുകയാണ് – 'ഹോയ്, ഹോയ് ഒത്തുപിടിക്കുക!' കോൺഗ്രസും ബി.ജെ.പി.യും 'ഒത്തുപിടിക്കുക!' എന്നുപറയുകയാണ്. ഭരണഘടനയെ അപമാനിച്ച നിങ്ങൾക്കു ജനങ്ങൾ നല്ല ഒരു ശിക്ഷ തരാൻ പോകുകയാണ്. സാമ്രാജ്യത്വത്തിന്റെ പതനത്തെപ്പറ്റി, സ്വാതന്ത്ര്യോദയത്തെപ്പറ്റി, നമ്മുടെ റിപ്പബ്ലിക്കിന്റെ ഉദയത്തെപ്പറ്റി, നാം ഭരണഘടനയെ സ്വീകരിച്ചതിനെപ്പറ്റി ഇന്ത്യയുടെ മഹാവിജയങ്ങളെ ഉദ്ഘോഷിക്കുന്ന ഈ പ്രസംഗത്തെ എങ്ങനെ നിങ്ങൾക്ക് ബഹിഷ്ക്കരിക്കുവാൻ കഴിഞ്ഞു! അപ്പുറത്ത് വിവരമുള്ള ധാരാളം ആളുകളുണ്ട്. നിങ്ങളുടെ വികാരം നിങ്ങളുടെ വിചാരത്തെ കീഴ്പ്പെടുത്തിക്കളഞ്ഞ ഈ ശപിക്കപ്പെട്ട നിമിഷങ്ങൾ നിങ്ങളുടെ രാഷ്ട്രീയ ജീവിതത്തിൽ ഇനി ഒരിക്കലും ഉണ്ടാകാതിരിക്കാൻ നോക്കണം. അല്ലെങ്കിൽ നിങ്ങളുടെ പ്രതിപക്ഷനിരകൾ അടുത്ത ഇലക്ഷനിൽ ശൂന്യമായിരിക്കും, യാതൊരു സംശയവുമില്ല. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ മഹത്തായ മുദ്രാവാക്യങ്ങൾ ഇതിനകത്തുണ്ട്. അത് നടപ്പിലാക്കുന്നതിനെപ്പറ്റിയുണ്ട്. ജനാധിപത്യം, സോഷ്യലിസം, മതേതരത്വം, പൗരാവകാശങ്ങൾ എന്നീ ഭരണഘടനയിലെ രത്നങ്ങൾ ഉണ്ടല്ലോ മരതകവും, മാണിക്യവും, പുഷ്യരാഗവും, ഇന്ദ്രനീലവും പോലെയുള്ള രത്നങ്ങൾ ഈ ഭരണഘടനയിൽ ഉണ്ടല്ലോ. അതിനെയെല്ലാം ഈ പ്രസംഗത്തിൽ ഉയർത്തിപ്പിടിച്ചിരിക്കുകയാണ്. പുതിയ യുഗത്തിന്റെ ദീപനാളങ്ങളാണ് ഉയർത്തിപ്പിടിച്ചിരിക്കുന്നത്. പുതിയ യുഗത്തിന്റെ ദീപനാളങ്ങൾ ഉയർത്തിപ്പിടിക്കുമ്പോൾ നിങ്ങൾ രാക്ഷസീയമായ പൗരുഷ്യത്തോടുകൂടി ആ ദീപനാളങ്ങളെ നിങ്ങളുടെ വർഗ്ഗീയതയിൽ ഊതിപ്പെരുപ്പിച്ച വിശ്വാസങ്ങൾകൊണ്ട് തകർക്കുമെന്നു വിചാരിക്കുന്നുണ്ടെങ്കിൽ ഈ ദീപനാളങ്ങൾ നിങ്ങളുടെ വർഗ്ഗീയതയുടെ ആ ശ്വാസങ്ങളെ തകർക്കുന്ന ദീപനാളങ്ങളാണ് എന്ന് നിങ്ങൾ മനസ്സിലാക്കിയിരിക്കണം. പുത്തൻ കൊളോണിയലിസം, ഗാട്ട് കരാർ, പേറ്റന്റ് നിയമം, ബൗദ്ധിക സ്വത്തവകാശം, ഉദാരവൽക്കരണം, ആഗോളവൽക്കരണം, വാണിജ്യവൽക്കരണം, സ്വകാര്യവൽക്കരണം, ശ്രീ. റാവു മുതൽ ശ്രീ. വാജ്പേയിവരെ ഊട്ടി വളർത്തുന്ന ഈ രാക്ഷസീയ നയങ്ങൾക്കും ശക്തികൾക്കുമെതിരെ ഗവർണ്ണറുടെ പ്രസംഗം ഇടതുപക്ഷ ജനാധിപത്യ ഗവണ്മെന്റിനുവേണ്ടി ശ്രീ. നായനാർ ഗവണ്മെന്റിനുവേണ്ടി, കേരളത്തിലെ ജനങ്ങൾക്കുവേണ്ടി ആഞ്ഞടിച്ചിരിക്കുകയാണ്. തകർന്ന ഇന്ത്യയുടെ സാമ്പത്തികനില നിങ്ങൾ കാണുന്നില്ല. തറവാടു വിറ്റ് അമേരിയ്ക്കക്ക് കപ്പം കൊടുത്ത നിങ്ങളുടെ പ്രധാനമന്ത്രിയായിരുന്ന ശ്രീ. റാവു ഉണ്ടല്ലോ. ആ റാവു പത്തു കപ്പം കൊടുത്തു എങ്കിൽ നൂറുകണക്കിന് കപ്പം കൊടുക്കാൻ ശ്രീ. വാജ്പേയി തയ്യാറായിരിക്കുകയാണ്. നിങ്ങളുടെ ദ്വികക്ഷി വാദം തകർന്നില്ലേ? ഇവിടത്തെ ബൂർഷ്വാ മാധ്യമങ്ങൾ ഉയർത്തിപ്പിടിച്ച 'ഒന്നുകിൽ

LIBRARY ARCHIVES Kerala Legislative Assembly

കോൺഗ്രസ് അല്ലെങ്കിൽ ബി.ജെ.പി.' എന്ന വാദം തകർന്നില്ലേ? കോൺഗ്രസിന് വെറും 113 സീറ്റ്, ബി.ജെ.പി. ക്ക് വെറും 182 സീറ്റ്. നല്ല ഒരു ഐക്യമുന്നണി, നല്ലതെന്നു പറഞ്ഞാൽ അതിന്റെ സ്വഭാവത്തിനല്ല, അതിന്റെ ആശയത്തിനല്ല സംഘടനാപരമായി ശക്തമായ ഒരു ഐക്യമുന്നണി കെട്ടിപ്പടുത്തുകൊണ്ടു മാത്രമാണ് ബി.ജെ.പി. വന്നത്. ബി.ജെ.പി. യിലും കോൺഗ്രസിലുമില്ലാത്ത 250-ൽ പരം എം.പി. മാർ പാർലമെന്റിൽ ഉണ്ടെന്ന് മനസ്സിലാക്കിയ ജനങ്ങൾ 'ഒന്നുകിൽ കോൺഗ്രസ് അല്ലെങ്കിൽ ബി.ജെ.പി.' എന്ന ദ്വികക്ഷി വാദം അമേരിക്കൻ മോഡൽ, ഇംഗ്ലീഷ് മോഡൽ, ഇവിടെ അംഗീകരിച്ചിട്ടില്ല. ഞാൻ നിങ്ങളോട് പറയുകയാണ് നിങ്ങൾ കമ്മ്യൂണിസത്തിന് എതിരായി സംസാരിച്ചു. കമ്മ്യൂണിസ്റ്റ് ധാർമ്മികതയുടെ ഏറ്റവും ഉജ്ജ്വലമായ ചർച്ചാവേദിയായിരുന്നു കഴിഞ്ഞ രണ്ടുദിവസം ഇവിടെ സഖാവ് കണാരൻ അടക്കം ആ പ്രശ്നം ശക്തമായി ഇവിടെ ഉന്നയിച്ചിട്ടുണ്ട്. റഷ്യയിൽ കമ്മ്യൂണിസ്റ്റുകാർ വളർന്നുവരികയാണ്. സ്പെയിനിൽ ഉയർന്നു വരികയാണ്. നേപ്പാളിൽ ഉയർന്നുവരികയാണ്. ജപ്പാനിലും ഇന്ത്യയിലും ദക്ഷിണാഫ്രിക്കയിലും ചിലിയിലും ഫ്രാൻസിലും ജർമ്മനിയിലും ധീരതേജസ്സായ നാളെയുടെ പ്രതീകങ്ങളായി കമ്മ്യൂണിസ്റ്റുകാർ തകർച്ചയിൽ നിന്ന് ഉയർന്നുവരികയാണെന്ന് മനസ്സിലാക്കണം. ഇന്ത്യയിലാണെങ്കിൽ ഞങ്ങൾ തളർന്നില്ല, ഉള്ള ശക്തി നിലനിർത്തിക്കൊണ്ടു മുന്നോട്ടു വരികയാണ്. ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കുകയാണ്. വെമ്പുക, വിളറുക, വിറകൊള്ളുക, നിങ്ങൾ നോക്കുക ധീര തേജസ്സായ നാളെ നിങ്ങളുടെ പിറകിലുണ്ട്. അത് കമ്മ്യൂണിസത്തിന്റെ, ഇടതുപക്ഷത്തിന്റെ, ജനാധിപത്യവൽക്കരണത്തിന്റെ, മതേതരത്വത്തിന്റെ നാളെയാണ്. നിങ്ങൾ അത് നോക്കുക എന്നാണ് എനിക്ക് പറയാനുള്ളത്. നിങ്ങൾ ഇവിടെ ഒരുപാട് കാര്യങ്ങൾ പറയുന്നു. കമ്മ്യൂണിസത്തിനെതിരെ, സോഷ്യലിസ്റ്റ് രാജ്യങ്ങൾ, ചൈനയും ക്യൂബയും മറ്റും, സൂര്യപ്രഭ ചൊരിയുമ്പോൾ നിങ്ങൾ നേരെ നോക്കരുതേ, നിങ്ങളുടെ കണ്ണ് പൊട്ടിപ്പോകും ചരിഞ്ഞിരുന്ന് നോക്കിയാൽ മതി. കാരണം നിങ്ങളുടെ കണ്ണിൽ കമ്മ്യൂണിസത്തിനു വിഷമയമുണ്ട്. ആ സൂര്യപ്രകാശത്തെ നോക്കാൻ അതിന് ധൈര്യമില്ല. നിങ്ങളുടെ കണ്ണുകൾക്ക് നിഷ്കളങ്കതയില്ല. കപടമായ കണ്ണുകൊണ്ട് സത്യത്തിന്റെ സൂര്യനെ നോക്കിയാൽ നിങ്ങളുടെ കണ്ണുകൾ പൊട്ടിപ്പോകും. അതുകൊണ്ട് ചരിഞ്ഞു നോക്കിയാൽ മതി എന്നാണ് എനിക്ക് നിങ്ങളോട് പറയാനുള്ളത്. 714 ഇനങ്ങളുടെ നിരോധനം നീക്കി അമേരിയ്ക്കയെ സന്തോഷിപ്പിക്കുന്ന ശ്രീ. വാജ്പേയിക്കുവേണ്ടി നിങ്ങൾ ഇവിടെ പ്രസംഗിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. രാഘവൻ)

രാജ്യത്ത് പ്രസംഗിക്കുകയാണ്. കൃഷിക്കാർ ദുരിതത്തിലാണ്. ആന്ധ്രായിൽ പരുത്തിക്കൃഷിക്കാർ ആത്മഹത്യ ചെയ്യുന്നുണ്ടെങ്കിൽ ഇവിടെ നെല്ല്, റബ്ബർ, തെങ്ങ് കൃഷിക്കാർ സമരം ചെയ്യുകയാണ്. അവിടെ ആത്മഹത്യ. ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിൽ കൃഷിക്കാർ സമരോൽസുകരായി. അവർ സമരം ചെയ്യുകയാണ്. പൊതുവിതരണ സമ്പ്രദായം കേരളത്തിൽ നിലനിർത്തുമെന്ന് ഗവർണ്ണർ പ്രഖ്യാപിച്ചിരിക്കുകയാണ്. കേന്ദ്രം എന്തും തീരുമാനിക്കട്ടെ, നമുക്ക് പോരാടേണ്ടതായിട്ടുണ്ട്. ഇവിടെ പ്രമേയം വന്നു, നമ്മൾ പോരാടും, മാവേലി സ്റ്റോർ വ്യാപിപ്പിക്കും - നിങ്ങൾ യോജിക്കാൻ തയ്യാറുണ്ടോ? ബി.ജെ.പി. മൈക്രോ ഇക്കണോമിക് സിസ്റ്റം മാറ്റി മാക്രോ എക്കണോമിക് സിസ്റ്റം ആയിരിക്കുകയാണ്. നിങ്ങൾ അതിനോട് യോജിക്കുകയാണോ? മൂവായിരം കോടി രൂപയിലേറെ ചെലവഴിച്ച ജനകീയാ

LIBRARY ARCHIVES Kerala Legislative Assembly

സൂത്രണത്തെപ്പറ്റി അഭിമാനപൂർവ്വം കേരളവും ലോകജനതയും സംസാരിക്കുമ്പോൾ അതിൽ അവിടെയും ഇവിടെയും ഉണ്ടായ വീഴ്ചകളെപ്പറ്റി നിങ്ങൾ പറയുന്നു. വീഴ്ചയെപ്പറ്റി അന്വേഷിക്കാം. അന്വേഷിക്കാൻ ഞങ്ങൾ തയ്യാറാണ്. പക്ഷേ വീഴ്ചകളെപ്പറ്റി അന്വേഷിക്കുന്നതുകൊണ്ട് വീഴ്ചകളാണ് പൊതുവായി എന്നുപറയരുത്. അന്വേഷിക്കാം. സംസ്കാരത്തിന്റെ അഭാവമാണ്. നമ്മുടെ ചില പഞ്ചായത്ത് മെമ്പർമാരിലും ജനപ്രതിനിധികളിലുമുള്ള സാമൂഹികമായ സംസ്കാരത്തിന്റെ അഭാവമാണ് ഈ അഴിമതിക്ക് കാരണം. ഇതൊരു സാമൂഹ്യ പ്രശ്നമാണ്. ഇതൊരു രോഗാവസ്ഥയാണ്. ഈ രോഗാവസ്ഥയിൽനിന്നും പുതിയ ഒരു സംസ്കാരത്തിലേക്ക് ഒരു വികസന സംസ്കാരത്തിലേക്ക് കേരളത്തിലെ പഞ്ചായത്തുമെമ്പർ മുതൽ നിയമസഭാ പാർലമെന്റ് മെമ്പറെവരെ മന്ത്രിമാരെവരെ, നയിക്കാനുള്ള കൂട്ടായിട്ടുള്ള ഒരു പരിശ്രമമാണ് നമ്മൾ ഏറ്റെടുത്തത്. അതിൽ നിന്ന് വീണുപോയവർ ഉണ്ടാകാം. ദയയോടുകൂടി അവരെ കറക്ട് ചെയ്യാൻ ശ്രമിക്കുക. അഴിമതി അഴിമതി എന്നുപറഞ്ഞ് കുഴപ്പം ഉണ്ടാക്കാതിരിക്കുക, ഞാൻ പറയുന്നു ഓംബുഡ്സ്മാൻ വരുന്നില്ലേ, അപ്പലേറ്റ് ട്രിബ്യൂണൽ വരുന്നില്ലേ, ആഡിറ്റ് കമ്മീഷൻ വരികയല്ലേ? വിജിലൻസ് സെൽ, ക്രൈം ബ്രാഞ്ച്, അഴിമതി നിരോധന കമ്മിഷൻ എല്ലാം അഴിമതി നിരോധന നടപടി അല്ലേ? അവിടെയെല്ലാം നമുക്ക് നടപടി എടുക്കാം. ഇനിയും വ്യാപിപ്പിക്കണമെങ്കിൽ, ശക്തിപ്പെടുത്തണമെങ്കിൽ അത് ചെയ്യണമെന്നു പറയുക. അഭിപ്രായ വ്യത്യാസമില്ല. ബഹു. മുഖ്യമന്ത്രിയോട് ഞാൻ പറയുകയാണ്. ഇനിയും പഞ്ചായത്തിന് അധികാരം കൊടുക്കണം. അധികാരം ഇനിയും താഴോട്ടു കൊടുക്കണം. വീടില്ലാത്തവർക്ക് വീട് കൊടുക്കണം. അഞ്ചു ലക്ഷം പേർക്ക് വീട് എന്നല്ലേ ഗവർണ്ണർ പറഞ്ഞത് എന്റെ മണ്ഡലത്തിലാണ് കെ.പി.എ.സി. കേരളത്തിലെ കമ്മ്യൂണിസ്റ്റുകാർ പാട്ടുപാടി പാവപ്പെട്ടവരെ ഉദ്ധരിച്ചു.

"പാമ്പുകൾക്കു മാളമുണ്ട്, പറവകൾക്കാകാശമുണ്ട്,

മനുഷ്യപുത്രനു തല ചായ്ക്കാൻ മണ്ണിലിടമില്ല" എന്നു പാടിയ കെ.പി.എ.സി. എന്റെ മണ്ഡലത്തിലാണ്. അങ്ങനെ ധാർമ്മികതയോടുകൂടി ജനങ്ങളെ ഉയർത്തിയ പാവപ്പെട്ടവരെ ഉയർത്തിയ, കമ്മ്യൂണിസ്റ്റുകാരടക്കം അധികാരത്തിലുള്ളപ്പോൾ അഞ്ചുലക്ഷം പേർക്ക് വീട് കൊടുത്തുകൊണ്ട് ഞങ്ങൾ അന്നു പാടിയ പാട്ട് സാക്ഷാൽക്കരിക്കുകയാണ്. അതാണ് ഈ ഗവണ്മെന്റ് ചെയ്യുന്നത്. ന്യൂനപക്ഷങ്ങളെ സംരക്ഷിച്ച കാര്യങ്ങളെപ്പറ്റി ഞാൻ കൂടുതൽ പറയേണ്ടതില്ല. ന്യൂനപക്ഷങ്ങളെ സംരക്ഷിച്ച ഗവണ്മെന്റാണത്. കമ്മ്യൂണിസ്റ്റുകാരുള്ള കേരള സർക്കാരുകൾ മാത്രമാണ്. ഞാൻ ഇവിടെ കണക്കുപറയാം. നിങ്ങളുടെ കാലത്ത് '95-96 ൽ കൊലപാതകം 2290, വെടിവയ്പ് 116 അതിൽ മരിച്ചത് 16. ലോക്കപ്പ് മരണം 84, ബാങ്ക് കൊള്ള 16, ജയിൽ ചാടിയവർ 96, രാഷ്ട്രീയ കൊലപാതകം 88, ആർ.എസ്.എസ്. കാർ കൊന്നത് 8, എൽ.ഡി.എഫ്. കാർ ആകെ മരിച്ചത് 64, സ്ത്രീകൾ 546. പട്ടികജാതി/പട്ടികവർഗ്ഗം കൊല്ലപ്പെട്ടത് 91. ശ്രീ. കുട്ടപ്പന്റെ കഴിഞ്ഞ ഭരണകാലത്ത് 91 എസ്.സി./എസ്.ടി. ക്കാരെ കൊന്നു. ബലാൽസംഗം 94, മാനഭംഗം 1098, വർഗ്ഗീയ സംഘട്ടനങ്ങൾ 849 അതിൽ മരിച്ചവർ 35. മോഷണങ്ങൾ 316, 828. അതിൽ നഷ്ടപ്പെട്ട തുക 28,46,78,404 രൂപ. കാണാതായവർ 7506. സ്ത്രീകൾ 2676, കുട്ടികൾ 1941. ആകെ ക്രൈം കേസുകൾ നിങ്ങളുടെ കാലത്ത് രജിസ്റ്റർ ചെയ്യപ്പെട്ടത് 361, 184 നിങ്ങളുടെ ഭരണകാലത്തെ ക്രൈം ബ്യൂറോയുടെ റിപ്പോർട്ട് ഉണ്ട്. ക്രിമിനൽ കേസിൽ പ്രതികളായ മന്ത്രിമാർ ശ്രീ. കരുണാകരനടക്കം

LIBRARY ARCHIVES Kerala Legislative Assembly

അഞ്ച്. ബാക്കി ഇനി ഉണ്ടാവാം. യു.ഡി.എഫ്. സർക്കാർ പിൻവലിച്ച കേസുകൾ-കോൺഗ്രസുകാരുടെ പേരിൽ ചാർജ് ചെയ്ത കേസുകൾ പിൻവലിച്ചത് 1650. സ്ത്രീപീഡനക്കേസുകൾ 121,014. ശിക്ഷിച്ചത് വെറും 269 പേരെ. ഈ കണക്കുകൾ എൽ.ഡി.എഫ്. ന്റെ കാലത്തെ കണക്കുമായിട്ട് നിങ്ങൾ താരതമ്യപ്പെടുത്തുക. മുഖ്യമന്ത്രിയുടെ സൈനീക സഹായനിധിയിൽ ഒരു കോടി രൂപ വിതരണം ചെയ്തുകഴിഞ്ഞു. രണ്ടാം ലോകമഹായുദ്ധവീരന്മാർക്ക് പെൻഷൻ കൂട്ടിയിരിക്കുന്നു. പോലീസിനെ മനുഷ്യരായി കാണുകയാണ്. കാക്കിക്കുപ്പായത്തിനുള്ളിൽ സ്പന്ദിക്കുന്ന ഒരു മനുഷ്യഹൃദയമുണ്ട്. അത് ഈ ഗവണ്മെന്റ് കാണുകയാണ്. പഞ്ചിംഗ് സിസ്റ്റം ശക്തമാക്കണം. പ്രതിപക്ഷം സ്വയം പഞ്ച് ചെയ്യണം. ഇല്ലെങ്കിൽ ജനങ്ങൾ നിങ്ങളെ പഞ്ച് ചെയ്യും എന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഞാൻ ഒരു കാര്യം പറയുകയാണ്. ഗവർണ്ണറുടെ പ്രസംഗത്തിലുള്ള കാര്യമല്ല. ഈ ഗവൺമെന്റിന്റെ അവസാനത്തെ 14 മാസങ്ങൾ ആയപ്പോൾ യു.ഡി.എഫ്. നെ ക്ഷണിച്ചു വരുത്താമെന്നു കണ്ടു ബ്യൂറോക്രസിയുടെ ഒരു കൂട്ടം അഴിഞ്ഞാടുകയാണ്. അങ്ങനെയുള്ള സെക്രട്ടേറിയറ്റിലെ പ്രിൻസിപ്പൾ ഇല്ലാത്ത പ്രിൻസിപ്പൽ സെക്രട്ടറിമാരേയും അണ്ടർ സെക്രട്ടറിമാരേയും ഞാൻ താക്കീത് ചെയ്യുകയാണ്. ജനങ്ങൾ നിങ്ങളെ നിലയ്ക്കു നിർത്തും. ഈ ഗവൺമെന്റിന്റെ നയങ്ങൾക്കു വിപരീതമായി പ്രവർത്തിക്കുന്ന ബ്യൂറോക്രസിയെ ഞങ്ങൾ നിലയ്ക്ക് നിർത്തുമെന്നുള്ള കാര്യം ഞാൻ മുന്നറിയിപ്പു നൽകുകയാണ്. ഗതാഗത നിർമ്മാണത്തിൽ റിക്കാർഡ് വിജയമാണ്. റോഡ് നിർമ്മാണത്തിൽ റിക്കാർഡ് വിജയം. പ്രൊഫഷണൽ വിദ്യാഭ്യാസം വ്യാപിപ്പിച്ചിരിക്കുകയാണ്. രണ്ടായിരം എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ സീറ്റുകൂടി ഇവിടെ ഈ വർഷം വർദ്ധിപ്പിച്ചിരിക്കുകയാണ്. ജിയോ ടെക്സ്റ്റയിൽ, കയർ വ്യവസായ വികസനം, കയർ തൊഴിലാളി പെൻഷൻ ഇതെല്ലാം നടപ്പാക്കുകയാണ്.

"കയറുപിരിയ്ക്കും തൊഴിലാളിയ്ക്കൊരു
കഥയുണ്ടുജ്ജ്വല സമരകഥ" എന്നു പാടിയ കവിയുടെ നാട്ടിൽ കയർത്തൊഴിലാളികളുടെ പെൻഷൻ സ്കീമിനെ കൂടുതൽ ഉദാരവൽക്കരിച്ചിരിക്കുകയാണ്. അങ്ങനെ തന്നെ വേണം. വീണ്ടും വീണ്ടും വെളിച്ചമാണ്. ഇലക്ട്രിസിറ്റി ബോർഡിന്റെ കീഴിൽ വെളിച്ചം വീണ്ടും വെളിച്ചമാണ്.

<u>ശ്രീ. പാലോട് രവി</u> : സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. ഇത് ഒരു വിഭാഗം ഉണ്ടെങ്കിൽ പോലും നമ്മൾ അത് രേഖയിൽ നിന്ന് നീക്കം ചെയ്യണം. നമ്മുടെ സെക്രട്ടേറിയറ്റിനകത്തിരിക്കുന്ന ഒരു വിഭാഗം "****"† എന്നുള്ളത് പാടില്ല. പ്രിൻസിപ്പിൾ ഇല്ലാത്തതാണ്. അത് അൺ പാർലമെന്ററിയാണ്. ഇതൊന്നും സഭയിൽ പറയാൻ പാടില്ല. അത് നീക്കം ചെയ്യണം.

<u>മി. ചെയർമാൻ</u> : അത് രേഖയിൽ ഉണ്ടായിരിക്കില്ല. "****"† എന്നുള്ളത് ഒഴിവാക്കിയിരിക്കുന്നു. അത് രേഖയിൽ നിന്ന് നീക്കം ചെയ്തിരിക്കുന്നു.

<u>ശ്രീ. ജി. സുധാകരൻ</u> : കേരളത്തിനെ വെളിച്ചത്തിലേയ്ക്ക് നയിക്കുകയാണ് ശ്രീ. പിണറായി വിജയൻ സഖാവ് എസ്. ശർമ്മ എന്നിവർ ചെയ്യുന്നത്. ഞാൻ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. അതിന് സംശയമില്ല. "അസതോ

... സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

† നീക്കം ചെയ്ത ഭാഗം.

LIBRARY ARCHIVES Kerala Legislative Assembly

മാ സദ്ഗമയ, തമസോ മാ ജ്യോതിർഗ്ഗമയ, മൃത്യോർമാ അമൃതംഗമയ'' എന്നു ള്ളത് ഭരണരംഗത്ത് നടപ്പിലാക്കാൻ ശ്രമിച്ചവരാണ്. അവർ ശമ്പളവും, ആനു കൂല്യങ്ങളും വർദ്ധിപ്പിച്ചില്ലേ? അതുപോലെ കാർഷിക വികസന ഏജൻസിക ളുടെ കാര്യം. ദാഹിക്കുന്നവനു വെള്ളം കൊടുക്കാത്തവയാണ്. കുമാരനാ ശാന്റെ ബുദ്ധഭിക്ഷു യാചിച്ചു ''ദാഹിക്കുന്നു ഭഗീനി കൃപാരസമോഹനം കുളുർ തണ്ണീർ..... തരൂ തെല്ല്'' എന്ന്. ഞങ്ങൾ പറയുന്നത് ദാഹിക്കുന്നോ ഭഗിനീ എന്നാൽ ഭിക്ഷുവിന് വെള്ളം കൊടുത്തോളുകയെന്നാണ്. അന്ന് 'ദാഹിക്കുന്നു ഭഗനീ' എന്ന് ചോദിച്ചിടത്ത് ഞങ്ങൾ അങ്ങോട്ട് ചോദിക്കുകയാ ണ്. ഭഗിനീ, സഹോദരീ ദാഹിക്കുന്നവരുണ്ടോ എന്നാൽ വെള്ളം കൊടുത്തു കൊള്ളുക. വാട്ടർ അതോറിറ്റിയെ നന്നാക്കണം. നന്നാക്കാൻ തുടങ്ങിയതിൽ സന്തോഷം. സർ, മത്സ്യക്കുടിലുകളിൽ വെളിച്ചം, ഐശ്വര്യം! സഹകരണമേ ഖലയെ ഉദ്ധരിക്കുന്നു, പട്ടയവിതരണം, റവന്യൂ പുനസ്സംഘടന, അയ്യായിര ത്തിൽപ്പരം വരുന്ന റവന്യൂ ജീവനക്കാർക്ക് പ്രമോഷൻ, സാംസ്കാരിക മുന്നേറ്റം ഇതൊക്കെയാണീ ഭരണത്തിൽ അരങ്ങേറുന്ന നന്മകൾ. മാനസികാ രോഗ്യ കേന്ദ്രത്തെയെങ്കിലും നിങ്ങൾ എതിർക്കരുത്. തിരുവനന്തപുരത്തെ മാനസികാരോഗ്യകേന്ദ്രത്തെ നിങ്ങൾ എതിർക്കരുത്. കാരണം അത് വളരെ ആവശ്യമായ ഒരു കാര്യമാണ്. ഹരിജനക്ഷേമം, യുവജനക്ഷേമം എന്നിവ റിക്കാർഡ് ഉണ്ടാക്കിയിരിക്കുകയാണ്. പിന്നോക്ക സമുദായത്തിന് ചരിത്ര ത്തിൽ ആദ്യമായി പ്രത്യേക വകുപ്പ് വിദേശ മലയാളികൾക്ക് പ്രത്യേക വകു പ്പ്. ഗൾഫിൽ നിന്നു വന്നവരെക്കൂടി പരിഗണിക്കണം. ഗൾഫിൽനിന്നു റിട്ടയർ ചെയ്തവരേയും ഗൾഫിൽനിന്നും നാട്ടിൽവന്ന ഗൾഫ് റിട്ടേണിംഗ്സിനെയും പരിഗണിച്ച് ക്ഷേമവികസന പദ്ധതികൾ അവർക്കുകൂടി നടപ്പാക്കണം. ഓച്ചിറ കേന്ദ്രീകരിച്ച് ഗൾഫ് റിട്ടേണിംഗ്സിന്റെ കേന്ദ്രസംഘടന പ്രവർത്തിക്കുന്നുണ്ട്. സഹായിക്കണം. ഇന്റർ നാഷണൽ സിമ്മിംഗ് പൂളും സിമ്മിംഗ് അക്കാഡ മിയും ഇന്റർനാഷണൽ ഫിലിം സെന്ററും കൂടാതെ ചരിത്രഗവേഷണ കേന്ദ്രം. നിങ്ങളുടെ ഇന്ദിരാഗാന്ധി ചരിത്രസത്യങ്ങളെ കുഴിയിലടച്ച് മൂടി, ബി.ജെ.പി. കാർ ചരിത്രത്തിലെ വൈകൃതങ്ങളാകുന്ന ഡ്രാക്കുളകളെ ഇപ്പോൾ ചരിത്ര ത്തിന്റെ ശവപ്പെട്ടികൾ തുറന്ന് മുകളിലേക്ക് കൊണ്ടുവന്നിരിക്കുകയാണ്. തെറ്റായ ഒന്നു നിങ്ങൾ ചെയ്യുന്നു. മറുഭാഗത്തു തെറ്റായ വേറൊന്നു ചെയ്യുന്നു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ കണാരനോട് പറഞ്ഞു, മാർക്സിനേയും എംഗൽസിനേയും നിങ്ങൾ വിസ്മരിച്ചു എന്ന്. അതുപോലെ ഗാന്ധിജിയേയും ശ്രീ നാരായണഗുരുവിനേയും ഞങ്ങൾ കൂടുതൽ ഓർമ്മിക്കു ന്നുവെന്ന്. ബഹുമാനപ്പെട്ട തിരുവഞ്ചൂരേ, മാർക്സും എംഗൽസും ഞങ്ങളുടെ രാഷ്ട്രീയപിതാക്കന്മാരാണ്. നമ്മുടെ വീട്ടിൽ നമ്മുടെ അച്ഛനെ ബഹുമാനി ക്കുന്നു എന്ന് നാട്ടിൽ മൈക്ക് വച്ച് പറയാറില്ല. ഞങ്ങളുടെ പാർട്ടികളുടെ സ്ഥാപകനേതാക്കന്മാരെ ഞങ്ങൾ ബഹുമാനിക്കുന്നു എന്ന് നിങ്ങളോട് മൈക്ക് വച്ച് പറയേണ്ട കാര്യമില്ല. നേരെമറിച്ച് ഞങ്ങളുടെ പാർട്ടികളിൽക്കൂടി വളർന്നുവരാത്ത മഹാത്മാഗാന്ധിയടക്കം ശ്രീ നാരായണ ഗുരുവടക്കം, ടാഗോ റടക്കമുള്ളവരെ ഞങ്ങൾ ബഹുമാനിക്കുന്നു എന്നുപറയുമ്പോൾ നിങ്ങൾക്കെ ന്തുകൊണ്ട് കാറൽമാർക്സിനെ ബഹുമാനിക്കാൻ കഴിയുന്നില്ല? ഞങ്ങൾ ഗാന്ധിജിയെ ബഹുമാനിക്കുമ്പോൾ നിങ്ങൾ എന്തുകൊണ്ട് കാറൽ മാർക്സിനെ ബഹുമാനിക്കുന്നില്ല? ചരിത്രം നിർമ്മിച്ചത് ഞങ്ങൾ മാത്രമാ ണെന്ന് മാർക്സ് പറഞ്ഞിട്ടില്ല. ചരിത്രനിർമ്മാണം അനുസ്യൂതം നടന്നുകൊ ണ്ടിരിക്കുന്നതാണ്. ആ ചരിത്രനിർമ്മാണത്തിന്റെ കുത്തക ഞങ്ങൾ ഏറ്റെടു ത്തിട്ടില്ല പക്ഷെ ചരിത്രത്തെ ശരിയായി വഴിതെളിച്ചുകൊണ്ടുപോകുന്നവരാണ്

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾ എന്നുപറഞ്ഞുകൊണ്ട് ആ വഴിതെളിക്കലിന് സഹായം ചെയത് മഹാൻമാരായിട്ടുള്ള ക്രിസ്തുവും മുഹമ്മദ് നബിയും, ശ്രീബുദ്ധനും ഗുരുനാനാക്കും മഹാത്മാഗാന്ധിയും ശ്രീനാരായണഗുരുവും വിവേകാനന്ദനും അവരെല്ലാം വഴിതെളിച്ച പാതയിൽക്കൂടി ഞങ്ങൾ പോകുമ്പോൾ നിങ്ങൾ മാർക്സിനെ ബഹുമാനിക്കുന്നില്ല. നിങ്ങൾ തിരിഞ്ഞു ചിന്തിക്കണം. അതാണ് പറയാനുള്ളത്. മാർക്സാണ് ഈ കാലഘട്ടത്തിലെ ഏറ്റവും സ്വാധീനമുള്ള വ്യക്തിയെന്ന് കമ്മ്യൂണിസ്റ്റുകാർക്കെതിരെ വിഷപ്പുക പരത്തുന്ന ബി.ബി.സി. യുടെ അടുത്തകാലത്തെ ഒപ്പീനിയൻ പോൾ അംഗീകരിച്ച കാര്യം ഞാൻ ഓർമ്മിപ്പിക്കുകയാണ്. ദയവായി നിങ്ങൾ മാർക്സിനെ മനസ്സിലാക്കുക, ദയവായി വെറുക്കാതിരിക്കുക, നെഹ്റുവിൽനിന്ന് മുരളീധരനിലേയ്ക്കുള്ള മാറ്റമാണ് നിങ്ങൾ മാർക്സിനെ വെറുക്കാൻ കാരണം. മാർക്സിനെ വെറുക്കാൻ കാരണമതാണ്. ആ കോഴിക്കോട്ടെ ഉണ്ടല്ലോ ശ്രീ. മുരളീധരൻ**** കണ്ടുപഠിയ്ക്കരുത്. തിരുവഞ്ചൂരേ, നിങ്ങൾ താഴെനിന്ന് വളർന്നുവന്നയാളല്ലേ? കെ.എസ്.യു. വിൽ നിന്നു പ്രയത്നിച്ചുവളർന്നു വന്ന നേതാവല്ലേ? കെ.പി.സി.സി. യുടെ സമുന്നത യുവനേതാവല്ലേ? മാർക്സിനെ ഒന്നും പറയരുത്. മാവേലിക്കര പാർലമെന്റ് സീറ്റിൽ മത്സരിച്ച ബഹുമാന്യനും ലോകപ്രസിദ്ധനും വിശ്വപൗരനുമായിട്ടുള്ള പ്രൊഫ. നൈനാൻകോശിയെ എതിർക്കാൻവേണ്ടി അദ്ദേഹത്തിന്റെ ചിത്രത്തിന്റെ മുകളിൽ ബൈബിളും കുരിശും വരച്ച് വർഗ്ഗീയതയുണ്ടാക്കി വോട്ടുപിടിച്ച രമേശ് ചെന്നിത്തലയുടെ വർഗ്ഗീയ വിജയത്തെ സാധൂകരിക്കാൻവേണ്ടി ഇവിടെ പറഞ്ഞ ആ തെറ്റുകൾ ഞങ്ങൾ ചെയ്തതല്ല. രമേശ് ചെന്നിത്തല ചെയ്ത തെറ്റുകളാണ്. ബൈബിളുകാരൻ ആണെന്നുപറഞ്ഞ് ഹിന്ദു സമുദായത്തിൽ അദ്ദേഹത്തിനെ ഒറ്റപ്പെടുത്താൻ നിങ്ങൾ ചെയ്ത ശ്രമത്തെ നിങ്ങൾ ഞങ്ങൾക്കെതിരായി തിരിച്ചുവിടാൻ ശ്രമിയ്ക്കേണ്ട, നിങ്ങളാണ് വർഗ്ഗീയത കാട്ടിയത്. മഹാനായ ശ്രീനാരായണഗുരുവിനെപ്പറ്റി ഞാൻ കൂടുതലായി ഒന്നും പറയുന്നില്ല. ശ്രീമാൻ ആനത്തലവട്ടം ആനന്ദനും സഖാവ് പിണറായി വിജയനും പറഞ്ഞു കഴിഞ്ഞു. ഞാൻ എസ്.എൻ. കോളേജിൽ പഠിച്ചയാളാണ്. എസ്.എൻ. കോളേജിൽ ആ കാലഘട്ടത്തിൽ പഠിച്ചിരുന്നില്ലയെങ്കിൽ രണ്ടു വർഷം കഴിഞ്ഞേ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ വരുമായിരുന്നുള്ളൂ. അങ്ങനെയുള്ള ബന്ധമാണ് മഹത്തായ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനു പൊതുവേയും ഞങ്ങൾ ഓരോരുത്തർക്കും ശ്രീനാരായണ പ്രസ്ഥാനവുമായി ഉള്ളത്. ആ ശ്രീനാരായണ പ്രസ്ഥാനത്തെ എക്കാലവും എതിർത്ത ഈ രാജ്യത്തെ പിൻതിരിപ്പൻമാർക്കുവേണ്ടി എക്കാലവും കുഴലൂത്തുനടത്തുന്ന യു.ഡി.എഫ്. ലെ പല ഘടകകക്ഷികളും ഇന്ന് ശ്രീ നാരായണ ഗുരുവിന്റെ പേരിൽ ഒഴുക്കുന്ന മുതലക്കണ്ണീർ ശ്രീനാരായണീയരുടെ മനസ്സിനെ ഒട്ടും സ്വാധീനിക്കില്ല. പഞ്ചാബിൽ സർക്കാരിന് നിലനിൽക്കാൻ മാസംതോറും 100 കോടി രൂപ കടമെടുക്കുന്നു. ഇൻഡ്യൻ സംസ്ഥാനങ്ങളുടെ റവന്യൂ കമ്മി 1998-ൽ നിന്ന് 1999 ആയപ്പോഴേക്കും നാൽപ്പത്തിയേഴായിരം കോടി രൂപയായി. സംസ്ഥാനങ്ങളുടെ പൊതുകടം നാനൂറ്റിയെൺപത് ആയിരം കോടി രൂപയാണ്. ഇൻഡ്യയിലെ ഓരോ പൗരനും നാനൂറ്റിമുപ്പത്തിരണ്ടു കോടി രൂപയുടെ കടക്കാരനാണ്. ഒറീസ്സയിലെ യഥാർത്ഥ കമ്മി രണ്ടായിരം കോടി രൂപയാണ്. യു.പി.യിലെ യഥാർത്ഥ കമ്മി ഏഴായിരം കോടി രൂപയും രാജസ്ഥാനിലെ യഥാർത്ഥ കമ്മി മൂവായിരം കോടി രൂപയും മഹാരാഷ്ട്രയിലേത് പന്ത്ര

**** സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (No.271/EB/2000/Leg. dt.24.2.2000) നീക്കം ചെയ്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ണ്ടായിരം കോടി രൂപയുമാണ്. ബഹുമാനപ്പെട്ട ശിവദാസമേനോൻ ഈ സംസ്ഥാനത്തെ കടക്കെണിയിൽപ്പെടുത്താതെ മുന്നോട്ടുകൊണ്ടു പോകുന്നതിൽ നിങ്ങൾക്ക് വിഷമമുണ്ടായിരിക്കും. ബഹുമാനപ്പെട്ട പ്രതിപക്ഷം ശ്രീ. ഇ.കെ. നായനാർക്കെതിരെ സമരംചെയ്ത് അവശേഷിക്കുന്ന ഊർജ്ജം പാഴാക്കാതെ, നായനാരുമായി ചേർന്ന് കേന്ദ്രത്തിലെ ബി.ജെ.പി. ആർ.എസ്.എസിനെ ആഞ്ഞടിക്കുവാനുള്ള ഒരു പുതിയ തന്ത്രം ഈ നിയമസഭാ സമ്മേളനത്തിൽ നിങ്ങൾ ആവിഷ്കരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. പ്രതിപക്ഷ ബെഞ്ചുകളിൽ ഒളിപ്പിച്ചുവച്ചിരിക്കുന്ന കത്തികളും കഠാരകളും സോഡാക്കുപ്പികളും കരിങ്കല്ലുകളും നാടൻബോംബുകളും അറബിക്കടലിലേയ്ക്ക് വലിച്ചെറിയുക, പകരം ഗാന്ധിജിയുടെ സത്യാന്വേഷണ പരീക്ഷണങ്ങളും, നെഹ്റുവിന്റെ ഇൻഡ്യയെ കണ്ടെത്തലും, വിശ്വചരിത്രാവലോകനവും ഒരച്ഛൻ മകൾക്കയച്ച കത്തുകളും ടാഗോറിന്റെ ഗീതാഞ്ജലിയും മഹാഭാരതം, രാമായണം, ബൈബിൾ, ഗീത, ഖുറാൻ, ഗ്രന്ഥങ്ങളുടെ കോപ്പികളും ശ്രീബുദ്ധവാക്യങ്ങളും ശ്രീനാരായണ ചിന്തകളുടെ കോപ്പികളും കൈയിലേന്തണം എന്നു നിങ്ങളോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. (ബഹളം)..... മനസ്സാക്ഷി സമ്മതിക്കുമെങ്കിൽ അദ്ധ്വാനിക്കുന്ന ലോകജനതയുടെ മാനംകാക്കുന്ന കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയുടെ ഒരു കോപ്പികൂടി വായിച്ചശേഷം നിങ്ങൾ വിമർശിച്ചാൽ മതി. (ബഹളം)..... കമ്മ്യൂണിസത്തിന്റെ ധാർമ്മികത ഉയർത്തിപ്പിടിച്ചുകൊണ്ട്

'അന്യജീവനുതകി സ്വജീവിതം

ധന്യമാക്കുമല്ലേ വിവേകികൾ' എന്നു കുമാരനാശാൻ പറഞ്ഞതുപോലെ കമ്മ്യൂണിസ്റ്റുകാർ സ്വന്തം ജീവിതംകൊണ്ട് അന്യജീവന് ഉതകുന്ന മഹത്തായ കമ്മ്യൂണിസ്റ്റ് ധാർമ്മികത ഉയർത്തിപിടിച്ചുകൊണ്ട് പ്രവർത്തിക്കും. അതിനെ ഭരണസാരഥ്യം വഹിക്കുന്ന സഖാവ് ശ്രീ. ഇ.കെ. നായനാരെ സഹായിക്കുന്നതിനുപകരം ബി.ജെ.പി. യുമായി ചേർന്നുകൊണ്ട് സോഡാക്കുപ്പിയെറിഞ്ഞ് ഈ ഗവണ്മെന്റിനെ താഴെയിറക്കാൻ ശ്രമിച്ചാൽ കർശനമായി നേരിടും. ഗവർണ്ണറുടെ പ്രസംഗത്തിന്റെ നന്ദിപ്രമേയത്തോട് യോജിക്കുന്നു. നമസ്കാരം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. സർ, ഇവിടെ ഒരു പ്രസംഗത്തിനിടയ്ക്ക് ഒരു അൺപാർലമെന്ററിയായ പദപ്രയോഗം ഉണ്ടായാൽ ഈ സഭയുടെ കീഴ്വഴക്കം അനുസരിച്ച് ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാൻ ഒരു മെമ്പർക്ക് അവകാശമുണ്ട്. എന്റെ ആ അവകാശമുപയോഗിച്ച് റൂൾ 307 അനുസരിച്ച് അൺപാർലമെന്ററിയായിട്ടുള്ള പദപ്രയോഗം കേരളപ്രദേശ് കോൺഗ്രസ് കമ്മിറ്റിയുടെ ഒരു ഭാരവാഹിയെക്കുറിച്ച്, ഒരു എം.പി. യെക്കുറിച്ച്"""" എന്ന അശ്ലീല പദപ്രയോഗം**** എന്ന പദപ്രയോഗവും പിൻവലിക്കണം. 307-ാം വകുപ്പനുസരിച്ച് എക്സ്പഞ്ച് ചെയ്യണം. അതിനാൽ റൂളിംഗ് കൊടുക്കണം. അതാണ് പോയിന്റ് ഓഫ് ഓർഡർ. അത് പത്രത്തിലും വരാൻ പാടില്ല.

<u>ശ്രീ. ടി.കെ. ഹംസ</u> : ****എന്നു പറയുന്നതിന്റെ അർത്ഥമെന്താണ് സർ? അർത്ഥം മനസ്സിലാക്കിയാലല്ലേ അശ്ലീലമാണോ അല്ലയോ എന്ന് അറിയാൻ കഴിയൂ. മലയാളം ഡിക്ഷണറിയിൽ ആ വാക്ക് ഇല്ല.

**** സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (No.271/EB/2000/Leg dt. 24.2.2000) നീക്കം ചെയ്ത ഭാഗം.

LIBRARY ARCHIVES Kerala Legislative Assembly

<u>മി. ചെയർമാൻ</u> : ശ്രീ. ജി. സുധാകരന്റെ പ്രസംഗത്തിൽ അൺപാർല മെന്ററിയായി വല്ലതുമുണ്ടോ എന്ന് പരിശോധിച്ച് അങ്ങനെയുണ്ടെങ്കിൽ നീക്കം ചെയ്യുന്നതാണ്.

<u>ശ്രീ. ബി. വിജയകുമാർ</u> : സർ, ഗവർണ്ണറുടെ പ്രസംഗത്തിനുള്ള നന്ദി പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. നാൽപ്പത്തിയാറു മാസമായി അധികാ രത്തിലിരിക്കുന്ന ശ്രീ. ഇ.കെ. നായനാരുടെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് ജനക്ഷേമകരമായ ഭരണം നടത്തുന്നതിൽ അമ്പേ പരാജയപ്പെട്ടിരിക്കുകയാണ്. നായനാരുടെ ഭരണം ഒരു ഒറ്റിയൊഴിയൽ ഭരണമാണ്. അതാണ് ഈ സംസ്ഥാനത്ത് നടക്കുന്നത്. നമ്മുടെ നാട്ടിൽ കാര ണവൻമാർ വസ്തു ഒറ്റി വാങ്ങുന്നു. ആ ഒറ്റി ഒഴിയാൻ നേരത്ത് വെള്ളയ്ക്കാ വരെ വെട്ടിയിറക്കും. അടുത്ത ഒരു വർഷത്തേക്ക് ആ തെങ്ങിൽനിന്ന് ഒരു ആദായവും കിട്ടരുത് എന്ന ദുഷ്ടലാക്കോടുകൂടി വെള്ളയ്ക്കാവരെ വെട്ടിയിറ ക്കുന്ന നമ്മുടെ നാട്ടിലെ കാരണവൻമാരേപ്പോലെയാണ് ഇവിടത്തെ മന്ത്രിമാർ പ്രവർത്തിക്കുന്നത്. അവർ ഖജനാവ് വെട്ടിവെളുപ്പിച്ചുകൊണ്ടിരിക്കുകയാണ്. അടുത്ത് യു.ഡി.എഫ്. ഗവണ്മെന്റ് അധികാരത്തിൽവന്നാൽ ഖജനാവിൽ ഒന്നും ഉണ്ടാകരുത് എന്ന ലക്ഷ്യത്തോടുകൂടി ഇവർ പ്രവർത്തിക്കുകയാണ്. മന്ത്രിമാർ മാത്രമല്ല അവരുടെ കുടുംബാംഗങ്ങൾ വരെ ഈ ഭരണത്തിൽ ഇടപെട്ടുകൊണ്ട് ഖജനാവ് കാലിയാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ തുട ക്കമെന്താണ്? തുടക്കം ട്രാൻസ്പോർട്ട് ചാർജ് വർദ്ധനവ് ഓർമ്മയില്ലേ? ഇടതു മുന്നണി യോഗംകൂടി ശ്രീ. നായനാരേയും ശ്രീ. ടി.കെ. രാമകൃഷ്ണനേയും ട്രാൻസ്പോർട്ട് മന്ത്രി ശ്രീ. കുറുപ്പിനേയും ചുമതലപ്പെടുത്തി. കുറുപ്പിനെ യാണ് ആരോപണം പറഞ്ഞത്. സാക്ഷാൽ കുറുപ്പിന് ഒന്നും കിട്ടിയില്ല. അതു മുഴുവൻ നെഗോഷ്യേറ്റ് ചെയ്തത് ഇന്ന് മാനവീയത്തിന്റെ ചുമതല വഹി ക്കുന്ന ശ്രീ. ടി.കെ. രാമകൃഷ്ണനാണ്. ട്രാൻസ്പോർട്ട് ചാർജ് വർദ്ധനവിൽ ഫിഫ്ടി ഫിഫ്ടി എങ്ങോട്ടുപോയി എന്നുള്ളത് എല്ലാപേർക്കുമറിയാം. ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ ചാരായനിരോധനം ഏർപ്പെടു ത്തി. ആ ചാരായ നിരോധനം സമ്പൂർണ്ണമായും ആ ഗവണ്മെന്റ് അധികാരത്തി ലിരുന്നപ്പോൾ നടപ്പിലാക്കി. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം ഇന്നെന്താണ്? സകല കള്ളുഷാപ്പുകളിലും ചാരായവും ആനമയക്കികളും ഒഴുകുകയാണ്. കവർ ചാരായമാണ് ഒഴുകുന്നത്. ഓരോ കള്ളുഷാപ്പിൽ നിന്നും മാർക്സിസ്റ്റു പാർട്ടിയുടെ ജില്ലാ കമ്മിറ്റിക്ക് ഇരുപത്തയ്യായിരം രൂപ മാസപ്പടി ഫിക്സു ചെയ്തിരിക്കുകയാണ്. അങ്ങനെ മാർക്സിസ്റ്റു പാർട്ടി യുടെ ജില്ലാ കമ്മിറ്റി ഓഫീസുകളിൽ കുന്നുകൂടിയിരിക്കുന്ന ബ്ളാക്ക്മണി വൈറ്റാക്കുന്നതിനുവേണ്ടിയല്ലേ ടി.വി. ചാനൽ തുടങ്ങുന്നത്? ടി.വി. ചാനൽ തുടങ്ങുന്നതു സംബന്ധിച്ച് ഞങ്ങളുടെ പാർട്ടി നേരിട്ട് ടി.വി. ചാനൽ നടത്തു ന്നില്ലെന്നുപറഞ്ഞു. പാർട്ടി നേരിട്ട് നടത്താതെ മൂന്നു പേരടങ്ങുന്ന കമ്മിറ്റിയെ ചുമതലപ്പെടുത്തി. ഒന്ന് പി.ടി. കുഞ്ഞിമുഹമ്മദ്, രണ്ട്, ഇലക്ട്രിസിറ്റി ബോർഡിലെ മുൻചെയർമാൻ സിദ്ധാർത്ഥമേനോൻ. മൂന്ന്, അഡ്വക്കേറ്റ് കരു ണാകരൻ. ജില്ലാ കമ്മിറ്റിയിൽ എന്താണു പറഞ്ഞിരിക്കുന്നത്? ഓരോ ജില്ലാ കമ്മിറ്റിയും നൂറുപേരുടെ ഷെയർ ഒരു ലക്ഷംരൂപ വീതം പിരിക്കണമെന്നാണ് നിർദ്ദേശം. ഇവിടെ ബഹുമാനപ്പെട്ട സുധാകരൻ പ്രസംഗിച്ചല്ലോ പാമ്പുകൾക്ക് മാളമുണ്ട് പറവകൾക്ക് ആകാശമുണ്ടെന്ന്. അങ്ങനെ പാടി പഠിപ്പിച്ച ആ പാർട്ടി ഇന്ന് ഒരു ലക്ഷംരൂപയുടെ ഷെയർ പിരിക്കുകയാണ്. ഒരു ജില്ല യിൽനിന്നു നൂറുപേർ. ആ കെ.എസ്. ജോർജ്ജില്ലേ സുധാകരാ, സുധാകരൻ ചരിത്രമെടുത്തു പരിശോധിക്കൂ അങ്ങനെ കേരളം മുഴുവൻ പാടി നടന്ന കെ.

LIBRARY ARCHIVES Kerala Legislative Assembly

എസ്. ജോർജ്ജ് അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിക്കുവേണ്ടി പാടി നടന്ന കെ. എസ്. ജോർജ്ജിന് മാളമുണ്ടാക്കിക്കൊടുത്തത്, കിടപ്പാടമുണ്ടാക്കിക്കൊടുത്ത്, കരുണാകരൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ എന്റെ നിയോജകമണ്ഡലത്തിലാണ്. പത്തു സെന്റ് സ്ഥലം അനുവദിച്ചുകൊടുത്തു. നിങ്ങൾ കൊടുത്തില്ല. നിങ്ങൾ കൊടുത്തില്ലെന്നു മാത്രമല്ല അദ്ദേഹത്തിനു കാൻസർ വന്ന് വെല്ലൂരിലെ ആശുപത്രിയിൽ ചികിത്സയ്ക്കായി കൊണ്ടുപോകാൻ കെ.പി.എ.സി. യുടെ വീണ വാങ്ങി പണയം വച്ചിട്ടാണ് ആ രൂപ കൊടുത്തത്. നിങ്ങൾ പരിശോധിക്കണം. ആ പാർട്ടിയാണ് ഈ ജില്ലയിൽ 100 പേർ ഒരു ലക്ഷം രൂപ വച്ച് പണം പിരിക്കുന്നത്. എന്തിനുവേണ്ടി? ടി.വി. ചാനലിന്. ആ പിരിക്കുന്ന ബ്ലാക്ക് മണി വൈറ്റാക്കാനുള്ള പദ്ധതിയാണ് ടി.വി. ചാനൽ. അതിൽ കുറയുന്ന തുക എക്സൈസിൽ നിന്നും പിരിക്കാനുള്ള ശ്രമമാണ്. അതിന് ബഹുമാനപ്പെട്ട ശിവദാസമേനോൻ വഴങ്ങിയോ വഴങ്ങുമോ എന്നു സംശയമാണ്. അങ്ങനെ ബഹുമാനപ്പെട്ട ശിവദാസമേനോൻ വഴങ്ങില്ലെന്നു വന്നാൽ ശിവദാസമേനോനെ താലോലിക്കാൻവേണ്ടി ആരാണ് ടി.വി. ചാനലിലെ ഒരംഗം? ശിവദാസമേനോന്റെ മരുമകൻ അഡ്വക്കേറ്റ് കരുണാകരൻ. അദ്ദേഹത്തിന് ടി.വി. ചാനലുമായി എന്താണ് ബന്ധം? അദ്ദേഹം മാർക്സിസ്റ്റു പാർട്ടിയിൽ അംഗമാണോ? അഡ്വക്കേറ്റ് കരുണാകരൻ ഇൻഡ്യൻ പോസ്റ്റൽ സർവീസിലെ ഉദ്യോഗസ്ഥനായിരുന്നു. അദ്ദേഹത്തെ ടി.വി. ചാനൽ കമ്മിറ്റിയിൽ വച്ചിരിക്കുന്നു. ഇലക്ട്രിസിറ്റിബോർഡ് കോൺട്രാക്ടർമാരിൽ നിന്നും പണം പിരിക്കാനായി സിദ്ധാർത്ഥമേനോനെ വച്ചിരിക്കുന്നു. പിന്നെ പി.ടി. കുഞ്ഞിമുഹമ്മദ് മാത്രമാണ് യഥാർത്ഥ അംഗം. അതാണു ടി.വി. ചാനൽ. ഞാൻ അതിലേക്കു കൂടുതൽ കടക്കുന്നില്ല. ശ്രീനാരായണീയമെടുക്കാം. ഇവിടെ പിണറായി വിജയന്റെ പ്രസംഗം വന്നു. നിങ്ങൾ എന്നാണ് ശിവഗിരിയിൽ പോയിത്തുടങ്ങിയത്? ശ്രീനാരായണഗുരുവിന്റെ സന്ദേശം ലോകത്തെമ്പാടും എത്തിക്കുന്നതിൽ ശ്രീമതി ഇന്ദിരാഗാന്ധിയുൾപ്പെടെ ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ ദേശീയ നേതാക്കളും കേരളത്തിലെ കോൺഗ്രസ് നേതാക്കളും വഹിച്ചിട്ടുള്ള പങ്കു ചെറുതാണോ? ശിവഗിരി സംഭവമുണ്ടായി. അതിനുശേഷമാണ് നിങ്ങൾ ശിവഗിരിയിൽ പ്രവേശിച്ചു തുടങ്ങിയത്. അന്നുവരെ ശിവഗിരിയിൽ മാർക്സിസ്റ്റു പാർട്ടിയുടെ ഒരു നേതാവും പോയിട്ടില്ല. ഇപ്പോൾ നിങ്ങൾ ശിവഗിരി സംഭവത്തെപ്പറ്റി ഒന്നും മിണ്ടാത്തതെന്താണ്? ശിവഗിരി കമ്മിഷൻ റിപ്പോർട്ടുണ്ട്. ആന്റണി നിയമിച്ച കമ്മീഷന്റെ റിപ്പോർട്ടല്ല. നിങ്ങൾ വച്ച ജഡ്ജി അദ്ദേഹം എന്താണ് എഴുതിയത്? "The police did use force. This is the admitted case. They had to use force to gain entry to the Mutt, to remove obstructors, to protect themselves from pelting of stones and to enable them to escort the..... Sanyasins peacefully to the office". നിങ്ങൾ ഇപ്പോൾ ശിവഗിരിമഠത്തെക്കുറിച്ചു പറയുന്നില്ല. ശിവഗിരിയിൽ പോലീസ് കയറിയതിനെക്കുറിച്ച് നിങ്ങൾ മിണ്ടുന്നില്ല. നിങ്ങൾ നിയമിച്ച ജഡ്ജി തന്നെ റിപ്പോർട്ട് എഴുതിയപ്പോൾ നിങ്ങൾക്ക് ശിവഗിരിയെക്കുറിച്ച് പറയണ്ട. ആ സംഭവത്തിനുശേഷം നിങ്ങൾ ശിവഗിരിയിൽ പ്രവേശിച്ചു. ശിവഗിരിയിൽ പ്രവേശിച്ച് വെള്ളാപ്പള്ളി നടേശനെയും സുകുമാർ അഴിക്കോടിനേയും ഉപദേശക സമിതിയിൽ കൊണ്ടുവന്നു. അതു ഞങ്ങളാണോ നിങ്ങളല്ലേ വച്ചത്? സുകുമാർ അഴിക്കോട് ഇപ്പോൾ എവിടെ നിൽക്കുന്നു? വെള്ളാപ്പള്ളി നടേശൻ എവിടെ നിൽക്കുന്നു? വെള്ളാപ്പള്ളി നടേശനെ കേരളത്തിൽ മുഴുവൻ കൊട്ടിഘോഷിച്ചുകൊണ്ടു നടന്നത്, അവർണ്ണരുടെ നേതാവായി ചിത്രീകരിച്ചുകൊണ്ടു നടന്നത് നിങ്ങളല്ലേ? 1998 ലെ പാർലമെന്റു തെരഞ്ഞെടുപ്പിൽ വി.എം. സുധീര

LIBRARY ARCHIVES Kerala Legislative Assembly

നേയും എ.കെ. ആന്റണിയേയും പരാജയപ്പെടുത്താൻവേണ്ടി ഉപയോഗിച്ച ആ വെള്ളാപ്പള്ളി നടേശനും സുകുമാർ അഴിക്കോടും ഇന്ന് എവിടെ നിൽക്കുന്നു? അദ്ദേഹം മുഖ്യമന്ത്രിക്കു നൽകിയ പരാതി എന്റെ കയ്യിലുണ്ട്. നിങ്ങൾ നിയമിച്ച അഡ്മിനിസ്ട്രേറ്റർ ശിവഗിരി ഫണ്ടിൽനിന്നും കോടികൾ വിഴുങ്ങിയെന്ന് മുഖ്യമന്ത്രിക്ക് പരാതി കൊടുത്തു. അയാൾക്കെതിരായി നിങ്ങൾ നടപടിയെടുത്തോ? പിണറായി പറഞ്ഞല്ലോ, ഞങ്ങളാണ് ഈഴവരുടെ, പിന്നോക്കക്കാരുടെ, ആളാണെന്ന്. ശിവഗിരിയിൽ ശ്രീനാരായണഗുരുവിന്റെ ഫണ്ടിൽ നിന്നും കോടികൾ വിഴുങ്ങിയിട്ട് അതിനെതിരായി നടപടിയെടുത്തോ? അതിനുശേഷം അഡീഷണൽ ഹോം സെക്രട്ടറി പി.പി. ഗോപിയെ വച്ചു. മൂന്നാഴ്ച കഴിഞ്ഞ് പി.പി. ഗോപിയെ മാറ്റി പുതിയ ഒരാളെ വച്ചു. ആ ആൾ ആരാണ്? വിജിലൻസ് കേസിൽ പ്രതിയല്ലേ? അങ്ങനെ ഇപ്പോഴും നിങ്ങൾ മാർക്സിസ്റ്റു പാർട്ടി അഴിമതിക്കാരനെ ശിവഗിരിയിൽ അഡ്മിനിസ്ട്രേറ്ററായി വച്ചുകൊണ്ട് ശിവഗിരിഫണ്ട് കൊള്ളയടിക്കുകയാണ് എന്നു ഞാൻ പറയുന്നു. എസ്.എൻ. കോളേജ് സംഭവത്തെക്കുറിച്ച് ഞാൻ പറയുന്നില്ല. ഇവിടെ ധാരാളം ചർച്ച നടന്നു. ഡി.സി.സി. ഓഫീസിലെ അക്രമം എസ്.എൻ. കോളേജ് പ്രിൻസിപ്പലിനെ ബന്ദിയാക്കി നിങ്ങൾ എഗ്രിമെന്റ് ഒപ്പു വയ്പിച്ചതിൽ മാർക്കിസ്റ്റു പാർട്ടിക്ക് ക്ഷീണം സംഭവിച്ചു. ആ ക്ഷീണത്തിന്റെ വാർത്താപ്രാധാന്യം കുറയ്ക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒന്നുമറിയാത്ത മട്ടിൽ ഇവിടെയിരിക്കുന്നു. സർ, മുഖ്യമന്ത്രി ബോധപൂർവമാണ് ജില്ലാ കമ്മിറ്റി ഓഫീസിലും ഇലക്ഷൻ കമ്മിഷൻ മുൻപിലും ധർണ്ണ നടത്താൻ പോയവരെ മർദ്ദിച്ചത് എന്ന് ഞാൻ ആരോപിക്കുന്നു. അദ്ദേഹം എന്തിനുവേണ്ടി കണ്ണൂരിൽ ബാലറ്റ് പേപ്പർ ഉയർത്തിക്കാണിച്ചു? ഞാൻ പറയുന്നു, കണ്ണൂരിലും കാസർകോട്ടും കള്ളവോട്ട് ചെയ്തതും ബൂത്തുകൾ പിടിച്ചതും സംബന്ധിച്ച വാർത്താപ്രാധാന്യം, പത്രങ്ങളിൽ വന്ന ആ ഇഷ്യൂ, ഡൈവേർട്ട് ചെയ്യാൻവേണ്ടി മുഖ്യമന്ത്രി ബോധപൂർവം നടത്തിയ നീക്കമാണ് ബാലറ്റ് പേപ്പർ എടുത്തു കാട്ടിയത്. കള്ളവോട്ട് പത്രത്തിൽനിന്നു പോയി! ബൂത്തു പിടിത്തവും പോയി! മുഖ്യമന്ത്രി ബാലറ്റ് പേപ്പർ ഉയർത്തിക്കാട്ടിയതായി പത്രങ്ങളിൽ.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ബൂത്തു പിടിത്തവും കള്ളവോട്ടും പറഞ്ഞല്ലോ. ബഹുമാനപ്പെട്ട മുല്ലപ്പള്ളി രാമചന്ദ്രൻ കേസു കൊടുക്കുമെന്നു പറഞ്ഞല്ലോ, എന്തുകൊണ്ടാണ് കേസ് കൊടുക്കാതിരുന്നത്?

ശ്രീ. ബി. വിജയകുമാർ : സർ, ബൂത്ത് പിടിത്തത്തിന് ബലാൽസംഗത്തിനു തെളിവു വേണമെന്ന് നിങ്ങൾ ഇടതു മുന്നണി അധികാരത്തിലിരുന്നപ്പോൾ പണ്ടു ചോദിച്ചിട്ടുണ്ട്. ബലാൽസംഗത്തിനു തെളിവു വേണമെന്നു മുഖ്യമന്ത്രി ഇവിടെ പറഞ്ഞിട്ടുണ്ട്.

ശ്രീ. ജി. കാർത്തികേയൻ : സർ, ഇവിടെ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് അതിഭീകരമായ ബൂത്തു പിടിത്തം നടന്നു. അതു സത്യമാണ്. കേസു കൊടുക്കാത്തതെന്താണെന്നു ചോദിച്ചു. കേസു കൊടുക്കാൻ മുല്ലപ്പള്ളി രാമചന്ദ്രനെപ്പോലെ ഒരാൾക്ക് കഴിയില്ല. കാരണം സാമ്പത്തിക പരാധീനതയാണ്. കേസ് കൊടുക്കാൻ ലക്ഷക്കണക്കിന് രൂപ വേണം. ആലോചിച്ചതാണ് കേസു കൊടുക്കാൻ. പണത്തിന്റെ ഒറ്റ കാരണം കൊണ്ടുതന്നെയാണ് കേസ് കൊടുക്കാതിരുന്നത്.

ശ്രീ. ബി. വിജയകുമാർ : സർ, പിറ്റേദിവസം പത്രത്തിൽ ബൂത്തുപിടിത്തം പോയി. മുഖ്യമന്ത്രി ബാലറ്റ്പേപ്പർ ഉയർത്തിക്കാട്ടിയതായി. അതു 1121/2010.

LIBRARY ARCHIVES Kerala Legislative Assembly

പോലെ കൊല്ലം എസ്.എൻ. കോളേജ് പ്രിൻസിപ്പലിനെ ബന്ദിയാക്കിയ സംഭവം ജനശ്രദ്ധയിൽനിന്നും മറച്ചുവയ്ക്കാൻവേണ്ടി മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നും രാഷ്ട്രീയമായ നിർദ്ദേശം കൊടുത്തതനുസരിച്ചാണ് ഡി.സി.സി. ഓഫീസിൽ പോലീസ് കയറിയത്. പിറ്റേദിവസം പത്രത്തിൽ ഡി.സി.സി. ഓഫീസിൽ ലാത്തിച്ചാർജ്ജ്. എസ്.എൻ. കോളേജ് സംഭവം മൊത്തം പോകുമെന്നു മുഖ്യമന്ത്രി കരുതി. മുഖ്യമന്ത്രിക്ക് തെറ്റിപ്പോയി. കേരളത്തിൽ ഇന്ന് അതു വാർത്താപ്രാധാന്യമുള്ള വിഷയമായി നിൽക്കുന്നു. എന്താണ്? നിങ്ങൾ വർഗ്ഗീയം പറയുന്നില്ലേ? മുഖ്യമന്ത്രി അങ്ങയുടെ ഉറക്കംകെടുത്താൻ ചിലയാളുകൾ ഇവിടെയുണ്ട്. അതിന്റെ ഭാഗമായിട്ടാണ് എസ്.എൻ. കോളേജ് സംഭവവും അതുപോലെയുള്ള സംഭവങ്ങളുമുണ്ടാകുന്നത്. ഇ.എം.എസ്. ന്റെ നിര്യാണത്തിനുശേഷം ഇ.എം.എസ്.ന്റെ കസേരയിലിരുന്ന് മാർക്സിസ്റ്റ് പാർട്ടിക്കുവേണ്ടി സൈദ്ധാന്തിക ലേഖനങ്ങൾ എഴുതുന്ന ഗോവിന്ദപ്പിള്ള ആർക്കെതിരായിട്ടാണ്? "മന്നത്ത് പത്മനാഭനെപ്പോലുള്ള പ്രഖ്യാപിത വർഗ്ഗീയവാദികൾ ഒരു തലപ്പത്തും....." - മന്നത്ത് പത്മനാഭനെ വർഗ്ഗീയവാദിയെന്ന് ഗോവിന്ദപ്പിള്ള എഴുതി. അതുകഴിഞ്ഞ് ശ്രീ. പിണറായി വിജയന്റെ ലേഖനം വന്നു. ആ ലേഖനത്തിൽ പറഞ്ഞു, അത് പറയാൻ പാടില്ലായിരുന്നുവെന്ന്. അതുകഴിഞ്ഞ് എൻ.എസ്.എസ്.-ന്റെ തീരുമാനം വന്നു. ഗോവിന്ദപ്പിള്ള തെറ്റുതിരുത്തണം. ശ്രീ. പിണറായി വിജയന്റെ പരാമർശവും ദുസ്സഹമാണെന്ന് എൻ.എസ്.എസ്- പറഞ്ഞു. അതുകഴിഞ്ഞ് ഗോവിന്ദപിള്ളയുടെ ഒരു പ്രസ്താവനയുണ്ട്. എന്താണ്? ഗോവിന്ദപ്പിള്ള അത് ഒരു അടഞ്ഞ അദ്ധ്യായമാണെന്ന് പറഞ്ഞു. മാപ്പുപറഞ്ഞ് ഖേദം പ്രകടിപ്പിച്ചോ? ആരാണ് മന്നത്ത് പത്മനാഭൻ? 1950-ൽ ചങ്ങനാശ്ശേരിയിൽ ചേർന്ന എൻ.എസ്.എസ്. ന്റെ സമ്മേളനം ഹിന്ദുമഹാമണ്ഡലം രൂപീകരിക്കാൻ തീരുമാനിച്ചു. അതിനെത്തുടർന്ന് തന്റെ പേരിന്റെ പിന്നിൽ നായർ എന്ന പേര് വേണ്ടെന്ന് മന്നത്ത് പത്മനാഭനും എം. പി. മന്മഥനും തീരുമാനിച്ചു. അങ്ങനെ തന്റെ പേരുകൊണ്ട് വർഗ്ഗീയതയുണ്ടാകുന്നുവെങ്കിൽ അത് മാറ്റുന്നതിനുവേണ്ടി ഹിന്ദുക്കളിൽ ജാതി പാടില്ലെന്നു വിശ്വസിച്ചുകൊണ്ട് ഹിന്ദുമഹാമണ്ഡലം രൂപീകരിക്കപ്പെട്ടപ്പോൾ മന്നവും എം. പി. മന്മഥനുമടക്കമുള്ളവർ തങ്ങളുടെ പേരിൽ പത്മനാഭ പിള്ള എന്നുള്ളത് മാറ്റി. മന്നത്ത് പത്മനാഭനും, മന്മഥൻ നായർ എന്നുള്ളത് മാറ്റി മന്മഥനും മറ്റുമായി. അന്നു മുതൽ ഇന്നുവരെ സ്വന്തം പേരിന്റെ പിന്നിൽ 'പിള്ള' എന്നുള്ളത് ഒരു വലിയ നേട്ടമായി ചിത്രീകരിച്ചുകൊണ്ടു നടക്കുന്ന ഗോവിന്ദപിള്ള അത് തന്റെ പേരിന്റെ പിന്നിൽ വേണ്ടെന്ന് 1950-ൽ തീരുമാനിച്ച മന്നത്ത് പത്മനാഭനെ വർഗ്ഗീയവാദിയായി ചിത്രീകരിച്ചതും നിങ്ങളുടെ പാർട്ടിയിലല്ലേ? നിങ്ങൾ തിരുത്തിയോ? തിരുത്തിയില്ല. ഇവിടെ നീലലോഹിതദാസൻ നാടാരുടെ സംഭവമുണ്ടായി. ഞാൻ അതിലേക്ക് കടക്കുന്നില്ല. ഞാൻ മാർക്സിസ്റ്റ് പാർട്ടിയോട് ഒരു ചോദ്യം ചോദിക്കുന്നു. ശ്രീ. എ.കെ. ആന്റണി കഴക്കൂട്ടത്ത് മുഖ്യമന്ത്രിയായി മത്സരിച്ചപ്പോൾ ആ തെരഞ്ഞെടുപ്പിൽ, മുഖ്യമന്ത്രിയായിരുന്ന ശ്രീ. കെ. കരുണാകരൻ രാജനേയും അജിതയേയും മേശപ്പുറത്ത് കിടത്തി ഉരുട്ടുന്നതായ കാർട്ടൂണുകൾ കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ മുഴുവൻ വരച്ചുവച്ച് വോട്ടുപിടിച്ച പാർട്ടിയാണ് മാർക്സിസ്റ്റ് പാർട്ടി. അല്ലേ? ശ്രീ. കരുണാകരൻ അജിതയെ ആക്രമിച്ചില്ലല്ലോ. പക്ഷേ പോലീസ് സ്റ്റേഷനിൽ കരുണാകരന്റെ മുഖം കൊടുത്തിട്ട് അജിതയെ പിഡിപ്പിക്കുന്ന ചിത്രം കഴക്കൂട്ടം നിയോജകമണ്ഡലത്തിലുടനീളം വരച്ചുവച്ച പാർട്ടിയാണ് ഇടതുമുന്നണി. അല്ലേ? സി.പി.ഐ. ക്കാരല്ല. മാർക്സിസ്റ്റ് പാർട്ടി. നീലലോഹിതദാസൻ നാടാരുടെ സംഭവത്തിനുശേഷം വരുന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ

LIBRARY ARCHIVES Kerala Legislative Assembly

നീലൻ ഒരു വനിതയെ പീഡിപ്പിക്കുന്നതും അത് പോലീസ് വേഷത്തിൽ മുഖ്യ മന്ത്രി നായനാർ കണ്ടു രസിച്ച് ആനന്ദം കൊണ്ടിരിക്കുന്നതും ചിത്രീകരി ക്കുന്ന കാർട്ടൂൺ കേരളത്തിലുടനീളം ഞങ്ങൾ വരച്ചുവച്ചാൽ എന്താണ് നിങ്ങ ളുടെ സ്ഥിതി? ഇവിടെ ചോദിച്ചില്ലേ, പ്രതിപക്ഷനേതാവെന്താണ് മിണ്ടാത്ത തെന്ന്? കോൺഗ്രസിന്റെ നേതാക്കൾ എന്താണ് മിണ്ടാത്തതെന്ന്? ഞങ്ങളുടെ സംസ്കാരം അതിന് അനുവദിക്കാത്തതുകൊണ്ടാണ് പ്രതിപക്ഷനേതാവ് മിണ്ടാത്തത്. നാളത്തെ തെരഞ്ഞെടുപ്പിൽ ബഹുമാനപ്പെട്ട നായനാർ കണ്ടു രസിക്കുന്ന കാർട്ടൂൺ കേരളത്തിൽ വരക്കാതെയിരിക്കുന്നതും അങ്ങേയുടെ സംസ്കാരംകൊണ്ടാണ്. ആ സംസ്കാരം കോൺഗ്രസ്സും ഐക്യജനാധിപത്യ മുന്നണിയും ആഗ്രഹിക്കുന്നില്ല. മുഖ്യമന്ത്രി മുടിയനായ കാരണവനായി ഇരി ക്കുന്നു. ശ്രീ. ശിവദാസമേനോനാണെങ്കിലോ? സമ്പത്തില്ലാത്ത ധനകാര്യവകു പ്പുമന്ത്രിയായിരിക്കുന്നു. മന്ത്രിമാരാണെങ്കിലോ? 'കാട്ടിലെ തടി തേവരുടെ ആന, വലിയെടാ വലി!'. അതല്ലേ? നിറം എന്ന സിനിമയിൽ ഒരു പാട്ടുണ്ടല്ലോ

പ്രായം നമ്മിൽ മോഹം നൽകി,

മോഹം കണ്ണിൽ പ്രേമം നൽകി

എന്നു തുടങ്ങിയ പാട്ട്. അതുപോലെ കേരളത്തിലെ ഇടതുമുന്നണി മന്ത്രിസഭയിൽ

"ബേബി പോയി പിള്ള വന്നു,

പിണറായി പോയി ശർമ്മ വന്നു,

കുറുപ്പു പോയി നീലൻ വന്നു,

ദാസ് പോയി കബീർ വന്നു

നീലൻ പോയി, നാണു വന്നു

പാടൂ പാടൂ നാട്ടുമൈനേ!

ചെയ്തോ ചെയ്തോ

ഇഷ്ടം പോലെ ചെയ്തോ....."

എന്നു പറഞ്ഞ് സാക്ഷാൽ നായനാർ മുടിയനായ കാരണവനായി കേരളത്തിൽ മുഖ്യമന്ത്രിയായിരിക്കുന്നു. ഇതിൽപ്പരം നാണക്കേട് നിങ്ങൾക്ക് എന്തു സംഭവിക്കാനാണ്? ഇതിൽപ്പരം നാണക്കേട് എന്താണുള്ളത്? ഒരു ചൊല്ലുണ്ടല്ലോ, അതുപോലെ പണം എങ്ങനെ സമ്പാദിച്ചാലും സമ്പത്ത് നാണക്കേടു മാറ്റുമെന്ന് വിശ്വസിക്കുന്നവരാണ് മാർക്സിസ്റ്റ് പാർട്ടി. നാണം കെട്ടും പണമുണ്ടാക്കാമെങ്കിൽ നാണക്കേട് സംരക്ഷിക്കുമെന്ന് ഒരു ചൊല്ലു ണ്ട്. അതുകൊണ്ട് നാണംകെട്ട് പണമുണ്ടാക്കി പവർ പോളിറ്റിക്സും മണി പോളിറ്റിക്സുംകൊണ്ട് കേരളത്തെ കീഴടക്കാമെന്ന് മാർക്സിസ്റ്റ് പാർട്ടി വ്യാമോഹിക്കുന്നുവെങ്കിൽ ബഹു. ശർമ്മ, ഇന്നലെ ബഹുമാനപ്പെട്ട ഗോവി ന്ദൻ മാസ്റ്റർ നടത്തിയപ്രസംഗം നിങ്ങൾക്കെതിരായിട്ടുള്ളതായിരുന്നു കണ്ണൂർ ലോബിയുടെ പവർ പോളിറ്റിക്സും മസിൽ പോളിറ്റിക്സും മണി പോളിറ്റി ക്സുംകൊണ്ട് ഞങ്ങളെ മാത്രമല്ല, മാർക്സിസ്റ്റ് പാർട്ടിയിലെ ഒരു വിഭാഗത്തെ കൂടി ഒതുക്കിക്കൊണ്ട് ആ ലോബി അജയ്യമായി കേരളത്തിൽ തുടങ്ങും. അതി നുള്ള രഹസ്യ അജണ്ട ശ്രീ. നായനാരും പിണറായി വിജയനുമായി ഒപ്പുവച്ചി ട്ടുണ്ട്. നായനാർക്കുശേഷം കേരളത്തിലെ മുഖ്യമന്ത്രിയായി പിണറായി വിജ യനെ ഇരുത്തിക്കൊള്ളാമെന്ന് അങ്ങോട്ടുമിങ്ങോട്ടും കാലുവാരി നിലപാടെടു ക്കുന്ന ബഹുമാനപ്പെട്ട നായനാർ ശ്രീ. പിണറായി വിജയന് ഉറപ്പു കൊടുത്തി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുണ്ട്. അതിന്റെ പ്രതിഫലനമാണ് ശ്രീ. ഗോവിന്ദൻ മാസ്റ്ററുടെ പ്രസംഗത്തിൽ ഇന്നലെ സഭയിൽ കേട്ടത്. കണ്ണൂർ ലോബിയുടെ വെല്ലുവിളി. ഞങ്ങൾ എന്ത് നേരിട്ടും മസിൽ പവർകൊണ്ടും മണി പവർകൊണ്ടും കേരളത്തെ നേരിടുമെന്നുള്ള ശ്രീ. ഗോവിന്ദൻ മാസ്റ്ററുടെ പ്രസംഗം ഞങ്ങൾക്കെതിരായി മാത്രമല്ല സി.പി.ഐ. ക്കാർക്കെതിരെ മാത്രമല്ല, മാർക്സിസ്റ്റ് പാർട്ടിയിലെ നിങ്ങൾക്കെതിരായി ശർമ്മയുടെ വാദത്തിനെതിരായിട്ടുള്ള മുന്നറിയിപ്പാണ്. നിങ്ങൾ അത് കാണണം. കേരളത്തിൽ കണ്ണൂരിലാരംഭിച്ച രക്തച്ചൊരിച്ചിൽ, മസിൽ പവറിന്റേയും മണി പവറിന്റേയും രാഷ്ട്രീയം, കേരളത്തിലുടനീളം വ്യാപിപ്പിച്ചുകൊണ്ട് ഐക്യജനാധിപത്യമുന്നണിയെ തകർക്കാമെന്നുള്ള വ്യാമോഹം നിങ്ങൾക്കുണ്ടെങ്കിൽ അത് അസ്ഥാനത്താണെന്ന് കേരളത്തിലെ ജനങ്ങൾ തെളിയിക്കാൻ പോകുന്നതാണ് ഞങ്ങൾ നടത്തിയ ഹർത്താൽ. ബസ്സുകൾ തടയാതെ ഞങ്ങൾ നടത്തിയ ഹർത്താൽ ജനങ്ങൾ വിജയിപ്പിച്ചത് അതിന്റെ പ്രതിഫലനമാണ്. ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്.

<u>ശ്രീ. സി.എൻ. ജയദേവൻ</u> : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. ബഹു. വിജയകുമാറിന്റെ പ്രസംഗംകൂടി പൂർത്തിയായിക്കഴിഞ്ഞപ്പോൾ ഒരു പഴംചൊല്ല് ഓർമ്മവരികയാണ്. 'യേശുക്രിസ്തുവിനെ തോൽപ്പിക്കാൻ ക്രിസ്ത്യാനിയാകുക!' ക്രിസ്തു ഈ ലോകം കണ്ട ഏറ്റവും വലിയ വിപ്ലവകാരികളിൽ ഒരാൾ തന്നെ. ക്രിസ്തുവിന്റെ ആശയങ്ങളെ തോൽപ്പിക്കണമെന്ന് തോന്നിയ കുറെ ആളുകൾ അവസാനം തീരുമാനിച്ചു ഇനി ഒരൊറ്റ മാർഗ്ഗം ക്രിസ്ത്യാനിയാകൽ തന്നെയാണ്. അങ്ങനെ ക്രിസ്തുവിനെ തോൽപ്പിക്കാൻ ക്രിസ്ത്യാനിയായതുപോലെ ഇൻഡ്യാ രാജ്യത്ത് ഗാന്ധിജിയെ തോൽപ്പിക്കാൻ ഗാന്ധിജിയെ കൊന്ന ആർ.എസ്.എസ്-ന്റെ ദല്ലാളികളെ പ്രകീർത്തിക്കുന്ന രൂപത്തിൽ, അവരുമായിട്ടു കൂട്ടുചേരുന്ന രൂപത്തിൽ, ഇൻഡ്യയിലും കേരളത്തിലും കോൺഗ്രസ് മാറുന്ന കാഴ്ച കാണുമ്പോൾ 'ക്രിസ്തുവിനെ തോൽപ്പിക്കാൻ ക്രിസ്ത്യാനിയാകുന്നു'വെന്നേ പറയാനുള്ളൂ. കാരണം, ഖദർധാരികളായ കോൺഗ്രസുകാരുടെയിടയിൽ ബഹുമാനപ്പെട്ട മുനീർ ഇന്ന് കാവി വസ്ത്രം ധരിച്ച് വന്നിരിക്കുകയാണ്. അദ്ദേഹം ഒരിക്കലും കാവിയെ അനുകൂലിക്കുമെന്ന് ഞാൻ കരുതുന്നില്ല. കോൺഗ്രസുകാർ ഖദർ ഇട്ടിട്ട് കാവിയെ അനുകൂലിക്കുന്നതുകണ്ട് അതിൽ രോഷം കൊണ്ടിട്ട് മുനീർ കാവിവസ്ത്രം പ്രതിഷേധസൂചകമായി ധരിച്ചിരിക്കുകയാണ്. ശ്രീ. വിജയകുമാറിന്റെ പ്രസംഗത്തിന് ഞാൻ മറുപടി പറയുകയല്ല. അദ്ദേഹം പ്രസംഗിച്ചു പ്രസംഗിച്ച് നായർ സർവീസ് സൊസൈറ്റിയും എസ്. എൻ.ഡി.പി. യും നാടാരുമെല്ലാം ഇപ്പോൾ അദ്ദേഹത്തിന്റെ പോക്കറ്റിലാണ്. ശ്രീനാരായണ പ്രസ്ഥാനത്തെക്കുറിച്ച് പറയാൻ നിങ്ങൾക്ക് എന്താണ് അവകാശമെന്നാണ് കമ്മ്യൂണിസ്റ്റുകാരോട് ചോദിക്കുന്നത്. കഴിഞ്ഞ ഫെബ്രുവരി 12-ാം തീയതി, ശ്രീ. പി.കെ. ഗോപാലകൃഷ്ണൻ എഴുതിയ പുസ്തകം സാംസ്കാരിക വകുപ്പുമന്ത്രി ശ്രീ. ടി.കെ. രാമകൃഷ്ണൻ റിലീസ് ചെയ്തു. ഇവിടെ ഡെപ്യൂട്ടി സ്പീക്കറായിരുന്ന ശ്രീ. പി.കെ. ഗോപാലകൃഷ്ണൻ എന്റെ അമ്മാവൻകൂടിയാണ്. ശ്രീനാരായണഗുരുവിന്റെ ദർശനത്തെക്കുറിച്ച് ഈ കേരളത്തിൽ ഏറ്റവും കൂടുതൽ ഗ്രന്ഥങ്ങൾ എഴുതുകയും അത് പ്രചരിപ്പിക്കുകയും ചെയ്തിരുന്ന ഒരാളാണ് ശ്രീ. പി.കെ. ഗോപാലകൃഷ്ണൻ. കമ്മ്യൂണിസ്റ്റുകാർ കണ്ടത് ശ്രീനാരായണപ്രസ്ഥാനത്തിന്റെ ശ്രീനാരായണ ദർശനങ്ങളെയാണ്. അല്ലാതെ അതിന്റെ പേരിൽ സംഘടനയുണ്ടാക്കി എസ്.എൻ.ഡി.പി. യുടെ തലപ്പത്തിരിക്കുന്ന ഏതെങ്കിലും വ്യക്തികളെ അല്ല കമ്മ്യൂണിസ്റ്റുകാർ നോക്കിക്കാണുന്നതും ആരാധിക്കുന്നതും. ഞങ്ങൾ എപ്പോഴും കണ്ടിരുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീനാരായണ ദർശനങ്ങളെയാണ്. ആ ദർശനങ്ങൾ കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളെ വളരാൻ സഹായിക്കുന്നതിന്റെ ചിത്രം ഇതിനുമുൻപു പ്രസംഗിച്ച ശ്രീ. പിണറായി വിജയനുൾപ്പെടെ, ശ്രീ. അനിരുദ്ധനുൾപ്പെടെ ഇപ്പുറത്തുനിന്നു സംസാരിച്ച എല്ലാവരും സൂചിപ്പിച്ചതാണ്. ഞാൻ അത് ആവർത്തിക്കുന്നില്ല. ഗവർണറുടെ പ്രസംഗത്തിലൊന്നുമില്ല. അതിനെക്കുറിച്ച് ഞങ്ങളൊന്നും പറയുന്നില്ലായെന്നായിരുന്നു പലരുടെയും പരാതിയെങ്കിൽ, ഇന്ന് പ്രസംഗിച്ച ശ്രീ. വിജയകുമാർ ഗവർണ്ണറുടെ പ്രസംഗത്തെക്കുറിച്ചു മിണ്ടിയതേയില്ല! ഗവർണ്ണറുടെ പ്രസംഗത്തിലെ ആദ്യത്തെ 5 പേജ്.....

<u>ശ്രീ. പി.ജെ. ജോയി</u> : അങ്ങിവിടെ ദർശനങ്ങളുടെ കാര്യം സൂചിപ്പിച്ചുവല്ലോ. നിങ്ങൾ വ്യക്തികളെയല്ല ആദരിക്കുന്നത് പ്രസ്ഥാനത്തെ ആണെന്നാണ് പറഞ്ഞത്. ഇപ്പോൾ എ.എസ്.എഫ്. സമ്മേളനത്തിന്റെ ബാനറിൽ മഹാത്മാഗാന്ധിയുടെയും ശ്രീനാരായണഗുരുവിന്റെയും ചിത്രങ്ങൾ കാണിച്ചത് എന്തിനാണ്? എന്തിനാണ് അങ്ങനെ പറഞ്ഞു നടന്നതെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. സി.എൻ. ജയദേവൻ</u> : ഞാൻ അതിനെക്കുറിച്ച് പറയാം. ശ്രീ. ജോയി ഉൾപ്പെടെ അത് കാണാത്തതാണ്. 1992-ൽ എന്റെ പാർട്ടിയുടെ അഖിലേന്ത്യാ സംഘടനാ സമ്മേളനം തൃശൂരിൽ നടന്നു. ആ സമ്മേളനത്തിൽ വ്യാപകമായി കാറൽമാർക്സും ഏംഗൽസിനുമൊപ്പം ഞങ്ങൾ വരച്ചു വച്ച ചിത്രങ്ങൾ ഇതൊക്കെതന്നെയായിരുന്നു. മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു, ശ്രീനാരായണ ഗുരു എന്നിവരുടെയെല്ലാം ചിത്രങ്ങൾ ഉണ്ടായിരുന്നു. അന്ന് മലയാള മനോരമ ഇതൊക്കെയെടുത്തത്, തൃശൂർ എഡിഷൻ ആയതു കൊണ്ട്, തൃശൂർ മാത്രമേ വന്നു കാണുകയുള്ളൂ. മലയാള മനോരമ ഇതൊക്കെ പറഞ്ഞ് ഞങ്ങളെ പരിഹസിച്ചു. മലയാളമനോരമയുടെ ജോലി മലയാളമനോരമ ചെയ്യട്ടെ. പാതിരിക്കു വേണ്ടത് പാതിരി കണ്ടു എന്നു പറഞ്ഞതുപോലെ അവർക്ക് താൽപര്യമുള്ള എന്തെങ്കിലും കണ്ടാൽ മലയാള മനോരമ അതുമായി അങ്ങ് നടക്കും. മലയാള മനോരമ അതുംകൊണ്ട് സുഖിക്കട്ടെ. ഞങ്ങൾ ഇടതുപക്ഷ പ്രസ്ഥാനക്കാർ ഇത്തരം കാര്യങ്ങൾ കാണുന്നതിന്റെ ഒരു സമീപനം എന്താണെന്ന് ശ്രീ. ജി. സുധാകരൻ പറഞ്ഞത് ഞാൻ ആവർത്തിക്കുന്നില്ല. ഇൻഡ്യയുടെ ദേശീയ പ്രസ്ഥാനത്തിലും സാമൂഹ്യ സാമ്പത്തിക രംഗത്തും മാറ്റങ്ങളുണ്ടാക്കുന്നതിന് നേതൃത്വം നൽകിയ ദേശീയ നേതാക്കളെ ഞങ്ങൾ അംഗീകരിക്കുന്നുണ്ട്. ഞങ്ങൾ അവരെ വിമർശിച്ചു കാണും; ഇൻഡ്യാ രാജ്യത്ത് വളർത്തിക്കൊണ്ടുവന്ന സമ്പദ്ഘടനയിൽ, പണ്ഡിറ്റ് നെഹ്റുവും അതിനുശേഷമുണ്ടായ കോൺഗ്രസ്സിന്റെ നേതാക്കളും ആ സമ്പദ്ഘടന വളർത്തിയെടുത്തതിൽ വന്ന പാകപ്പിഴകളാണ് നമ്മൾ വിമർശിച്ചത്. അതോടൊപ്പം തന്നെ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ എന്നും നമ്മൾ ബഹുമാനിച്ചിട്ടുണ്ട്.

ഞാൻ സൂചിപ്പിച്ചു വന്നത് ഗവർണ്ണറുടെ പ്രസംഗത്തിന്റെ ആദ്യത്തെ 5 പേജിൽ ആദ്യം പറയുന്ന വിഷയങ്ങളെ സംബന്ധിച്ച് ഒരക്ഷരം ഇന്നുവരെ കോൺഗ്രസ്സോ മറ്റു പ്രതിപക്ഷ കക്ഷികളോ മിണ്ടുന്നില്ലല്ലോ? ലീഗുകാർ പറഞ്ഞോ? ഇൻഡ്യാ രാജ്യത്തു വളർന്നു വരുന്ന ആപത്തിനെക്കുറിച്ച്, ഭരണഘടനയെപോലും ഭേദഗതി ചെയ്യത്തക്ക രൂപത്തിൽ എടുക്കുന്ന നിലപാടിനെക്കുറിച്ച്, സാമ്പത്തികരംഗത്ത് കൊണ്ടുവരുന്ന കടുത്ത നടപടികളെക്കുറിച്ച്, എന്തെങ്കിലും അഭിപ്രായം പറയണ്ടേ? ഒരക്ഷരം അതിനെക്കുറിച്ച് പറയാതെ ശ്രീ. വിജയകുമാർ നടത്തിയപോലെ, ഒരു പ്രസംഗം ആവർത്തിച്ചു

LIBRARY ARCHIVES Kerala Legislative Assembly

വെന്നല്ലാതെ ഇത്തരം ആശയപരമായ വിഷയങ്ങളെക്കുറിച്ചു നിങ്ങൾ എന്തു നിലപാട് എടുക്കാനാണ്? കേരളത്തെ ബാധിക്കുന്ന വിഷയമല്ലേ? കേരള സംസ്ഥാനം ഈ സമ്പദ് വിഷയങ്ങളിലുൾപ്പെട്ട് ഒഴുക്കിനെതിരെ നീന്തുക യാണ്. മറ്റെല്ലാം ഞങ്ങൾ സമ്മതിക്കുന്നു. ഒഴുക്കിനെതിരെ കേരളം നീന്തുക യാണ്. ഒരുപാട് സാമ്പത്തിക പ്രശ്നങ്ങളുണ്ട്. ആ സാമ്പത്തിക പ്രശ്നങ്ങ ളിൽ ഒഴുക്കിനെതിരെ നീന്തിക്കൊണ്ടുതന്നെയാണ് കേരളാ ഗവണ്മെന്റ് നടപടി കളെടുക്കുന്നത്. ഈ ഗവണ്മെന്റ് അധികാരത്തിൽ വരുമ്പോൾ നയപ്രഖ്യാ പനത്തിലും ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടന പത്രികയിലും പറഞ്ഞ കാര്യങ്ങൾ അതു നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതിന്റെ വിഷയങ്ങ ളാണ് ഈ ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിച്ചത്. ആദ്യത്തെ പ്രസംഗ ത്തിൽ ഗവർണ്ണർ പറഞ്ഞു; അതിനുശേഷം അന്നത്തെ വൈദ്യുതി മന്ത്രി ശ്രീ. പിണറായി വിജയൻ സഭയിൽ പറഞ്ഞു, രണ്ടായിരമാണ്ട് കഴിയുംപോൾ വൈദ്യുതി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തമായിരിക്കും. അന്ന് അപ്പുറത്ത് നിന്നും പരിഹസിച്ച് കൂക്കിവിളിച്ചവരല്ലേ നിങ്ങൾ? ഇപ്പോൾ അതിനെക്കുറിച്ച് നിങ്ങൾ ഒന്നും മിണ്ടുന്നില്ലല്ലോ! ശ്രീ.എം.മുരളിയും ഞാനും കൂടി നവംബർ മാസം മദ്ധ്യപ്രദേശിൽ പോയിരുന്നു. നിയമസഭാ കമ്മിറ്റിയുടെ യാത്രയിലാണ്. മദ്ധ്യപ്രദേശിൽ ചെന്നപ്പോൾ രാവിലെ 9 മണി മുതൽ ഒരു മണി വരെ കറണ്ടി ല്ല.ഞങ്ങൾ വിക്രം ലൈബ്രറിയിൽ പോയപ്പോൾ അന്വേഷിച്ചു. ലൈബ്രറി നോക്കാൻ പോയതാണ്. കറണ്ടില്ല. അന്വേഷിച്ചപ്പോൾ 9 മണി മുതൽ 1 മണി വരെ ഇലക്ട്രിസിറ്റി കട്ടാണ്. ഇൻഡ്യയുടെ വലിയ സംസ്ഥാനമാണല്ലോ. വലിയ സമ്പത്തുണ്ടെന്ന് പറയുന്ന സംസ്ഥാനമാണല്ലോ. 9 മുതൽ 1 മണി വരെ കറണ്ട് കട്ടാണ് സംസ്ഥാനത്ത്. ഇന്ന് തെക്കേ ഇൻഡ്യയിൽ കറണ്ട് കട്ടി ല്ലാത്ത ഏക സംസ്ഥാനമായി ഈ കേരളം മാറിയിരിക്കുന്നു. അതിലെ പോരായ്മകൾ കൂടി നികത്തിക്കൊണ്ട് ആ രംഗത്ത് ഇനിയും മുന്നോട്ടു പോകണമെന്നാണ് ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞത്. അതുപോലെ തന്നെ ഈ സംസ്ഥാനത്തെ ബാധിക്കുന്ന മറ്റു വിഷയങ്ങൾ: പൊതു വിതരണ രംഗം-കേരളത്തിലെ പൊതു വിതരണ രംഗം ഇൻഡ്യ അംഗീകരിക്കുന്നതാണ്. ഒരു പക്ഷേ ലോകം പോലും അംഗീകരിക്കുന്നതാണ്. ഇത്തരം പൊതു വിതരണ സമ്പ്രദായം നിരനിർത്തുകയും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പൊതുവിതരണ രംഗത്ത് ചെലവഴിക്കുകയും ചെയ്ത് ഈ ഗവൺമെന്റ് ആ രംഗത്ത് പ്രതികൂലമായ നിലപാടുകൾ കേന്ദ്ര ഗവൺമെന്റിൽ നിന്നുണ്ടായാൽ പ്പോലും ഈ പൊതുവിതരണ സമ്പ്രദായത്തെ ശക്തിപ്പെടുത്തിക്കൊണ്ട് മുന്നോട്ടുപോകുമെന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞിരിക്കുകയാണ്. അതാണ് ഈ ഗവൺമെന്റിന്റെ നയമായിട്ട് പറയുന്നത്. അധികാര വികേന്ദ്രീക രണത്തെക്കുറിച്ച് ഒരുപാട് ചർച്ചകൾ നടക്കുമ്പോൾ അവസാനം നിങ്ങളിൽ പലരും പൊതുസമ്മേളനങ്ങളിൽ പ്രസംഗിക്കുന്നത് കേട്ടിട്ടുണ്ട്, ഇത് ഞങ്ങ ളുടെ കുഞ്ഞാണ്. ഗാന്ധിജിയാണ് ഈ ആശയം ആദ്യം പറഞ്ഞത്. പിന്നെ രാജീവ് ഗാന്ധി കൊണ്ടുവന്നതാണ്. ശ്രീ.നരസിംഹറാവുവാണ് ബിൽ കൊണ്ടുവന്നത് എന്ന് നിങ്ങൾ പ്രസംഗിക്കുന്നത് കേട്ടിട്ടുണ്ട്. വികേന്ദ്രീകരണം എന്നുള്ള ആശയം ഇവിടെ നടപ്പിലാക്കി. അതോടൊപ്പം തന്നെ ആസൂത്രണ രംഗത്തും വികസന രംഗത്തും അതിനനുസൃതമായ സമീപനം കൈക്കൊണ്ട് കേരളത്തെ മുന്നോട്ടുകൊണ്ടുപോയി. ഞാൻ നേരത്തെ പറഞ്ഞ മദ്ധ്യപ്രദേ ശിലെ മുഖ്യമന്ത്രി ദിഗ് വിജയസിംഗ് ഉൾപ്പെടെ കേരളത്തിലെ അധികാര വികേന്ദ്രീകരണത്തെക്കുറിച്ചും ജനകീയാസൂത്രണത്തെക്കുറിച്ചും പഠിക്കാൻ വന്നതല്ലേ? മദ്ധ്യപ്രദേശിലെ ചീഫ് സെക്രട്ടറി ഒരു മലയാളിയാണ്. മദ്ധ്യപ്രദേ

LIBRARY ARCHIVES Kerala Legislative Assembly

ശിൽ ഇതെങ്ങനെ നടപ്പിലാക്കാൻ കഴിയുമെന്ന് നോക്കാൻ വന്നതാണ്. ഈ ഗവൺമെന്റ് ഈ ഗവർണ്ണറുടെ പ്രസംഗത്തിലൂടെ ആ നയം കൂടുതൽ വ്യക്തമാക്കുകയാണ്. അവശേഷിക്കുന്ന 14 മാസങ്ങൾക്കുള്ളിൽ ഈ അധികാരവികേന്ദ്രീകരണവും ജനകീയാസൂത്രണവും കൂടുതൽ ശക്തിപ്പെടുത്തുകയാണ് ഞങ്ങളുടെ നയം.

അതോടൊപ്പം തന്നെ കാർഷിക മേഖലയിൽ ഒരുപാട് പ്രശ്നങ്ങളുണ്ട്. കാർഷിക വിഭവങ്ങളെ ബാധിക്കുന്ന രോഗങ്ങളുണ്ട്. മന്ത്രിസഭ ഉണ്ടാക്കിയതാണോ, കൃഷി വകുപ്പു മന്ത്രി ഉണ്ടാക്കിയതാണോ? എന്തെല്ലാം തരത്തിലുള്ള രോഗങ്ങൾ മനുഷ്യരിൽ വന്നുകൊണ്ടിരിക്കുന്നു. ഏറെ പുരോഗമിച്ചുവെന്നു പറയുന്ന അമേരിക്കയിൽപോലും മനുഷ്യനെ ബാധിക്കുന്ന പല രോഗങ്ങളും ലോകത്തിലെ മറ്റ് ഏത് രാഷ്ട്രത്തെക്കാളും കൂടുതലായി വരികയാണ്. ഇത്തരം കാലഘട്ടത്തിൽ നമ്മുടെ കാർഷിക വിഭവങ്ങളെ ഇത്തരം രോഗങ്ങൾ ബാധിക്കുന്നു.ആ പൊതുരോഗത്തെ ചെറുത്തു നിൽക്കാൻ വേണ്ടിയുള്ള നടപടികൾ കാർഷിക സർവ്വകലാശാലയും തോട്ടവിള ഗവേഷണകേന്ദ്രവും കേരളത്തിലെ കൃഷി വകുപ്പും യോജിച്ചുകൊണ്ട് എടുക്കുമെന്നും കാർഷിക മേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതും നെൽകൃഷി വർദ്ധിപ്പിക്കുന്നതും ഉൾപ്പെടെയുള്ള നടപടികളുമായി ഇനിയും മുന്നോട്ടുപോകുമെന്നുമാണ് ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ പറഞ്ഞത്.

വിദ്യാഭ്യാസ രംഗത്ത് ധാരാളം വിമർശനങ്ങൾ കാണും. കാരണം വിദ്യാഭ്യാസം തൊട്ടാൽ പൊള്ളുന്ന ഒരു വകുപ്പാണ്. ആ വിദ്യാഭ്യാസ രംഗത്തെ പരിഷ്ക്കരണത്തെ എല്ലാവരും വിമർശിക്കുന്നുണ്ടായിരിക്കാം. എ.ഐ.എസ്.എഫ്. വിമർശിക്കുന്നുണ്ടായിരിക്കാം. എസ്.എഫ്.ഐ. വിമർശിക്കുന്നുണ്ടായിരിക്കാം. അങ്ങനെ വിദ്യാർത്ഥി സംഘടനകളുടെ വിമർശനങ്ങൾ ഉള്ളപ്പോൾത്തന്നെ വിദ്യാഭ്യാസ രംഗത്തു പലരും കൈക്കൊള്ളാൻ മടിച്ചിരുന്ന പരിഷ്ക്കരണ നടപടികളുമായിട്ടാണ് ഈ ഗവൺമെന്റ് പോകുന്നത്. ആ നടപടികൾ ഇനിയും വേഗത്തിൽ മുന്നോട്ടു കൊണ്ടുപോകാമെന്നാണ് സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് കൂടുതൽ വേഗത്തിൽ കൂടുതൽ വിദ്യാർത്ഥികൾക്ക് പഠിക്കാൻ സൗകര്യം നൽകുന്ന 2000 എഞ്ചിനിയറിംഗ് സീറ്റുകൾ വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളാണ് ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ പറഞ്ഞത്.

പാർപ്പിട പ്രശ്നം പലരും സൂചിപ്പിച്ചത് ആവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പട്ടികജാതി/പട്ടിക വർഗ്ഗക്കാരുൾപ്പെടെ ദരിദ്യരേഖയ്ക്ക് താഴെയുള്ള പാവപ്പെട്ടവരുടെ പാർപ്പിടപ്രശ്നം പരിഹരിക്കാനുള്ള നടപടികൾ ഇതുവരെ നടത്തിയത് ഇനിയും കൂടുതൽ ശക്തമാക്കുമെന്ന് പറയുമ്പോൾ കഴിഞ്ഞ പ്രസംഗത്തിന്റെ ആവർത്തനം ആണെന്നാണ് പറയുന്നത്. കഴിഞ്ഞ പ്രസംഗത്തിൽ പറഞ്ഞത് നടപ്പിലാക്കുക, തുടങ്ങിയ പദ്ധതികൾ പൂർത്തീകരിക്കുക. 5 ലക്ഷം പേർക്ക് വീട് നൽകാൻ വേണ്ടിയുള്ള പദ്ധതി നമ്മൾ പൂർത്തിയാക്കുമെന്നാണ് ഗവർണ്ണർ അടിവരയിട്ടു പറഞ്ഞത്. ആവർത്തിച്ചുവെന്ന് നിങ്ങൾ വിമർശിക്കുന്ന ഞങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പാവപ്പെട്ടവരെ സഹായിക്കുന്ന നടപടിയുമായി മുന്നോട്ടു പോകുന്ന കാര്യമാണത്.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. ഇസ്ഹാക് കുരിക്കൾ)

12 Noon

ശാസ്ത്രസാങ്കേതിക രംഗത്തുണ്ടായ വികാസം നമ്മുടെ സംസ്ഥാനത്തു നടപ്പിലാക്കണം. ഇൻഫർമേഷൻ ടെക്നോളജിയുടെ, കമ്പ്യൂട്ടറൈസേഷന്റെ നേട്ടങ്ങൾ നമ്മുടെ സംസ്ഥാനത്തും ലഭിക്ക

LIBRARY ARCHIVES Kerala Legislative Assembly

ണം. കമ്പ്യൂട്ടറിനെ പണ്ട് എതിർത്തില്ലേയെന്ന് ചോദിക്കും, എതിർക്കേണ്ട കാലത്ത് എതിർത്തുകാണും നമുക്കാവശ്യമായ രൂപത്തിൽ അതിനെ വിനിയോഗിക്കാൻ ശ്രമിക്കണം, അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന് പുരോഗതി കൈവരിക്കാനും മുന്നോട്ടു കുതിയ്ക്കാനും സഹായകരമാകും അത് മുന്നിൽ കണ്ടുകൊണ്ടുതന്നെയാണ് നമ്മുടെ സംസ്ഥാനം ആ സാങ്കേതിക വിദ്യയിലെ ശാസ്ത്ര രംഗത്തുണ്ടായ വികാസത്തെ ഉപയോഗിക്കുവാനായിട്ട് ഈ ഗവൺമെന്റ് തീരുമാനിക്കുന്നതും അതിനനുസൃതമായിട്ട് മുന്നോട്ടുപോകുന്നതും.

പിന്നെ സ്ഥിരമായിട്ട് പറയുന്നത് ക്രമസമാധാനപ്രശ്നമാണ്, എന്റെ നാട്ടിൽ സാധാരണ പറയും, ഇലക്ട്രിസിറ്റി ലൈനിൽ കാക്ക ഷോക്കടിച്ച് ചത്ത് കിടന്നാലും ചില കോൺഗ്രസ് നേതാക്കൻമാർ പറയും മാർക്സിറ്റു അക്രമം എന്ന്. ഞങ്ങളെ പറയുകയില്ല, അതൊരു സൂത്രമാണ്, ആ സൂത്രം ഞങ്ങളോട് വേണ്ട; സി.പി. ഐ. യെ സുഖിപ്പിക്കണ്ട. ആ കാര്യങ്ങളിൽ ഞങ്ങൾക്ക് ചില നിലപാടുണ്ട്. കൊല്ലത്തെ ഡി.വൈ.എസ്.പി. ദിനരാജൻ വീട്ടിലിരിക്കുന്നത് ഞങ്ങളെ അടിക്കാൻ വന്നതുകൊണ്ടാണ്. ഞങ്ങളെ അടിക്കാൻ വന്നവൻ വീട്ടിലിരിക്കും. ഞങ്ങളെ അടിച്ച് ശരിപ്പെടുത്തി നീങ്ങാനാണ് ഒരു പോലീസ് ഉദ്യോഗസ്ഥൻ കരുതുന്നതെങ്കിൽ അയാൾ വീട്ടിലിരിക്കും, അത്തരം നിലപാട് ഞങ്ങൾക്കുണ്ട്. ക്രമസമാധാനപ്രശ്നത്തെക്കുറിച്ച് പറയുമ്പോൾ നാഷണൽ ഹൈവേയിൽ പട്ടി ലോറി മുട്ടി ചത്താലും, നിങ്ങൾ പ്രസംഗിക്കും, 'മാർക്സിസ്റ്റ് അക്രമം'! ഇത് ധാരാളം കേട്ടതാണ്. സംഘട്ടനങ്ങൾക്ക് ഇടയാക്കുന്ന വിഷയങ്ങളുണ്ട് ഗവർണ്ണർ സൂചിപ്പിച്ചില്ല, ശ്രീ. പിണറായി വിജയൻ അത് സൂചിപ്പിച്ചല്ലോ. ആ സംഘട്ടനങ്ങൾ നമ്മുടെ സംസ്ഥാനത്ത് വർദ്ധിപ്പിക്കാൻ പാടില്ല. രാഷ്ട്രീയ സംഘട്ടനങ്ങൾ കുറയ്ക്കണം, യാതൊരു സംശയവും ആ കാര്യത്തിൽ ഞങ്ങൾക്കില്ല. അത് നിയന്ത്രിച്ചുകൊണ്ടുതന്നെയാണ് കേരള സംസ്ഥാനത്തിലെ ക്രമസമാധാന രംഗത്ത് മുന്നോട്ട് പോകുന്നത്.

<u>ശ്രീ. കെ. ബാബു</u> : മാർകസിസ്റ്റ് പാർട്ടി നേതൃത്വത്തിലുള്ള പോലീസ് വകുപ്പും അതുപോലെ മറ്റു വകുപ്പുകളും യാതൊരു തെറ്റും ചെയ്യുന്നില്ലെന്നാണ് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത്. അങ്ങനെയുണ്ടെങ്കിൽ ഇന്ത്യൻ കമ്മ്യൂണിറ്റ് പാർട്ടിയുടെ ഏറ്റവും ഒടുവിൽ കൂടിയ എക്സിക്യൂട്ടിവിൽ മാർകിസ്റ്റ് പാർട്ടി പ്രകടനപത്രികയിൽ ഒതുങ്ങി നിൽക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു കത്ത് കൊടുത്തതും അവരെ ഭീക്ഷണിപ്പെടുത്തിയതും ശരിയാണെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

<u>ശ്രീ. സി.എൻ. ജയദേവൻ</u> : ഞങ്ങൾ ഒരു പാർട്ടിയേയും ഭീഷണിപ്പെടുത്തിയിട്ടില്ല. അതിൽ ഞങ്ങൾ കൈകക്കൊള്ളുന്ന സമീപനം: ഇടതുപക്ഷ ജനാധിപത്യമുന്നണി എന്നു പറയുന്ന സംവിധാനത്തിനകത്ത് വ്യത്യസ്ത ഘടകകക്ഷികളുണ്ടാകാം, ആ ഘടക കക്ഷികൾക്ക് വ്യത്യസ്തമായ സമീപനങ്ങളും ചില പ്രശ്നങ്ങളുമുണ്ടാകും. പൊതു പ്രശ്നങ്ങളിലുള്ള ഒരു യോജിപ്പാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ആകുന്നത്. ആ ഐക്യമുന്നണി എന്നുള്ള നിലയിൽ യോജിച്ചുകൊണ്ട് പ്രവർത്തിക്കുമ്പോൾ അല്പസ്വല്പം അസ്വാരസ്യങ്ങൾ ഉണ്ടാകുക സ്വാഭാവികമാണ്. അതൊരു സംസ്ഥാനത്ത് ഭരണം കൈയ്യാളുന്ന ഘട്ടത്തിൽ, നാലുകൊല്ലം പൂർത്തിയാക്കുന്ന ഘട്ടത്തിൽ അതിനിടയിലുണ്ടായ അസ്വാരസ്യങ്ങൾ ചിലപ്പോൾ അങ്ങോട്ടുമിങ്ങോട്ടുമൊക്കെയായി എന്നു വരും. അത് പറയുന്നുവെന്നുള്ളതിന്റെ അർത്ഥം

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ നിങ്ങൾ മനപ്പായസമുണ്ണുന്നതുപോലെ; കാര്യങ്ങൾ നടത്തണമെന്ന ല്ല. കോൺഗ്രസ്സുമായി ചില കാര്യങ്ങളിൽ യോജിക്കണമെന്ന് അഭിപ്രായമുള്ള വരാണ് ഇപ്പുറത്തിരിയ്ക്കുന്നവർ. നിങ്ങൾ കേന്ദ്രത്തിൽ ഭരിക്കുന്ന ബി.ജെ.പി ഗവൺമെന്റിന്റെ സാമ്പത്തികനയങ്ങൾക്കെതിരെ പൊരുതുവാൻ തയ്യാ റുണ്ടോ? ഉണ്ടെങ്കിൽ നിങ്ങളുമായി യോജിക്കണമെന്നാണ് ഞങ്ങളുടെ ധാരണ. നേരെ ആവുകയില്ലെന്നു പറഞ്ഞാൽ എന്താണു ചെയ്യുക? എത്ര യെത്ര അനുഭവങ്ങൾ ഉണ്ടായാലും ഞങ്ങൾ നേരെ ആവുകയില്ല എന്നു പറ യുന്ന കോൺഗ്രസ് പാർട്ടി എന്തു ചെയ്യും? കേന്ദ്ര ഗവൺമെന്റിനെതിരെ, അതിന്റെ സാമ്പത്തിക നയങ്ങൾക്കെതിരെ ആർ.എസ്.എസ്. വിദ്യാഭ്യാസരം ഗത്ത് കടന്നു കയറുന്നതിനെതിരെ ചരിത്രം പോലും തിരുത്തിയെഴുതാൻ അവർ നടത്തുന്ന ശ്രമങ്ങൾക്കെതിരെ, ഭരണഘടനയെപ്പോലും ഭേദഗതി ചെയ്തുകൊണ്ട് അവർ ഇന്ത്യാ രാജ്യത്തെ ഏകാധിപത്യത്തിലേക്കും വർഗ്ഗീ യാധിപത്യത്തിലേക്കും കൊണ്ടുപോകാൻ ശ്രമിക്കുന്നതിനെതിരെ, പോരാടാൻ കോൺഗ്രസ് - ഐ തയ്യാറാണോ? അതിനുവേണ്ടിയുള്ള ഒരു പ്രചരണജാഥ, അതിനുവേണ്ടിയുള്ള ഒരു വാഹനജാഥ, അതിനുവേണ്ടിയുള്ള ഒരു ധർണ, ശ്രീ. ബാബു, നിങ്ങളുടെ കോൺഗ്രസ്സുകാർ ഈ കാലങ്ങളവിൽ നടത്തിയി ട്ടുണ്ടോ? കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക നയങ്ങൾക്കെതിരെ, അക്രമണ ങ്ങൾക്കെതിരെ, പ്രചരണ ജാഥയെങ്കിലും നടത്താനുള്ള കെൽപ്പ് കേരള ത്തിലെ കോൺഗ്രസ്സിനുണ്ടോ? അങ്ങനെ ജാഥ നടത്താൻ കോൺഗ്രസ് തയ്യാ റാണെങ്കിൽ കോൺഗ്രസ് ചെയ്യുന്നത് നല്ല കാര്യമാണ്. നിങ്ങൾ അത് ചെയ്യു ന്നില്ലെന്നു മാത്രമല്ല നിങ്ങൾ കൂടെക്കൂടെ കമ്മ്യൂണിസ്റ്റ് വിരോധത്തിന്റെ പേരിൽ കേരളത്തിൽ നിലനിൽക്കുന്ന ഇടതുപക്ഷജനാധിപ്ത്യമുന്നണി ഗവൺമെന്റിനെ അട്ടിമറിക്കുകയെന്നുള്ള ധാരണയുടെ പേരിൽ വല്ല വിധേ നയും അധികാരക്കസേര സ്വന്തമാക്കുകയെന്നുള്ള മനപ്പായസം മാത്രം ഉണ്ടു കൊണ്ട് വളരെ അവസരവാദപരമായ, തെറ്റായ, രാഷ്ട്രീയനിലപാട് നിങ്ങൾ എടുക്കുന്നതു കൊണ്ടാണ് ഞങ്ങളുടെ ആക്രമണം നിങ്ങളുടെ നേരെ തിരിയു ന്നത്, നിങ്ങൾ അത് മനസ്സിലാക്കണം. കമ്മ്യൂണിസ്റ്റ് വിരോധത്തിന്റെ നേതൃത്വം നിങ്ങൾക്ക് വേണം. അത് ആർ.എസ്. എസ്. എടുത്തേക്കുമോ എന്നു ഭയന്നിട്ടല്ലേ നിങ്ങൾ എസ്.എൻ. കോളേജ് പ്രശ്നത്തിൽ തെരുവിലിറ ങ്ങിയത്? വഴി തടയാൻ പോയത്? ആർ.എസ്.എസ്.കാരൻ കമ്മ്യൂണിസ്റ്റ് വിരോധത്തിന്റെ മുൻകൈ നേടാതിരിക്കുകയെന്നുള്ള ലക്ഷ്യം വച്ചുകൊണ്ടല്ലേ കോൺഗ്രസ്സ്-ഐ സത്യത്തിൽ അക്രമസമരത്തിൽ കേരളത്തിൽ മുന്നോട്ടുവ ന്നത്? കേരള നിയമസഭയിൽ കഴിഞ്ഞ മൂന്നുദിവസമായി നടന്നുകൊണ്ടിരി ക്കുന്ന നന്ദിപ്രമേയത്തിൻമേലുള്ള ചർച്ചയിൽ പൊതുവേ ബോറടി തോന്നിയ ഒരാളാണ് ഞാൻ ലെനിൻ ഒരിക്കൽ അതാണ് പറഞ്ഞത് (റഷ്യയിലെ സാഹച ര്യങ്ങൾക്ക് അനുസരിച്ചായിരിക്കും പറയുക) പാർലമെന്റ് ഒരു വാചകമടി ശാലയാണെന്ന്. പ്രത്യേക സാഹചര്യത്തിൽ പാർലമെന്റിൽ പങ്കാളിയാകാനും മഹാനായ ലെനിൻ പറഞ്ഞിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഇത്തരം ചർച്ചകളി ലൂടെ നിയമസഭയിൽ ഉൾപ്പെടെ നടക്കുന്ന ചർച്ചയിലൂടെ, ജനങ്ങളുടെ രാഷ്ട്രീയ ബോധമുണർത്താനും രാജ്യത്തുണ്ടാകുന്ന പൊതു പ്രശ്നങ്ങളിൽ ജനങ്ങളുടെ ബോധമുണർത്തി കൂട്ടായ്മ ഉയർത്തിക്കൊണ്ട് വരാനും കഴി യണം അതിനു സഹായകരമായിരിക്കണം നിയമസഭ ചർച്ചകൾ എന്നുള്ള ധാരണയാണ് എനിക്കുള്ളത്. കേരളകൗമുദിയുടെ മുഖപ്രസംഗത്തെക്കുറിച്ച് ബഹു. സ്പീക്കർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി.ഞാൻ അതിനെക്കുറിച്ച് കമന്റ് പറയുകയില്ല. ഗവർണ്ണറുടെ പ്രസംഗത്തെക്കുറിച്ചും പ്രസംഗത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടുന്ന വിഷയങ്ങളെക്കുറിച്ചുമുള്ള ചർച്ചകളിൽ, ആ ചർച്ചകളാണ് ഈ നിയമസഭയിൽ നടത്തുന്നതെങ്കിൽ, ഗവർണ്ണർ നടത്തിയ പ്രസംഗത്തിന്റെ യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ട് അതിനെ അംഗീകരിക്കാനും ഈ നന്ദി പ്രമേയത്തെ അനുകൂലിക്കാതിരിക്കുവാനും നിങ്ങൾക്കും കഴിയുകയില്ല. ഞാൻ ഈ നന്ദി പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് നിറുത്തുന്നു.

<u>ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ</u> : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ഈ നന്ദിപ്രമേയത്തെ അനുകൂലിച്ചുകൊണ്ട് അപ്പുറത്തു നിന്നും സംസാരിച്ച ആളുകളുടെ പ്രസംഗം സശ്രദ്ധം കേൾക്കുകയായിരുന്നു. ആദ്യം സംസാരിച്ച ശ്രീ. സുധാകരന്റെയും അവസാനം സംസാരിച്ച ശ്രീ. ജയദേവന്റെയും പ്രസംഗം ഞാൻ കേട്ടു. ശ്രീ. ജയദേവന്റെ പരിഭവം ശ്രീ. മുനീർ കാവി വസ്ത്രമിട്ട് വന്നിരിക്കുന്നു എന്നതാണ് അതിൽ പ്രത്യേകതയുണ്ട്. പ്രതികാത്മകതയുണ്ട്. രാജ്യത്തെയാകെ കാവി പുതപ്പിച്ചുകൊണ്ടിരിക്കുന്ന ശക്തികൾക്ക് എതിരായി ഞങ്ങളുടെ ഭാഗത്തുനിന്നും ധാർമ്മിക രോഷം പുറത്തുകാണിക്കുവാൻ വേണ്ടിയുള്ള നടപടിയാണ്. രണ്ടാമത് ഒരു കാര്യം അതിട്ട് അങ്ങോട്ട് വന്നതിലും പ്രതീകാത്മതയുണ്ട്. അതിന്റെ അപകടം നിങ്ങൾ വേണ്ടത്ര മനസ്സിലാക്കിയിട്ടുണ്ടോയെന്ന് വാചാലമായി ചോദിക്കുവാൻ കൂടിയാണ് അത് കഴിഞ്ഞ് ഇങ്ങോട്ടു വന്നതിലും പ്രതീകാത്മതയുണ്ട് കോൺഗ്രസുകാരും മാർക്സിസ്റ്റുപാർട്ടിയും എല്ലാവരും ഒരുമിച്ചുനിന്നാലെ ഫാസിസ്റ്റിനെ എതിർക്കാൻ സാധിക്കുവെന്ന് പറയാൻ കൂടിയാണ്. അതു കൊണ്ട് അതെല്ലാം നല്ലനല്ല ലക്ഷണങ്ങളാണ്. ശ്രീ. സുധാകരൻ സംസാരിക്കുന്ന സമയത്ത് ക്യൂബയിലും ചൈനയിലുമൊക്കെ സൂര്യൻ ഉദിച്ചതിനെക്കുറിച്ച് സൂചിപ്പിച്ചു. ക്യൂബയിലും ചൈനയിലും ഉദിക്കുന്ന സൂര്യനെ കാണുകയും ഇവിടത്തെ സൂര്യാസ്തമയം കാണാതിരിക്കുകയും ചെയ്യുന്ന ശരാശരി കമ്മ്യൂണിസ്റ്റുകാരന്റെ വൈകല്യമാണ് വെളിവാകുന്നത്. ഇവിടെ ക്യൂബയും ചൈനയും അമേരിക്കയും ലണ്ടനും അല്ല പ്രശ്നം, ഈ നാട്ടിൽ പച്ചയായ ചില സത്യങ്ങളുണ്ട്, ആ സത്യങ്ങളെക്കുറിച്ച് നിങ്ങൾക്ക് എന്താണ് പറയാനുള്ളത്? ഗവർണ്ണറുടെ പ്രസംഗത്തിന്റെ നന്ദിപ്രമേയത്തിന്റെ ചർച്ചയിൽ ഉരുത്തിരുഞ്ഞുവന്ന കാര്യങ്ങൾ മൂന്ന് ദിവസമായി ഇവിടെ നടക്കുന്നു, പ്രധാനമായിട്ട് വന്നത് സംവരണത്തിന്റെ കാര്യം തന്നെയാണ്, സംവരണത്തിന്റെ കാര്യത്തിൽ ഞാൻ പറയട്ടെ, ചരിത്രത്തിൽ നടന്ന ഏറ്റവും വലിയ ചതിയാണ്. സംവരണമെന്ന് പറഞ്ഞാൽ സൗജന്യമല്ല. സംവരണമെന്ന് പറയുന്നത് അന്ന് മണ്ഡൽ കേസിന്റെ കാര്യത്തിൽ ജഠ് മലാനി കോടതിയിൽ പറഞ്ഞതുപോലെ the provision for reservation is really a programme of historical compensation. ചരിത്രപരമായ ഒരു നഷ്ട പരിഹാരപദ്ധതിയാണ് റിസർവേഷൻ എന്ന് പറയുന്നത്. റിസർവേഷൻ സൗജന്യമല്ല, ഭരണഘടന ആർട്ടിക്കിൾ 16(4)-ൽ, മാർഗ്ഗ നിർദ്ദേശതത്വങ്ങളിലെ 46-ലും പറഞ്ഞിട്ടുള്ള അവകാശമാണ്. ആ അവകാശത്തിന്റെ കാര്യത്തിൽ ഇന്ന് എന്താണ് സംഭവിച്ചിരിക്കുന്നത്? ഇതിന്റെ ചുരുൾ നിങ്ങൾ അഴിക്കണം. ഇതിന്റെ ചതി നിങ്ങൾ മനസ്സിലാക്കണം. ഇതിന്റെ ഓരോ ഘട്ടത്തിലും സാമുദായിക സംവരണത്തിന് അർഹമായിട്ടുള്ള സമുദായങ്ങളെ ചവിട്ടിതാഴ്ത്തിയിട്ട് അത് നിലത്തുകിടന്ന് പിടയുകയാണ്. ആ ചതിയിൽ ആരൊക്കെ പങ്ക് വഹിച്ചിട്ടുണ്ട്?

കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റ് പോയതിനുശേഷം ഞങ്ങൾ അന്ന് പാസ്സാക്കിയ സംവരണ സംരക്ഷണനിയമത്തെ തുടർന്ന് പിന്നെ നടന്ന പ്രവൃത്തികൾ ഒക്കെയും ചതിയായിരുന്നു. ഒന്നാമത്തെ കാര്യം, ആ നിയമത്തെ

LIBRARY ARCHIVES Kerala Legislative Assembly

സുപ്രീംകോടതിയിൽ ഗവൺമെന്റ് കൈകാര്യം ചെയ്തതുതന്നെയാണ് കോടതി പറഞ്ഞു അതിനെപ്പറ്റി ഇവിടെ വായിച്ചു. നിയമം പാസ്സാക്കി. നിയമത്തോട് ഒരു ആത്മാർത്ഥയുമില്ലാത്ത വിധത്തിലാണ്, കേസ് കോടതിയിൽ വളരെ മോശമായിട്ടാണ് ഈ ഗവൺമെന്റ് കൈകാര്യം ചെയ്തത്. അത് കോടതിയുടെ വിധിന്യായം എടുത്തുനോക്കിയാൽ മനസ്സിലാക്കാൻ സാധിക്കും. ഞങ്ങൾ അന്ന് പാസ്സാക്കിയ നിയമത്തിന്റെ സ്പിരിറ്റ് നിങ്ങൾ കോടതിയിൽ വാദിച്ചില്ല. അതിന്റെയടിസ്ഥാനത്തിൽ കോടതിയിൽ അങ്ങനെയുള്ള ഒരു തീരുമാനം വന്നു. ജഡ്ജ്മെന്റ് വായിക്കാൻ സമയമില്ലാത്തതുകൊണ്ട് ഞാൻ വായിക്കുന്നില്ല. സുപ്രീംകോടതി വിധിപ്രകാരം രൂപികരിച്ച ജസ്റ്റിസ് ജോസഫ് കമ്മീഷൻ സത്യത്തിന് കടകവിരുദ്ധമായി കൊടുത്തിട്ടുള്ള രേഖയാണ്. അതിലേയ്ക്ക് പ്രേരിപ്പിച്ച മറ്റൊരു കാര്യം ജോസഫ് കമ്മിഷൻ, സാമുദായികമായിട്ട് സംവരണം കിട്ടേണ്ടയാളുകൾക്കാണ് കിട്ടേണ്ടതെന്നും കിട്ടേണ്ടതു പൂർത്തിയായിട്ടുണ്ടെന്നും തെളിയിക്കാൻവേണ്ടി 10 ഡിപ്പാർട്ടുമെന്റുകളുടെ പേര് കൊടുത്തിട്ടുണ്ട്. എത്ര രസകരമാണ് ഒരു കമ്മിഷൻ കൊടുത്ത ഡിപ്പാർട്ട്മെന്റ്! ഏതാണ് 10 ഡിപ്പാർട്ടുമെന്റ് ചില ഉദാഹരണങ്ങൾ പറയാം. അടൂർ മുനിസിപ്പാലിറ്റി ഒരു ഡിപ്പാർട്ട്മെന്റ്. അഡ്വക്കേറ്റ് ജനറൽ ഓഫീസ് വേറൊരു ഡിപ്പാർട്ടുമെന്റ്. ആലപ്പുഴ മുനിസിപ്പാലിറ്റി വേറൊരു ഡിപ്പാർട്ടുമെന്റ്. ചിറ്റൂർ-തത്തമംഗലം മുനിസിപ്പാലിറ്റി വേറൊരു ഡിപ്പാർട്ടുമെന്റ്. കേരള പൊതുപ്രവർത്തക അഴിമതി അന്വേഷണ ഓഫീസ് ഒരു ഡിപ്പാർട്ടുമെന്റ്. ഇതിൽപ്പരം ചതിയുണ്ടോ? നമ്മൾ മനസ്സിലാക്കണം, മണ്ഡൽ കമ്മിഷൻ കേസിന് വിധി വന്നതിനുശേഷം കേന്ദ്ര ഗവൺമെന്റ് നിയോഗിച്ച ജസ്റ്റീസ് പ്രസാദ് കമ്മിഷൻ റിപ്പോർട്ടും ഈ ജോസഫ് കമ്മിഷൻ റിപ്പോർട്ടും എടുത്തു നോക്കിയാൽ അറിയാം അതിന്റെ വൈരുദ്ധ്യം എത്ര ഗൗവരമുള്ള സംഗതിയാണെന്ന്. ഇവിടത്തെ സംവരണസമുദായങ്ങളെ തോൽപിക്കാൻവേണ്ടി കള്ളക്കണക്ക് കൊടുക്കുകയാണ് ഈ കമ്മീഷൻ ചെയ്തത്. പോകട്ടെ, അതിലെ രണ്ടാമത്തെ ചതി. ഇനി മൂന്നാമത്തെ ചതി. ജോസഫ് കമ്മിഷന് കൃത്രിമ രേഖ കൊടുത്ത പി.എസ്.സി.യുടെ ചതി. പി.എസ്.സി. കൊടുത്തതിനെപ്പറ്റി അന്വേഷിക്കുമെന്ന് ഇവിടെ പറഞ്ഞു. നല്ല കാര്യം. അഡ്വൈസ് ചെയ്തത് മുഴുവൻ കൊടുത്തിട്ട്, ശരിയല്ലാത്ത രേഖ കൊടുത്തത് പി.എസ്.സി. ജോസഫ് കമ്മീഷന്റെ കാര്യത്തിൽ ചതി കാണിച്ചു പോകട്ടെ. ഈ രണ്ട് ചതിയും നടന്നാൽ പിന്നെ തിരുത്താൻ ഒരു സന്ദർഭം ഉണ്ടാകണ്ടേ ഗവൺമെന്റിന്? സുപ്രീംകോടതി ചോദിച്ചു, നിങ്ങളുടെ അഭിപ്രായം എന്താണെന്ന്. അഭിപ്രായം എന്താണെന്ന് ചോദിച്ചപ്പോൾ അതു സംബന്ധിച്ച രേഖ ചർച്ച ചെയ്തിട്ട് അത് യഥാസമയം കോടതിയെ അറിയിക്കാനുള്ള ബാധ്യത ഗവൺമെന്റ് നിർവഹിച്ചില്ല. ഇന്നലെ പ്രതിപക്ഷ നേതാവ് ചോദിച്ചില്ലേ? നിങ്ങൾ എന്തിനാണ് ഉരുണ്ടുകളിച്ചത്? പ്രതിപക്ഷനേതാവ് ഒരു ചോദ്യം സ്പെസിഫിക്കായിട്ട് ചോദിച്ചു. കോടതി നിങ്ങളോട് ചോദിച്ചിട്ടുണ്ടോ? നിങ്ങൾ എന്താണ് പറഞ്ഞത്? അതിൽ ഒരു രഹസ്യത്തിന്റെ സ്വഭാവം. എന്താണ് രഹസ്യം? നിങ്ങൾ നാട്ടുകാരോട് പറയൂ: എന്താണ് കോടതി ചോദിച്ചതെന്നും നിങ്ങളെ എന്താണ് കൊടുത്തതെന്നും. നിങ്ങളെ എന്താണ് കൊടുക്കാത്തതെന്നും പറയാൻ നിങ്ങൾ എന്തിനുമടിക്കുന്നു? ആ ലഭിച്ച സന്ദർഭവും നിങ്ങൾക്ക് ഉപയോഗപ്പെടുത്താൻ കഴിയാതെ പോയി. ഞാൻ നിങ്ങളെ ആക്ഷേപിക്കുകയല്ല. ഞാൻ മുഖ്യമന്ത്രിയെന്നോ മന്ത്രിമാരെന്നോ പറയുന്നില്ല. ഞാൻ രാവിലെ സംസാരിച്ചതുപോലെ സംവരണം നശിപ്പിക്കാൻ വേണ്ടി ശ്രമിക്കുന്ന ശക്തികൾ ഈ സെക്രട്ടറിയേറ്റിന്റെ അകത്തളത്തിൽ നടത്തിയ ഗൂഢാലോചന നിങ്ങൾ അറിഞ്ഞോ

LIBRARY ARCHIVES Kerala Legislative Assembly

അറിഞ്ഞില്ലയോ എന്ന് ജനങ്ങളോട് പറയാനുള്ള ബാധ്യത നിങ്ങൾക്കുണ്ട്. ആ ബാധ്യത നിങ്ങൾ നിർവ്വഹിക്കാത്ത കാലത്തോളം ഈ ചതിപ്രയോഗത്തിൽ നിങ്ങൾക്ക് പങ്കുണ്ടെന്നു ഞാൻ പറയുന്നു. നിങ്ങൾ എന്തിനാണ് ഒളിച്ചു വയ്ക്കുന്നത്? നിങ്ങൾ ഈ ഫയൽ ഡിസ്കസ് ചെയ്യാൻ വയ്ക്കുക. ഇവിടെ പത്രത്തിൽ വന്ന ആക്ഷേപങ്ങളെക്കുറിച്ച് ഈ സഭയിൽ 3 ദിവസമായിട്ട് നടത്തുന്ന ചർച്ചയെക്കുറിച്ച് ഇന്നതാണ് സത്യാവസ്ഥയെന്നുപറയാൻ മടിക്കേണ്ട കാര്യമില്ല എന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് ഇതിൽ നടന്നിട്ടുള്ള ചതിയെ സംബന്ധിച്ച് വളരെ ഗൗരവമായിട്ട് എടുക്കണം. ഇവിടെ ശ്രീ. പിണറായി വിജയൻ സംസാരിച്ചപ്പോൾ പറഞ്ഞു കോടതിവിധി വന്നു ഇനിയിപ്പോൾ ക്രീമിലെയർ നടപ്പിലാക്കാൻ വേണ്ടി ഞങ്ങൾ നിൽക്കുകയല്ലാതെ മറ്റ് മാർഗ്ഗമൊന്നുമില്ല. കോടതിവിധിയെ സംബന്ധിച്ച് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഇവിടെ സംസാരിച്ചപ്പോൾ അതിനെപ്പറ്റി പറഞ്ഞു. നിയമനിർമ്മാണ സഭയ്ക്ക് ഇനിയും കാര്യങ്ങൾ ചെയ്യാൻ പറ്റും. ശ്രീ. പിണറായി വിജയൻ ഇവിടെ പറഞ്ഞല്ലോ കോടതി വിധിയിൽ നമ്മൾ പാസ്സാക്കിയ നിയമത്തെ സംബന്ധിച്ച്. അത് കോടതി ആക്ഷേപിച്ചു, അത് കോടതി തള്ളിക്കളഞ്ഞപ്പോൾ കോടതിയിൽ പറഞ്ഞ ചില വാദങ്ങൾ ഒക്കെ ശ്രീ. പിണറായി വിജയൻ ഇവിടെ ഉന്നയിക്കുന്നതു കേട്ടു അത്രയെന്നും ആ കാര്യത്തിൽ നിങ്ങൾ സന്തോഷിക്കണ്ട. കാരണം എന്താണെന്ന് അറിയാമോ? നിയമം നിർമ്മിക്കാനുള്ള നിയമസഭയുടെ അധികാരമുണ്ട്. Legislative competency അതു വച്ചുകൊണ്ടാണ് നമ്മുടെ ഗവൺമെന്റ് ആത്മാർത്ഥമായി, ഇൻഡ്യയുടെ സാമൂഹ്യ നീതിയുടെ ചരിത്രത്തിലെ ഇതിഹാസമായി നിയമനിർമ്മാണത്തിൽ അന്ന് യു.ഡി.എഫ് ഗവൺമെന്റ് മുന്നോട്ടുവന്നത്. അത് കോടതി തള്ളിയെങ്കിൽ കോടതിയെ ആക്ഷേപിക്കുന്നില്ല. പക്ഷേ ഞങ്ങൾ ഇപ്പോഴും പറയുന്നു, നിയമനിർമ്മാണത്തിനുള്ള ലെജിസ്ലേച്ചറിന്റെ അവകാശത്തെ സംബന്ധിച്ച് നമ്മൾ അതിന്റെ പവിത്രതയെ എന്നും ബഹുമാനിക്കുന്നു. പക്ഷേ ശ്രീ. പിണറായി വിജയൻ അത് തള്ളിയതിലുള്ള കോടതിയുടെ മാഹാത്മ്യം പറയുകയാണ്. ഞാൻ ആ കോടതി വിധിയിലേയ്ക്കെന്നും കടക്കുന്നില്ല. രണ്ടേ രണ്ട് മഹാൻമാരെ ഈ സന്ദർഭത്തിൽ ..... ന്യായികരിക്കാൻ വേണ്ടിയല്ല, ഈ സഭയിൽ ഉദ്ധരിക്കേണ്ടത് ആവശ്യമാണെന്നുള്ളതുകൊണ്ട് അവരുടെ കോട്ടിംഗ്സ് ഞാൻ ഇവിടെ പറയുകയാണ്. ഒന്ന് പണ്ഡിറ്റ് ജവർലാൽ നെഹ്റു. അദ്ദേഹം പറഞ്ഞത് " judiciary does not decide about high political, social, economic and other questions. It is for the parliament to decide. In interpreting the law of parliament they may indirectly decide on social, economic and like matter, but the ultimate authority to lay down what political, social or economic law we should have, is the Parliament alone. It is not the function of the judiciary to do that."

ഭരണഘടനാ ശിൽപിയായ അംബേദ്ക്കറെ ബഹുമാനപ്പെട്ട ടി. ശിവദാസമേനോൻ ഇന്നിവിടെ ഉദ്ധരിക്കുന്നതു കേട്ടു. അംബേദ്ക്കർ പറഞ്ഞ വാക്കു കൂടി ഞാൻ ഉദ്ധരിക്കട്ടെ. എന്റെ കൂട്ടിച്ചേർക്കലില്ല. രണ്ട് മഹാൻമാരെപ്പറ്റി ഇങ്ങനെയുള്ള ഒരു സന്ദർഭത്തിൽ പറയേണ്ടത് ആവശ്യമാണെന്നുള്ളതുകൊണ്ട് ഞാൻ പറയുകയാണ്. അംബേദ്ക്കർ പറഞ്ഞു " I do not see how five or six gentlemen sitting in the Federal or supreme cout, examining laws made by legislature and by dint of their own individual conscience, their bias or [rejedice, be trusted to determine, which law is good or which law is bad.

LIBRARY ARCHIVES Kerala Legislative Assembly

ഇത് ഞാനിവിടെ ചർച്ചയ്ക്കു വയ്ക്കുകയാണ്. ഈ പവിത്രമായ നിയമനിർമ്മാണ സഭയിൽ നവഭാരത ശിൽപിയായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെയും കോൺസ്റ്റിറ്റ്യൂഷന്റെ ശിൽപിയായ അംബേദ്ക്കറുടെയും വാക്കുകൾ ചർച്ചയ്ക്കുവേണ്ടി ഞാൻ വയ്ക്കുകയാണ്. ചിന്തിക്കാൻവേണ്ടി ചർച്ചയ്ക്കു വയ്ക്കുകയല്ല. അതിന്റെ അപ്പുറവും ഇപ്പുറവും ഞാൻ പറയുന്നില്ല അത്രയേ അതിനെപ്പറ്റി ഇപ്പോൾ പറയുന്നുള്ളു. അതുകൊണ്ട് നിങ്ങൾ ഇങ്ങനെ സുപ്രീം കോടതിയുടെ വിധി വന്നു പോയി, അതുകൊണ്ട് ഇനി രക്ഷയില്ല, സുപ്രീംകോടതി ഞങ്ങൾ പറഞ്ഞിട്ടുള്ള തീരുമാനത്തെ ലംഘിച്ചത് ഞങ്ങൾക്ക് ഒരു ക്ഷീണമാണ് എന്നുള്ള സ്വഭാവത്തിൽ പറയുന്നതിൽ അർത്ഥമില്ല ഇവിടെ ചിലർ ചോദിക്കുന്നതു കേട്ടു, നിങ്ങളുണ്ടാക്കിയ നിയമത്തിന്റെ കുറ്റം കൊണ്ടല്ലേ തള്ളിപ്പോയത് നിങ്ങൾ സർവ്വേ നടത്താത്തതുകൊണ്ടല്ലേ തള്ളിപ്പോയത് എന്ന്. നിങ്ങൾ ഇപ്പോൾ പറയുന്നില്ലേ, ക്രീമിലെയറുമായിട്ട് നിങ്ങൾ മുന്നോട്ടു പോകുന്നുവെന്ന്. സോഷ്യലി ആന്റ് എജ്യുക്കേഷണലി ബാക്ക് വേർഡാണ് ഇന്നയിന്ന കമ്മ്യൂണിറ്റി എന്ന് സർവേ നടത്തിയിട്ടാണോ നിങ്ങൾ പറയുന്നത് ക്രീമിലെയർ വേണമെന്ന്? നിങ്ങൾ എന്തു സ്റ്റഡിയാണ് നടത്തിയിട്ടുള്ളത്? നിങ്ങൾ ഇപ്പോൾ പറഞ്ഞല്ലോ, ക്രീമിലെയർ നല്ലതാണെന്ന്. പണ്ട് ഇ.എം.എസ്. ചെയർമാനായിട്ടുള്ള ഭരണ പരിഷ്കാരകമ്മിറ്റി തൊട്ട് തുടങ്ങിയിട്ടുള്ള ആശയം ഇന്ന് സുപ്രീംകോടതി ശരിവെച്ചത് ശരിയാണെന്നു പറയുന്ന നിങ്ങളോട് ഞാൻ ചോദിക്കട്ടെ, ക്രീമിലെയർ വേണമെന്ന സിദ്ധാന്തത്തിൽ നിങ്ങൾ എത്തിയത് ഇവിടത്തെ ഏതെങ്കിലും സമുദായം, സോഷ്യലി അഡ്വാൻസ്ഡ് ആണെന്ന് ഏതെങ്കിലും പഠനത്തിലൂടെ നിങ്ങൾക്ക് ബോധ്യപ്പെട്ടിട്ടാണോ എന്നുപറയേണ്ട ബാധ്യത നിങ്ങൾക്കുണ്ട്. ഞാൻ പറയുന്നത് നിങ്ങൾ ഇത് ഗൗരവമായി കാണേണ്ട കാര്യമാണ്. അതുകൊണ്ട് എനിക്കു പറയാനുള്ള സംഗതി, എല്ലാ പണിയും തീർന്നു, ഇനി പണിയൊന്നുമില്ല എന്ന സ്വഭാവത്തിൽ നിൽക്കരുത്. നരേന്ദ്രൻകമ്മീഷൻ വച്ചിട്ടുണ്ടല്ലോ രണ്ടാമത്തെ കമ്മീഷൻ ഉണ്ട്. ആ മൂന്നംഗ കമ്മീഷൻ ആ കമ്മീഷന്റെ റിപ്പോർട്ട് വരുന്നതുവരെ ഈ ക്രീമിലെയർ ഇവിടെ നടപ്പിലാക്കരുത് എന്നാണ് എന്റെ ഒരു നിർദ്ദേശം. രണ്ടാമത്തെ നിർദേശം, സംവരണ സംരക്ഷണനിയമം പാസ്സാക്കി അത് 9-ാം ഷെഡ്യൂളിൽപ്പെടുത്താൻ വേണ്ടി ഗവൺമെന്റ് മുന്നോട്ടു വരണം. നിയമ നിർമ്മാണത്തിനും ഗവൺമെന്റ് മുന്നോട്ടു വരണം. ഈ കാര്യത്തിൽ ഗവൺമെന്റ് അപ്പീലിന് പോകണം. ഇവിടെ ഒരു ചോദ്യത്തിന് മറുപടി പറഞ്ഞു, അപ്പീലിന് സ്കോപ്പില്ല എന്ന്. സ്കോപ്പ് ഉണ്ടാകട്ടെ, ഇല്ലാതിരിക്കട്ടെ. ഈ രാജ്യത്തെ പിന്നോക്ക ജനവിഭാഗത്തിനുവേണ്ടി ആ കാര്യത്തിൽ ആർട്ടിക്കിൾ, 16(4) ന്റേയും മാർഗ്ഗനിർദേശ തത്വങ്ങൾ 46 ന്റെയും വ്യക്തമായ വയലേഷനാണ് വന്നിട്ടുള്ളത്. ഇത് കോൺസ്റ്റിറ്റ്യൂഷണൽ പ്രോബ്ലമാണ്. അതിന്റെ അടിസ്ഥാനത്തിൽ സുപ്രീംകോടതിയിലേക്ക് റിവിഷനു പോകാനും ഗവൺമെന്റ് സന്നദ്ധമാകണം. നരേന്ദ്രൻ കമ്മിഷന്റെ രണ്ടാമത്തെ റിപ്പോർട്ട്: എന്തിനാണ് ആ കമ്മീഷൻ? ആ കമ്മിഷന്റെ ഉദ്ദേശം സംവരണം സമുദായങ്ങൾക്ക് കിട്ടിയിട്ടുണ്ടോ എന്നു പരിശോധിക്കലാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് ഇന്ന് സംസാരിക്കും അങ്ങ് ഈ രാജ്യത്തെ വേദനയനുഭവിക്കുന്ന പിന്നോക്ക വിഭാഗങ്ങളോട് ഒരു വാക്കെങ്കിലും പറയണം. നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിൽ അർഹമായ പ്രാതിനിധ്യം 12 ശതമാനം സംവരണം ഉണ്ടായിട്ടുപോലും 3 ശതമാനവും 4 ശതമാനവും കിട്ടാത്തവരാണ്. ഈ രാജ്യത്തെ പിന്നോക്കവിഭാഗങ്ങൾ. ഇപ്പോഴത്തെ കണക്ക് എന്റെ കയ്യിലുണ്ട് ഞാൻ വിശദീകരിക്കുന്നില്ല. ഈ രാജ്യത്തെ മുസ്ലീങ്ങളെപ്പോലുള്ള പിന്നോക്ക വിഭാ

LIBRARY ARCHIVES Kerala Legislative Assembly

ഗക്കാർക്ക്, അവർക്ക് സാന്ത്വനത്തിന്റെ ഒരു വാക്ക് കിട്ടാൻ..... നരേന്ദ്രൻ കമ്മീഷന്റെ രണ്ടാമത്തെ റിപ്പോർട്ട് അർഹമായ പ്രാതിനിധ്യം കൊടുത്തിട്ടില്ല എന്നാണ് ബോധ്യപ്പെടുന്നതെങ്കിൽ നിങ്ങളുടെ ഗവൺമെന്റ് ഇന്ന നടപടിയെടുക്കാൻ പോകുന്നു എന്ന ഒരു സൂചനയെങ്കിലും ദയവായി അങ്ങയുടെ വാക്കിൽ ഉണ്ടാകണം എന്ന് ഞാൻ വീനീതമായി ആവശ്യപ്പെടുകയാണ്. പ്രസാദ് കമ്മിഷനും നരേന്ദ്രൻ കമ്മിഷനും തമ്മിലുള്ള വ്യത്യാസത്തെപ്പറ്റി ഞാൻ പറഞ്ഞു. ഇൻകം കണക്ക് കൂട്ടുന്ന കാര്യത്തിൽ ജസ്റ്റിസ് ജോസഫ് കമ്മീഷൻ എന്താണ് ചെയ്തത്? പ്രസാദ് കമ്മീഷൻ അഗ്രിക്കൾച്ചറൽ ഇൻകവും സാലറി ഇൻകവും ക്ലബ് ചെയ്യാൻ പാടില്ല എന്നു പറഞ്ഞു. അതിവർ പറഞ്ഞിട്ടില്ല. ദുബായിൽ പണിയെടുക്കുന്നവന്റെ ശമ്പളം ഇവിടെ വാർഷിക വരുമാനത്തിൽ കണക്കു കൂട്ടുകയാണ്. ശമ്പളത്തിന്റെ ഉറപ്പ്? അതേമാതിരി കുടുംബത്തിന്റെ വരുമാനം എന്നത് കുടുംബത്തിൽ എല്ലാവരുടേയുംകൂടി വരുമാനം കൂട്ടുകയാണ്. ജോസഫ് കമ്മിഷന്റെ റിപ്പോർട്ട് പ്രകാരമാണ് കാര്യങ്ങൾ നീങ്ങുന്നതെങ്കിൽ സംവരണം എന്നുള്ള ഒരു സംഗതിയേ ഇവിടെയുണ്ടാകില്ല. അതുപോലെതന്നെ പെൺകുട്ടികളായ ഉദ്യോഗാർത്ഥികളുടെ കാര്യം എന്താണ്? നിയമസഭയിൽ 33%-ന്റെ പ്രാതിനിധ്യത്തെപ്പറ്റി സംസാരിക്കുകയാണ്. ഇവിടെ ഉദ്യോഗമുള്ള പെണ്ണുങ്ങളുണ്ടോ? പിന്നോക്ക വിഭാഗത്തിൽപ്പെട്ട സ്ത്രീകളായ ആപ്ലിക്കന്റ്സിന്റെ കാര്യത്തിൽ ക്രീമിലെയർ നടപ്പാക്കുകയാണെങ്കിൽപ്പോലും ചെയ്യാത്ത വിധത്തിലുള്ള സംവിധാനം ഉണ്ടാകണം. വരുമാനത്തിന്റെ കാര്യം: പ്രസാദ് കമ്മിഷൻ ഒരു ലക്ഷംരൂപയെന്നാണ് പറഞ്ഞത്. ജോസഫ് കമ്മിഷൻ ഒരു ലക്ഷം രൂപ പറഞ്ഞു. എന്താണ്, ഈ ലക്ഷം എന്നു പറയുന്നത്? ഇവിടത്തെ സാധാരണ ഉന്തുവണ്ടിയുമായി നടക്കുന്നവനുപോലും സംവരണം കിട്ടാത്ത വിധത്തിലേയ്ക്കാണ് അതിന്റെ കാര്യങ്ങൾ പോകുന്നത്. ഇതുപോലുള്ള കാര്യങ്ങളൊക്കെ വച്ചുകൊണ്ട് ചെയ്യാൻ കഴിയുന്നത് നിങ്ങൾ ചെയ്യുക. ഏതായാലും ഇത്രയുമായല്ലോ. ഇവിടത്തെ പിന്നോക്ക വിഭാഗങ്ങൾക്ക് നിങ്ങൾ ഇത് ചെയ്യുകയാണെങ്കിൽ വേണ്ട എന്നുപറയാൻ ഒക്കില്ല. പക്ഷേ നിങ്ങൾ ദയവായി ഒരു കാര്യം ചെയ്യുക. ഇതിന്റെ സംരക്ഷണം മുഴുവൻ നിങ്ങളുടെ കൈയിലാണെന്ന് പറയാതിരിക്കുക. കത്തികൊണ്ട് കുത്തി മരിക്കാൻ കിടക്കുന്ന സമയത്ത് വായിൽ വെള്ളം ഒഴിച്ചുകൊടുക്കുമ്പോൾ ഈ പ്രതിസന്ധിയിൽ നിങ്ങളുടെ രക്ഷകൻമാർ ഞങ്ങളല്ലേ എന്നു ചോദിച്ചാൽ തൽക്കാലം വെള്ളം തരുന്നു എന്ന രക്ഷ നിങ്ങൾ ചെയ്തതായി അംഗീകരിക്കുന്നതിന് ഒരു മടിയും ഇവിടത്തെ പിന്നോക്ക വിഭാഗത്തിനില്ല. ഞാൻ അവർക്കുവേണ്ടി നിങ്ങളോട് യാചിക്കുകയാണ്. അതിനുള്ള സന്മനസ്സ് കാണിക്കണം. വെറുതെ വർത്തമാനം പറഞ്ഞിട്ട് കാര്യമില്ല എന്നാണ് അതു സംബന്ധിച്ച് എനിക്ക് പറയാനുള്ളത്.

മറ്റ് കാര്യങ്ങളെ സംബന്ധിച്ചൊന്നും വിശദമായി ഞാൻ പറയുന്നില്ല. ഗവർണറുടെ പ്രസംഗത്തെപ്പറ്റി ചില സ്നേഹിതൻമാർ പറഞ്ഞു ഇതാകെ തെറ്റാണെന്ന്. തെറ്റല്ല. ചില ശരിയുമുണ്ട്. ഏറ്റവും പ്രധാനമായ വസ്തുതയായി ഗവർണർ പറഞ്ഞത്, രാഷ്ട്രീയ സംഘട്ടനങ്ങളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായെങ്കിലും സമയോചിതമായ നടപടിമൂലം സമാധാനം പുനഃസ്ഥാപിക്കാൻ സാധിച്ചുവെന്നാണ്. അത് വളരെ ശരിയായ സംഗതിയാണ്. ഈ നാട്ടിലെ സിറ്റുവേഷൻ വച്ച് നോക്കിയാൽ ആളുകൾക്ക് ഇതിന്റെ അർത്ഥം മനസ്സിലാവുകയില്ലെങ്കിലും അതിന്റെ ശരിയായ അർത്ഥം ശ്രീ. ജയദേവൻ പ്രസംഗിച്ചപ്പോഴാണ് മനസ്സിലായത്. അതിന്റെ അർത്ഥം, സി.പി.എം, സി.പി.ഐക്കാരോട് കാണിച്ച അതിക്രമം വളരെയധികം കൂടിയിട്ടുണ്ടെങ്കിലും സമയോചിത

LIBRARY ARCHIVES Kerala Legislative Assembly

മായി സി.പി.എം. ഭീഷണിപ്പെടുത്തിയതുകൊണ്ട് സി.പി.ഐ. എല്ലാം സഹിച്ച് സമാധാനപരമായി കഴിഞ്ഞുകൂടുന്നു. നല്ല കാര്യം. നിങ്ങൾക്ക് അതിൽ കുഴപ്പമുള്ള കാര്യമല്ല. സി.പി.ഐ.യ്ക്ക് പരാതിയുമില്ലെന്ന് ജയദേവൻ സംസാരിച്ച സമയത്ത് മനസ്സിലായി. സി.പി.ഐ.ക്കാർ തപ്പിനോക്കുന്ന സമയത്ത് അടി കിട്ടിയതൊക്കെ വലത്തേ ഭാഗത്താണ്. വലത്തേ കണ്ണ്, വലത്തേ ചെവി, വലത്തേ കാല്. ഇടതുപക്ഷത്തിന് യാതൊരു പോറലും ഏൽക്കരുത്. അതുകൊണ്ട് കുഴപ്പമില്ല. അതുകൊണ്ട് അവർ ക്ഷമിക്കുന്നെങ്കിൽ ക്ഷമിക്കട്ടെ; ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. പക്ഷേ കൊല്ലത്തെ സംഭവം സംബന്ധിച്ച് പറയുമ്പോൾ....ഇവിടെ ശ്രീ. ആനത്തലവട്ടം ആനന്ദൻ പറഞ്ഞു യേശു ക്രിസ്തുവിനെ ഞങ്ങൾ മനസ്സിൽ സൂക്ഷിക്കുന്നവരാണെന്ന്. ഒരു ഘട്ടത്തിൽ കമ്മ്യൂണിസ്റ്റുകാർ പറഞ്ഞിരുന്നു യേശുക്രിസ്തു കമ്മ്യൂണിസ്റ്റുകാരനാണെന്ന്. പക്ഷേ നിങ്ങൾ മനസ്സിലാക്കണം, ഞങ്ങൾ നിങ്ങളെ പറയുന്നതല്ല, കേരളത്തിലെ പോലീസിന്റെ നിലവാരം നിങ്ങൾ മനസ്സിലാക്കണം. മിനഞ്ഞാന്ന് എന്റെ ഒരു ചോദ്യത്തിന് മറുപടി പറഞ്ഞത് അമേരിക്കൻ മോഡലിൽ അല്ലെങ്കിൽ ചൈനീസ് മോഡലിൽ ഇവിടുത്തെ പോലീസിനെ ആക്കുമെന്നാണ്. ഞാൻ ചോദിക്കുന്നത്, ഒരു കളക്ടറും എസ്.പി.യും ഒരാളെ 12 മണിക്കൂർ ബന്ദിയാക്കിയിട്ട് ബലംപ്രയോഗിച്ച് എഗ്രിമെന്റ് ഉണ്ടാക്കുന്നു, പത്മതീർത്ഥത്തിൽ ഒരാൾ വെള്ളത്തിൽ മുങ്ങിയിട്ട്... സ്കോട്ട്ലന്റ് യാർഡ് പോലീസിന്റുത്തേക്കാണ് കൊണ്ടുവന്നത്. സ്കോട്ട്ലന്റ് യാർഡ് പോലീസിന്റെ റിയാക്ഷൻ ടൈം മൂന്നു മിനിറ്റാണ്. ഒരു പെറ്റിഷൻ കിട്ടിയാൽ മൂന്നു മിനിറ്റിനുള്ളിൽ റിയാക്ട് ചെയ്യുന്ന പോലീസാണ് സ്കോട്ട്ലന്റ് യാർഡ് പോലീസ്. ആ പോലീസിന്റെ പദവിയിലേക്ക് കൊണ്ടുപോകുമെന്ന് പറഞ്ഞു. എന്നിട്ട് എസ്.പി.യുടെയും കളക്ടറുടെയും സാന്നിദ്ധ്യത്തിൽ ഒരു പ്രിൻസിപ്പലിനെ 12 മണിക്കൂർ തടവിൽ നിർത്തിയിട്ട് ഇപ്പുറത്ത് കാവൽനിൽക്കുക, നല്ല പോലീസ്! ഉയർന്നുവരട്ടെ. ഇനി വിദ്യാർത്ഥികളുടെ കാര്യം. ഞാൻ അന്ന് വിദ്യാഭ്യാസവകുപ്പു മന്ത്രിയായിരുന്നപ്പോൾ പറഞ്ഞതാണ്. വിദ്യാലയത്തിലേയ്ക്ക് പുറത്തുള്ള ആളുകളെ കൊണ്ടുവരുന്നതിന്റെ അർത്ഥമെന്താണ്? വിദ്യാർത്ഥികൾ സമരം ചെയ്യും. ഉടൻ ഡി.വൈ.എഫ്.ഐ. അല്ലെങ്കിൽ എ.ഐ.എസ്.എഫ്. അല്ലെങ്കിൽ സി.ഐ.ടി.യു! എന്താണ് ഇതിന്റെ അർത്ഥം? ഈ സംസ്ഥാനത്ത് ഇതുപോലുള്ള സംഗതികൾ വരുന്ന സമയത്ത് അതൊക്കെ വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമായിരിക്കും. നാദാപുരത്തും തളിപ്പറമ്പിലും ഇതുപോലുള്ള സംഭവങ്ങളുണ്ടായിട്ടുണ്ട്. അതുപോലെ കളമാവൂർ പോലീസ് സ്റ്റേഷനിലുണ്ടായ സംഭവമെന്താണ്? പോലീസ് സ്റ്റേഷൻ തന്നെ അക്രമികൾ ഏതാനും മണിക്കൂറുകൾ പിടിച്ചുവച്ചുവെന്നാണ് മനസ്സിലാക്കുന്നത്. ബഹു. മുഖ്യമന്ത്രിയോട് ഒരു അപേക്ഷയുള്ളത് രാഷ്ട്രീയ പാർട്ടി ഏതായാലും പോലീസിനെ നിങ്ങൾ ഈ സ്വഭാവത്തിലേയ്ക്കു കൊണ്ടുപോകരുത്. പൊളിറ്റിക്കലൈസ് ചെയ്യരുത് എന്നാണ്. ബി.ജെ.പി. ഔദ്യോഗിക സംവിധാനങ്ങളെ കാവിയടിക്കുന്നുവെങ്കിൽ നിങ്ങൾ ഇവിടെ ചുവപ്പടിച്ചിട്ട് എന്താണ് കാര്യം? ഈ രാജ്യത്ത് ആർക്കും നീതി കിട്ടണം. നീതി കിട്ടുന്ന കാര്യത്തിൽ കമ്മ്യൂണിസ്റ്റുകാരനെന്നും ലീഗുകാരനെന്നുമുണ്ടോ? Haves and have-nots ഉള്ളവനും ഇല്ലാത്തവനും എന്ന സങ്കൽപ്പത്തിൽ നിങ്ങൾ പുതിയ സങ്കൽപ്പം കൊണ്ടുവരികയാണോ? വർഗ്ഗ സിദ്ധാന്തത്തിൽ നിങ്ങൾ പുതിയ മാനം കൊണ്ടുവരരുത്. നീതി കിട്ടണം. ഞങ്ങൾക്ക് കിട്ടിയില്ലല്ലോ. ഞാനും ശ്രീ. ആര്യാടൻ മുഹമ്മദും സംയുക്തമായിട്ട് കൊടുത്തു. ബന്ദിന്റെയന്ന് ജാഥ നടത്തിയ ആളുകൾ, 65 വയസ്സായ ഞങ്ങളുടെ പാർട്ടി സെക്രട്ട

LIBRARY ARCHIVES Kerala Legislative Assembly

റിയെ.....നിങ്ങൾക്ക് തെറ്റായ ധാരണയുണ്ടാകരുത്. ഇവിടെ എല്ലാം ശാന്തമാണ്. എല്ലാം ശരിയാണ്, ഇവിടുത്തെ പോലീസെല്ലാം ശരിയാണ്, എന്നിട്ട് പോലീസിനെ.....രാവിലെ ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ പറയുന്നതുകേട്ടു. ഇപ്പോൾ ജനകീയ മണ്ഡരി പ്രയോഗം വരാൻ പോവുകയാണെന്ന്. യാഥാർത്ഥത്തിൽ ജനകീയമെന്നു പറയുന്നത് ജനപങ്കാളിത്തത്തോടുകൂടിയുള്ള നടപടിയാണ്. അതിൽ നിങ്ങൾ രാഷ്ട്രീയം കൊണ്ടുവരരുത്. അതുകൊണ്ട് യാഥാർത്ഥ്യബോധം നിങ്ങൾക്കുണ്ടാകണം. ഈ രാജ്യത്ത് നീതി നിഷേധിക്കപ്പെട്ട ജനവിഭാഗത്തിന്റെ പ്രശ്നം വരുമ്പോൾ ഇവിടുത്തെ എല്ലാ പാർട്ടിയുടെയും പൊളിറ്റിക്കൽ അജണ്ടയിലെ ഒന്നാമത്തെ ഇനം സോഷ്യൽ ജസ്റ്റീസാകും. പക്ഷേ സോഷ്യൽ ജസ്റ്റീസിന്റെ കാര്യത്തിൽ അവർക്കുള്ള സമീപനം എന്താണെന്നറിയാം. അത്രയും പാകപ്പിഴകൾ സംഭവിച്ച സാഹചര്യത്തിൽ ചരിത്രത്തിലെ ചതിക്കുഴി ഇവിടുത്തെ പിന്നോക്ക വിഭാഗങ്ങൾക്കുണ്ടാവുകയും അതിൽ വീണുകിടക്കുകയും ചെയ്യുന്ന സമയത്ത് അവരെ കൈപിടിച്ചുയർത്താൻ നിങ്ങളെക്കൊണ്ട് എന്തെങ്കിലും ചെയ്യാനാകുമെങ്കിൽ അത് ചെയ്യുക എന്നുമാത്രമാണ് എനിക്കു പറയാനുള്ളത്. ഈ നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. ടി.എസ്. ജോൺ</u> : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട ബഷീർ ഇവിടെ സംവരണത്തെക്കുറിച്ചാണ് സംസാരിച്ചത്. സർ, സംവരണം എല്ലാവർക്കും കൊടുക്കുന്നതിൽ ഞങ്ങൾ എതിരല്ല. പക്ഷേ ഭരണഘടനാ ബെഞ്ചിന്റെ തീരുമാനത്തിനെതിരായി ഗവൺമെന്റ് നടപടി സ്വീകരിച്ച് ബഹുമാനപ്പെട്ട എ.കെ. ആന്റണിയുടെ കാലഘട്ടത്തിൽ ചീഫ് സെക്രട്ടറി അകത്താകാൻ പോയതുപോലെ നടപടി സ്വീകരിക്കരുത്. എന്നൊരു അഭ്യർത്ഥനയേയുള്ളൂ. ഗവൺമെന്റ് കേസ് നടത്തിയില്ലെന്നാണ് പറയുന്നത്. ഗവൺമെന്റ് എങ്ങനെയാണ് കേസ് നടത്തുക? ഇൻഡ്യാ രാജ്യത്ത് കിട്ടാവുന്നതിൽ ഏറ്റവും നല്ല അഡ്വക്കേറ്റാണ് കേരള ഗവൺമെന്റിനുവേണ്ടി വാദിച്ചത്. എൻ.എസ്.എസ്. കക്ഷി ചേർന്നപ്പോൾ ശ്രീ. ബഷീറിന്റെ പാർട്ടിക്കും കക്ഷിചേരാൻ വയ്യായിരുന്നോ? വേണമെങ്കിൽ കക്ഷി ചേരാമായിരുന്നു. പക്ഷേ ചേർന്നില്ല. സംവരണ പ്രശ്നത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്ക വിഭാഗങ്ങൾക്ക് കൂടി സംവരണാനുകൂല്യം ഉണ്ടാകണമെന്നാണ് എന്റെ അഭിപ്രായം.

ഗവർണറുടെ നയപ്രഖ്യാപനത്തെപ്പറ്റി സംസാരിക്കുമ്പോൾ ഇതിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെ വിലയിരുത്തേണ്ടത് ആവശ്യമല്ലേ? കൃഷി വകുപ്പു മന്ത്രി ഇന്നു രാവിലെ ചോദ്യത്തിനു മറുപടിയായും, ഇന്നലെയുള്ള പ്രസംഗത്തിലും ഒക്കെ പറഞ്ഞതിൽ നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്നത് കേരളത്തിലെ നെൽകൃഷിക്കാർ സാമ്പത്തികമായി ബുദ്ധിമുട്ടുന്നുവെന്നുള്ളതാണ്. അവരെ സഹായിക്കാനുള്ള നടപടികൾ ഗവൺമെന്റ് പരമാവധി സ്വീകരിക്കുന്നുണ്ട്. എന്താണ് നടപടി? ആയിരം രൂപവീതം ഒരു ഹെക്ടർ സ്ഥലം നെൽക്കൃഷി ചെയ്യുന്ന ആളുകൾക്ക് സഹായം ചെയ്യുമെന്നാണ്. പതിനായിരം ഹെക്ടർ സ്ഥലത്തുകൂടി നെൽക്കൃഷി വ്യാപിപ്പിക്കുമെന്ന് അദ്ദേഹം പറയുകയുണ്ടായി. അതുപോലെതന്നെ 5,000 ടൺ റബ്ബർ കയറ്റിഅയ്ക്കാൻ കഴിഞ്ഞു. 10,000 ടൺ കൂടി ഈ വർഷം കയറ്റി അയയ്ക്കുകയാണ്. റബ്ബർ കൃഷിക്കാരെ സഹായിക്കാൻ ശ്രമിക്കുന്നുണ്ട്. കേരളത്തിൽ പച്ചക്കറി വാങ്ങുന്നതിന് ആയിരംകോടി രൂപയാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പ് മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് പോയിക്കൊണ്ടിരുന്നത്. തമിഴ്നാട്, കർണ്ണാടകം തുട

LIBRARY ARCHIVES Kerala Legislative Assembly

ങ്ങിയ സംസ്ഥാനങ്ങളിൽ നിന്ന് ഇപ്പോഴും പച്ചക്കറി വാങ്ങിക്കൊണ്ടിരിക്കുകയാണ്. രണ്ടായിരാമാണ്ടോടുകൂടി പച്ചക്കറി കൃഷിയിൽ കേരളം സ്വയംപര്യാപ്തമാകും. ഒരു വർഷത്തിനകം കേരള സംസ്ഥാനത്ത് പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിന്റെ ഫലമായി ആയിരം കോടി രൂപയാണ് ലഭിക്കുന്നത്. നിത്യോപകയോഗ സാധനങ്ങളുടെ വിലയുടെ കാര്യത്തിലാണെങ്കിൽ കഴിഞ്ഞ വർഷത്തെ ഇക്കണോമിക് റിവ്യൂ നോക്കിയാൽ കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ സാമ്പത്തികനയത്തിന്റെ ഫലമായി ഇൻഡ്യാരാജ്യത്ത് മൊത്തം 18 ശതമാനം വിലക്കയറ്റം കഴിഞ്ഞവർഷമുണ്ടായെന്നു കാണാം. പക്ഷേ കേരളത്തിൽ അനുഭവപ്പെട്ടത് 8 ശതമാനം മാത്രമാണ്.

<u>ശ്രീ. പാലോട് രവി</u> : അങ്ങ് പച്ചക്കറിയെപ്പറ്റി പറഞ്ഞു. നാഗർകോവിലിൽ നിന്ന് ഒരു ലോറി വന്നില്ലെങ്കിൽ നമ്മുടെ കമ്പോളത്തിലും തിരുവനന്തപുരം നഗരത്തിലെ ഒരു കടയിലും ആഹാരം കിട്ടുകയില്ല. നമ്മുടെ കമ്പോളങ്ങളിലെല്ലാം പച്ചക്കറി വിതരണം ചെയ്യുന്നത് പുറത്തുനിന്നാണ്. പ്രസംഗിച്ചാൽ മതിയോ? പ്രഖ്യാപനം നടത്തിയാൽ മതിയോ?

<u>ശ്രീ. ടി.എസ്. ജോൺ</u> : അതാണ് പറഞ്ഞത്. അത് മാറ്റും. കേരള സംസ്ഥാനത്ത് എല്ലാവർക്കും പച്ചക്കറി കൊടുക്കാനുള്ള നടപടി സ്വീകരിക്കും. നിത്യോപയോഗസാധനങ്ങളുടെ വില പിടിച്ചു നിർത്തുന്നതിനുവേണ്ടി പരമാവധി ഈ ഗവൺമെന്റ് ശ്രമിച്ചിട്ടുണ്ട്. 110 കോടി രൂപയുടെ നഷ്ടം സഹിച്ചുകൊണ്ട് കുറഞ്ഞവിലയ്ക്ക് അരി കൊടുക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് സബ്സിഡി പിൻവലിച്ചാൽ പോലും കേരള ഗവൺമെന്റ് നിലനിർത്തും എന്നാണ് പറഞ്ഞിരിക്കുന്നത്. അതുപോലെ 126 മാവേലി സ്റ്റോറുകൾ കഴിഞ്ഞവർഷം ഈ സംസ്ഥാനത്തുണ്ടായി. ചെറിയ കാര്യമാണോ? നിത്യോപയോഗസാധനങ്ങൾ മിതമായ വിലയ്ക്ക് കൊടുക്കുന്നതിനുവേണ്ടി ആവശ്യമായ എല്ലാ സംവിധാനങ്ങളും കേരളത്തിൽ ഏർപ്പെടുത്തും. ബാക്കി ഗ്രാമങ്ങളിലും മുഴുവൻ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ തുടങ്ങാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു. ഇതിനെക്കുറിച്ചൊക്കെ പറയണ്ടേ?

<u>ശ്രീ. സി.പി. ബാലൻ വൈദ്യർ</u> : ശ്രീ. പാലോട് രവിയുടെ പ്രതിപക്ഷക്കാർ കൂടി സഹകരിച്ചിരുന്നുവെങ്കിൽ നാഗർകോവിലിൽനിന്ന് ഇങ്ങോട്ട് വാഹനം വരികയില്ലായിരുന്നു.

<u>ശ്രീ. ടി.എസ്. ജോൺ</u> : ശ്രീ. പാലോട് രവിയുടെ ആൾക്കാർ സഹകരിച്ചില്ലെങ്കിലും ഞങ്ങളുടെ പ്രദേശത്ത് പച്ചക്കറി കൃഷിചെയ്ത് നിങ്ങൾക്ക് തരാം. അതിന് യാതൊരു സംശയവും വേണ്ട. വീടിന്റെ കാര്യത്തെപ്പറ്റി പറയാം. 1991 മുതൽ 1996 വരെ അഞ്ച് വർഷം കോൺഗ്രസ് ഇവിടെ ഭരിച്ചു. ബഹുമാനപ്പെട്ട എ.കെ. ആന്റണിക്കു മുമ്പ് ശ്രീ. കെ. കരുണാകരൻ നാലര വർഷം ഭരിച്ചു. അപ്പോൾ ദുർബല വിഭാഗങ്ങൾക്ക് എണ്ണായിരത്തിൽച്ചില്വാനം വീടാണ് നിർമ്മിച്ചു കൊടുത്തത്. ഈ വർഷം രണ്ടുലക്ഷം വീട് ദുർബല വിഭാഗങ്ങൾക്ക് നിർമ്മിച്ചുകൊടുക്കുവാനാണ് ഈ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. 2002-ൽ വീട് ഇല്ലാത്ത ഒരൊറ്റ കുഞ്ഞും ഉണ്ടാകുകയില്ല. അതാണ് പാർപ്പിട പദ്ധതി. അതുപോലെ വസ്തു ഇല്ലാത്ത ഒന്നരലക്ഷം ആളുകൾക്ക് ഈ വർഷം വസ്തു കൊടുക്കുവാൻ ഈ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. ഈ വർഷം മൂന്നുലക്ഷം ആളുകൾക്ക് പട്ടയം കൊടുക്കും. സമുദ്രതീരത്തുള്ള ഒന്നര ലക്ഷം മത്സ്യത്തൊഴിലാളികൾക്കും ബാക്കി ഒരു ലക്ഷം പട്ടയം കിട്ടാത്ത ഇടുക്കി, കണ്ണൂർ, കോഴിക്കോട്, പത്തനംതിട്ട മുതലായ ജില്ലകളിൽപ്പെട്ട കൃഷിക്കാർക്കുമാണ് പട്ടയം കൊടുക്കുവാൻ തീരുമാനിച്ചിരിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നത്. മൂന്നുലക്ഷം പേർക്ക് കൊടുക്കും. നിങ്ങൾക്ക് അതിന് കഴിഞ്ഞിട്ടുണ്ടോ? നിങ്ങൾ ഈ രാജ്യത്തെ ജനങ്ങൾക്കുവേണ്ട കാര്യങ്ങൾ ചെയ്യുന്നുണ്ടോ? ജനകീയാസൂത്രണത്തെക്കുറിച്ച് വലിയ പുച്ഛമാണ്. നാട്ടിൻപുറങ്ങളിൽ നിങ്ങൾ പോകാറില്ലേ; കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നാട്ടിൻപുറങ്ങളിൽ ഇന്ന് നടക്കുന്നത്. ത്രിതല പഞ്ചായത്ത് സംവിധാനംവഴി അധികാരവും പണവും കൊടുത്തു. അവർ അത് ഫലപ്രദമായി വിനിയോഗിക്കുന്നു എന്നതാണ് സത്യം. ഈ രാജ്യത്ത് എല്ലാ മേഖലകളിലും ഇലക്ട്രിസിറ്റി ഉൽപ്പാദനം, വലിയ പുരോഗമനപരമായ പരിപാടികൾ, വികസന പരിപാടികൾ ഇതൊക്കെ കാണാനാണ് ശ്രമിക്കേണ്ടത്. ഇവിടെ ക്രമസമാധാന നില തകർന്നു എന്ന് വരുത്താനുള്ള ശ്രമമാണ് കഴിഞ്ഞ ഒരു മാസമായി നടക്കുന്നത്. ഞാൻ എല്ലാ സ്ഥലത്തെയും കാര്യങ്ങൾ പറയുന്നില്ല. എം.എൽ.എ.മാർ എങ്ങനെയാണ് തല്ലു മേടിച്ചതെന്ന് ഞാൻ പറയുന്നില്ല. പത്തനംതിട്ടയിൽ ഒരു തല്ല് നടന്നതിനെക്കുറിച്ച് ഞാൻ പറയാം. ക്രമസമാധാനനില തകർക്കണമെന്ന ആഗ്രഹത്തോടുകൂടി ചില ആളുകൾ ശ്രമിക്കുകയാണ്. കോൺഗ്രസ്സിന്റെ നയം എന്താണ്? കോൺഗ്രസ് ഇന്ന് ഉണ്ടോ? അക്രമരഹിതമായ രാഷ്ട്രീയ പ്രവർത്തനം നടത്തണമെന്നും സമാധാനപരമായ സമരം നടത്തണമെന്നും പാഠം പഠിപ്പിച്ച കോൺഗ്രസ്സ് പാർട്ടി ഇന്ന് ഉണ്ടോ? ശ്രീ. ആര്യാടൻ, കോൺഗ്രസ് ആണോ എന്ന് നോക്കണം. നിങ്ങളുടെ കൂടെ, കോൺഗ്രസ്സിന്റെ കൂടെ സാമൂഹ്യവിരുദ്ധർ വന്നിരിക്കുന്നു. നിങ്ങൾ അവരെ സൂക്ഷിക്കണം. ഒരു ഡി.വൈ.എസ്.പി.യുടെ ചെവിക്കല്ലിൽ ഒറ്റ അടിയാണ്! പത്തനംതിട്ടയിൽ. ഇത് ഞാൻ ടി.വി.യിൽ കണ്ടതാണ്. എറിയുകയാണ്. പത്തനംതിട്ട ഡി.വൈ.എസ്.പി.യെ എറിഞ്ഞില്ലേ; ശ്രീ. കെ.കെ. നായരോട് ചോദിക്കും. ശ്രീ. കെ.കെ. നായർ ഇവിടെ വന്നില്ലല്ലോ; അക്രമ സമരം നടത്തുന്ന കോൺഗ്രസ് പാർട്ടിയുടെ നയം എന്താണെന്ന് വ്യക്തമാക്കണം. സമാധാനപരമായി സമരം നടത്തണമെന്ന് ഈ രാജ്യത്തെ ജനങ്ങളെ പഠിപ്പിച്ച, അക്രമരാഹിത്യം പഠിപ്പിച്ച, നിരാഹാരസമരം എന്ന മാർഗ്ഗം ഈ രാജ്യത്ത് പഠിപ്പിച്ച ഇന്ത്യൻ നാഷണൽ കോൺഗ്രസ് അതിന്റെ നയം മാറ്റി ഈ രാജ്യത്തെ ക്രമസമാധാനനില തകർക്കുവാൻ ശ്രമിക്കുന്നു. നിങ്ങളുടെ നയം തിരുത്തണം. നിങ്ങളുടെ ഇടയിൽ വന്നുകയറിയ സാമൂഹ്യവിരുദ്ധരെ പിഴുതെറിയണം. കോൺഗ്രസ്സ് പാർട്ടിയെ നന്നാക്കണം എന്നുമാത്രമാണ് എനിക്ക് പറയുവാനുള്ളത്. കോൺഗ്രസ് പാർട്ടി ഇന്ന് ഉണ്ടോ; അവരുടെ നയം ഇന്ന് ഉണ്ടോ എന്ന് ആലോചിക്കണം. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. ഇവിടെ അവതരിപ്പിച്ച നന്ദി പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് നിറുത്തുന്നു.

<u>ശ്രീ. കെ.എം. മാണി</u> : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗം ആരംഭിച്ചിരിക്കുന്നത് 'ഈ നൂറ്റാണ്ടിലെ, അതിലുപരി, ഈ സഹസ്രാബ്ദത്തിലെ തന്നെ ആദ്യ സമ്മേളനമാണിത്' എന്നാണ്. രണ്ടാമത്തെ പാരഗ്രാഫിൽ 'ഒരു ഭരണഘടന സ്വായത്തമാക്കുന്നതിനും സഹായകമായ നാടിന്റെ സ്വാതന്ത്ര്യലബ്ധിക്കും കഴിഞ്ഞ നൂറ്റാണ്ട് സാക്ഷ്യം വഹിക്കുകയുണ്ടായി. ഈ മഹത്തരമായ ആശയങ്ങൾ പുതിയ സഹസ്രാബ്ദത്തിലും നാം പിൻതുടരേണ്ടതാണ്. ഗവർണറുടെ ഈ പ്രസംഗം മന്ത്രിസഭ കണ്ടതാണോ; വായിച്ചതാണോ? നിങ്ങൾ ഗവർണറെക്കൊണ്ട് പ്രസംഗിപ്പിച്ചിരിക്കുന്നത്, ഒരു നൂറ്റാണ്ട് കഴിഞ്ഞു, പുതിയ നൂറ്റാണ്ടിലാണ് പ്രസംഗം നടക്കുന്നത് എന്നാണ്. 2000 ആണ്ട് എന്നുപറയുന്നത് പുതിയ നൂറ്റാണ്ടല്ല. 20-ാം നൂറ്റാണ്ട് കഴിഞ്ഞിട്ടില്ല. 21-ാം നൂറ്റാണ്ട് പിറന്നി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുമില്ല. ആ പരിതസ്ഥിതിയിൽ ഒരു നൂറ്റാണ്ട് കഴിഞ്ഞു പുതിയ നൂറ്റാണ്ടിലെ ആദ്യത്തെ പ്രസംഗമാണ് എന്നൊക്കെ ബഹുമാനപ്പെട്ട ഗവർണറെക്കൊണ്ട് പ്രസംഗിപ്പിച്ചത് ദിശാബോധം നഷ്ടപ്പെട്ട ഒരു പ്രസംഗം എന്നുമാത്രമേ എനിക്ക് ഇതിനെപ്പറ്റി പറയുവാനുള്ളൂ. രണ്ടാമത് ഒരു കാര്യം ഞാൻ പറയട്ടെ. ഗവർണറുടെ ഈ പ്രസംഗം ഒരു ചടങ്ങ് ആകരുത്. ആർട്ടിക്കിൾ 176 അനുസരിച്ചുള്ള ഈ പ്രസംഗം ഒരു ചടങ്ങല്ല. ഗവൺമെന്റിന്റെ നയപ്രഖ്യാപനമാണ്. ഇതിൽ പറയുന്ന കാര്യങ്ങൾ ചെയ്യണം. പറഞ്ഞ കാര്യങ്ങൾ ഗവൺമെന്റ് ചെയ്തിട്ടുണ്ടോ എന്നുള്ളത് പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഗവർണറുടെ പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത് പലതും നുണയാണ്. ഞാൻ ചോദിക്കട്ടെ. സംസ്ഥാനത്തെ ക്രമസമാധാനനില പൊതുവേ ശാന്തമായിരുന്നു. ലോക്കപ്പ് മരണമോ വെടിവയ്പ്പോ ഉണ്ടായിട്ടില്ല. ഇന്നലെ ശ്രീ. ടി.എം. ജേക്കബ് ലോക്കപ്പ് മർദ്ദനത്തെപ്പറ്റി പറഞ്ഞു, ശ്രീ. ടി.കെ. ഹംസ അപ്പുറത്തിരുന്നു പറഞ്ഞു, ഈ വർഷം അല്ല, കഴിഞ്ഞ വർഷം അല്ല, നടപ്പ് വർഷം അല്ല എന്ന് പറയുകയുണ്ടായി. കഴിഞ്ഞ വർഷം 1.7.1999-ന് സംസ്ഥാനത്തെ ന്യൂസ് പേപ്പറുകൾ റിപ്പോർട്ട് ചെയ്തതാണ്. മല്ലപ്പള്ളി പോലീസ് സ്റ്റേഷനിൽ പരിയാരം ഇല്ലത്ത് നാരായണൻ മകൻ മോഹനൻ കസ്റ്റഡിയിൽവച്ച് മരിച്ചു. 6.11.1999-ന് വീണ്ടും റിപ്പോർട്ട് ചെയ്യുന്നു. കീഴുമാറ് സൊസൈറ്റി പടിക്കൽ പാത്രക്കാരൻ ശ്രീനിവാസൻ ലോക്കപ്പിൽവച്ച് മരിച്ചു. അപ്പോൾ ഈ നടപ്പു വർഷം തന്നെ ലോക്കപ്പിൽവച്ച് നിരവധി ആളുകൾ മരണപ്പെട്ടിട്ട് അത് പ്രകടമായി റിപ്പോർട്ടുകൾ വന്നതിനുശേഷവും ഗവർണ്ണറെക്കൊണ്ട് പറയിപ്പിക്കുകയാണ്, ലോക്കപ്പ് മരണം നടന്നിട്ടില്ലെന്ന്. എനിക്ക് അതിനെപ്പറ്റി ആലോചിക്കുമ്പോൾ ലജ്ജ തോന്നുകയാണ്. ഈ നിലയിൽ ഗവർണ്ണറെക്കൊണ്ട് പ്രസംഗിപ്പിക്കുക, കഴിഞ്ഞ വർഷത്തെ പ്രസംഗവും ഞാൻ വായിച്ചു നോക്കി. അതിൽ ഏതെങ്കിലും പ്രഖ്യാപനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ? ഹെറിറ്റേജ് കമ്മീഷൻ നടപ്പിലാക്കിയില്ല. ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ നടപ്പിലാക്കിയില്ല. 18 മിനിജലവൈദ്യുത പദ്ധതി നടപ്പിലാക്കിയിട്ടില്ല. പാഡീബോർഡ് നടപ്പിലാക്കിയിട്ടില്ല. യുവജനനയം നടപ്പിലാക്കിയിട്ടില്ല. വാട്ടർ അതോറിറ്റിയുടെ പത്രിക, ഇപ്പോൾ ധവളപത്രം നടപ്പിലാക്കിയിട്ടില്ല. Multi Disciplinary River Authority നടപ്പിലാക്കിയിട്ടില്ല. ഉൾനാടൻ മത്സ്യബന്ധന ബിൽ നടപ്പിലാക്കിയിട്ടില്ല. Commissionerate for Handicapped നടപ്പിലാക്കിയിട്ടില്ല. ഗവർണറുടെ ഈ പ്രസംഗത്തിൽ എന്താണ് കാര്യമുള്ളത്? ഇതൊരു ഭരണഘടനാ ലംഘനമാണ്. ശ്രീ ജി. സുധാകരന് ഭരണഘടനയോടുള്ള സ്നേഹം, ആദരവ്. ഞങ്ങൾ ഗവർണ്ണറുടെ പ്രസംഗം ബോയിക്കോട്ട് ചെയ്തത് എത്രയോ വലിയ പ്രശ്നമാക്കി. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയില്ല എന്ന് പറഞ്ഞ് ഇന്ത്യൻ ഭരണഘടനയെ പിച്ചിച്ചീന്തിയ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് രാജാവിനെക്കാൾ വലിയ രാജഭക്തി, കോൺഗ്രസ്സിനേക്കാൾ ഭരണഘടനയോടുള്ള വലിയ ആദരവും സ്നേഹവും കാണുമ്പോൾ ഞങ്ങൾക്ക് അത്ഭുതം തോന്നുകയാണ്. ഇന്ത്യൻ ഭരണഘടനയിൽ ആർട്ടിക്കിൾ 176 അനുസരിച്ച് ഗവർണർ ഒരു പ്രസംഗം നടത്തിയാൽ ആ പ്രസംഗത്തിൽ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാനുള്ള ചുമതല ഗവൺമെന്റിനുണ്ട്. ഗവൺമെന്റിൽ നിക്ഷിപ്തമായ ചുമതല നിർവ്വഹിക്കാത്ത ഒരു ഗവൺമെന്റിനുവേണ്ടി ഒരു ഗവർണ്ണർ നടത്തുന്ന പ്രസംഗം ഞങ്ങൾ ശ്രവിക്കുകയില്ല. അതുകൊണ്ടാണ് ഞങ്ങൾ വാക്കൗട്ട് നടത്തിയത് എന്ന് ബഹു. ജി. സുധാകരനോട് പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ പദ്ധതിയെപ്പറ്റി എന്തെങ്കിലും പറയുന്നുണ്ടോ? പദ്ധതി അവതാളത്തിലായി. ബഹുമാനപ്പെട്ട ടി. ശിവദാസമേ

LIBRARY ARCHIVES Kerala Legislative Assembly

നോൻ ഇവിടെ ഇരിപ്പുണ്ട്. സംസ്ഥാന പദ്ധതിയുടെ നില പരുങ്ങലിലാണ്. കാരണം അതിനെപ്പറ്റി യാതൊന്നും ഗവർണ്ണറുടെ പ്രസംഗത്തിലില്ല. 1999-2000 ആണ്ടിലെ വാർഷിക പ്ലാൻ 3,250 കോടി രൂപയാണ്. അതിൽ സെൻട്രൽ അസിസ്റ്റന്റ് 873 കോടി രൂപ. സംസ്ഥാനം ഉണ്ടാക്കേണ്ടത് 2,376 കോടി രൂപ. അപ്പോൾ 2,376 കോടി രൂപയുടെ റിസോഴ്സ് നമുക്ക് ഉണ്ടെന്ന് പറഞ്ഞാണ് 3250 കോടി രൂപയുടെ അടങ്കൽ നിർണ്ണയിച്ചത്. ഇപ്പോൾ വന്നിരിക്കുന്നത് എന്താണ്? അത് അങ്ങനെ കമ്പ്യൂട്ട് ചെയ്തതിന്റെ കാരണം അത് അസ്യൂം ചെയ്തത് എന്താണെന്ന് ചോദിച്ചാൽ 1,204 കോടി രൂപ നമ്മുടെ ഷെയറായിട്ട് ടാക്സ് കിട്ടുമെന്ന് അസ്യൂം ചെയ്തുകൊണ്ട് 2,376 കോടി രൂപ നമുക്ക് റിസോഴ്സ് ഉണ്ടാകും എന്ന് അസ്യൂം ചെയ്തുകൊണ്ട് ഒരു പദ്ധതി ഫോർമുലേറ്റ് ചെയ്തു. ഇപ്പോൾ എന്താണ് അവസ്ഥ? സർ, അടുത്ത ദിവസം പറയുകയുണ്ടായി, നമ്മുടെ പ്ലാൻ 531 കോടി രൂപ കട്ട് ചെയ്തിരിക്കുന്നു എന്ന്. 531 കോടി രൂപ കട്ട് ചെയ്യുമ്പോൾ അതിന്റെ അർത്ഥമെന്താണ്? നമ്മുടെ പ്ലാനിന്റെ സൈസ് 2719 കോടി രൂപയായിട്ട് കുറയുന്നു. ഇതു വളരെ ഗൗരവമായിട്ടുള്ള കാര്യമാണ്. 1998-99ലെ പ്ലാനിന്റെ അടങ്കൽ 3100 കോടി രൂപയാണ്. 1997-98-ലെ പ്ലാനിന്റെ അടങ്കൽ 2819 കോടി രൂപയാണ്. അതിലും നമ്മുടെ പദ്ധതി പുറകോട്ടു പോകുന്നു. നമ്മുടെ പ്ലാനിന്റെ സൈസ് കട്ട് ചെയ്ത് 2719 കോടി രൂപയായിട്ട് പോകുകയാണ്. അപ്പോൾ, ഇല്ലാത്ത റിസോഴ്സസ് ഉണ്ടെന്നു ഭാവിച്ചുകൊണ്ട്, ഇല്ലാത്ത റിസോഴ്സ് അസ്യൂം ചെയ്തുകൊണ്ട് ഒരു സൈസ് പെരുപ്പിച്ചു കാണിച്ചുകൊണ്ട് ഒരു ആനുവൽ പ്ലാൻ അവതരിപ്പിച്ചതിന്റെ പരിണതഫലമാണ് ഇതെന്നു മാത്രമേ പറയുന്നുള്ളു. അതുകൊണ്ട് നമ്മുടെ പദ്ധതികളൊക്കെ മുടങ്ങാൻ പോകുകയാണ്. നിയമസഭയിൽ പ്രഖ്യാപിച്ച പല പദ്ധതികളും മുടങ്ങാൻ പോകുകയാണ്. അതു വളരെ ദാരുണമാണ്. നമ്മുടെ സംസ്ഥാന പ്ലാനിന്റെ അവസ്ഥ ഇതാണെങ്കിൽ ജില്ലാ പ്ലാനിന്റെ സ്ഥിതി എന്താണ്? അതിന്റെ അവസ്ഥയും ദയനീയമാണ്. ജില്ലാ പ്ലാനിന്റെ അവസ്ഥ പൊളിഞ്ഞിരിക്കുകയാണ്. അത് അവതാളത്തിലായിരിക്കുകയാണ്. കോട്ടയത്തെ ഒരു ഡിസ്ട്രിക്ട് പഞ്ചായത്തിന്റെ അവസ്ഥ മാത്രമാണ് ഞ്ലെയ റിംഗ് എക്സാംപിൾ. 1999-2000-ത്തിൽ പ്ലാനിംഗ് ബോർഡ് അപ്രൂവ് ചെയ്ത പ്ലാൻ ഔട്ട്ലേ 9.41 കോടി രൂപയാണ്. ഇപ്പോൾ ഫെബ്രുവരി 2000 ആയിരിക്കുകയാണ്. ഇന്നലെ വരെ, ഫെബ്രുവരി 22-ാം തീയതി അഞ്ചു മണി വരെ ഒരൊറ്റ പൈസ ഈ ഗവൺമെന്റിൽനിന്നും കോട്ടയം ജില്ലാ പഞ്ചായത്തിനുവേണ്ടി, അവരുടെ പ്ലാൻ നടപ്പിലാക്കാൻ വേണ്ടി കൊടുത്തിട്ടില്ലെന്നു പറഞ്ഞാൽ എത്ര ദയനീയമാണ്! അവിടെ പ്രതിപക്ഷം ഒരു സമരം നടത്തി. ഞാനാണ് ആ സമരം ഉത്ഘാടനം ചെയ്തത്. ഞങ്ങൾ പറഞ്ഞത് ഒരു പൈസയെങ്കിലും തരാനാണ്. ഒന്നും കൊടുത്തില്ല. അവസാനം എന്താണ് സംഗതി? എന്റെ കയ്യിൽ ഗവൺമെന്റ് ഓർഡറുണ്ട്. സർക്കാർ ഉത്തരവു നമ്പർ 562/2000 എൽ.എ.ഡി. തിരുവനന്തപുരം, തീയതി 7.2.2000 എന്നതിൽ പറഞ്ഞിരിക്കുന്നത് കോട്ടയം ഡിസ്ട്രിക്ട് പഞ്ചായത്തിലെ പ്ലാൻ 80 ശതമാനം കട്ട് ചെയ്തിരിക്കുന്നു. അപ്രൂവ്ഡ് പ്ലാൻ ഒൻപതു കോടി നാൽപ്പത്തിയൊന്നു ലക്ഷം രൂപ. അതിൽ 80 ശതമാനം കട്ട് ചെയ്തിരിക്കുന്നു. പണമില്ല. 80 ശതമാനം കട്ട് ചെയ്തിട്ട് അടുത്ത ദിവസം ഒരു മെസേജ് വന്നു. നിങ്ങൾക്ക് നാലാമത്തെ ഗഡുവായി ഒരു കോടി എൺപത്തിയെട്ടു ലക്ഷം രൂപ തരാം എന്നാണ്. ഇന്നലെ അഞ്ചു മണി വരെ ആ ഒരു കോടി എൺപത്തിയെട്ടു ലക്ഷം രൂപ വന്നില്ല. ഈ തുക നാലാമത്തെ ഗഡുവാണ്. അതിന്റെ അർത്ഥമെന്താണ്? ഒന്നാം ഗഡു പോയി. രണ്ടാം ഗഡു പോയി, മൂന്നാം ഗഡു പോയി. ഒൻപതു

LIBRARY ARCHIVES Kerala Legislative Assembly

കോടി നാൽപ്പത്തിയൊന്നു ലക്ഷം രൂപയുടെ പ്ലാൻ നടപ്പിലാക്കേണ്ട ജില്ലാ പഞ്ചായത്തിന് ഒരു കോടി എൺപത്തിയെട്ടു ലക്ഷം രൂപ വാഗ്ദാനം ചെയ്തുകൊണ്ട് 'മല എലിയെ പ്രസവിച്ചതുപോലെ' ആയി. ഇതാണ് ഇടതു പക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ജകീയാസൂത്രണ പദ്ധതികൾ. ഇതിൽക്കൂടുതൽ തെളിവുകൾ ഇനി വേണോ? വളരെ കഷ്ടമാണ്. നമ്മുടെ വികസന രംഗത്തെ സംബന്ധിച്ചിടത്തോളം വളരെ ദയനീയമായ അവസ്ഥ വന്നുചേർന്നിരിക്കുകയാണ്. വിൽപ്പന നികുതി ഏകീകരണത്തിന്റെ പേരിൽ സംസ്ഥാനത്തെ ജനങ്ങളെ ഗവൺമെന്റ് കൊള്ളയടിച്ചു. 14.11.99-ൽ ഡൽഹിയിൽവച്ച് ഒരു കോൺഫറൻസ് ഉണ്ടായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യവകുപ്പുമന്ത്രിയും പങ്കെടുത്ത കോൺഫറൻസ് ആണ്. ആ കോൺഫറൻസിലെ ഒരു കൺസെൻസസ് വച്ചാണ് ഏകീകരണം നടന്നതെന്നാണ് പറയുന്നത്. ആ കോൺഫറൻസിൽ കേരളത്തിന്റെ അവകാശങ്ങൾ പരിരക്ഷിക്കാൻ നമ്മുടെ മുഖ്യമന്ത്രിക്കും ധനകാര്യ വകുപ്പുമന്ത്രിക്കും ചുമതലയില്ലേ? അവിടെയുണ്ടായ കൺസെൻസസ് ആണെന്നു പറഞ്ഞ് ഒരു ഏകീകരണത്തിന്റെ അടിസ്ഥാനത്തിൽ ചെയ്തത് എന്താണ്? കേരളത്തിലെ മുഴുവൻ കർഷക വിഭാഗങ്ങളെയും നിങ്ങൾ..... സ്പൈസസിന്റെ വിൽപ്പനനികുതി അഞ്ചു ശതമാനമായിരുന്നത് എട്ടു ശതമാനമാക്കി. റബ്ബറിന്റെതു 10-ൽ നിന്ന് 12 ശതമാനമാക്കി. ജനരോഷം ആളിക്കത്തിയപ്പോൾ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പിന്നീട് ഒരു ഉത്തരവിലൂടെ സ്പൈസസിലെ ചില ഐറ്റംസായ അടയ്ക്ക, കുരുമുളക്, എന്നിവയെ ഒഴിവാക്കി. ഇപ്പോൾ നിൽക്കുന്നത് എന്താണ്? റബ്ബറിന് 10 ശതമാനമായിരുന്നത് ഇപ്പോൾ 12 ശതമാനമായി. കച്ചോലം 5 ശതമാനത്തിൽനിന്ന് 8 ശതമാനമായി. ഷുഗർകെയിൻ 5 ശതമാനമായിരുന്നത് 8 ശതമാനമായി. ടർമെറിക് 5 ശതമാനത്തിൽനിന്ന് 8 ശതമാനമായി. മിക്ക കാർഷിക വിഭവങ്ങൾക്കും ഇങ്ങനെയാണ്. ബഹുമാനപ്പെട്ട ടി.എസ്. ജോൺ പ്രസംഗിച്ചപ്പോൾ റബ്ബർ കർഷകരെക്കുറിച്ച് പറയകയുണ്ടായി. റബ്ബറിന്റെ വില മുഴുവൻ തകർന്നിരിക്കുകയാണ്. ഇന്റർനാഷണൽ മാർക്കറ്റിൽ ഇപ്പോൾ വില കൂടുതലാണ്. അന്താരാഷ്ട്ര മാർക്കറ്റിൽ റബ്ബറിന്റെ വില ഉയർന്നു നിന്നിട്ട് ഇവിടെനിന്ന് റബ്ബർ കയറ്റുമതി ചെയ്ത് ഇവിടത്തെ പ്രശ്നം പരിഹരിക്കാൻ കഴിയുമായിരിക്കെ നിങ്ങൾ കയറ്റുമതി ചെയ്തോ? 5,000 ടൺ കയറ്റുമതി ചെയ്തു എന്നുപറയുന്നു. ഇവിടെ സംഭരണം നടന്നോ? ഇവിടെ സംഭരണം പൊളിഞ്ഞു. സംഭരണമെന്നു പറഞ്ഞാൽ മിച്ച റബ്ബർ സംഭരിക്കണം. നിങ്ങൾ ചെയ്യേണ്ടിയിരുന്നത് സൂചിതവിലയ്ക്ക് എടുക്കണമായിരുന്നു. അതു ചെയ്തില്ല. എത്രയെങ്കിലും കുറച്ചു സംഭരിച്ചാൽ ഒരു പൈസ കൂടുമ്പോൾ മറിച്ചുവിൽക്കും. അതിൽ ഞങ്ങൾക്കു വേദനയുണ്ട്. സംഭരിച്ചില്ല, ഫലപ്രദമായി സംഭരിച്ചില്ല, കുറച്ചു സംഭരിച്ചതു തന്നെ മറിച്ചുവിറ്റ് ലാഭമുണ്ടാക്കി. കയറ്റുമതി ഫലപ്രദമായില്ല. റബ്ബർ കൃഷിക്കാർ വിഷമിക്കുമ്പോൾ, റബ്ബർ കൃഷിക്കാരന്റെ സ്വാഭാവിക റബ്ബറിൻമേലുള്ള നികുതിയും പത്തു ശതമാനമായിരുന്നത് 12 ശതമാനമാക്കി ഉയർത്തി. അങ്ങനെ നിങ്ങൾ ലാഭമുണ്ടാക്കാൻ നോക്കി. ഇതു ക്രൂരതയാണ്. നികുതി ഏകീകരണത്തിന്റെ കാര്യത്തിൽ നിങ്ങൾ തമിഴ്നാടിനെ കണ്ടുപഠിക്കണം. തമിഴ്നാട് ഗവൺമെന്റ് അന്തസ്സായി പറഞ്ഞു, ഭക്ഷ്യഎണ്ണകൾ, ഇരുചക്ര വാഹനങ്ങൾ, പരുക്കൻ പരുത്തി, യൂറിയ എന്നീ സാധനങ്ങളുടെ മേലൊന്നും ഞങ്ങൾ നികുതി വർദ്ധിപ്പിക്കുകയില്ല എന്ന് അവർ തന്റേടപൂർവ്വം പറയുകയുണ്ടായി. കേരളത്തിലെ റബ്ബർ കൃഷിക്കാർക്കുവേണ്ടി നിങ്ങൾ തന്റേടപൂർവ്വം പറയുമോ? ഇവിടെ 0-4-8-12 എന്നീ നാലു നിരക്കുകൾ മാത്രം. വേറെ നിരക്കു വയ്ക്കണമാ

LIBRARY ARCHIVES Kerala Legislative Assembly

യിരുന്നു. 0-2-4-6-8-10-12 എന്നീ നിരക്കുകൾ വയ്ക്കാമായിരുന്നിരിക്കെ 0-4-8-12 എന്നീ ഉയർന്ന നിരക്കുകൾ വച്ചുകൊണ്ട് അതിനു സമ്മതിച്ചുകൊണ്ട് ഒപ്പിട്ടുകൊടുത്തുകൊണ്ട് കേരളത്തിലെ കൃഷിക്കാരെ കൊള്ളയടിച്ച നിങ്ങൾക്ക് ജനം മാപ്പു തരുകയില്ല. ശ്രീ. ടി.എസ്. ജോൺ റബ്ബർ കൃഷിക്കാർക്കുവേണ്ടി സംസാരിച്ചപ്പോൾ എനിക്കു ലജ്ജ തോന്നിപ്പോയി. നിങ്ങൾ കാർഷിക മേഖലയെ അവഗണിച്ചു. ഐക്യരാഷ്ട്ര ജനസംഖ്യാനിധി നടത്തിയ സർവ്വേയിൽ കാർഷികോൽപ്പാദനത്തിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന സംസ്ഥാനം കേരളമാണ്. കേരളത്തിലെ പ്രതിശീർഷ കാർഷിക ഉൽപ്പാദനം 0.3 ക്വിന്റലാണ്. ഏഷ്യയിലേയ്ക്കും പിന്നിലാണ്. ഇത്ര പിന്നിൽ ഉൽപ്പാദനം കൊണ്ട് മുരടിപ്പിച്ചിട്ട് എന്തു നേടാമെന്നാണ് ഇവർ പറയുന്നത്? ഭരണം ഗംഭീരമെന്നാണ് പറയുന്നത്. കാർഷിക മേഖലയെ പാടെ അവഗണിച്ചു. ബഹുമാനപ്പെട്ട പിണറായി വിജയൻ ഇവിടെ ഒന്നേകാൽ മണിക്കൂർ പ്രസംഗിച്ചു. ഇടതുമുന്നണിക്ക് ഒരു കോട്ടവുമുണ്ടായിട്ടില്ല എന്നാണ് ശ്രീ. പിണറായി പറഞ്ഞത്. ഞങ്ങൾ പറയുന്നു ഇടതുമുന്നണിയുടെ ജനകീയാടിത്തറയ്ക്ക് കോട്ടം വന്നിരിക്കുന്നു എന്ന്. സി.പി.ഐ-യുടെ ഒരു പ്രമേയം എന്റെ കയ്യിലുണ്ട്. അതിൽ പറയുന്നത് എന്താണ്? പല ജനവിഭാഗങ്ങളെയും ഇടതുമുന്നണിയിൽ നിന്ന് അകറ്റുന്ന സംഭവങ്ങളാണ് ഈയിടെ ഉണ്ടായതെന്നും അത് ആവർത്തിക്കരുതെന്നുമാണ്. പല ജനവിഭാഗങ്ങളെയും മുന്നണിയിൽനിന്നും അകറ്റിയെന്നുള്ള രാഷ്ട്രീയ സത്യം സി.പി.ഐ സമ്മതിക്കുന്നു. നിങ്ങളുടെ മുന്നണിയിലെ ആളുകൾ പോയി. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നിങ്ങൾക്കു വേണ്ടി വോട്ടുചെയ്ത് നിങ്ങളെ അധികാരത്തിൽ കയറ്റിയ ജനവിഭാഗങ്ങൾ നിങ്ങളുടെ ദുർഭരണം, നിങ്ങളുടെ നയവൈകല്യങ്ങൾ, നിങ്ങളുടെ ജനദ്രോഹം സഹിക്കവയ്യാതെ അകന്നുപോയിരിക്കുന്നു. ആ സത്യം സി.പി.ഐ. തുറന്നു പറഞ്ഞിരിക്കുന്നു. രണ്ടാമത് സി.പി.ഐ മറ്റൊരു പ്രമേയത്തിൽ പറഞ്ഞിരിക്കുന്ന കാര്യം 'കക്ഷി പരിഗണനയ്ക്ക് മുൻതൂക്കം കൊടുത്താൽ ഭിന്നതയുണ്ടാകും' എന്നാണ്. നിങ്ങൾ കക്ഷി പരിഗണനയ്ക്ക് മുൻതൂക്കം കൊടുത്തു. CPI accuses CPI(M) of sidelining LDF. The CPI feels that major decisions of policy and programme are being taken arbitrarily by the CPI(M) jeopardizing the public image of the ruling LDF. നിങ്ങൾ ഇതിന്റെ പ്രതിച്ഛായ തകർത്തു എന്നാണ്. ആരാണ് പറഞ്ഞത്? കേരളാ കോൺഗ്രസ് അല്ല. പ്രതിപക്ഷനേതാവ് ശ്രീ. എ.കെ. ആന്റണിയല്ല, നിങ്ങളുടെ ഘടകകക്ഷിയായ സിപി.ഐ. നിങ്ങൾ പ്രതിച്ഛായ തകർത്തു എന്ന് പരസ്യമായി പ്രമേയത്തിലൂടെ പറഞ്ഞിട്ട് ഒരുളുപ്പുമില്ലാതെ ശ്രീ. സുധാകരനൊക്കെ പ്രസംഗിക്കുകയാണ്. എല്ലാം മനോഹരമെന്നാണ് പറയുന്നത്. അതിനു ഞങ്ങൾ കൈപൊക്കിത്തരണോ?**** ജനകീയാടിത്തറ തകർക്കുന്നു. നിങ്ങൾ ദുർഭരണം നടത്തിയിട്ട് നിങ്ങൾ തിരുത്തിയില്ലെങ്കിൽ എനിക്കൊന്നും പറയാനില്ല...(ബഹളം).. ഇവിടെ ഗുരുദേവ പ്രതിമകൾ നാടൊട്ടുക്ക് തകർത്തുകൊണ്ടിരിക്കുകയാണ്.

<u>ശ്രീമതി ആർ. ലതാദേവി</u> : സർ, പോയിന്റ് ഓഫ് ഓർഡർ. സഭയിലെ സീനിയറായ ഒരംഗം അദ്ദേഹത്തിന്റെ പ്രസംഗ മധ്യത്തിൽ ഇങ്ങോട്ടുനോക്കി നാണംകെട്ടവരേ എന്നുള്ള സംബോധന നടത്തി. ഇതു സഭയുടെ അന്തസ്സിനു യോജിക്കുന്നതാണോ? അത് ബഹുമാനപ്പെട്ട മെമ്പർ പിൻവലിക്കണം. മാപ്പു പറയുകയും ചെയ്യണം. ഇത്രയും സീനിയറായിട്ടുള്ള ആളുകൾ ഞങ്ങളെ നോക്കി ഇങ്ങനെ പറയുന്നത് ശരിയാണോ? അടുത്ത കാലത്ത് സഭയിൽ

**** സാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

വന്നിട്ടുള്ള ആളുകൾക്ക് ഇദ്ദേഹത്തെപ്പോലുള്ള സീനിയർ മെമ്പർമാർ മാതൃക കാട്ടേണ്ടതാണ്. ഓറിയന്റേഷൻ പ്രോഗ്രാമിൽ ഇദ്ദേഹം ഞങ്ങൾക്ക് ക്ലാസ്സെടുത്തിട്ടുള്ളതുമാണ്. അതുകൊണ്ട് ആ പരാമർശം പിൻവലിക്കണം. നിയമസഭാ രേഖയിലുണ്ടാകാൻ പാടില്ല.

മി. ചെയർമാൻ : ബഹുമാനപ്പെട്ട അംഗങ്ങളെയാണ് നാണംകെട്ടവർ എന്നു പറഞ്ഞിട്ടുള്ളതെങ്കിൽ അതു രേഖയിൽ കാണുകയില്ല.

ശ്രീ. കെ.എം. മാണി : മാർക്സിസ്റ്റു പാർട്ടിയെ ആണ് ഞാൻ നാണംകെട്ട പാർട്ടി എന്നുപറഞ്ഞത്. അത് പാർലമെന്ററിയാണ്. It is quite parliamentary. 35 വർഷമായി ഞാൻ ഇവിടെ എം.എൽ.എ-ആയി ഇരിക്കാൻ തുടങ്ങിയിട്ട്. നാണംകെട്ട നയങ്ങൾ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി അനുവർത്തിക്കുന്നു എന്നു ഞാൻ ആത്മാർത്ഥമായിട്ട് പറഞ്ഞതാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, അങ്ങോട്ടുനോക്കി പറഞ്ഞു എന്നാണ് പറയുന്നത്, പിന്നെ ഇങ്ങോട്ടുനോക്കി പറയാൻ പറ്റുമോ?

ശ്രീ. കെ.എം. മാണി : സർ, We are ashamed എന്ന ഒരർത്ഥമേ അതിനുള്ളൂ. മതവികാരങ്ങളെ വ്രണപ്പെടുത്തുന്ന സംഭവങ്ങളാണ്. ഗുരുദേവപ്രതിമ തകർത്തത് ഈ സംസ്ഥാനത്തുള്ള എല്ലാ മതവിശ്വാസികളേയും വേദനിപ്പിക്കുന്ന ഒരു സംഭവമാണ്. ദേവാലയങ്ങൾ തകർക്കപ്പെടുന്നു. ഇവിടെ പ്രതികൾ പിടിക്കപ്പെടുന്നുണ്ടോ? അടുത്ത കാലത്ത് കൊല്ലത്ത് പോലീസ് ഒരു നാടകം കളിച്ചു. ഒരു രാജൻ വഴിയേ പോവുകയാണ്. ആ രാജനോട് പോലീസ് പറഞ്ഞു, രാജാ നീ വണ്ടിയിൽ കയറൂ നമുക്കിവിടെവരെ പോകാം; രാജനെ ജീപ്പിൽ കയറ്റി പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി ഒരു ഇടി ഇടിച്ചിട്ട് നീയല്ലേ ഗുരുദേവ പ്രതിമ തകർത്തത് എന്നുപറഞ്ഞുകൊണ്ട് രാജന്റെ പേരിൽ കേസെടുത്തു. എനിക്കിതൊന്നും മനസ്സറിവില്ല എന്നു രാജൻ പറഞ്ഞു. ആരു തെറ്റു ചെയ്താലും നമുക്ക് കണ്ടുപിടിക്കണം. എനിക്ക് അതിൽ ഏറ്റവും തമാശയായി തോന്നുന്നത് ശ്രീ. പിണറായി വിജയന്റെ ഒരു പ്രസംഗം പത്രത്തിൽ അച്ചടിച്ചുവന്നതാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഗുരുദേവ പ്രതിമകൾ തകർക്കുന്നത് ആർ.എസ്.എസ്. കാരാണെന്ന ആരോപണം ശ്രീ. പിണറായി വിജയൻ പറഞ്ഞു. കേരളത്തിന്റെ ചരിത്രത്തിൽ എവിടെയെങ്കിലും എപ്പോഴെങ്കിലും ഒരു മാർക്സിസ്റ്റുകാരൻ ഗുരുദേവ പ്രതിമ തകർക്കപ്പെട്ടതിന്റെ പേരിൽ പ്രതിയായിട്ടുണ്ടോ? മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ സെക്രട്ടറി ശ്രീ. പിണറായി വിജയന്റെ ചോദ്യമാണത്. കഴിഞ്ഞ 14-ാം തീയതി തിങ്കളാഴ്ച മലയാള മനോരമ പത്രത്തിൽവന്ന ഒരു വാർത്ത ഞാനിവിടെ വായിക്കുകയാണ്. 'ഗുരുമന്ദിരത്തിനുനേരെ ആക്രമണം, സി.പി.എം പ്രവർത്തകൻ പിടിയിൽ. നെയ്യാറ്റിൻകര പശുക്കോട്ടുകോണത്തിനടുത്ത് കുളത്താമര അമ്പലനടയിലുള്ള ഗുരുദേവ മന്ദിരത്തിനുനേരെ ആക്രമണം. മന്ദിരത്തിനു മുൻവശത്തെ ചില്ലിന് പൊട്ടലുണ്ടെങ്കിലും നെയ്യാറ്റിൻകര പോലീസ് അത് നിഷേധിച്ചു. സംഭവവുമായി ബന്ധപ്പെട്ട് അർദ്ധരാത്രിയോടെ സി.പി.എം. പ്രവർത്തകനായ ഇലിപ്പോട്ടുകോണം വേലിക്കയത്തുവീട്ടിൽ പപ്പുവിനെ നെയ്യാറ്റിൻകര പോലീസ് കസ്റ്റഡിയിലെടുത്തു ..... (ബഹളം) ..... ഇതിൽ ഒരു പോയിന്റ് ഓഫ് ഓർഡറുമില്ല. I am referring a Paper report. There is no point of order in it. ഇന്നലെ രാത്രി ഒൻപതേകാലിന് നാട്ടുകാരും ശാഖാ പ്രവർത്തകരും നോക്കിനിൽക്കെയാണ് ഈ സംഭവം. പ്രതി മദ്യപിച്ചിരുന്നു എന്നാണ് ആരോപണം. ഗുരുദേവ പ്രതിമ തകർത്തതിന് ഒരു മാർക്സിസ്റ്റുകാ

LIBRARY ARCHIVES Kerala Legislative Assembly

രനെ പിടികൂടിയിട്ട് ചോദിക്കുകയാണ് ഏതെങ്കിലുമൊരു മാർക്സിസ്റ്റുകാരൻ ഇതിൽ പ്രതിയായിയിട്ടുണ്ടോയെന്ന് ചൂണ്ടിക്കാണിക്കാമോയെന്ന്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, പോയിന്റ് ഓഫ് ഓർഡർ. റിപ്പോർട്ട് മലയാള മനോരമ പത്രത്തിൽ വന്നതാണ്. ശ്രീ.പിണറായി വിജയൻ പറഞ്ഞത് പ്രതിയായിട്ടില്ലെന്നാണ്. അതിന് തെളിവ് ഹാജരാക്കിയതാണ്. ഇദ്ദേഹം മാർക്സിസ്റ്റ് പാർട്ടിയുമായി യാതൊരു ബന്ധവുമില്ലാത്ത ആളാണെന്ന് അവിടുത്തെ ജില്ലാ സെക്രട്ടറി സത്യനേശന്റെ സ്റ്റേറ്റുമെന്റ് വായിക്കാതെ ഇവിടെവന്ന് ഈ നാണംകെട്ട വർത്തമാനം പറയുന്നത് ശരിയാണോ?

ശ്രീ. കെ.എം. മാണി : സർ, ഞാൻ നാണംകെട്ട വർത്തമാനമൊന്നുമല്ല പറഞ്ഞത്, അത് പാർലമെന്ററിയാണ്. തീർച്ചയായും അങ്ങനെയുള്ള ഒരാളുമായി മാർക്സിസ്റ്റുപാർട്ടിക്ക് ബന്ധമുണ്ടാകരുത്. നിങ്ങൾ അയാളെ തള്ളിപ്പറയണം. പക്ഷേ ഇത് തകർക്കുന്ന സമയത്ത് അദ്ദേഹം മാർക്സിസ്റ്റു പാർട്ടി ആയിരുന്നോ? അതിന്റെ അർത്ഥമെന്താണ്? ഞാനിതു പറയുന്നത് മാർക്സിസ്റ്റ് ആകട്ടെ, അത് കേരള കോൺഗ്രസ് ആകട്ടെ, അത് എസ്.എൻ.ഡി.പി. ആകട്ടെ, യൂത്ത് ലീഗാകട്ടെ, അതാരുമാകട്ടെ ഈ രാജ്യത്ത് ഗുരുദേവ പ്രതിമ തകർത്തിട്ട് ഇപ്പോൾ ദിവസങ്ങളെത്രയായി? ആഴ്ചകളെത്രയായി? കഴിഞ്ഞ ഒന്നാം തീയതി തുടങ്ങിയ സംഭവങ്ങളാണ്. ഇന്ന് 23-ാം തീയതിയാണ്. കഴിഞ്ഞ മൂന്നാഴ്ചയായി ഇത്തരം ഗുരുതരമായ സംഭവങ്ങൾ കേരളത്തിൽ ആവർത്തിക്കപ്പെടുമ്പോൾ യഥാർത്ഥ കുറ്റവാളികളെ നിങ്ങൾക്ക് പിടിക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ ഞങ്ങൾ ഈ പേപ്പർ റിപ്പോർട്ടൊന്നും ആശ്രയിക്കയില്ലായിരുന്നു. അതുകൊണ്ട് ഇത് ഏതെങ്കിലുമൊരാളിന്റെ തലയിൽ കെട്ടിവച്ച് നിങ്ങൾക്ക് രക്ഷപ്പെടാമെന്ന് വിചാരിക്കണ്ട. എനിക്കങ്ങനെ ഇത് നിങ്ങളിൽ സ്ഥാപിക്കണമെന്ന് യാതൊരാഗ്രഹവുമില്ല. ഞാനിതു പറഞ്ഞത്, മി. ശിവദാസമേനോൻ, നിങ്ങളുടെ രക്ഷയ്ക്കുതന്നെ ആവശ്യമാണ് ഗുരുദേവപ്രതിമ തകർത്ത യഥാർത്ഥ പ്രതികളെ പുറത്തുകൊണ്ടുവരികയെന്നുള്ളത്. അല്ലാതെ എനിക്കൊരു സന്തോഷവുമില്ല. ഇത് നിങ്ങളാണ് ചെയ്തത്. നിങ്ങളുടെ അറിവോടുകൂടിയാണ് എന്നിവിടെ സ്ഥാപിക്കണമെന്ന് എനിക്കില്ല.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ചെയറിനോട് ചോദിക്കാതെ എന്നെ സഭാ നാഥനായിക്കണ്ട് എന്നോടാണ് സംസാരിച്ചത്. അതുകൊണ്ട് ഞാൻ സംസാരിക്കാം.

മി. ചെയർമാൻ : ചെയറിനെ ചെയറായിട്ടുതന്നെ കണ്ടിട്ടുണ്ട്. ഇത് അങ്ങയോട് ചോദിച്ചതാണ്.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ ഈ ഗുരുദേവ പ്രതിമ തകർത്തവരെ ഒരൊറ്റയെണ്ണമില്ലാതെ പിടിച്ച് ഇരുമ്പഴിക്കകത്താക്കും. ആ കാര്യത്തിൽ യാതൊരു സംശയവും വേണ്ട.

ശ്രീ. കെ.എം. മാണി : Thank you very much. പക്ഷെ വളരെ ഡിലേയ്ഡാണ്. ഏതായാലും ബഹുമാനപ്പെട്ട ടി. ശിവദാസമേനോൻ കാണിക്കുന്ന വ്യഗ്രതയൊന്നും മൂന്നാഴ്ചയായി നിങ്ങളുടെ പോലീസിന് കാണിക്കാൻ കഴിഞ്ഞിട്ടില്ല. നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഇത് വളരെ തെറ്റായ ഒരു കാര്യമാണ്. ഈ സംഭവം ആവർത്തിക്കാൻ പാടില്ല. കൊട്ടാരക്കരയിൽ രണ്ട് കുരിശ്ശടികൾ തകർത്തു. ഞാനവിടെ പോയി കണ്ടു. ശ്രീനാരായണ ഗുരുദേവന്റെ പ്രതിമ തകർത്ത സ്ഥലത്തും ഞാൻ സന്ദർശിച്ചു, കൊട്ടാരക്കര കുരിശ്ശ

LIBRARY ARCHIVES Kerala Legislative Assembly

ടികൾ തകർത്തും ഞാൻ സന്ദർശിക്കുകയുണ്ടായി ..... (ബഹളം) ..... അതാരെങ്കിലുമാകട്ടെ, എന്റെ പ്രാർത്ഥന ഇത് മാർക്സിസ്റ്റ് അല്ലാതെവരട്ടെ എന്നാണ്. അതുകൊണ്ട് മി. ശിവദാസമേനോൻ, ഞാൻ ഒരിക്കലും ഇത് ഒരാരോപണമായി വയ്ക്കുന്നില്ല. മാർക്സിസ്റ്റു പാർട്ടി തകർത്തു എന്ന ആരോപണം ഞാൻ വയ്ക്കുന്നില്ല. നിങ്ങൾ തകർത്തതായിപ്പോലും പത്രങ്ങളിൽ റിപ്പോർട്ട് വന്നിരിക്കുന്ന സ്ഥിതിക്ക് നിങ്ങൾക്കുതന്നെ സെൽഫ് പ്രൊട്ടക്ഷനുവേണ്ടി ഈ പ്രതിയെ പിടിക്കുക എന്നുള്ളത് ആവശ്യമാണ്. അതുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ഇന്നിവിടെ നടക്കുന്ന ദുർഭരണം, ക്രമസമാധാനത്തകർച്ച! ഇന്നിവിടെ നടക്കുന്നത് രണ്ടു തരം നീതിയാണ്, നിയമമാണ്. മാർക്സിസ്റ്റ് രാജും പോലീസ് രാജും കൂടിയാണ് ഇവിടെ നടക്കുന്നത്. പോലീസ് ഇവിടെ ക്രമസമാധാനം പാലിക്കാനല്ല. മാർക്സിസ്റ്റു പാർട്ടിക്കുവേണ്ടി മാർക്സിസ്റ്റ് രാജ് നടപ്പിലാക്കുന്ന പോലീസ് രാജ്, ഇത് നമ്മുടെ നാടിന് അപകടമാണ്. അതുകൊണ്ട് സത്യമിതായിരിക്കെ എല്ലാം ഭംഗിയായി, ഇവിടെ ക്രമസമാധാനം പുലരുന്നു. ഒരു ലോക്കപ്പ് മരണം പോലുമുണ്ടായിട്ടില്ലെന്നുപറഞ്ഞ് സത്യം മറച്ചുവച്ചുകൊണ്ട് ഗവർണ്ണർ ഇവിടെ നടത്തിയ പ്രസംഗത്തേയും അതിൻമേൽ നിങ്ങൾ കൊണ്ടുവന്ന നന്ദിപ്രമേയത്തേയും ഞാൻ എതിർക്കുന്നു.

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. 21-ാം നൂറ്റാണ്ടിന്റെ ആദ്യത്തെ നന്ദിപ്രമേയമാണ് ഇവിടെ അവതരിപ്പിച്ചത്. ഈ നൂറ്റാണ്ടിന്റെ ആരംഭവും കഴിഞ്ഞ നൂറ്റാണ്ടിന്റെ ആരംഭവും തമ്മിൽ വളരെ വ്യക്തമായ വൈരുദ്ധ്യങ്ങൾ ആണ് നമ്മൾ കാണുന്നത്. ഈ നൂറ്റാണ്ടിന്റെ ആരംഭം നമ്മൾ ദർശിക്കുന്നത് കഴിഞ്ഞ നൂറ്റാണ്ടുകളിൽ നിന്നുമുള്ള ആരംഭത്തിന്റെ വളരെ വ്യത്യസ്തമായ ഒരു അവസ്ഥയിലാണ്. കഴിഞ്ഞ നൂറ്റാണ്ടിന്റെ ആരംഭത്തിൽ കൊളോണിയൽ ശക്തികളെ ഇന്ത്യയിൽനിന്നും ആട്ടിയോടിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി നടത്തിയ ദേശീയ പ്രക്ഷോഭണത്തിന്റെയും അതുപോലെതന്നെ സമരങ്ങളുടെയും ഭാഗമായിട്ടാണ് ആ നൂറ്റാണ്ട് ആരംഭിക്കുന്നതെങ്കിൽ ഈ നൂറ്റാണ്ട് ആരംഭിക്കുന്നത് ആ ശക്തികളെ തിരിച്ചുകൊണ്ടുവന്ന് നമ്മുടെ നാടിന്റെ അധികാരം ഏൽപ്പിക്കുന്നതിനുവേണ്ടിയുള്ള ആളുകളെ, ദല്ലാളൻമാരെ അധികാരത്തിലേറ്റിയിരിക്കുന്ന അവസ്ഥയിലാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ നടത്തിയ സമരമുഖങ്ങളൊക്കെത്തന്നെ നമ്മുടെ ദേശീയ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതായിരുന്നു എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് ഒരു ദർശനത്തിന്റെ അടിത്തറയുണ്ടാകുന്നത് മഹാത്മാഗാന്ധി ദക്ഷിണാഫ്രിക്കയിൽനിന്നും വരുന്നതോടുകൂടിയാണ്. ദക്ഷിണാഫ്രിക്കയിൽനിന്നും വരുന്ന മഹാത്മാഗാന്ധിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ട്, അതായത് ഒരു പുതിയ രൂപം, ഒരു ദർശനം കോൺഗ്രസ്സിന് നൽകി. അതായത് നിന്ദിതർ, പിന്നോക്ക വിഭാഗക്കാർ, മറ്റു വിഭാഗങ്ങളിൽപ്പെട്ട ആളുകളൊക്കെക്കൂടി കൂട്ടായി യോജിക്കാൻ തുടങ്ങിയപ്പോൾ കോൺഗ്രസ്സിലെതന്നെ ഒരു വിഭാഗം ആളുകളാണ് ആർ.എസ്.എസ്. ഉണ്ടാക്കുന്നത്. അതാണ് എന്റെ പ്രധാനമായിട്ടുള്ള പോയിന്റ്. ഗോൾവൾക്കർ നാരായണാപതേ, ഹെഗ്ഡേവാർ ഇവരൊക്കെക്കൂടിയാണ് 1925 വിജയദശമി ദിനത്തിൽ ആർ.എസ്.എസ്. ഉണ്ടാക്കുന്നത്.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. ആന്റണി രാജു)

LIBRARY ARCHIVES Kerala Legislative Assembly

1 PM

കോൺഗ്രസ്സിന്റെ ആളുകളാണ്, ചരിത്രം പഠിച്ചിട്ട് വരണം. ഇവരാണ് ആർ.എസ്.എസ്. ഉണ്ടാക്കുന്നത്. ഇവർ ആർ.എസ്.എസ്. ഉണ്ടാക്കുമ്പോൾ ഇവരുന്നയിച്ച പ്രധാന ആവശ്യമെന്തായിരുന്നു? കോൺഗ്രസ്സിലും ആർ.എസ്.എസ്.ലും ഒരേ സമയത്ത് അംഗത്വം വേണമെന്നാണ് ഹെഗ്ഡേവാറും നാരായണ ആപ്തയുമൊക്കെ ആവശ്യപ്പെട്ടത്. കോൺഗ്രസ്സ് ഇതു നിഷേധിച്ചു. കോൺഗ്രസ്സും ആർ.എസ്.എസ്.ഉം രണ്ടു ധ്രുവങ്ങളിൽക്കൂടി സഞ്ചരിച്ചു. നമ്മളതു കണ്ടതാണ്. പിന്നീട് കോൺഗ്രസ്സ് അതിന്റെ ആദർശങ്ങളിൽ നിന്നു മാറിപ്പോയി. അതാണ് പ്രശ്നം. 1960-കൾക്കു ശേഷം എന്താണുണ്ടായത്? ബോംബെ നഗരത്തിൽ ശിവസേനയ്ക്കു സപ്പോർട്ടു ചെയ്യുന്നതാരാണ്? പഞ്ചാബിൽ ഭിന്ദ്രൻവാലയ്ക്ക് സപ്പോർട്ട് ചെയ്യുന്നതാരാണ്? നിങ്ങളാണ്. ഇങ്ങനെ മെല്ലെ മെല്ലെ 1991 ആയപ്പോഴേക്കും പൂർണ്ണമായും ഗാന്ധിയൻ ദർശനങ്ങളിൽനിന്നും കോൺഗ്രസ്സ് പിൻമാറി എന്നുള്ളതാണ് സത്യം. കോൺഗ്രസ് പിൻമാറുക എന്നുള്ളത് അതിന്റെ ഐഡിയോളജിക്കലായിട്ടുള്ള ഡിഫറൻസ് തന്നെയാണ്. കോൺഗ്രസ്സ് അതിന്റെ അതുവരെയുണ്ടായിരുന്ന ഐഡിയോളജിൽനിന്നും മാറി എന്നുള്ളതിന് ഇപ്പോൾ ശ്രീ. ഉമ്മൻചാണ്ടി കരഞ്ഞിട്ടു കാര്യമില്ല. ഐഡിയോളജിക്കൽ ഡിഫറൻസില്ലാത്ത രീതിയിലേയ്ക്കു ബി.ജെ.പി.യുമായിട്ട് അല്ലെങ്കിൽ 20-കളിൽ ബി.ജെ.പി. എടുത്ത അതേ നിലപാടുകളിലേക്ക് അതേ സാമ്പത്തിക നയങ്ങളിലേയ്ക്കാണ് കോൺഗ്രസ്സും ബി.ജെ.പി.യും പോകുന്നത് എന്നു നമുക്കു കാണുവാൻ സാധിക്കും. കേരളത്തിൽ നിങ്ങൾക്ക് വേറിട്ടു നിൽക്കാൻ സാധിക്കാത്തതെന്താണെന്നു വച്ചാൽ ഐഡിയോളജിക്കലായി ആർ.എസ്.എസ്.ഉം ബി.ജെ.പിയും കോൺഗ്രസ്സും ഒന്നാണ്. ഈ കോൺഫ്ളിക്ട് അതായത് ഐഡിയോളജിക്കൽ ഡിഫറൻസ് ഇല്ലാത്തിടത്തോളം കാലം പൊളിറ്റിക്കൽ ഫീൽഡിൽ നിങ്ങൾക്ക് ഡിഫറന്റായിട്ടു ഫൈറ്റ് ചെയ്യാൻ പറ്റില്ലെന്നുള്ളതാണ് പ്രധാന പ്രശ്നം. വ്യത്യസ്തമായിട്ടുള്ള ഒരു പൊളിറ്റിക്കൽ ഫൈറ്റ് നിങ്ങൾക്ക് സ്വീകരിക്കാൻ പറ്റില്ല. കേരളത്തിലങ്ങോളമിങ്ങോളം നടക്കുന്ന ഫൈറ്റുകളിലൊക്കെത്തന്നെ നിങ്ങളെടുക്കുന്ന നിലപാട് ..... ബഹുമാന്യനായ കാർത്തികേയനടക്കമുള്ള ആളുകൾ എന്നെ പരിഹസിക്കുകയുണ്ടായിട്ടുണ്ട്. ചാവക്കാട്ടുണ്ടായ ആർ.എസ്.എസ്. ആക്രമണത്തിൽ കോൺഗ്രസ്സിന്റെ ബ്ലോക്കു പ്രസിഡന്റ് ചെയ്ത ഒരു പ്രസ്താവന ഞാൻ വായിക്കാം. ചാവക്കാട്ടുണ്ടായ ആക്രമണത്തിന് കാരണം പോലീസും സി.പി.എം.ഉം ആണെന്ന് കോൺഗ്രസ്സ് ആരോപിച്ചു. സി.പി.എം. നിർദ്ദേശം ശിരസാ വഹിച്ചു കൊണ്ടുപോകുന്ന പോലീസിന്റെ പഴയ നിലപാടാണ് അക്രമങ്ങൾക്ക് കാരണമെന്ന് ബ്ലോക്കു പ്രസിഡന്റ് സി.കെ. അബൂബക്കർ ഹാജിയും മറ്റും കുറ്റപ്പെടുത്തി..... "ജില്ലയിലെ സമാധാന അന്തരീക്ഷം തകിടം മറിക്കാനും രാഷ്ട്രീയ ഫാസിസം നടപ്പിലാക്കാനും സി.പി.എം. അക്രമ സംഘങ്ങൾക്ക് നേതൃത്വം നൽകുന്നതായി കോൺഗ്രസ്സ് ജില്ലാ കമ്മിറ്റി ആരോപിച്ചു..... (ബഹളം) ..... ചാവക്കാട് ആർ.എസ്.എസ് കാർ നടത്തിയ അക്രമത്തിന് നിങ്ങൾ നൽകിയ പിന്തുണയെക്കുറിച്ചാണ് ഞാൻ പറഞ്ഞു വന്നത്. നിങ്ങളെ സംബന്ധിച്ചിടത്തോളം ഈ ഐഡിയോളജിക്കൽ കോൺഫ്ളിക്ട് ഇന്ത്യയിലൊട്ടാകെ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഞങ്ങൾ മാറാൻ പോകുകയാണെന്ന് ഇന്നലെ ശ്രീ. ഉമ്മൻചാണ്ടി പറഞ്ഞു. ഞങ്ങൾ സ്വയം വിമർശനം നടത്തുമ്പോൾ നിങ്ങൾ ഞങ്ങളെ കളിയാക്കാറുണ്ടല്ലോ? പക്ഷേ നിങ്ങളവിടെയിരുന്ന് സ്വയം വിമർശനം നടത്തുകയല്ലേ? ബഹുമാനപ്പെട്ട എ.കെ. ആന്റണി സ്വയം വിമർശനം നടത്തുകയാണ്. ഉദാരവൽക്കരണം

LIBRARY ARCHIVES Kerala Legislative Assembly

തെറ്റായിപ്പോയിയെന്ന് അങ്ങു കൊടുത്ത റിപ്പോർട്ടിൽ പറഞ്ഞില്ലേ? ശ്രീ. ഉമ്മൻചാണ്ടി പറഞ്ഞു ഉദാരവൽക്കരണത്തെ പിന്താങ്ങിയത് തെറ്റായിപ്പോയി എന്ന്. നല്ല കാര്യം തന്നെയാണ്. സ്വയം വിമർശനം നടത്തിയതുകൊണ്ട് തെറ്റൊന്നുമില്ല. അവനവൻ സ്വയം നന്നാകാൻ ശ്രമിക്കുന്നത് നല്ലതുതന്നെ. നിങ്ങൾ നന്നാകണമെന്ന് ആഗ്രഹിക്കുന്ന ആളുകളാണ് ഞങ്ങൾ. നിങ്ങൾ വലിയൊരു പാരമ്പര്യത്തിന്റെ ഉടമകളാണ്. എല്ലാവരും ബി.ജെ.പിയുമായി ചേരണമെന്ന് ആഗ്രഹിക്കുന്നവരൊന്നുമല്ല. പക്ഷെ കോൺഗ്രസ്സിനെ സാബ ന്ധിച്ചിടത്തോളം ഈ ഊരാക്കുടുക്കിൽനിന്ന് രക്ഷപ്പെടണം. ഇന്ത്യ അപകടക രമായ ഒരു അവസ്ഥയിലാണ് നിൽക്കുന്നത്. ബോംബെയിലുള്ള എന്റെ സുഹൃത്ത് സെയ്തുമൂസ ചോദിക്കുകയാണ് ഈ ബോംബെ നഗരത്തിനെന്തു പറ്റിയെന്ന്. ഒന്നു പ്രതികരിക്കാനുള്ള ശക്തിപോലും ഇല്ലാതായി. പാക്കി സ്ഥാനും ലാഹോറും വിഭജിച്ചതിനുശേഷം ഈ ലാഹോറും കറാച്ചിയു മൊക്കെ എങ്ങനെ മാറി എന്നു ഓർത്തുനോക്കൂ. നമ്മുടെ ദേശീയ സ്വാതന്ത്ര്യ സമര കാലഘട്ടങ്ങളിലെ വളരെ പ്രസക്തമായിട്ടുള്ള സംഭവങ്ങൾക്കു പങ്കുവ ഹിച്ച ആ നഗരങ്ങൾ ഇന്നു നിശബ്ദരാണ്. സാംസ്കാരിക പ്രവർത്തനങ്ങളി ലായാലും കലാ പ്രവർത്തനങ്ങളിലായാലും ശരി ലാഹോറും കറാച്ചിയു മോക്കെ എങ്ങനെയാണ് നമ്മുടെ സാമൂഹിക ജീവിതത്തിൽ സുപ്രധാനമായ പങ്കുവഹിച്ചതെന്ന കാര്യം നാം വിസ്മരിക്കരുത്. ലോകത്തിന് ഒട്ടനവധി സംഭാവനകൾ നൽകിയ ആ നഗരങ്ങൾ ഇന്നു നിശ്ശബ്ദമായിപ്പോയി. എന്താണ് ബോംബെയ്ക്കു സംഭവിച്ചിരിക്കുന്നത്? സെയ്തു മൂർസ വിലപിക്കു ന്നു. പ്രതികരിക്കാൻ ആരുമില്ലേ എന്നു ചോദിക്കുന്നു. ഇവിടെനിന്നു മാത്ര മാണ് പ്രതികരണങ്ങൾ കേൾക്കുന്നത്. കൽക്കട്ടയിൽനിന്നും തിരുവനന്തപുര ത്തുനിന്നും പ്രതികരണങ്ങൾ കേൾക്കുന്നുണ്ട്. മാധ്യമങ്ങൾപോലും പ്രതികരി ക്കാൻ തയാറാകുന്നില്ല. അതുപോലെ ദീപാമേത്തയുടെ കാര്യം ..... ബഹ ളം .....

<u>ശ്രീമതി ആർ. ലതാദേവി</u> : സർ, അങ്ങു ദീപാമേത്തയുടെ കാര്യം പറ ഞ്ഞു. ആവിഷ്കാര സ്വാതന്ത്ര്യത്തിനുവേണ്ടി അവർ നടത്തികൊണ്ടിരിക്കുന്ന സംരംഭങ്ങളിൽ നമ്മളോട് ഒപ്പം കോൺഗ്രസ്സുകാരും സഹകരിക്കുന്നതിനെക്കു റിച്ച് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. എന്നാൽ പ്രസിദ്ധ സംവിധായകനായ കമലാഹാസന്റെ 'ഹേ റാം' എന്നുപറയുന്ന സിനിമയ്ക്ക് എതിരായി കോൺഗ്രസ്സുകാർ ഇന്നലെ നടത്തിയ സമരത്തെക്കുറിച്ച് താങ്കൾക്കെന്താണ് പറയാനുള്ളത്? അതിനെക്കുറിച്ച് താങ്കൾ അറിഞ്ഞോ?

<u>ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്</u> : ദീപാമേത്തയുടെ വരാനിരിക്കുന്ന സിനിമ എങ്ങനെയിരിക്കുമെന്ന് എനിക്കറിയില്ല. ഞാൻ അവരുടെ 'ഫയർ' കണ്ടു. അതു ഗംഭീരമായ സിനിമയാണെന്നുള്ള അഭിപ്രായമൊന്നും എനി ക്കില്ല. പക്ഷെ അവരുടെ അഭിപ്രായ സ്വാതന്ത്ര്യത്തിന്, അവർക്ക് ചിത്രം നിർമ്മിക്കുന്നതിനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി, അവകാശത്തിനുവേണ്ടി, ഞാനും നിലകൊള്ളുന്നു. കമലഹാസന്റെ കാര്യത്തിൽ ഒരുപാട് ബുദ്ധിമുട്ടു ണ്ടായിട്ടുണ്ട്. ബി.ജെ.പി. കാർ എതിർത്തിട്ടും ഉണ്ടാക്കിയ സിനിമയാണ്. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ കഥയറി യാതെ ആട്ടം കാണുകയാണ്. അദ്ദേഹം ജൂമായ്ക്കു പോകുന്നുണ്ടെങ്കിൽ ക്രിസ്ത്യാനികൾ ഇവിടെ കുർബാനക്ക് പോകുന്നുണ്ട്. അങ്ങനെയാണെങ്കിൽ വൃദ്ധനായ മുഖ്യമന്ത്രി ആഭ്യന്തരം കൈകാര്യം ചെയ്യുന്നത് നല്ലതു തന്നെ യാണ്. ബഹളം അതിലൊരു സംശയവും വേണ്ട. പോലീസ് ഇത്രയും

LIBRARY ARCHIVES Kerala Legislative Assembly

സംയമനം പാലിച്ച ഒരു കാലഘട്ടം കേരളത്തിൽ മുമ്പുണ്ടായിട്ടുണ്ടോ? നിങ്ങൾ കാട്ടിക്കൂട്ടുന്ന ആക്രമങ്ങളുണ്ടല്ലോ, നിങ്ങളുടെ ഭാര്യമാരോടു ചോദിച്ചു നോക്കൂ, അവർ ആ രംഗങ്ങളെല്ലാം ടി.വി.യിൽ കണ്ടതാണ്. ദൃശ്യമാധ്യമങ്ങളിൽ, നിങ്ങൾ കല്ലെടുത്തെറിയുന്നതു കാണാമായിരുന്നു. പൊതുമുതൽ നശിപ്പിക്കുന്നതിനെതിരായി ശ്രീ. എ.കെ. ആന്റണി എന്തൊക്കെയാണ് പറഞ്ഞത്, വെട്ടു കല്ലെടുത്ത് എറിയുന്നത് അങ്ങ് ടി.വിയിൽ കണ്ടില്ലേ? അങ്ങ് ബന്ദിനെതിരായി പ്രസ്താവന നടത്തിയില്ലേ? ശ്രീ. എം.എം. ഹസ്സനെ കുടഞ്ഞിരുത്തിയില്ലേ? ആരൊക്കെ അന്നു വന്നു, ശ്രീ. വി.ആർ കൃഷ്ണയ്യർ, സുകുമാർ അഴീക്കോട്, എന്തൊക്കെ പറഞ്ഞു? ഇപ്പോഴത്തെ സ്ഥിതി എന്താണ്? എത്ര പൊതുമുതലാണ് നിങ്ങൾ നശിപ്പിച്ചത് ...ബഹളം... കഴിഞ്ഞ മൂന്നര വർഷമായി കേരളത്തിൽ നടന്നതുപോലെയുള്ള വികസനം ഇന്ത്യയിലെ ഏതെങ്കിലുമൊരു സംസ്ഥാനത്തുണ്ടായിട്ടുണ്ടോ? എന്റെ ഗുരുവായൂർ മണ്ഡലത്തിൽ കോടിക്കണക്കിന് രൂപയുടെ വർക്കാണ് നടക്കുന്നത്. 25 വർഷമായിട്ടും നിങ്ങൾക്കുപോലും ചെയ്യാൻ കഴിയാതിരുന്ന ഗുരുവായൂർ ഡ്രെയിനേജ് ടെണ്ടർ ചെയ്തിരിക്കുകയാണ്. ശ്രീ. കരുണാകരൻ വന്നിട്ട് എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞോ? ഗുരുവായൂരിലെ ഏറ്റവും വലിയ പ്രശ്നമായിരുന്നു ഈ ഡ്രെയിനേജു പ്രശ്നം. അതുപോലെ എന്റെ മണ്ഡലത്തിൽ കോടിക്കണക്കിനു രൂപയുടെ വികസനം നടക്കുകയാണ്. ഇൻഫർമേഷൻ രംഗത്ത് കുതിച്ചുചാട്ടം തന്നെയുണ്ടായിരിക്കുന്നു. ചക്കാകണ്ടത്തെ പ്രശ്നം അറിയില്ലേ? നമ്മളൊരുമിച്ചല്ലേ എതിർത്തത്? അതുകൊണ്ട് അക്കാര്യങ്ങളെ സംബന്ധിച്ച് നമുക്ക് സംസാരിക്കണ്ട. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കു പോകുന്നില്ല. ഈ ഗവൺമെന്റ് നടത്തിയ പ്രവർത്തനങ്ങളെപ്പോലെ വികസന പ്രവർത്തനങ്ങൾ നടത്തിയ ഒരു ഗവൺമെന്റില്ല. ഗവൺമെന്റിനോട് എനിക്കുള്ള പരാതി എന്താണെന്നുവച്ചാൽ ഇവർ നടത്തിയ വികസന പ്രവർത്തനങ്ങൾ എന്താണെന്ന് ജനങ്ങളെ അറിയിക്കുവാനുള്ള ഒരു വലിയ ശ്രമം നടത്തേണ്ടിയിരിക്കുന്നു എന്നാണ്. അത്രയധികം വികസന പ്രവർത്തനങ്ങൾ നടത്തി. ക്രമസമാധാന രംഗത്തായാലും ശരി, വികസന രംഗത്തായാലും ശരി ഗംഭീരമായ ഭരണം കാഴ്ചവച്ച ഒരു ഗവൺമെന്റാണിത്.

<u>മി. ചെയർമാൻ</u> : അങ്ങയുടെ സമയം കഴിഞ്ഞു. കൺക്ലൂഡ് ചെയ്യണം.

<u>ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്</u> : ഇവിടെ ഓരോരുത്തരും അര മണിക്കൂറാണ് പ്രസംഗിച്ചത്.

<u>മി. ചെയർമാൻ</u> : അതൊക്കെ കക്ഷിനേതാക്കൻമാരാണ്.

<u>ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്</u> : അവരും ഞാനും ഒരേ വോട്ടുവാങ്ങി വന്നതല്ലേ? എന്താണ് ഇത്? നമ്മളൊക്കെ അപൂർവ്വമായിട്ട് സംസാരിക്കുന്ന ആളുകളാണ്. നമ്മളൊന്നും എപ്പോഴും പ്രസംഗിക്കുന്ന ആളുകളല്ല. അത് അങ്ങ് മനസ്സിലാക്കണം. ഇതിൽ ഒരു അനീതിയുണ്ട്.

<u>മി. ചെയർമാൻ</u> : ബഹുമാനപ്പെട്ട മെമ്പർ കൺക്ലൂഡ് ചെയ്യണം,

<u>ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്</u> : ഒട്ടനവധി നേട്ടങ്ങളുണ്ടാക്കിയ ഈ ഗവൺമെന്റിനുവേണ്ടി ഗവർണ്ണർ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, പോയിന്റ് ഓഫ് ഓർഡർ, നമ്മുടെ സംസ്ഥാനത്ത് മൂന്നുകോടി ജനങ്ങളുടെ ഭരണം നടത്തുന്ന, ജനങ്ങൾ തെരഞ്ഞെടുത്ത നമ്മുടെ സംസ്ഥാനത്തെ ആയിരക്കണക്കിനുള്ള പോലീ

LIBRARY ARCHIVES Kerala Legislative Assembly

സിന്റെ നിയന്ത്രണമുള്ള ആഭ്യന്തര വകുപ്പുകൂടി കൈകാര്യം ചെയ്യുന്ന ബഹു. മുഖ്യമന്ത്രി വൃദ്ധനാണെന്ന് ഒരു അംഗം പറയുന്നത് ഓർഡറിലാണോ, അങ്ങയുടെ റൂളിംഗ് വേണം. അതിന്റെ അർത്ഥം അദ്ദേഹത്തിന് കാര്യങ്ങൾ ചെയ്യാനുള്ള കഴിവ് ഇല്ലെന്നു പറയുന്നതുതന്നെയാണ്. പരസ്യമായി ഒരംഗം മുഖ്യമന്ത്രിയെ ആക്ഷേപിക്കുന്നത് ഓർഡറിലാണോ.

<u>മി. ചെയർമാൻ</u> : ഇത് ആക്ഷേപമൊന്നുമല്ല. പ്രായത്തെ വളരെ ബഹുമാനിച്ചുകൊണ്ടുതന്നെയാണ് പറഞ്ഞത്. പ്രായമുണ്ടെന്നുള്ള ഒരു സൂചന മാത്രമേയുള്ളൂ. ഇതിൽ യാതൊരു പോയിന്റ് ഓഫ് ഓർഡറും ഇല്ല.

<u>പ്രൊഫ. എ.വി. താമരാക്ഷൻ</u> : സർ, ബഹുമാനപ്പെട്ട കേരള ഗവർണ്ണർ ഈ സഭയിൽ ചെയ്ത പ്രസംഗത്തിലും പ്രസ്തുത പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് നന്ദിപ്രമേയ ചർച്ചയിൽ പങ്കെടുത്തു് സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി ശ്രീ. പിണറായി വിജയൻ ചെയ്ത പ്രസംഗത്തിലും കേന്ദ്രഗവൺമെന്റിന്റെ ജനവിരുദ്ധ നയങ്ങളെ സംബന്ധിച്ചും ബി.ജെ.പി.യുടെ വർഗ്ഗീയ ഫാസിസത്തെ സംബന്ധിച്ചും പറഞ്ഞ അഭിപ്രായത്തോട് ആർ.എസ്.പി.(ബി) പൂർണ്ണമായും യോജിക്കുകയാണ്. ഇന്ന് നമ്മുടെ രാജ്യം നേരിടുന്ന ഏറ്റവും വലിയ മാഹാവിപത്താണ് ബി.ജെ.പി. ഉയർത്തുന്ന വർഗ്ഗീയ ഫാസിസം. ഈ വർഗ്ഗീയ ഫാസിസ്റ്റ് ശക്തികളെ എങ്ങനെയാണ് നേരിടാൻ കഴിയുക? ആർ.എസ്.പി.യുടെ അഭിപ്രായത്തിൽ ഇൻഡ്യയിൽ ഇന്ന് ബി.ജെ.പി. ഉയർത്തിയിരിക്കുന്ന ഈ വർഗ്ഗീയ ഫാസിസത്തെ കോൺഗ്രസ്സിനുമാത്രമായി പരാജയപ്പെടുത്തുവാൻ കഴിയുമെന്ന് ആർ.എസ്.പി. പറയുന്നില്ല. ഇടതുപക്ഷ പാർട്ടികൾക്കാണെങ്കിൽ തീരെയും കഴിയുകയില്ല. 545 ലോക്സഭാ മെമ്പർമാരുള്ള ലോക്സഭയിൽ 42 പേർ മാത്രമാണ് ഇടതുമുന്നണിക്കുള്ളത്. മൂന്നാം മുന്നണി ഇന്ന് ദേശീയ രാഷ്ട്രീയത്തിലില്ല. ഈ സാഹചര്യത്തിൽ ഒരു മതേതര മുന്നണിക്കാണ് ആവശ്യം. രാജ്യം ഇന്നു നേരിടുന്ന മഹാവിപത്തിൽ നിന്ന് രാജ്യത്തെ രക്ഷിക്കാൻ. രാജ്യത്തോടു സ്നേഹമുള്ള എല്ലാ പ്രസ്ഥാനങ്ങളും ആലോചിക്കേണ്ടത് ഒരു മതേതര മുന്നണിയെപ്പറ്റിയാണ്. ഇടതുപക്ഷ പാർട്ടികളും മറ്റു മതേതര പാർട്ടികളും ചേർന്ന ഒരു മുന്നണിയാണ് ഈ രാജ്യത്തിന് ആവശ്യമായിരിക്കുന്നത്. കോൺഗ്രസ്സിന്റെ എല്ലാ നയങ്ങളോടും ആർ.എസ്.പി.ക്ക് യോജിപ്പില്ല. സാമ്പത്തിക നയങ്ങൾ പലതിലും മാറ്റം വരുത്തേണ്ടതായിട്ടുണ്ട്. ശ്രീമതി സോണിയാഗാന്ധിയടക്കം ശ്രീ. എ.കെ. ആന്റണിയടക്കമുള്ള നേതാക്കൻമാർ ആ സാമ്പത്തിക നയങ്ങളിൽ കാതലായ മാറ്റം വരുത്താൻ വേണ്ടി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഇൻഡ്യാ രാജ്യത്ത് കോൺഗ്രസ്സ് ദുർബലമായാൽ ഇടതുപക്ഷപാർട്ടിക്ക് അതുകൊണ്ട് നേട്ടമുണ്ടോ? എവിടെ കോൺഗ്രസ്സ് ദുർബ്ബലമാകുന്നുവോ അവിടെ ബി.ജെ.പി.യാണ് വളരുന്നത്. ഈ യാഥാർത്ഥ്യം കണക്കിലെടുത്തുകൊണ്ട് ഒരു മതേതര മുന്നണി ഈ രാജ്യത്ത് കെട്ടിപ്പടുക്കാനുള്ള ആത്മാർത്ഥമായ പരിശ്രമങ്ങളാണ് ഉണ്ടാകേണ്ടത്.

മറ്റൊന്ന് സംവരണത്തെക്കുറിച്ചാണ്. സംവരണത്തെക്കുറിച്ച് ബഹുമാനപ്പെട്ട ഇ.ടി. മുഹമ്മദ് ബഷീർ പറഞ്ഞ അഭിപ്രായത്തോട് ആർ.എസ്.പി.(ബി) പൂർണ്ണമായും യോജിച്ചിരിക്കുകയാണ്. നമ്മുടെ ഭരണഘടനയിൽ 16(4) അനുസരിച്ചാണ് വിദ്യാഭ്യാസപരമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗക്കാർക്ക് സംവരണം ഉറപ്പുവരുത്താൻ തീരുമാനിച്ചത്. ക്രീമിലെയർ എന്ന ആശയം തന്നെ ഭരണഘടനാ വിരുദ്ധമാണ്. ക്രീമിലെയർ ഉണ്ടെന്ന അഭിപ്രായത്തോട് ആർ.എസ്.പി (ബി)ക്ക് യോജിപ്പില്ല, അതുകൊ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടുതന്നെയാണ് ഐക്യമുന്നണി ഗവൺമെന്റ് സംവരണ സംരക്ഷണ നിയമം കൊണ്ടുവന്നപ്പോൾ അന്ന് പ്രതിപക്ഷത്തിരുന്ന ശ്രീ. ബേബിജോൺ നേതൃത്വം കൊടുക്കുന്ന പാർലമെന്ററി പാർട്ടി അതിനെ പൂർണ്ണമായും പിന്തുണയ്ക്കാൻ തയ്യാറായത്. നിർഭാഗ്യകരമെന്ന് പറയട്ടെ ആ നിയമത്തെ അട്ടിമറിക്കാൻ ചില ഗൂഢസംഘങ്ങൾ പ്രവർത്തിച്ചതായി ഇന്ന് വെളിയിൽ വന്നുകൊണ്ടിരിക്കുന്നു. ഈ രാജ്യത്തെ പിന്നോക്ക ജനവിഭാഗങ്ങൾക്ക്, സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക്, ഭരണഘടനയിൽ വിഭാവനം ചെയ്യുന്ന തരത്തിലുള്ള സംവരണം ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടത് നിയമസഭയാണ്. ആ തരത്തിൽ ഈ ഗവൺമെന്റ് മുന്നോട്ട് പോകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഇന്ന് ഈ നയപ്രഖ്യാപനം നടത്തുമ്പോൾ ഈ ഗവൺമെന്റിന് നാലു വർഷം തികയുവാൻ പോകുന്നു. ഒരു ഗവൺമെന്റിനെ വിലയിരുത്തുമ്പോൾ ഗവൺമെന്റിന്റെ കാലയളവിൽ ആ സംസ്ഥാനത്തെ ജനജീവിതം എത്രകണ്ട് മെച്ചപ്പെടുത്തുവാൻ കഴിഞ്ഞു എത്രകണ്ട് തൊഴിലവസരം ഉണ്ടാക്കാൻ കഴിഞ്ഞു. സാമ്പത്തികസ്ഥിതി എത്രകണ്ട് ഉയർത്താൻ കഴിഞ്ഞു എന്നതല്ലെ പരിശോധിക്കേണ്ടത്. അത് പരിശോധിക്കുമ്പോൾ ഏതെങ്കിലും മേഖലയിൽ ഈ ഗവൺമെന്റിന് ഒരു മാറ്റമുണ്ടാക്കാൻ കഴിഞ്ഞോ? കേരളത്തിലെ കാർഷിക മേഖല പൂർണ്ണമായും തകർന്നു കിടക്കുന്നു. കർഷകത്തൊഴിലാളികൾക്ക് തൊഴിൽ ഇല്ല. കൃഷിക്കാർ പ്രയാസകരമായ ജീവിതത്തിലേയ്ക്ക് പുറംതള്ളപ്പെട്ടുകൊണ്ടിരിക്കുന്നു. വ്യാവസായിക മേഖല കൂട്ടമായി പ്രതിസന്ധിയിലാണ്. നിരവധി വ്യവസായ സ്ഥാപനങ്ങൾ പൂട്ടി. വൈദ്യുതി ചാർജ്ജിന്റെ വർദ്ധനവ് തുടങ്ങി പല കാരണങ്ങളാൽ ഇന്ന് വ്യാവസായികമേഖലയിൽ ശ്മശാനമൂകത നിലനിൽക്കുകയാണ്. നിരവധി വ്യവസായങ്ങൾ പൂട്ടി. മത്സ്യ മേഖല; തീരപ്രദേശങ്ങളിലാകെ പട്ടിണിയാണ്. തീരപ്രദേശങ്ങളാകെ പട്ടിണി പ്രദേശമായി മാറിയിരിക്കുന്നു. അതുപോലെ എല്ലാ ഉൽപാദന മേഖലയും സ്തംഭിച്ചിരിക്കുന്നു. ഈ സംസ്ഥാനത്ത് കാർഷിക ഉൽപാദനം കൂടിയാൽ, വ്യാവസായിക ഉൽപാദനം കൂടിയാൽ, തൊഴിലാളികൾക്ക് വരുമാനം കൂടും. വ്യാവസായികളുടെ വരുമാനം കൂടും. നാട്ടിലാകെ ചലനമുണ്ടാകും. ഇപ്പോൾ കടകമ്പോളങ്ങളിൽ കച്ചവടമുണ്ടോ? ഈ സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലും സഞ്ചരിക്കുമ്പോൾ കാണുന്നത് അതാണ്. കടകമ്പോളങ്ങളിൽ കച്ചവടമില്ല. ഓട്ടോറിക്ഷക്കാർക്ക് ഓട്ടമില്ല. ടാക്സി ഡ്രൈവർമാർക്ക് ഓട്ടമില്ല. ഞാൻ മിനിഞ്ഞാന്ന് കോട്ടയത്ത് ചെന്ന അവസരത്തിൽ ഒരു ഗ്രാമത്തിൽ 32 കിന്റൽ റേഷൻ പോകുന്ന കടയിൽ 4 കിന്റൽ റേഷനാണ് ആളുകൾ വാങ്ങുന്നത്. അവർക്ക് കൈശേഷി ഇല്ല. കേരളത്തിൽ ആരുടെ കൈയിലാണ് പണമുള്ളത്. എല്ലാ മേഖലകളും തകർന്നു കിടക്കുന്നു. ജനകീയാസൂത്രണം കൊണ്ടുവന്നു. അത് നല്ല ആശയമായിരുന്നു. നമ്മുടെ സാമ്പത്തിക രംഗത്തെ മുരടിപ്പു മാറ്റിയെടുക്കാൻ, അഴിമതി അവസാനിപ്പിക്കാൻ, ജനങ്ങൾക്ക് പങ്കാളിത്തം കൊണ്ടുവരാൻ വേണ്ടി കൂട്ടി കൊണ്ടുവന്ന പദ്ധതിയാണ്. അതിൽ ഏതെങ്കിലും രംഗത്ത് നമുക്ക് മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടുണ്ടോ? ഉൽപാദന മേഖലയിൽ എന്തെങ്കിലും ചലനമുണ്ടാക്കാൻ കഴിഞ്ഞോ? ചൈനയെക്കുറിച്ച് ഞാൻ ആഹ്ലാദം കൊള്ളുന്നു ചൈന ഇന്ന് ലോകത്തിൽ ഏറ്റവും സമ്പദ്സമൃദ്ധമായി മാറി. എന്താണ് കാരണം? 11.9. ശതമാനം വളർച്ചാ നിരക്കാണ് ചൈനയിലുള്ളത്. നമുക്ക് നെഗറ്റീവ് ഗ്രോത്ത് റേറ്റാണ്. ഈ സംസ്ഥാനത്തിന്റെ ഭാവി എന്താണ്? ഏതെങ്കിലും വ്യവസായം കേരളത്തിൽ വന്നോ? എവിടെയെങ്കിലും തൊഴിലവസരമുണ്ടാക്കിയോ? ജനങ്ങളുടെ കൈയിൽ പണമുണ്ടോ? നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ വില്പന നികുതി കുറയുന്നു. രജിസ്ട്രേഷൻ നികുതി കുറയുന്നു. പത്ത് സെന്റ് സ്ഥലം വിറ്റ് ഒരു മോളെ കെട്ടിക്കാൻ നോക്കിയാൽ സ്ഥലമെടുക്കാൻ ആളുകളുടെ കൈയിൽ പണമുണ്ടോ? ആരുടെ കൈയിൽ പണമുണ്ട്? ഇത്രയേറെ സാമ്പത്തിക രംഗം തകർന്ന ഒരു സാഹചര്യം ഇതിനു മുൻപ് ഉണ്ടായിട്ടുണ്ടോ? സംസ്ഥാനത്തിന്റെ കടം എത്രയാണ്? നാലു വർഷം കൊണ്ട് സംസ്ഥാനത്തിന്റെ കടം ഇരട്ടിയായി. 408 കോടി ആയിരുന്ന റവന്യൂ കമ്മി 3000 കോടി രൂപയായി. നമ്മുടെ സമ്പദ്ഘടന കടക്കെണിയിലേക്ക് പോയിരിക്കുന്നു. അടിസ്ഥാനസൗകര്യത്തിനുവേണ്ടി 502 കോടിയോളം രൂപ വലിയ പലിശ കൊടുത്ത് എടുത്തിട്ട് അതിൽ ഒരു പൈസപോലും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. നമുക്ക് ശമ്പളം കൊടുക്കാനേ കഴിഞ്ഞുള്ളു. ഇങ്ങനെ പോയാൽ ഈ സംസ്ഥാനത്തിന് ഭാവിയുണ്ടോ? ഗൾഫ് രാജ്യങ്ങളൊക്കെ ആകെ അടഞ്ഞുകിടക്കുന്നു. അങ്ങോട്ടേയ്ക്കു പോകാൻ മാർഗ്ഗമില്ല. കേരളത്തിന് വെളിയിലേയ്ക്ക് പോകാൻ മാർഗ്ഗമില്ല. തമിഴ്നാട്ടിലും ആന്ധ്രയിലും ബംഗാളിലുമൊക്കെ പോയി മനസ്സിലാക്കണം. അവിടെയൊക്കെ എത്രയോ വ്യവസായ സ്ഥാപനങ്ങൾ..... ബഹളം .....

ഈ കാലയളവിൽ പശ്ചിമ ബംഗാളിൽ പതിനായിരക്കണക്കിന് കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റ് ഉണ്ടായി. തമിഴ്നാട്ടിലും ആന്ധ്രയിലും ഉണ്ടായി. കേരളത്തിൽ എന്തെങ്കിലും ഇൻവെസ്റ്റ്മെന്റ് ഉണ്ടായോ? ഇവിടെ കേന്ദ്ര അവഗണനയെക്കുറിച്ച് സംസാരിക്കുന്നു. 1996-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കേന്ദ്രത്തിൽ അധികാരത്തിൽ ഇരുന്നത് ദേവഗൗഡ ഗവൺമെന്റാണ്. ഇടതുപക്ഷ പാർട്ടിക്ക് സ്വാതന്ത്ര്യം ഉള്ള ഗവൺമെന്റ് അല്ലായിരുന്നോ? പത്തു പൈസ വാങ്ങിയെടുക്കാൻ കഴിഞ്ഞോ? ദേവഗൗഡ പോയി, ഗുജറാൾ വന്നു. 6000 കോടി രൂപയുടെ കടം പഞ്ചാബിൽ എഴുതിത്ത ള്ളിയില്ലേ? നമുക്ക് പത്തു പൈസ വാങ്ങിയെടുക്കാൻ കഴിഞ്ഞോ? ഞാൻ ഇക്കാര്യങ്ങളെ സംബന്ധിച്ച് കഴിഞ്ഞ മൂന്നു കൊല്ലങ്ങളായി ഈ അസംബ്ളിയിൽ പറയുന്നു ..... ബഹളം .....

തമിഴ്നാട്, ആന്ധ്ര, കർണാടകം, ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിലൊക്കെ പതിനായിരക്കണക്കിന് കോടി ഉറുപ്പികയുടെ ഇൻവെസ്റ്റ്മെന്റ് ഉണ്ടാക്കി വ്യാവസായിക രംഗത്തും കാർഷിക രംഗത്തും കുതിച്ചു പായുമ്പോൾ കേരളം ആകെ തകർന്നിരിക്കുന്നു. നാലു വർഷംകൊണ്ട് ഇവിടെ വ്യാജ മദ്യം ഒഴുക്കിയിരിക്കുകയാണ്. ഇവിടെ കുടിവെള്ളമില്ല. ഈ സംസ്ഥാനത്തെ കള്ളു ഷാപ്പുകളിൽ വിൽക്കുന്നത് എന്തു കള്ളാണ്? വ്യാജകള്ള്. ആരാണ് ഈ കള്ളു കുടിക്കുന്നത്? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ലക്ഷക്കണക്കായ പാവപ്പെട്ട തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ കയർ തൊഴിലാളികൾ, മറ്റു കൂലിവേലക്കാർ തുടങ്ങിയ വിഭാഗങ്ങൾക്ക് വിഷച്ചാരായവും വിഷക്കള്ളും കൊടുത്ത് കോടികൾ ഉണ്ടാക്കാൻ ഒരുപിടി മുതലാളിമാർക്ക് നിങ്ങൾ കൂട്ടുനിൽക്കുന്നു. അത് ശരിയോണോ? ഗവൺമെന്റ് അതിൽനിന്നും പിന്തിരിയണം ..... ബഹളം..... ബഹളം .....

<u>മി. ചെയർമാൻ</u> : ബഹുമാനപ്പെട്ട മെമ്പർക്ക് അനുവദിച്ച സമയം കഴിഞ്ഞു. കൺക്ലൂഡ് ചെയ്തു.

<u>പ്രൊഫ. എ.വി. താമരാക്ഷൻ</u> : ഒരു ഗവൺമെന്റ് ഇടതുപക്ഷമാണോ വലതുപക്ഷമാണോ എന്ന് വിലയിരുത്തുന്നത് ആ ഗവൺമെന്റ് ഏതു വർഗ്ഗത്തിനുവേണ്ടി നിലകൊള്ളുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ്. നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് കർഷക തൊഴിലാളി പെൻഷൻ കുടിശ്ശിക, കയർതൊഴിലാളി പെൻഷൻ കുടിശ്ശിക അഗതികൾക്കുള്ള പെൻഷൻ കുടിശ്ശിക തുടങ്ങി മുഖ്യമന്ത്രിയുടെ ഫണ്ടിൽനിന്ന് ചികിത്സയ്ക്ക് കൊടുക്കുന്ന 2000 ഉറുപ്പിക പോലും മൂന്നു വർഷമായി കുടിശ്ശിക, കിടക്കുകയാണ്., ഈ സംസ്ഥാനത്തെ സാധാരണ ജനവിഭാഗങ്ങളെ അവഗണിച്ചുകൊണ്ട് മദ്യ മുതലാളിമാർക്കു വേണ്ടിയും വനം മുതലാളിമാർക്കു വേണ്ടിയും കൂട്ടുനിൽക്കുന്നുവെങ്കിൽ അത് അംഗീകരിക്കാൻ തൊഴിലാളി വർഗ്ഗ രാഷ്ട്രീയ പാർട്ടി (ആർ.എസ്.പി) - ക്ക് കഴിയുകയില്ല. ആർ.എസ്.പി. പ്രത്യേകിച്ചും ഒരു തൊഴിലാളി വർഗ്ഗ പാർട്ടിയാണ്.

(അദ്ധ്യക്ഷ വേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ഇന്നത്തെ സ്ഥിതി എന്താണ്? 13, 000 ഹെക്ടർ വനഭൂമി നമുക്ക് നഷ്ടപ്പെടുകയാണ്. എന്താണ് കാരണം? ഒൻപത് മാസങ്ങൾക്ക്മുമ്പ് ഗവൺമെന്റ് ഒരു ഓർഡിനൻസ് കൊണ്ടുവന്നു. ആ ഓർഡിനൻസ് നടപ്പിലാക്കാൻ ഗവൺമെന്റ് തയ്യാറായില്ല. ചില മന്ത്രിമാരുടെ ഇടപെടൽകൊണ്ട് 13,000 ഹെക്ടർ വനഭൂമി നഷ്ടപ്പെടുകയാണ് കേരളത്തിൽ, ... ബഹളം ..... ബഹളം .....

(തുടർന്നുണ്ടായ ബഹളത്തിനിടയിൽ ഭരണപക്ഷത്തേയും പ്രതിപക്ഷത്തേയും പിൻനിരയിലെ അംഗങ്ങൾ പ്രൊഫ.എ.വി. താമരാക്ഷന്റെ അടുത്തേയ്ക്ക് നീങ്ങിയപ്പോൾ ഇരുപക്ഷത്തേയും സീനിയർ അംഗങ്ങൾ അവരെ പിന്തിരിപ്പിക്കുകയും അല്പനേരം സഭയിൽ ബഹളം ഉണ്ടാവുകയും ചെയ്തു.)

മി. ഡെപ്യൂട്ടി സ്പീക്കർ : എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും അവരവരുടെ സ്ഥാനങ്ങളിലേയ്ക്ക് പോയി ഇരിക്കുന്നതിന് എല്ലാ കക്ഷിനേതാക്കളോടും ചെയർ അഭ്യർത്ഥിക്കുകയാണ്..... ബഹളം.....

എല്ലാ മെമ്പർമാരും അവരവരുടെ സീറ്റിൽ ഇരിക്കണമെന്ന് അപേക്ഷിക്കുന്നു. ഏതു കാര്യവും ചർച്ച ചെയ്ത് പരിഹരിക്കാവുന്നതാണ്.

(ബഹളം).....

പ്രൊഫ. എ.വി. താമരാക്ഷൻ : ഒച്ച വച്ചും ഭീഷണികൊണ്ടും നാവടക്കാമെന്ന് ആരും കരുതണ്ട.

മി. ഡെപ്യൂട്ടി സ്പീക്കർ : ചെയറിന് ഈ സഭയിൽ ഇതുപോലൊരു സംഭവം ഉണ്ടായതിൽ ഖേദമുണ്ട്. കിറുക്കനെ ചങ്ങലയ്ക്കിടാം. ചങ്ങലയ്ക്ക് കിറുക്കു വന്നാൽ ഒന്നും ചെയ്യാൻ പറ്റില്ല. അതുകൊണ്ട് എല്ലാ മെമ്പർമാരും അവരവരുടെ ഉത്തരവാദിത്വത്തോടുകൂടി..... ഇതൊക്കെ ആളുകൾ കണ്ടും കേട്ടും ഇരിക്കുന്നതാണു്. അത് മെയിന്റയിൻ ചെയ്തുകൊണ്ടുപോകണം.

(ബഹളം).....

ശ്രീ. ടി. നാണു മാസ്റ്റർ : ബഹുമാനപ്പെട്ട ചെയർ പറഞ്ഞത് ഞങ്ങൾ കേട്ടു. ഇവിടെ പ്രതിപക്ഷ കക്ഷിയിൽ ഇരിക്കുന്ന ഒരു മെമ്പർ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുമ്പോൾ ഭരണകക്ഷിവിട്ട് എൽ.ഡി.എഫിനെ അടച്ചു് ആക്ഷേപിച്ച് സംസാരിക്കുന്നതാണ് ഒന്നു്. ആ ഘട്ടത്തിൽ ഭരണകക്ഷിയിലെ ബെഞ്ചുകളിലേയ്ക്കു പ്രതിപക്ഷം പാഞ്ഞുവന്നതിനെക്കുറിച്ച് വ്യക്തമായ റൂളിംഗ് നൽകണം. പ്രതിപക്ഷങ്ങൾ ഇവിടെ വന്ന് കൂട്ടത്തോടെ ആക്രമിക്കാൻ ശ്രമിച്ചത് ഓർഡറിലാണോയെന്ന് അങ്ങ് പറയണം.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : അതിനെക്കുറിച്ച് യാതൊരു റൂളിംഗും ഇല്ല. ഭരണകക്ഷിയാണോ പ്രതിപക്ഷമാണോ എന്ന വിവാദത്തിന് ചെയറില്ല.

(ബഹളം).....

ശ്രീ. ആനത്തലവട്ടം ആനന്ദൻ : പ്രതിപക്ഷ മെമ്പർമാർ ഭരണപക്ഷത്തിന്റെ ബ്ലോക്കിലേയ്ക്കാണ് കടന്നുവന്നത്. ഞങ്ങൾ അപ്പുറത്തേയ്ക്കു പോയില്ല. നേരത്തെ ശ്രീ. നാണു മാസ്റ്റർ ചോദിച്ച ചോദ്യം പ്രസക്തമാണ്. ഇടതുപക്ഷ മുന്നണിയുടെ വോട്ടുവാങ്ങി ഇവിടത്തെ പ്രവർത്തകർ പാടുപെട്ട് വിജയിപ്പിച്ച ഒരാൾ ഇപ്പുറത്ത് നിന്നും ഇങ്ങനെ പ്രസംഗിക്കുന്നതിനേക്കാൾ അപ്പുറത്ത് നിന്നു പ്രസംഗിക്കുന്നതാണ് സാമാന്യ മര്യാദ. അതു ചെയ്യാതിനു നാൽ ഇവിടെയുള്ള ആളുകൾ പ്രതിഷേധിക്കും. ഇതേ സംബന്ധിച്ചാണ് അങ്ങ് പറയേണ്ടത്.

മി.ഡെപ്യൂട്ടി സ്പീക്കർ : ഇതൊക്കെ റൂളിംഗ് കൊണ്ട് പരിഹരിക്കാവുന്ന പ്രശ്നമല്ല.

പ്രൊഫ. എ.വി. താമരാക്ഷൻ : 13.12.99-ൽ ബഹുമാനപ്പെട്ട നിയമസഭാ സ്പീക്കർ ഈ സഭയിൽ ബേബി ജോൺ ലീഡറായിട്ടുള്ള ബ്ലോക്കായി പരിഗണിച്ച് ഞങ്ങൾ പാർലമെന്ററി പാർട്ടി കൂടി. പാർട്ടി സംസ്ഥാന കമ്മിറ്റി കൂടി എൽ.ഡി.എഫിൽ നിന്നും എല്ലാ ബന്ധങ്ങളും വിച്ഛേദിച്ച് രണ്ടിലും ചേരാതെ സ്വതന്ത്രമായ നിലപാട് സ്വീകരിച്ചു.

ഞങ്ങൾക്കിപ്പോൾ ഒരു മുന്നണിയുമായും ബന്ധമില്ല. (ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. താമരാക്ഷൻ പ്ലീസ് കൺക്ലൂഡ്.

പ്രൊഫ. എ.വി. താമരാക്ഷൻ : കേരളത്തിൽ ഈ സംസ്ഥാനത്ത് മൂന്ന് കോടി ജനങ്ങളോട് ആർ.എസ്.പിക്കു് ഉത്തരവാദിത്വമുണ്ട്. ഒരു പാർട്ടിയും അവരുടെ യജമാനൻമാരല്ല.

(ബഹളം) .....

സ്റ്റാലിൻ ജീവിച്ചിരുന്നപ്പോൾ ആ സ്റ്റാലിനിസം തെറ്റാണെന്ന് മുഖത്തു നോക്കി പറയാൻ തന്റേടം കാണിച്ച ലോകത്തിലെ ഏക കമ്മ്യൂണിസ്റ്റുകാരൻ.

(ബഹളം) .....

ഡെപ്യൂട്ടി സ്പീക്കർ : ചെയറുമായി സഹകരിക്കുക.

ശ്രീ. എ.വി. താമരാക്ഷൻ : ഞാൻ നിർത്തുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, അൽപം മുൻപേ ബഹുമാന്യനായ ശ്രീ. പി.ടി.കുഞ്ഞിമുഹമ്മദ്, ദീപക് മേത്തക്ക് ആവിഷ്ക്കാര സ്വാതന്ത്ര്യം നിഷേധിച്ചതിനെതിരായിട്ടുള്ള നമ്മുടെ കേരളത്തിന്റെ ജനാധിപത്യ രോഷം പ്രകടിപ്പിക്കുകയുണ്ടായി. ഈ സഭയിൽ നമ്മുടെ കൺമുന്നിൽ വച്ച് ഈ സഭയിലെ ഒരംഗം ഭരണകക്ഷിക്കെതിരെ സംസാരിച്ചപ്പോൾ ഭരണകക്ഷിയിലുള്ള മെമ്പർമാർ, ഒരു ഡസനോളം ആൾക്കാർ ആ മെമ്പറുടെ അടുത്തേയ്ക്ക് ഓടുകയുണ്ടായി. ഈ സഭയുടെ ചരിത്രത്തിൽ ഈ സഭയ്ക്ക് ഇത്രയും കളങ്കമുണ്ടാക്കിയ ഈ സംഭവത്തിൽ ഭരണകക്ഷി ഒരു ദു:ഖം പ്രകടിപ്പിക്കാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് നടത്തുകയാണ്.

ശ്രീ. പി. രാജു : സർ, ഇവിടെ ശ്രീ. താമരാക്ഷൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ പ്രതിപക്ഷ മെമ്പർമാർ ആ പ്രസംഗം തടസ്സപ്പെടുത്താൻ വന്ന

LIBRARY ARCHIVES Kerala Legislative Assembly

പ്പോൾ ആ തടസ്സപ്പെടുത്തൽ ഒഴിവാക്കാനാണ് ഞങ്ങൾ ഭരണകക്ഷി എം.എൽ.എ.മാർ ശ്രമിച്ചത്. അത് ദുർവ്യാഖ്യാനിച്ചാണ് ഇവിടെ ശ്രീ. എ.കെ. ആന്റണി പ്രസംഗിച്ചുകൊണ്ട് വാക്കൗട്ട് നടത്തിയത്. ഈ നടപടി തെറ്റാണ്. ഭരണകക്ഷി മെമ്പറായ ശ്രീ. താമരാക്ഷനെ ആക്രമിക്കാൻ പ്രതിപക്ഷക്കാർ ശ്രമിച്ചപ്പോൾ അതു തടയാനാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി പരിശ്രമിച്ചത്. അത് ദുർവ്യാഖ്യാനം ചെയ്തുകൊണ്ടാണ് പ്രതിപക്ഷ നേതാവ് ശ്രീ. എ.കെ. ആന്റണി വാക്കൗട്ട് നടത്തിയത് എന്നുള്ളത് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. അതിൽ അങ്ങയുടെ റൂളിംഗ് ഉണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ഭരണകക്ഷിയോ പ്രതിപക്ഷ മെമ്പർമാരോ അവരവരുടെ സ്ഥാനങ്ങൾ വിട്ട് മറ്റു മെമ്പർമാരുടെ സ്ഥാനത്തേയ്ക്ക് ഓടുന്നതു നമ്മുടെ സഭയ്ക്കു നല്ലതല്ല. അതുകൊണ്ട് ഇതിനു ബഹുമാനപ്പെട്ട കക്ഷി നേതാക്കൻമാർ ഒന്നിച്ചുകൂടിയിരുന്ന് ആലോചിച്ച് പരിഹാരം ഉണ്ടാക്കുക. എല്ലാ കക്ഷി നേതാക്കൻമാരുമായി ഇനി ചർച്ചയുണ്ട്. കക്ഷി നേതാക്കൻമാർ ആലോചിച്ചിട്ട് അതിന് പരിഹാര മാർഗ്ഗം ഉണ്ടാക്കുക.

ശ്രീ. പി.സി. ജോർജ് : സർ, ഇവിടെ ഒരു കാര്യം മനസ്സിലാക്കേണ്ടതായിട്ടുണ്ട്. ശ്രീ. താമരാക്ഷൻ ഇന്ന് സംസാരിച്ചപ്പോൾ അദ്ദേഹത്തിനു ശ്രീ. ടി. എം. ജേക്കബിന്റേയും ശ്രീ. ബാലകൃഷ്ണപിള്ളയുടേയും ശ്രീമതി ഗൗരിയമ്മയുടേയും സമയവും ഉണ്ടായിരുന്നു; അതിന് പ്രതിപക്ഷ വർത്തമാനം അദ്ദേഹം അവർക്കുവേണ്ടി പറഞ്ഞു. ഭരണകക്ഷി എന്നുള്ള നിലയിൽ കുറച്ചു സമയം ഉണ്ടായിരുന്നു. ഞങ്ങൾക്കുവേണ്ടിയും പറഞ്ഞു. ഇതൊരു നപുംസക പ്രസംഗമാണ്. ഭരണകക്ഷിയുടെയും പ്രതിപക്ഷത്തിന്റേയും സമയം ഒരുമിച്ചു മേടിച്ച് പ്രസംഗിക്കുക എന്നു പറഞ്ഞാൽ ഭരണകക്ഷിക്കുവേണ്ടിയും പ്രതിപക്ഷത്തിനു വേണ്ടിയും സഭയിൽ പ്രസംഗിക്കുക എന്നാണ്. അത് ഒരു നപുംസക പ്രസംഗമല്ലേ? പ്രസംഗം മുഴുവൻ നപുംസക പ്രസംഗമായിരുന്നു എന്നതുകൊണ്ട് അതു മുഴുവൻ രേഖകളിൽ നിന്നു നീക്കം ചെയ്യണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ പിൻതാങ്ങുകയാണ്. കേന്ദ്ര സർക്കാരിന്റെ തെറ്റായ സാമ്പത്തിക നയങ്ങളുടെ കെടുതികൾ നമ്മുടെ സംസ്ഥാനവും ഏറ്റുവാങ്ങുന്ന ഒരു സാഹചര്യത്തിലാണ് ഈ ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. ആ സാമ്പത്തിക നയങ്ങളുടെ കെടുതികൾ ഏറ്റുവാങ്ങിക്കൊണ്ട് അതിന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടാണ് കേരളത്തിലെ ജനങ്ങളുടെ ക്ഷേമൈശ്വര്യങ്ങൾ ഉറപ്പാക്കിക്കൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. മത്സരങ്ങളിലൂടെ നിലനിൽക്കുക എന്ന സിദ്ധാന്തം ക്ഷേമ പ്രവർത്തനങ്ങളെയും സബ്സിഡികളെയും ഒക്കെ നിരുൽസാഹപ്പെടുത്തുകയും നിഷേധിക്കുകയും ചെയ്യുന്നതാണ്. ഇറക്കുമതി ഉദാരമാക്കിയതിലൂടെ നമ്മുടെ കാർഷിക നാണ്യവിളകളുടെ വില ഇടിയുകയും വ്യാവസായിക ഉൽപ്പാദനം മുരടിക്കുകയും ചെയ്തിരിക്കുകയാണ്. റബ്ബറിന്റേയും കൊക്കോയുടെയും കാപ്പിയുടേയും വിലക്കുറവ് കാർഷിക മേഖലയെയാകെ തകർത്തിരിക്കുകയാണ്. ഈ സാഹചര്യത്തിലാണ് ഈ ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. റബ്ബറിന്റെ വിലയിടിവ് തടയാൻ ഒരു സംസ്ഥാന ഗവൺമെന്റിന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നുണ്ട്. അയ്യായിരം ടൺ റബ്ബർ കയറ്റുമതി ചെയ്യുകയും പതിനായിരം ടൺ കയറ്റുമതി ചെയ്യുന്നതിനുള്ള തീരുമാനമെടുത്ത്

LIBRARY ARCHIVES Kerala Legislative Assembly

മുൻപോട്ടുപോകുകയും ചെയ്യുകയാണ്. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക വൈകല്യങ്ങളുടെ പേരിൽ ഉണ്ടാകുന്ന ദുരിതങ്ങളാകെ പരിഹരിക്കാൻ ഒരു സംസ്ഥാന ഗവൺമെന്റിനും കഴിയില്ല. സമ്പന്നർക്ക് ആനുകൂല്യങ്ങളും സാധാരണക്കാർക്കു ജീവിതഭാരവും എന്ന സമീപനം സ്വീകരിക്കുന്ന കേന്ദ്രത്തിലെ ഫാസിസ്റ്റ് ഭരണകൂടത്തിനെതിരെ മുഴുവൻ മതേതര ശക്തികളുടെയും യോജിപ്പും ഐക്യവും ഉണ്ടാകേണ്ടതാണ്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കു മാത്രമായി റേഷൻ പരിമിതപ്പെടുത്തുന്നതിനുള്ള നീക്കം കേരളത്തിന്റെ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായത്തെ തന്നെ ആകെ തകർക്കുന്നതാണ്. ഇതിനെ ഗൗരവമായി കാണാൻ പ്രതിപക്ഷം തയ്യാറാകുന്നില്ല. ഈ പ്രശ്നത്തെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് പകുതി വിലയ്ക്ക് റേഷൻ കൊടുത്ത നടപടിയുമായി താരതമ്യപ്പെടുത്തുകയാണ് പ്രതിപക്ഷം. ഇതു തമ്മിൽ എന്തു സാമ്യമാണുള്ളത്? സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നിലനിർത്തിക്കൊണ്ട് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ആളുകൾക്ക് പകുതി വിലയ്ക്ക് റേഷനരി കൊടുക്കാൻ ശ്രീ. ദേവഗൗഡ ഗവൺമെന്റ് തീരുമാനിച്ചു. അത് വളരെ മനുഷ്യസ്നേഹപരമായ ഒരു നടപടിയാണു്. അതിനോട് ഇന്ന് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമായി റേഷൻ പരിമിതപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റ് നടത്തുന്ന നീക്കത്തെ താരതമ്യപ്പെടുത്തുന്നത് ശരിയാണോ? നിങ്ങൾ അതിന്റെ ഗൗരവം കുറച്ച് കാണുന്നത് ശരിയാണോ? ഈ സംസ്ഥാന ഗവൺമെന്റ് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ വളരെ വ്യക്തമായി പറഞ്ഞു. ഞങ്ങൾ ആ അപകടം മുന്നിൽ കാണുന്നു; കേന്ദ്രത്തിലെ ബി.ജെ.പി മുന്നണി ഗവൺമെന്റ് സ്വീകരിക്കുവാൻ പോകുന്ന നയം ക്ഷേമ പദ്ധതികൾ നിർത്തലാക്കുന്നതാണ്, സബ്സിഡികൾ നിർത്തലാക്കുന്നതാണു്. ഈ സംസ്ഥാനത്തെ ആളുകൾക്ക് റേഷൻ കൊടുക്കാൻ പോലുമുള്ള സാദ്ധ്യതകൾ ഇല്ലാതാക്കുന്നതാണ് അതെന്നു മുന്നിൽ കണ്ടുകൊണ്ട്, അങ്ങനെ കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന തെറ്റായ നയങ്ങളുടെ ഫലമായി എന്ത് അടിയന്തിര സാഹചര്യമുണ്ടായാൽപ്പോലും ഈ സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും റേഷൻ ഉറപ്പുകൊടുക്കുന്ന സമീപനമാണ് ഈ പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളത്. കേന്ദ്ര സർക്കാർ റേഷൻ സബ്സിഡി പിൻവലിച്ചാലും, റേഷൻ പിൻവലിച്ചാലും, ഏത് അസാധാരണ സാഹചര്യത്തെയും നേരിട്ടുകൊണ്ട് ഈ സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും ഇന്നു ലഭിക്കുന്ന റേഷൻ കൊടുക്കാനുള്ള തീരുമാനമാണ് ഈ നയപ്രഖ്യാപന പ്രസംഗത്തിൽ പറയുന്നത്. നിങ്ങൾ അതിനെയാണോ എതിർക്കുന്നത്? നിങ്ങൾ ആ ബി.ജെ.പി. ഗവൺമെന്റിന്റെ നയത്തിന് അനുകൂലമാണോ? ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവർക്ക് മാത്രം റേഷൻ മതി എന്ന സമീപനമാണോ നിങ്ങൾക്കുള്ളത്? റേഷൻ സാധനങ്ങൾ ന്യായമായ വിലയ്ക്കു നൽകുന്നതിന് 111 കോടി രൂപ നടപ്പു സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുകയാണ് ഈ ഗവൺമെന്റ്; അതാണ് ഗവർണറുടെ നയപ്രഖ്യാപനപ്രസംഗത്തിൽ പറയുന്നത്. ഈ സംസ്ഥാനത്തെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ, അവരുടെ ദുരിതങ്ങളും കഷ്ടപ്പാടുകളും ഇല്ലാതാക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് ഈ ഗവൺമെന്റ് മുൻതൂക്കം കൊടുക്കുന്നു എന്നുള്ളതു തന്നെയാണ് ആ സമീപനത്തിൽ അന്തർലീനമായിട്ടുള്ളതെന്നു നമുക്കു കാണാൻ കഴിയും. മാവേലി സ്റ്റോർ എന്ന ലക്ഷ്യവുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. പ്രതിപക്ഷം അതിന് എതിരായിട്ടുള്ള നിലപാടാണ് എടുക്കുന്നത്. 126 മാവേലി സ്റ്റോറുകൾ കഴിഞ്ഞ പ്രാവശ്യം ഈ ഗവൺമെന്റ് അനുവദിക്കുകയുണ്ടായി. ഒരു പഞ്ചായത്തിൽ ഒരു മാവേലി

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റോർ എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ മുഖമുദ്ര, പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുകയും അതുപോലെ വിപണിയിൽ ഇടപെട്ട് നിത്യോപയോഗ സാധനങ്ങളുടെ വില കുറച്ചുകൊണ്ടുവരുകയും ചെയ്തു. അതിന്റെ ഭാഗമാണ് മാവേലി സ്റ്റോറുകളും നീതിസ്റ്റോറുകളും. ഒരു സംസ്ഥാനത്തിന്റെ മുഴുവൻ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് ആവശ്യമായ തീരുമാനവുമായിട്ട് മുന്നോട്ടുപോകുമ്പോൾ എന്തുകൊണ്ട് നിങ്ങൾക്ക് അതിനെ കാണാൻ കഴിയുന്നില്ല? സമ്പൂർണ്ണ പാർപ്പിട പദ്ധതിയെന്ന ലക്ഷ്യവുമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ പാർപ്പിടപ്രശ്നം ഒരു മാന്ത്രികവടികൊണ്ട് പരിഹരിക്കാൻ കഴിയുകയില്ല. ഒരു ഗവൺമെന്റും അങ്ങനെ പരിഹരിച്ചിട്ടില്ല. പക്ഷേ ഈ ഗവൺമെന്റ് നിശ്ചയദാർഢ്യത്തോടുകൂടി, ഇച്ഛാശക്തിയോടുകൂടി മുന്നോട്ടുപോകുന്നു. ത്രിതല പഞ്ചായത്തുകളിലൂടെയും ഹൗസിംഗ് ബോർഡിന്റേയും ഇതര വകുപ്പുകളുടെയുമെല്ലാം സംഘടിത ശ്രമത്തിലൂടെയും ഈ പാർപ്പിട പ്രശ്നം പരിഹരിക്കാനുള്ള നീക്കമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ സന്ദർഭത്തിൽ വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നം ഞാൻ ഉന്നയിക്കുകയാണ്. അത് കേരളത്തിലെ ലക്ഷംവീടുകളുടെ പ്രശ്നമാണ്. പല ജില്ലകളിലും ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടുകൂടി ലക്ഷംവീടുകൾ പുതുക്കിപ്പണിയാനുള്ള ശ്രമം നടക്കുകയാണ്. പക്ഷേ ഗവൺമെന്റ് ഈ പ്രശ്നം സംസ്ഥാനാടിസ്ഥാനത്തിൽ കാണണമെന്ന് ഞാൻ വിനീതമായി പറയുകയാണ്. ഇന്ന് കേരളത്തിലെ ലക്ഷംവീടുകളെല്ലാം തകർച്ചയുടെ വക്കിലാണ്. ഈ ലക്ഷം വീടുകൾ ആകെ പുനരുദ്ധരിക്കാനും പുതുക്കിപ്പണിയാനും മൈത്രീഭവന പദ്ധതിയിൽപ്പെടുത്തി നൂറുകോടി രൂപയെങ്കിലും ഏതെങ്കിലും രീതിയിൽ കണ്ടെത്താൻ ഈ ഗവൺമെന്റ് തയ്യാറാകണം. ആ രീതിയിലുള്ള നീക്കമുണ്ടാകണമെന്ന് ഞാനഭ്യർത്ഥിക്കുന്നു. വൈദ്യുതി ഉൽപ്പാദനരംഗത്ത് ഈ ഗവൺമെന്റിന് മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റ് നിശ്ചയദാർഢ്യത്തോടുകൂടി സ്വീകരിച്ച സമീപനം മൂലം 845.5 മെഗാവാട്ട് വർദ്ധിച്ച സ്ഥാപിതശേഷി കൈവരിക്കാൻ കഴിഞ്ഞു. അതിനെ ചെറുതായിട്ട് കാണുന്നത് ശരിയാണോ? പ്രസരണ വിതരണ സംവിധാനം ശക്തിപ്പെടുത്താൻ ആവശ്യമായ ഫലപ്രദമായ നീക്കങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. സബ്സ്റ്റേഷനുകൾ സ്ഥാപിച്ചു് ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയെ അവലംബിച്ചുകൊണ്ട് ഈ പ്രസരണ വിതരണരംഗത്ത് കാതലായ മാറ്റം വരുത്താനുള്ള നീക്കമാണ് ഈ ഗവൺമെന്റ് നടത്തുന്നത്, അതുപോലെ ഇലക്ട്രിസിറ്റി ബോർഡ് നടത്തുന്നത്. അത് കാണാതിരിക്കുന്നത് ശരിയാണോ? പാരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കാതെ ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടുകൂടി ചെറുകിട ജലവൈദ്യുത പദ്ധതികൾ ഏറ്റെടുക്കാനുള്ള പ്രവർത്തനം നാട്ടിലെമ്പാടും നടക്കുകയാണ്. ഞാൻ ധാരാളം വെള്ളച്ചാട്ടങ്ങളുള്ള ഇടുക്കി ജില്ലയിൽ നിന്ന് വരുന്ന ഒരു വ്യക്തിയാണ്. ബ്ലോക്ക് പഞ്ചായത്തുകളുടെയും ജില്ലാ പഞ്ചായത്തുകളുടെയും മുൻകയ്യോടുകൂടി നിരവധി ചെറുകിട ജലവൈദ്യുത പദ്ധതികൾ ഇവിടെ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ചില കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തേണ്ടതായിട്ടുണ്ട്. വൈദ്യുതി വിതരണരംഗത്ത് ഇടുക്കി പോലുള്ള ജില്ലകളിൽ വീടുകൾ വളരെ അകലെ സ്ഥിതിചെയ്യുന്നതുകൊണ്ട് കൂടുതലായിട്ട് മെറ്റീരിയൽസ് കൊടുക്കേണ്ടതായിട്ടുണ്ട്. അത്തരം കാര്യങ്ങൾ ഈ ഗവൺമെന്റ് കാണണം. വൈദ്യുതീകരണരംഗത്ത് മലയോരമേഖലയുടേതായിട്ടുള്ള പ്രത്യേക പ്രശ്നങ്ങൾ ഉൾക്കൊള്ളാനും പരിഹരിക്കാനും ഈ ഗവൺമെന്റ് മുൻകയ്യെടുത്ത് പ്രവർത്തിക്കണമെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് പറയുവാനുള്ളത്. ഭക്ഷ്യ സ്വയംപര്യാപ്തത എന്ന ലക്ഷ്യം വച്ചുകൊണ്ട് നെൽക്കൃഷി വർദ്ധിപ്പിക്കാനും വിപുലപ്പെടുത്താനുമുള്ള നീക്കമാണ് ഈ ഗവൺമെന്റ് നടത്തുന്നത്. നെൽവയലുകൾ നികത്തുന്നതിനെതിരായിട്ടുള്ള നീക്കങ്ങൾ ഉണ്ടായപ്പോൾ ആ പ്രശ്നങ്ങളെ ഗൗരവത്തോടുകൂടി കാണാൻ കഴിഞ്ഞില്ല. കേരളത്തിന്റെ ഭക്ഷ്യസ്വയംപര്യാപ്തത എന്ന ലക്ഷ്യം നെൽക്കൃഷിയെ ആധാരമാക്കിത്തന്നെയാണ് നിലനിൽക്കുന്നത്. പതിനായിരം ഹെക്ടർ സ്ഥലത്തുകൂടി നെൽക്കൃഷി വ്യാപിപ്പിക്കാനുള്ള ശ്രമമാണ് ഈ ഗവൺമെന്റ് നടത്തുന്നത്. നെൽക്കർഷകരുടെ ബോണസ്സ് 100 രൂപയായി ഈ ഗവൺമെന്റ് വർദ്ധിപ്പിച്ചു. ഇവിടെ പച്ചക്കറിയുൽപ്പാദനത്തെക്കുറിച്ച് പറഞ്ഞപ്പോൾ പരിഹസിക്കുകയുണ്ടായി. പച്ചക്കറി ഉല്പാദന രംഗത്ത് പൂർണ്ണമായ സ്വയം പര്യാപ്തയിൽ എത്തിയെന്ന് ഞാനവകാശപ്പെടുകയല്ല. പക്ഷേ പച്ചക്കറി ഉൽപ്പാദന രംഗത്ത് വലിയ മുന്നേറ്റമുണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മണിക്ക് അത് നിഷേധിക്കാൻ കഴിയുമോ? മൂന്നാർ കേന്ദ്രീകരിച്ച് വട്ടവിളയിൽ പച്ചക്കറി രംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന വിപ്ലവകരമായ മുന്നേറ്റം മണിക്ക് നിഷേധിക്കാൻ കഴിയുമോ? ആ രംഗത്ത് വലിയ മാറ്റമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. റോഡുകളുടെ വികസനരംഗത്തും ഈ ഗവൺമെന്റ് പുറകിലാണോ? റോഡുകളുടെ വികസനരംഗത്തും ഈ ഗവൺമെന്റ് വലിയ മുന്നേറ്റമാണ് നടത്തുന്നത്.

<u>ശ്രീ. എ.കെ. മണി</u> : ഗവൺമെന്റിന്റെ നയപരിപാടിക്ക് ഞാൻ എതിരല്ല. എന്നാൽ വട്ടവിള, മൂന്നാർ എന്നിവിടങ്ങളിൽ എത്ര ടൺ പച്ചക്കറിയുൽപ്പാദനം ചെയ്തിട്ടുണ്ടെന്ന് നിങ്ങളുടെ കയ്യിൽ കണക്കുണ്ടോ?

<u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : അതിന് കണക്കുണ്ട്, അതുമാത്രമല്ല, വട്ടവിളയിലും മൂന്നാറിലുമുള്ള പച്ചക്കറിക്ക് അനുകൂലമായ സാഹചര്യമുപയോഗപ്പെടുത്തിക്കൊണ്ട് ബഹുമാനപ്പെട്ട മണിയുടെ പിൻതുണയോടുകൂടിത്തന്നെ അദ്ദേഹത്തിന്റെ ആവശ്യപ്രകാരം അവിടെ കൂടുതൽ പച്ചക്കറിയുൽപ്പാദനം നടത്തുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഈ ഗവൺമെന്റ് ആ രീതിയിലാണ് മുന്നോട്ടുപോകുന്നത്. നമ്മുടെ സംസ്ഥാനത്തിലെ ഹൈവേ, മേജർ ഡിസ്ട്രിക്ട് റോഡുകൾ അതുപോലെ ത്രിതല പഞ്ചായത്തുകളിലുണ്ടായിക്കൊണ്ടിരിക്കുന്ന റോഡുകൾ, ഇതെല്ലാം റോഡു വികസനരംഗത്ത് വലിയ മുന്നേറ്റമുണ്ടാക്കാൻ സഹായിച്ചിട്ടുണ്ട്. അതുപോലെ വിദ്യാഭ്യാസ രംഗത്ത് കൂടുതൽ വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാക്കാനുള്ള സാഹചര്യമാണ് ഇപ്പോൾ നിലവിലുള്ളത്. ഇടുക്കിപോലുള്ള പിന്നോക്ക ജില്ലകളുടെ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ടു കൂടുതൽ സ്കൂളുകളും കോളേജുകളും അനുവദിക്കാൻ നമുക്ക് കഴിയണം. അഗ്നിശമന സേന പരിഷ്ക്കരിക്കുന്നതിനുള്ള നീക്കം ഈ ഗവൺമെന്റ് നടത്തുന്നുണ്ട്. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു അഭ്യർത്ഥനയുണ്ട്; ഈ സംസ്ഥാനത്ത് ഒരു ഫയർസ്റ്റേഷൻ ഇല്ലാത്ത ഏക ജില്ലാ ആസ്ഥാനമാണ് ഇടുക്കി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് തിരിച്ചറിയണം. ആ ഇടുക്കി ജില്ലാ ആസ്ഥാനത്ത് ഒരു ഫയർ സ്റ്റേഷൻ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു. ഈ സംസ്ഥാനത്തിലെ വികസന സാക്ഷാത്ക്കാരത്തിനുവേണ്ടി പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് മുന്നോട്ടു പോകുന്ന ഈ ഗവൺമെന്റിനെ അഭിനന്ദിച്ചുകൊണ്ട്, ഈ ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട ഗവർണ്ണർ നടത്തിയ പ്രസംഗത്തിന് ബഹുമാനപ്പെട്ട ആനത്തലവട്ടം ആനന്ദൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. സെബാസ്റ്റ്യൻ പോൾ : സർ, സ്വന്തം ജാള്യത മറയ്ക്കുന്നതിന് അനവസരത്തിൽ വാക്കൗട്ട് നടത്തിയ പ്രതിപക്ഷ നേതാവ് ഇനിയും മടങ്ങിവന്നിട്ടില്ല. അതെ, തോറ്റുപോയത് ശരിയാണ്. ഞാൻ പറയട്ടെ ശ്രീ. മാണി, തോറ്റു പോയത് ശരിയാണ്. ജയിക്കാനിരിക്കുന്ന ഒരു പാർട്ടിയാണല്ലോ നിങ്ങൾ, ഒറീസ്സയിലും ബീഹാറിലും ഹരിയാനയിലും നാളെ വോട്ടെണ്ണുകയാണ്. ജയിക്കാനിരിക്കുന്ന ഒരു പാർട്ടിയാണല്ലോ നിങ്ങൾ (ബഹളം)..... അതു പറയണ്ട. അത് എണ്ണിക്കഴിയുമ്പോൾ കാണാമല്ലോ, കോൺഗ്രസ് ജയിക്കുമോ ഇല്ലയോ എന്നുള്ളത്. ജയവും തോൽവിയുമോക്കെയുണ്ടാകും. നമ്മൾ ഈ നിയമസഭയിലും പാർലമെന്റിലും പല പ്രതിഷേധവും കണ്ടിട്ടുണ്ട്. നടുത്തളത്തിൽ ഇറങ്ങി മുദ്രാവാക്യം വിളിക്കാറുണ്ട്. പക്ഷേ ഭരണകക്ഷിയിലെ ഒരംഗം ഇവിടെ പ്രസംഗിച്ചുകൊണ്ട് നിൽക്കുമ്പോൾ കൂട്ടമായിട്ട് അവിടന്ന് ഇറങ്ങിവരുക. ഞങ്ങൾ തടസ്സപ്പെടുത്തും. ഇവിടെ നിന്നുകൊണ്ട് നിങ്ങൾക്കുവേണ്ടി വർത്തമാനം പറഞ്ഞാൽ ഞങ്ങൾ തടസ്സപ്പെടുത്തും. അത് ഞങ്ങളുടെ അവകാശമാണ്. അപ്പോൾ നിങ്ങൾ കൂട്ടമായിട്ടിറങ്ങി വന്ന് അക്രമം സൃഷ്ടിക്കാൻ നോക്കിയിട്ട് ജാള്യത മറയ്ക്കാനായിട്ട് ഒരു വാക്കൗട്ടും! അല്ലേ? അത് തന്നെയാണ് ഈ സമ്മേളനം ആരംഭിച്ച അന്നു മുതൽ കാണുന്നത്. ഈ സഹസ്രാബ്ദത്തിലെ ആദ്യ സമ്മേളനമെന്ന് വിശേഷിപ്പിച്ചുകൊണ്ട് ആരംഭിച്ച സമ്മേളനത്തിൽ ഭരണഘടനാപരമായ ഒരു ഉത്തരവാദിത്വം നിറവേറ്റുന്നതിനുവേണ്ടി ഗവർണ്ണർ വന്നപ്പോൾ കീറത്തുണിയും പഴം കടലാസും പൊക്കിപ്പിടിച്ചുകൊണ്ട് ഇറങ്ങിപ്പോയവരാണ് നിങ്ങൾ. അല്ലേ? അങ്ങനെ നിങ്ങൾ കേൾക്കാത്ത ഒരു പ്രസംഗമുണ്ട്. ഇത് നിങ്ങൾ കേൾക്കാത്ത പ്രസംഗമാണ്. നമ്മൾ വായിക്കാത്ത പുസ്തകവും കാണാത്ത സിനിമയും നിരൂപണം ചെയ്യും. നിങ്ങൾ കേൾക്കാത്ത പ്രസംഗത്തെക്കുറിച്ചാണ് അഭിപ്രായം പറയുന്നത്. ഇവിടെ ഒരു ഗവൺമെന്റ് അതിന്റെ കാലാവധി പൂർത്തിയാക്കാൻ ഇനി പതിനാല് മാസങ്ങളേ ഉള്ളൂ. ആ ഗവൺമെന്റിനെക്കുറിച്ച് വിലയിരുത്തേണ്ട സമയമാണിത്. ആ വിലയിരുത്തുന്നതിന് സഹായിക്കുന്ന ആധികാരികമായ ഒരു രേഖയാണ് ഞങ്ങൾ ഇവിടെ അവതരിപ്പിക്കുന്നത്.

(തടസ്സം).... ഷിപ്പിയാർഡ് ഞാൻ പറഞ്ഞു കഴിഞ്ഞതാണ്. ഷിപ്പിയാർഡ് അങ്ങനെ കിടക്കും.

അതുകൊണ്ട് ഈ പ്രശ്നത്തെക്കുറിച്ച് എന്തെങ്കിലും അഭിപ്രായം പറയാനുള്ള അവകാശം നിങ്ങൾക്കുണ്ടോ എന്നാണ് ഞാൻ ആദ്യം ചോദിക്കുന്നത്. ഇവിടെ ഗവർണ്ണറുടെ പ്രസംഗം നിങ്ങൾ കേട്ടില്ലല്ലോ? കേൾക്കാത്ത പ്രസംഗത്തെക്കുറിച്ചാണല്ലോ. ഞാൻ ഒരു സെന്റൻസു മാത്രം പറയുകയാണ്. ഇന്ന് ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ അതിനെക്കുറിച്ച് പരാമർശിച്ചു. 13-ാമത്തെ പാരഗ്രാഫ് ആണ്. സംസ്ഥാനത്തെ ക്രമസമാധാന നില പൊതുവെ ശാന്തമായിരിക്കുന്നു. ലോക്കപ്പ് മരണമോ വെടിവെപ്പ് മരണമോ ഈ വർഷം ഉണ്ടായിട്ടില്ല. എന്താണ് മനസ്സിലാകാത്തത്? ഞങ്ങളീഭരിച്ച 46 മാസക്കാലത്തിനിടയിൽ ഒരു ലോക്കപ്പ് മരണംപോലും ഉണ്ടായിട്ടില്ല എന്നു പറയുമ്പോൾ എന്താ അസ്വസ്ഥനാകുന്നത്? ഇതേ കാലയളവിൽ നിങ്ങളും ഭരിച്ചപ്പോൾ യു.ഡി.എഫ്.ന്റെ 46 മാസക്കാലത്തെ ഭരണത്തിനിടയിൽ ലോക്കപ്പ് മരണം നാലുണ്ടായി. നാലുപേർ ലോക്കപ്പിൽ മരിച്ചു. ലോക്കപ്പ് മരണവും കസ്റ്റഡി മരണവും തമ്മിലുള്ള വ്യത്യാസം അറിയണം. കടലും കടലാടിയും ഒന്നാണെന്ന് ആലോചിക്കരുത്. ഇപ്പോൾ ഇതിനെക്കുറിച്ചാണ് നിങ്ങൾക്ക് പറയാനുള്ളത്, ആക്ഷേപമുള്ളത്. ഇവിടെ ശ്രീ. മുഹമ്മദ് ബഷീർ ചതിക്കുഴിയെക്കുറിച്ച് പറ

LIBRARY ARCHIVES Kerala Legislative Assembly

ഞതല്ലോ. സംവരണത്തെക്കുറിച്ച് പറഞ്ഞപ്പോൾ ചതിക്കുഴി. ചതിക്കുഴി അറിയാതെയാണ് ലീഗ് പ്രവർത്തകർ നീങ്ങിക്കൊണ്ടിരിക്കുന്നത്. ഇവിടെ സംവരണ വിഷയത്തിൽ ധീരമായ നിലപാടെടുത്ത ആളുകൾ ഉണ്ടായിട്ടുണ്ട്. ഞാൻ മുൻ പ്രധാനമന്ത്രിയെ ഓർമ്മിക്കുകയാണ്. ശ്രീ. വി.പി. സിംഗിനെ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതിന്റെ പേരിൽ, അയോദ്ധ്യയിലെ പള്ളി സംരക്ഷിക്കുന്നതിന്റെ പേരിൽ, അദ്ദേഹത്തിനു ഭരണം നഷ്ടപ്പെടുന്ന അവസരത്തിൽ ലീഗ് സുഹൃത്തുക്കൾ എവിടെയായിരുന്നു? ഒരു നല്ല വാക്ക് പറയാൻ കഴിഞ്ഞില്ലല്ലോ? ഇപ്പോൾ ലീഗ് അവരറിയാത്ത ചതിക്കുഴിയിൽ വീണുകൊണ്ടിരിക്കുകയാണ്. ശ്രീ. ബഷീർ അതിനെക്കുറിച്ചാണ് ഓർമ്മിക്കേണ്ടത്. അല്ലാതെ ഞങ്ങളുടെ നേർക്ക് തിരിഞ്ഞുകൊണ്ട് എല്ലാത്തിനും ഒരു ഷിപ്പിയാർഡ് പറയണോ? ഷിപ്പിയാർഡ് പോയില്ലേ? അതിൽ എന്താ പറയാനുള്ളത്? വിഷയം അതല്ല. ഞങ്ങൾ ഗൗരവമുള്ള കാര്യം പറയുമ്പോൾ ഗൗരവമായിട്ട് കാണണം. ഇവിടെ ശ്രീ. ഇ.റ്റി. മുഹമ്മദ് ബഷീർ ജനങ്ങളുടെ പ്രശ്നത്തെ പരാമർശിച്ചുകൊണ്ടു പറഞ്ഞു. എന്നാണ് യേശുക്രിസ്തു ഒക്കെ നിങ്ങളുടെ മനസ്സിൽ വന്നത് എന്ന് ചോദിച്ചില്ലേ? യേശുക്രിസ്തുവും, മുഹമ്മദ് നബിയും, ശ്രീബുദ്ധനും, ശ്രീനാരായണഗുരുവും, വിവേകാനന്ദനുമൊക്കെ ഞങ്ങളുടെ മനസ്സിൽ ഉണ്ട്. അതിൽ സംശയവുമൊന്നുമില്ല. ഇവിടെ അദ്ധ്വാനിക്കുന്നവർക്കും ഭാരം ചുമക്കുന്നവർക്കും..... ഞാൻ ആ സെന്റൻസ് മുഴുവൻ പറയണ്ടല്ലോ. സമാശ്വാസം വാഗ്ദാനം ചെയ്ത യേശുക്രിസ്തു ആ യേശുക്രിസ്തുവിന്റെ കാരുണ്യവചനത്തിന്റെ ചരിത്രപരമായ പൂർത്തീകരണം തന്നെയാണ് കാറൽ മാർക്സ് പറഞ്ഞത്. അതിനു സംശയമില്ല. അതൊക്കെ ചർച്ചയ്ക്ക് വെയ്ക്കാം. ചർച്ചയൊന്നും നിങ്ങൾക്ക് മനസ്സിലാകില്ല. വരട്ടെ, അതൊക്കെ ചർച്ചയ്ക്ക് വെയ്ക്കാം. എനിക്കുള്ള സങ്കടം ഇതൊന്നുമല്ല. കാറൽ മാർക്സ് പഠിപ്പിച്ചതും യേശുക്രിസ്തു പഠിപ്പിച്ചതും അതിനു മുമ്പ് മോസസ് പഠിപ്പിച്ചതുമൊക്കെ ചർച്ചയ്ക്ക് വയ്ക്കാം. അതൊന്നും നിങ്ങൾക്ക് മനസ്സിലാകില്ല. അങ്ങനെ ചരിത്രപരമായ ആ പശ്ചാത്തലത്തിൽ ഈ മഹദ് വചനങ്ങളും മഹദ്വ്യക്തികളേയും മനസ്സിൽ ധ്യാനിച്ചുകൊണ്ടു തന്നെയാണ് മുന്നോട്ട് പോകുന്നത്. അതുകൊണ്ടാണ് കേരളത്തിൽ സാമുദായിക സൗഹാർദ്ദം നിലനിർത്താൻ ഞങ്ങൾക്ക് കഴിയുന്നത്.

<u>ശ്രീ. എ.കെ. മണി</u> : സർ, കാറൽ മാർക്സും യേശുക്രിസ്തുവും ഒന്നിച്ചാണോ?

<u>ഡോ. സെബാസ്റ്റ്യൻ പോൾ</u> : സർ, കാറൽ മാർക്സും യേശുക്രിസ്തുവും ഒന്നിച്ചു തന്നെയായിരിക്കും, ഒന്നിച്ചു തന്നെയാണ്. എന്താ സംശയം? മണിക്ക് രണ്ടും മനസ്സിലാകില്ലല്ലോ.

<u>ശ്രീ. പി. രാജു</u> : സർ, ശ്രീ. എ.കെ. മണിക്ക് രണ്ടു പേരെ മാത്രം അറിയുകയുള്ളു. കരുണാനിധിയേയും, ജയലളിതയെയും എന്ന വിവരം ബഹുമാനപ്പെട്ട മെംബറിന് അറിയാമോ?

<u>ഡോ. സെബാസ്റ്റ്യൻ പോൾ</u> : സർ, ആ രണ്ട് അറിവും തന്നെ മണിക്ക് അധികമാണ്.

നമ്മുടെ നിയമസഭയുടെ പ്രവർത്തനങ്ങൾക്ക്, ഈ പ്രസംഗങ്ങൾക്ക്, പത്രങ്ങൾ പ്രാധാന്യം കൊടുക്കുന്നില്ല എന്ന് ഒരു പരാമർശമുണ്ടായല്ലോ. അതിന് ആരാണ് സാർ ഉത്തരവാദി? ഈ നിയമസഭയുടെ നിലവാരത്തകർച്ചയ്ക്ക് ആരാണ് ഉത്തരവാദി? ഇവിടെ നിലവാരമുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിൽ തീർച്ചയായും മാധ്യമങ്ങളുടെ ശ്രദ്ധ പിടിച്ചു പറ്റും. ഏതു

LIBRARY ARCHIVES Kerala Legislative Assembly

സഭയ്ക്കും ജീവൻ നൽകുന്നത്, ശ്രദ്ധേയമാകുന്നത് പ്രതിപക്ഷം തന്നെയാണ്. ഇവിടെ പ്രതിപക്ഷം നിർജ്ജീവമായ രീതിയിൽ അർത്ഥമില്ലാത്ത പ്രകടനം നടത്തുമ്പോൾ അത് മാധ്യമങ്ങൾ അവഗണിക്കുന്നത് തന്നെ നമ്മുടെ ഭാഗ്യം. ഇവിടെ ശ്രീ. ജയദേവൻ ലെനിന്റെ ഒരു ഉദ്ധരണി പറഞ്ഞല്ലോ. പാർലമെന്റിനെ Talking Shop എന്ന് പറഞ്ഞല്ലോ, പണ്ട് തോമസ് കാർലൈൽ പാർലമെന്റിനെ Talking Shop എന്ന് തന്നെയാണ് പറഞ്ഞിട്ടുള്ളത്. സംസാരിക്കാനുള്ള സ്ഥലമാണ്. ജനങ്ങളെ കാര്യങ്ങൾ അറിയിക്കുന്നതിനും ജനങ്ങൾക്ക് കാര്യങ്ങൾ അറിയുന്നതിനുമുള്ള വേദി തന്നെയാണ് പാർലമെന്റ്. അവിടെ പത്രങ്ങളെ ഫോർത്ത് എസ്റ്റേറ്റ് എന്ന് വിളിച്ചതും തോമസ് കാർലൈൽ തന്നെയാണ്. പത്രങ്ങളെ ഫോർത്ത് എസ്റ്റേറ്റ് എന്ന് വിശേഷപ്പിച്ചതും ബ്രിട്ടീഷ് പാർലമെന്റിൽ പത്രപ്രവർത്തർകർക്കുള്ള അഭേദ്യമായസ്ഥാനവും അവർ വഹിക്കുന്ന പങ്കുംകൊണ്ടു തന്നെയണ്. ആ ഫോർത്ത് എസ്റ്റേറ്റ് നമ്മെ അവഗണിക്കുന്നെങ്കിൽ എവിടെയാണ് പാകപ്പിഴപ്പറ്റിയിരിക്കുന്നത്, എവിടെയാണ് പാളിച്ച പറ്റിയിരിക്കുന്നത് എന്ന് കൂടെ ആലോചിക്കേണ്ടതല്ലേ? ഞാൻ ആദ്യമേ സൂചിപ്പിച്ചതുപോലെ, ഈ സഭയുടെ അതിപ്രധാനമായ ചടങ്ങ് നടക്കുമ്പോൾ അർത്ഥമില്ലാത്ത ആക്ഷേപമുന്നയിച്ചുകൊണ്ട് ബഹിഷ്കരണം നടത്തുകയും അത് വാർത്തയാക്കുകയും ചെയ്യുന്ന ഒരു പ്രതിപക്ഷം! അർത്ഥമില്ലാത്തതെന്ന് ഞാൻ പറഞ്ഞത് ശരിയല്ലേ? കൊല്ലത്ത് നിങ്ങളുടെ ഓഫീസിൽ പോലീസ് കയറിയതിലല്ലേ വിഷമം ഉണ്ടായത്? ഇവിടേയും സജീവമായ വിഷ്വലിലൂടെ കേരളത്തിലെ മുഴുവൻ ജനതയും കണ്ടതാണ്. ആരാണ് അതിക്രമം കാണിച്ചത്? ആരാണ് കല്ലെറിഞ്ഞത്? നമ്മൾ കണ്ടതാണല്ലോ. അതിന് തെളിവൊന്നും വേണ്ടല്ലോ. വിഷ്വൽ അല്ലേ കണ്ടത്? പോലീസ് കൊല്ലത്ത് പാർട്ടി ഓഫീസിൽ കയറിയെങ്കിൽ അതിന്റെ പേരിൽ നിയമസഭാനടപടികൾ നിങ്ങൾ തടഞ്ഞപ്പോൾ, അല്ലെങ്കിൽ തടയാൻ പരിശ്രമിച്ചപ്പോൾ, എനിയ്ക്ക് മറ്റൊരു കാര്യം ഓർമ്മ വന്നു. നിങ്ങൾ അതു ചെയ്യണം. കാരണം, പണ്ടു രണ്ടു ഹരിയാന പോലീസുകാർ രാജീവ്ഗാന്ധിയുടെ വീട്ടിലേയ്ക്ക് എത്തിനോക്കിയെന്നു പറഞ്ഞുകൊണ്ട് ആ കേന്ദ്ര ഭരണത്തെ അട്ടിമറിച്ചവരാണ് നിങ്ങൾ. നിങ്ങൾ അതൊക്കെ ചെയ്യും. നിങ്ങൾക്ക് പോലീസുകാരെ കണ്ടാൽ പേടിയാണ്. പോലീസുകാരെ കാണുമ്പോൾ പേടി വരും, അപ്പോൾ ഇത്ര അർത്ഥമില്ലാത്ത നിസ്സാരമായ കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് രാജ്യത്തിനും സമൂത്തിനും ബാധിക്കുന്ന അതിപ്രധാനമായ പ്രശ്നങ്ങളിൽനിന്നും ഓടിയൊളിക്കുന്ന ഒരു വിഭാഗമായി ഈ പ്രതിപക്ഷം അധഃപതിച്ചിട്ടുണ്ടെങ്കിൽ ഞങ്ങൾക്ക് അതിനുള്ള ദുഃഖം, ശ്രദ്ധിക്കപ്പെടേണ്ട പലതും ശ്രദ്ധിക്കപ്പെടാതെ ശ്രീ. ബഷീർ പറഞ്ഞതുപോലെ ചതിക്കുഴികൾ കാണാതെ പോകുന്നു. ഈ ചതിക്കുഴികൾ വർഗ്ഗീയ ഫാസിസ്റ്റുകളും, ദേശവിരുദ്ധശക്തികളും അനുദിനം ശ്രദ്ധിക്കേണ്ടതു പലതും ശ്രദ്ധിക്കപ്പെടാതെ പോകുന്നുവെന്നതിലാണ്. ശ്രീ. ബഷീർ പറഞ്ഞതുപോലെയുള്ള ചതിക്കുഴികൾ കാണാതെ പോകുന്നു; വർഗ്ഗീയ ഫാസിസ്റ്റുകളും ദേശവിരുദ്ധ ശക്തികളും ആഴത്തിലാഴത്തിൽ സൃഷ്ടിച്ചു കൊണ്ടിരിക്കുന്ന ഈ ചതിക്കുഴികൾ. ആ ചതിക്കുഴികളിൽ നിലംപതിക്കാതെ, ഒരു സമൂഹത്തെ മുന്നോട്ട് നയിക്കുന്ന ബാദ്ധ്യതയും ഉത്തരവാദിത്വവും ഏറ്റെടുത്തിരിക്കുന്ന ഒരു സർക്കാരിനു വേണ്ടി ഗവർണർ ഈ സഭയിൽ ചെയ്ത പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെ ഞാൻ പൂർണ്ണമായും അനുകൂലിക്കുന്നു.

<u>ശ്രീ. പി.കെ. കുമാരൻ</u> : സർ, നമ്മുടെ രാജ്യം നേരിട്ടു കൊണ്ടിരിക്കുന്ന യാഥാർത്ഥ്യങ്ങളെ ഉൾക്കൊണ്ട് കേരളത്തിന്റെ സ്ഥിതിഗതികളെ വിലയിരുത്തി

LIBRARY ARCHIVES Kerala Legislative Assembly

ഈ സഹസ്രാബ്ദത്തിന്റെ തുടക്കത്തിൽ ഈ സഭയിൽ ബഹുമാന്യനായ ഗവർണർ നടത്തിയ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തി ബഹുമാന്യനായ ശ്രീ. ആനത്തലവട്ടം ആനന്ദൻ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. നമ്മുടെ സംസ്ഥാനത്തിന്റെയും നമ്മുടെ രാജ്യത്തിന്റെയും രാഷ്ട്രീയ സാഹചര്യങ്ങളെ സംബന്ധിച്ചും അതുപോലെ തന്നെ ദേശീയ സാമ്പത്തിക പ്രശ്നത്തെ സംബന്ധിച്ചും ഒക്കെ കഴിഞ്ഞ രണ്ടു ദിവസങ്ങളിൽ വളരെ വിശദമായ ചർച്ച ഇവിടെ നടന്നു കൊണ്ടിരിക്കുകയാണ്. എന്നാൽ ഇന്ന് ഈ സഭയിൽ ഭരണപക്ഷത്തിരുന്നു കൊണ്ട് ബഹുമാന്യനായ താമരാക്ഷൻ ഭരണപക്ഷത്തിലും അതുപോലെ തന്നെ പ്രതിപക്ഷത്തിലുമായി നിന്ന് നടത്തിയ ഒരു പ്രസംഗം ഈ സഭയുടെ തന്നെ അന്തസ്സിന് യോജിക്കാത്തതാണ്. യാതൊരു സംശയവുമില്ല. അദ്ദേഹത്തിന് അങ്ങേപ്പുറത്ത് പ്രതിപക്ഷത്തിന്റെ ഭാഗത്തു വന്നിരുന്ന് ഗവണ്മെന്റിനെ വിമർശിക്കാം. ഈ രാജ്യത്ത് ശ്രീ. താമരാക്ഷന് വോട്ട് ചെയ്തിട്ടുള്ള സാധാരണക്കാരായ തൊഴിലാളികളും കൃഷിക്കാരും എല്ലാമുണ്ട്. അവരോടുള്ള ഒരു വെല്ലുവിളിയാണ് ഇന്ന് ശ്രീ. താമരാക്ഷൻ ഈ സഭയൽ കാണിച്ചത്. അദ്ധ്വാനിക്കുന്ന ജനങ്ങൾ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ആഹ്വാനമനുസരിച്ചും അതുപോലെ തന്നെ തൊഴിലാളി വർഗ്ഗത്തിന്റെ പ്രവർത്തകന്മാർ തെരഞ്ഞെടുപ്പു പ്രവർത്തനത്തിന് അണിയറയിൽനിന്നും വിജയിപ്പിച്ച ശ്രീ. താമരാക്ഷൻ ഇവിടെ കാണിച്ച, ഇവിടെ ചെയ്ത, വളരെ മോശപ്പെട്ട, വളരെയേറെ ധിക്കാരപരമായ ആ സമീപനത്തെ ഞാൻ ശക്തമായി പ്രതിഷേധിക്കുന്നു. അന്തസ്സുണ്ടായിരുന്നെങ്കിൽ, ആണത്തമുണ്ടായിരുന്നെങ്കിൽ, ശ്രീ. താമരാക്ഷൻ രാജി വച്ചിട്ട് അങ്ങേപ്പുറത്ത് പോകേണ്ടതായിരുന്നു. ആ ജനവിധി തേടണമായിരുന്നു. അങ്ങനെ ജനവിധി തേടി അപ്പുറത്തു വന്നിരുന്നുകൊണ്ട് പറയട്ടെ. അങ്ങനെ പറയാനുള്ള അന്തസ്സും ആണത്തവുമില്ലാതെ, അതിനുള്ള ആർജ്ജവം ഇല്ലാതെ ശ്രീ. താമരാക്ഷൻ ഇന്ന് കാണിച്ച ആ കോപ്രായത്തെ ശക്തമായി എതിർക്കുന്നു. അതിനോട് ബഹുമാനപ്പെട്ട പ്രതിപക്ഷം കാണിച്ചതെന്താ? ആണത്തവും പെണ്ണത്തവും ഇല്ലാത്ത ഒരു സമീപനമല്ലേ ഇന്ന് പ്രതിപക്ഷം കാണിച്ചത്? യാതൊരു സംശയവുമില്ല. ശ്രീ. ആന്റണിയുടെ നേതൃത്വത്തിൽ ഇപ്പോൾ ഇടയ്ക്കു വച്ച് വാക്കൗട്ട് നടത്തിപ്പോയതിന്റെ അർത്ഥമെന്താണ്? എന്തിനുവേണ്ടി? ഒരർത്ഥവും ഇല്ലാത്ത, ഒരു ആണത്തവും പെണ്ണത്തവും ഇല്ലാത്ത ഒരു നടപടിയല്ലേ കാണിച്ചത്? ആ നിലയിൽ വളരെ വളരെ മോശപ്പെട്ട ഒരു പ്രകടനമാണ് ഇവിടെ പ്രതിപക്ഷം കാണിച്ചത് എന്ന് പറഞ്ഞാൽ ആർക്കും നിഷേധിക്കാൻ കഴിയില്ല. ശ്രീ. നീലന്റെ കാര്യമല്ല ഇപ്പോൾ പറഞ്ഞത്. ഇപ്പോൾ പറഞ്ഞത് നിങ്ങളുടെ കാര്യമാണ്. നമ്മുടെ രാജ്യം സ്വാതന്ത്ര്യം നേടിയിട്ട് 52 വർഷം കഴിഞ്ഞിരിക്കുന്നു. നമ്മുടെ രാജ്യം ഒരു സ്വതന്ത്രപരമാധികാര റിപ്പബ്ലിക്കായിട്ട് 50 വർഷം പൂർത്തിയാകുന്നു. ഈ 50-ാം വർഷത്തിൽ റിപ്പബ്ലിക് ദിനത്തിൽ രാജ്യത്തെ അഭിവാദ്യം ചെയ്തുകൊണ്ട് നമ്മുടെ പ്രസിഡന്റ് ശ്രീ. കെ.ആർ. നാരായണൻ രാജ്യത്തോട് പറഞ്ഞ കാര്യങ്ങളെക്കുറിച്ചെല്ലാം ഇന്നലെയും മിനിഞ്ഞാന്നുമായി ഇവിടെ ചർച്ച നടത്തി. എന്താ അദ്ദേഹം പറഞ്ഞത്. ഈ രാജ്യത്തെ ആളുകൾ, കുടിക്കാൻ ശുദ്ധജലമില്ല, താമസിക്കാൻ വീടില്ല, അവർക്ക് ഉടുക്കാൻ ഉടുതുണിയില്ല, അവർക്ക് ആഹാരം കഴിക്കാൻ മാർഗ്ഗമില്ല. അവരുടെ ആരോഗ്യ സംരക്ഷത്തിനുള്ള സൗകര്യമില്ല, അവർക്ക് അക്ഷരാഭ്യാസമില്ല. ഭാരതത്തിന്റെ ഒരു മുഖം ഈ 50-ാം റിപ്പബ്ലിക് ദിനത്തിൽ നമ്മുടെ രാഷ്ട്രപതി ഈ ലോകത്തിന്റെ മുമ്പിൽ, ഈ രാജ്യത്തിന്റെ മുമ്പിൽ വരച്ചു കാണിച്ചിരിക്കുകയാണ്. ഇതെങ്ങനെ ഉണ്ടായി? കഴിഞ്ഞ 45 വർഷം ഇന്ത്യ ഭരി

LIBRARY ARCHIVES Kerala Legislative Assembly

ച്ചത് നിങ്ങളാണ്. ബഹുമാന്യനായ ആന്റണി, ശ്രീ. സുധാകരൻ, അതുപോലെ അപ്പുറത്തിരക്കുന്ന മഹാന്മാരായ ആളുകളാണ് .....(ബഹളം)..... ബഹുമാന്യനായ ആന്റണിയയുടെ പാർട്ടിയാണ്. ബഹുമാന്യനായ പണ്ഡിറ്റ് ജവഹർലാൽ നെഹ്രു, നമ്മുടെ രാഷ്ട്രശിൽപി എന്നു പറയുന്ന അദ്ദേഹത്തിന്റെ നേതൃത്വത്തിൽ തുടങ്ങി വച്ച 45 വർഷക്കാലത്തെ ഭരണം ഇന്ത്യാ രാജ്യത്തെ ഈ നിലയിൽ കൊണ്ടെത്തിച്ചതിന് ഉത്തരവാദികൾ നിങ്ങളല്ലേ എന്നു പറഞ്ഞാൽ ഈ നാടിനത് അംഗീകരിക്കാൻ കഴിയുമോ? അതാണ് യാഥാർത്ഥ്യം. ഇന്നത്തെ സ്ഥിതി എന്താ? ഇന്നത്തെ സ്ഥിതി എന്നു പറഞ്ഞാൽ ആ യാഥാർത്ഥ്യത്തോടുകൂടി ഇന്ത്യാ രാജ്യത്തിലെ ജനങ്ങൾ സ്വാതന്ത്ര്യം നേടിയെടുത്ത് മുന്നോട്ട് പോവുകയും രാജ്യം ഭരിക്കാൻ നിങ്ങളെ ഏൽപ്പിക്കുകയും ചെയ്തിടത്ത് നിങ്ങൾ അത് ഇപ്പോൾ ആരുടെ കൈയിൽ കൊടുത്തു? ശ്രീ. വാജ്പേയിയുടെ കൈയിൽ കൊടുത്തു. ശ്രീ. വാജ്പേയിയുടെ കൈയിൽ നിങ്ങളാണ് കൊടുത്തത്. ബഹുമാനപ്പെട്ട ആര്യാടനും ബഹുമാന്യനായ ആന്റണിക്കുമെല്ലം അക്കാര്യത്തിൽ തുല്യമായ ഉത്തരവാദിത്വമുണ്ട്. അല്ലാതെ അതിനെ മാറിപ്പറയാൻ കഴിയില്ല. അങ്ങനെ ശ്രീ. വാജ്പേയി ഇപ്പോൾ എന്താ ചെയ്യുക? ഇൻഡ്യാ രാജ്യത്തെ അമേരിക്കയ്ക്ക് വിൽക്കാൻ തുടങ്ങിയരിക്കുന്നു. അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ എല്ലാ നടപടികളും ആ നിലയിൽ അംഗീകരിച്ചുകൊണ്ട് ഈ രാജ്യത്തിലെ പാവപ്പെട്ട തൊഴിലാളികളുടെ, കൃഷിക്കാരുടെ, സാധാണക്കാരായ ജനവിഭാഗങ്ങളുടെ, താൽപ്പര്യങ്ങൾ സംരക്ഷിക്കുവാൻ മിനക്കെടാതെ, വിദേശ കയറ്റുമതി വർദ്ധിപ്പിക്കുമെന്നും തൽഫലമായി കാർഷിക വ്യാവസായിക മേഖല വളർച്ച പ്രാപിക്കുമെന്നുമെല്ലാം പറഞ്ഞു കൊണ്ട് 1991-ൽ ആരംഭിച്ച ഉദാരവൽക്കരണ, സ്വകാര്യവൽക്കരണ സാമ്പത്തിക നയമുണ്ടല്ലോ; അതിനെ ശക്തമായി എതിർക്കുന്നു.....ആരോഗ്യം ഉണ്ടെനിക്ക്. ചെറുപ്പത്തിലേതു പോലുള്ള ആരോഗ്യമുണ്ട്. തിരുവഞ്ചൂരിന്റെയും മണിയുടേയും മാതിരിയല്ല. പറയാനുള്ള ആരോഗ്യമുണ്ട്. തുമ്പയെടുത്തു കിളച്ച കൈയാണ്. ചക്രം ചവിട്ടിയ കാലാണ്. കണ്ടത്തിലിറങ്ങി കാളപൂട്ടി ഉഴുത കൈയ്യും ശരീരവുമാണിത്. ആരോഗ്യത്തിനൊന്നും കുഴപ്പമില്ല. ആരും തെറ്റിദ്ധരിച്ചു കളയരുത്. നമ്മുടെ രാജ്യത്ത് 91-ൽ അന്നത്തെ പ്രധാനമന്ത്രി ശ്രീ. നരസിംഹറാവുവും, ധനമന്ത്രി ഡോ. മൻമോഹൻസിംഗും ചേർന്ന് ആവിഷ്കരിച്ചു നടപ്പിലാക്കിയ സാമ്പത്തിക പരിഷ്കാര നടപടികൾ ഇന്നെവിടെ എത്തിയിരിക്കുന്നുവെന്നു പറഞ്ഞാൽ ഞാൻ നേരത്തെ സൂചിപ്പിച്ച തരത്തിൽ അമേരിക്കയുടെ ഒരു കമ്പോളമാക്കി ഇൻഡ്യാ രാജ്യത്തെ മാറ്റിത്തീർത്തിരിക്കുന്നു എന്നുള്ള യാഥാർത്ഥ്യമാണ്. ഇത് നിഷേധിക്കാമോ? അങ്ങനെ ഒരു സാഹചരത്തിൽ നമ്മുടെ രാജ്യത്തെ കൊണ്ടെത്തിച്ച, കയറ്റുമതി കൂട്ടി വിദേശനാണയം ശേഖരിക്കാമെന്നുള്ള ഭരണാധികാരികളുടെ സ്വപ്നം വെറും കടങ്കഥയായി മാറിയില്ലേ നമ്മുടെ രാജ്യത്ത്? ഇറക്കുമതി വർദ്ധിക്കുന്നതിന്റെ ഫലമായി നമ്മുടെ രാജ്യത്തിന്റെ സമ്പത്തു മുഴുവനും കൊള്ളയടിക്കപ്പെട്ടുകൊണ്ടിരിക്കുകയല്ലേ? രാജ്യത്തിന്റെ ധനക്കമ്മി വർദ്ധിച്ചു വരുന്നു. ധനക്കമ്മി കുറയ്ക്കാൻ ദീർഘകാല ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളടക്കം ഒന്നൊന്നായി സ്വകാര്യ മേഖലയ്ക്ക് കൈമാറിക്കൊണ്ടിരിക്കുന്നു. ഐ.എം.എഫ്.ന്റേയും ലോകബാങ്കിന്റേയും വ്യവസ്ഥ പ്രകാരം കാർഷിക ഉൽപ്പങ്ങൾക്കും ഭക്ഷ്യധാന്യങ്ങൾക്കും അതുപോലെ പെട്രോളിയം ഉൽപ്പന്നങ്ങൾക്കും നൽകിക്കൊണ്ടിരുന്ന സബ്സിഡി വെട്ടിക്കുറയ്ക്കുന്നു. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ നമ്മുടെ രാജ്യത്തെ സാമ്പത്തിക നയത്തെ സംബന്ധിച്ച് ബി.ജെ.പി.യുടേയും

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ കോൺഗ്രസ്സ് ഐ യുടേയും പ്രകടന പത്രികയിൽ പറഞ്ഞിരുന്നതെന്താണ്? രണ്ടും സമമല്ലേ. രണ്ടും ഒന്നല്ലേ? സബ്സിഡികൾ ഇല്ലാതാക്കുന്ന കാര്യത്തിൽ രാജ്യത്തിലെ കൃഷിക്കാരേയും അതുപോലെ പാവപ്പെട്ട ആളുകളെയുമെല്ലാം സഹായിക്കുന്ന കാര്യത്തിൽ, ഒരേ അഭിപ്രായമല്ലേ കോൺഗ്രസ്സും ബി.ജെ.പി.യും മുന്നോട്ടു വച്ചത്? ആ തരത്തിൽ ഇപ്പോൾ ഇൻഡ്യയും അമേരിക്കയും തമ്മിൽ ഉണ്ടാക്കിയിട്ടുള്ള ആ കരാർ അനുസരിച്ച് 1429 ഇനങ്ങൾ കാട്ട ഇറക്കുമതി നിയന്ത്രണം കൂടാതെ ഇൻഡ്യയിലേക്ക് ഇറക്കുമതി ചെയ്യാൻ കരാർ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇതു പ്രാവർത്തികമാക്കുന്നതോടെ ഇൻഡ്യയുടെ കാർഷിക, വ്യാവസായിക, അതുപോലെ ഓട്ടോമോബൈൽ, ടെക്സ്റ്റൈൽ തുടങ്ങിയ എല്ലാ മേഖലകളും തകർച്ചയെ നേരിടുന്നു. അതിന്റെ ഏറ്റവും കടുത്ത പ്രഹരമേൽക്കുന്നത് യഥാർത്ഥത്തിൽ കേരള ജനതയ്ക്കാണ്. ഇവിടെയുള്ള വ്യാവസായിക കാർഷിക മേഖലയായിരിക്കും തകരുന്നത്. ഇവിടത്തെ റബ്ബർ, കുരുമുളക്, ഭക്ഷ്യധാനങ്ങൾ, മത്സ്യം തുടങ്ങിയവയെല്ലാം യാതൊരു നിയന്ത്രണവുമില്ലാതെ ഇറക്കുമതി ചെയ്യുന്നത് കേരളത്തിന്റെ സമ്പദ്വ്യവസ്ഥകളെ അടിമുടി തകർക്കുകയില്ലേ? അത്തരമൊരു സാഹചര്യത്തിലേയ്ക്ക് കോൺഗ്രസ്സ് ഐ. തുടങ്ങിവച്ചതും ബി.ജെ.പി. യുടെ നേതൃത്വത്തിലുള്ള എൻ.ഡി.എ നേതൃത്വത്തിലുള്ള സർക്കാർ നടപ്പാക്കുന്നതുമായ രാജ്യദ്രോഹ നടപടികളെ സംബന്ധിച്ച് നിങ്ങൾക്ക് എന്താണ് പറയാനുള്ളത്? നിങ്ങൾക്ക് എന്തെങ്കിലും പറയാനുണ്ടോ? സ്വതന്ത്ര ഭാരതം സാമ്പത്തിക സ്വാശ്രയത്വത്തിൽ അധിഷ്ഠിതമായിരിക്കണമെന്നാണ് പണ്ഡിറ്റ് ജവഹർലാൽ നെഹ്രു നമ്മളോട് പറഞ്ഞത്. ഇന്നു നമ്മുടെ രാജ്യം അമേരിക്കൻ സാമ്രാജ്യത്തിന്റെ കാൽക്കീഴിൽ ഞെരിഞ്ഞമരുന്ന സാഹചര്യത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളെ കാണാതെ അവയെക്കുറിച്ചെല്ലാം ബഹുമാനപ്പെട്ട ഗവർണ്ണർ ഈ സഭയിൽ ചെയ്ത പ്രസംഗം കേൾക്കാതെ, അപ്പുറത്തിരിക്കുന്ന ബഹുമാന്യരായ എല്ലാ സുഹൃത്തുക്കളും ഈ നന്ദി പ്രമേയത്തെ എതിർക്കുന്നു എന്നു പറഞ്ഞതിന്റെ അർത്ഥമെന്താണെന്നു മനസ്സിലാകുന്നില്ല. ആ പ്രസംഗത്തിൽ കഴിഞ്ഞ നാലു വർഷക്കാലത്തെ പ്രവർത്തനങ്ങളെയും ഈ ഗവണ്മെന്റ് നടത്തിയിട്ടുള്ള ജനക്ഷേമ നടപടികളെയും സാമൂഹ്യ ക്ഷേമ പദ്ധതികളെയും സംബന്ധിച്ച്, കാർഷിക വ്യാവസായിക മേഖലയിലെ വളർച്ചയെ സംബന്ധിച്ചും ഈ പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചിട്ടില്ലേ? വളരെ വ്യക്തമായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വൈദ്യുതി രംഗത്ത് ഈ ഗവണ്മെന്റ് കൈവരിച്ച നേട്ടങ്ങൾ കാർഷികമേഖലയിൽ നെല്ലുല്പാദന മേഖലയിൽ നാളികേര കർഷകരെ സംരക്ഷിക്കുന്നതിൽ പച്ചക്കറി ഉല്പാദന മേഖലയിൽ ഈ ഗവണ്മെന്റ് കൈവരിച്ച നേട്ടങ്ങൾ ഇതെല്ലാം സൂചിപ്പിച്ചിട്ടില്ലേ? പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ നാനാവിധപ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഉന്നതമായ ഉദാത്തമായ സമീപനം സ്വീകരിച്ചുക്കൊണ്ട് അവരുടെ വിദ്യാഭ്യാസ മേഖലയിൽ അവരുടെ തൊഴിൽ സംരംഭങ്ങൾ വർദ്ധിപ്പിക്കുന്നതിൽ അവരുടെ സാമൂഹ്യ അസമത്വം ഇല്ലാതാക്കുന്നതിൽ തുടങ്ങി ഒട്ടേറെ നടപടികൾ ഇക്കഴിഞ്ഞ മൂന്നേമുക്കാൽ വർഷക്കാലത്തിനിടയിൽ ഗവണ്മെന്റ് സ്വീകരിച്ചില്ലേ? ഈ രാജ്യത്ത് കുടിവെള്ളമെത്തിക്കുന്നതിനും ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിനും കോടിക്കണക്കിനു രൂപയുടെ പുനരുദ്ധാരണ നടപടികൾ സ്വീകരിച്ചില്ലേ? വികസനരംഗങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കാനായി 73,74 ഭരണഘടനാ ഭേദഗതിയിലൂടെ അധികാരത്തിൽ വന്നിട്ടുള്ള ഗ്രാമ -ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തിയില്ലേ? പോരായ്മകളുണ്ടാകും. ജനങ്ങളിലേയ്ക്ക് അധികാരം നൽകാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുന്ന തരത്തിൽ ഗ്രാമ പഞ്ചായത്തുകളേയും മുനിസിപ്പാലിറ്റികളേയും കോർപ്പറേഷനുകളേയും പരിവർത്തിപ്പിക്കുവാൻ ജനകീയാസൂത്രണ പദ്ധതിയിലൂടെ നമുക്കു കഴിഞ്ഞില്ലേ? അങ്ങനെ ജനങ്ങളിലേയ്ക്ക് അധികാരം നൽകുന്ന കാലഘട്ടത്തിലാണ് വാജ്പേയി സർക്കാർ ഭരണഘടനയെ പൊളിച്ചെഴുതാൻ ശ്രമിക്കുന്നത്. ഭരണഘടനാ ഭേദഗതിയല്ല വരുത്തുന്നത്. ഇൻഡ്യയെ സ്വതന്ത്ര പരമാധികാര രാഷ്ട്രമായി പ്രഖ്യാപിച്ച് അൻപതുവർഷമായില്ലേ? ആ ഭരണഘടനയിൽ എന്തെങ്കിലും കുറവുണ്ടെങ്കിൽ പാർലമെന്റിൽ ഭേദഗതി അവതരിപ്പിച്ചു കൂടേ? പാർലമെന്റിൽ ജനോപകാരപ്രദങ്ങളായ നടപടികൾ പാസ്സാക്കിക്കൊണ്ട് ഇന്നു മുന്നോട്ടു പോകുകയല്ലേ? പിന്നെയെന്തിനാണ് ഭരണഘടനയുടെ മാറ്റിയെഴുത്ത്? ലോകത്തിനാകെ മാതൃകയായ ഗ്രാമസഭകൾ വഴി ജനങ്ങളെ അധികാരത്തിൽ പങ്കാളികളാക്കിക്കൊണ്ട് ഓരോ പൗരനും ഭരണത്തിലും വികസന പ്രവർത്തനങ്ങളിലും പങ്കാളികളായി മുന്നോട്ടു പോകുമ്പോൾ അതിനു പിന്തുണ കൊടുക്കുന്നതിനുപകരം, എല്ലാ മേഖലകളിലും ആ നിലയിലുള്ള വളർച്ചയുണ്ടാക്കുന്നതിനു പകരം, ഭരണഘടന ഭേദഗതി ചെയ്ത് പ്രസിഡൻഷ്യൽ സമ്പ്രദായത്തിലേക്ക്, രാജ്യത്തെ അധികാരവികേന്ദ്രീകരണത്തിനുപകരം അധികാരകേന്ദ്രീകരണത്തിലേക്ക് കൊണ്ടുപോകുന്ന നടപടികളാണ് എൻ.ഡി.എ. ഗവൺമെന്റ്, വാജ്പേയ് ഗവൺമെന്റ് തുടരുന്നത്. കേരളത്തിലാണെങ്കിൽ ക്രമസമാധാനം തകർന്നുവെന്നാണ് എപ്പോഴും പറയുന്നത്. രണ്ടാം വിമോചനസമരത്തിന്റെ കാലമായിരിക്കുന്നുവെന്നാണ് പറയുന്നത്. 1957 ൽ ശ്രീ. ആന്റണി തുടങ്ങിവച്ച സമരം നമുക്കറിയാം. 1957-ൽ ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയെ അട്ടിമറിക്കാൻ 'ഭരണാസമരം' തുടങ്ങിവച്ചു. അന്ന് അദ്ദേഹം ട്രാൻസ്പോർട്ട് വണ്ടിക്ക് കല്ലെറിഞ്ഞു. ഇന്നും അദ്ദേഹം അനുയായികളെക്കൊണ്ട് വണ്ടിക്ക് കല്ലെറിയുകയാണ്. നമ്മൾ ദൃശ്യമാദ്ധ്യമങ്ങൾ വഴി കണ്ടതല്ലേ? കോൺഗ്രസ്സ് സ്നേഹിതന്മാർ കരിങ്കൽക്ഷണങ്ങളുമായി നടുറോഡിലൂടെ നടന്ന് കാണുന്നുതിനു നേരെയെല്ലാം കല്ലെറിയുന്ന സ്ഥിതിവിശേഷം നമ്മൾ കണ്ടതല്ലേ? നിഷേധിക്കാമോ? ബഹുമാനപ്പെട്ട ആന്റണി ഈ നയം തുടരുന്നതു ശരിയല്ല. ഇനിയെങ്കിലും ഇതു നിറുത്തണം. ഈ രാജ്യത്തിന്റെ ചരിത്രത്തിൽ ക്രമസമാധാനം തകർന്നിട്ടില്ല. പിന്നെ എന്തു ക്രമസമാധാത്തകർച്ചയാണ് ഇവിടെ? ലോക്കപ്പ്മരണം, വെടിവെപ്പ് അതുപോലെയുള്ള സംഭവങ്ങൾ ഇപ്പോഴുമുണ്ടോ? ഒന്നോ രണ്ടോ ആളുകൾ പോലീസ് കസ്റ്റഡിയിലിരുന്നു മരണപ്പെട്ടാൽ അതു ലോക്കപ്പ് മരണമാണോ ലോക്കപ്പ്കൊലപാതകമാണോ? ലോക്കപ്പിലിട്ട് പോലീസുകാർ ഇഞ്ചിഞ്ചായി ഇടിച്ച് കൊന്ന അനുഭവം നമ്മുടെ മുന്നിലുണ്ട്. കസ്റ്റഡിയിലിരിക്കുന്ന ആൾ മരിച്ചാൽ ലോക്കപ്പ് മരണമാകുമോ? ബഹുമാനപ്പെട്ട മാണിയെപ്പോലെയുള്ളവർക്ക് അറിയാമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ലോക്കപ്പ് മരണമില്ല, വെടിവെപ്പില്ല. എന്തെങ്കിലും സംഭവമുണ്ടായാൽ പോലീസ് ഉടൻതന്നെ അവിടെയെത്തും. ആവശ്യമായ നിയമനടപടികളും നിയമനടപടികളുടെ ഭാഗമായ സംരക്ഷണ നടപടികളും എടുക്കാൻ കേരളത്തിലെ പോലീസ് സേന ജാഗ്രതയോടെ പ്രവർത്തിക്കുകയാണ്. അങ്ങനെ ബഹുമുഖമായ നടപടികൾ ഏറ്റെടുക്കുന്ന സഹസ്രാബ്ദത്തിന്റെ തുടക്കത്തിൽ ഐശ്വര്യപൂർണ്ണമായ ഒരു കേരളമാക്കിത്തീർക്കാനുള്ള ഒരു രജത രേഖയാണ് 18-ാം തീയതി ഗവർണ്ണർ നിയമസഭയിൽ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിലുള്ളത്. ആ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ബഹുമാനപ്പെട്ട ആന

LIBRARY ARCHIVES Kerala Legislative Assembly

ത്തലവട്ടം ആനന്ദൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. അടൂർ പ്രകാശ് : സർ, ഇവിടെ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ശക്തിയായി എതിർക്കുകയാണ്. പഴയ കാര്യങ്ങൾ വീണ്ടും വീണ്ടും ആവർത്തിച്ചു വായിപ്പിക്കുന്നതിന് മാത്രമേ നിങ്ങൾക്ക് ഇവിടെ കഴിഞ്ഞിട്ടുള്ളു. ഈ രാജ്യത്തെ ജനങ്ങൾക്ക് വേണ്ടി എന്തെങ്കിലും ക്ഷേമകരമായ പ്രവർത്തനങ്ങൾ ചെയ്യാമെന്നു പറയാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ രണ്ടു ദിവസമായി ഡോ. സബാസ്റ്റ്യൻ പോൾ ഈ സഭയിൽ ഇല്ലായിരുന്നു. കഴിഞ്ഞ രണ്ടു ദിവസമായി അദ്ദേഹം കൊച്ചി കപ്പൽശാലാ എംപ്ലോയീസ് യൂണിയന്റെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനത്തിലായിരുന്നു. അവിടെ മൽസരം നടന്നത് മാർക്സിസ്റ്റ് പാർട്ടിയും സി.ഐ.ടി.യു വും തമ്മിലായിരുന്നു. ആ മൽസരത്തിൽ ഒരു സ്വതന്ത്രനായി ഈ സഭയിൽ എത്തിയിരുന്ന ഡോ.സെബാസ്റ്റ്യൻ പോൾ ഒരു മാർക്സിസ്റ്റുകാരനായി മാറുന്നതിനുവേണ്ടിയുള്ള പ്രയാസമാണ് നടത്തിയത്. ആ തെരഞ്ഞെടുപ്പിൽ കപ്പൽശാല യൂണിയൻ തൊഴിലാളികൾ ജയിച്ചു. നമ്മുടെ സെബാസ്റ്റ്യൻ പോൾ അവിടെ നിന്നും ഇവിടെ വരേണ്ടിവന്നു. ആ ജാള്യത മറച്ചുവയ്ക്കുന്നതിനുവേണ്ടിയാണ്, ഇന്ന് അപ്പുറത്തു നിന്ന് ശ്രീ. എ.വി താമരാക്ഷൻ പ്രസംഗിച്ചപ്പോൾ ഇപ്പുറത്ത്നിന്ന് കുറെ അംഗങ്ങൾ അവിടെ പോയെന്ന് ഇവിടെ പറഞ്ഞത്. ഇവിടത്തെ നിയമമനുസരിച്ച് ഹാൻഡ് ബുക്കിൽ പറഞ്ഞിട്ടുള്ളത്. ഈ സഭയിൽ ഏതെങ്കിലുമൊരംഗം പ്രസംഗിക്കുമ്പോൾ മറ്റുള്ള ആളുകൾ നിശബ്ദതയോടുകൂടി അത് കേട്ടിരിക്കണമെന്നാണ്. ഇവിടെ നടന്ന സംഭവങ്ങൾ അങ്ങ് കേട്ടതാണ്. ശ്രീ. എ.വി താമരാക്ഷൻ പ്രസംഗിക്കുമ്പോൾ അപ്പുറത്തിരിക്കുന്ന പത്ത്, പന്ത്രണ്ട് അംഗങ്ങൾ ചാടിയെണീറ്റ് അടിക്കാൻവേണ്ടി ആക്രോശിച്ചുകൊണ്ടുപോയത്. ഈ സഭയിൽ മുഴുവൻ അംഗങ്ങളും കണ്ടതാണ്. ശ്രീ. എ.വി താമരാക്ഷനെ ആ സീറ്റിലിരുത്തിയത് ബഹുമാനപ്പെട്ട സ്പീക്കറാണെന്നാണ് ഞങ്ങൾ മനസ്സിലാക്കിയിട്ടുള്ളത്. ബഹുമാനപ്പെട്ട സ്പീക്കറാണ് അപ്പുറത്ത് സീറ്റ് കൊടുത്തതെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. അപ്പോൾ ആ സീറ്റിൽ നിന്നുകൊണ്ട് പ്രസംഗിക്കാനുള്ള അവകാശം അങ്ങേയ്ക്കുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ചങ്ങലയ്ക്ക് ഭ്രാന്ത് പിടിച്ചതിനെക്കുറിച്ച് അങ്ങ് ഇവിടെ പറഞ്ഞല്ലോ.

ശ്രീ. എ. കണാരൻ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ, ഇവിടെ ബഹുമാനപ്പെട്ട അംഗം തെറ്റായ ആരോപണമാണ് ഉന്നയിച്ചത്. അദ്ദേഹത്തെ അടിക്കാൻ ആരും പോയിട്ടില്ല. അടിക്കാൻ പോയെന്നു പറയുന്നത് റിക്കാർഡിൽ നിന്ന് എടുത്തുകളയണം. നമ്മൾ ഒരു സഹപ്രവർത്തകനെ, ഒരു നിയമസഭാംഗത്തെ അടിക്കാൻ പോയി എന്നു പറയുന്നത് റിക്കാർഡിലുണ്ടാകാൻ പാടില്ല. അത് എടുത്തുകളയണം.

മി. ഡെപ്യൂട്ടി സ്പീക്കർ : കൈയേറ്റം ചെയ്യാൻ പോയതാണോ അടിക്കാൻ പോയതാണോ ചായ കുടിക്കാൻ പോയതാണോ എന്നുള്ളത് അറിയില്ല. ഈ അവസരത്തിൽ ഞാൻ ഈ സഭയിൽ ഇല്ലായിരുന്നു. അതുകൊണ്ട് അതിനെക്കുറിച്ച് അന്വേഷിക്കാം.

ശ്രീ. അടൂർ പ്രകാശ് : സർ, ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷൻ തന്നെ ചങ്ങലയ്ക്ക് ഭ്രാന്ത് പിടിച്ചതിനെക്കുറിച്ച് പറഞ്ഞു. അതാണ് ഇവിടെ സംഭവിച്ചിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്ത് ക്രമസമാധാന നില ശാന്തമായിരുന്നു, മതസൗഹാർദ്ദം നിലനിറുത്തുകയുണ്ടായി എന്നു നിങ്ങൾ ഗവർണ്ണറെക്കൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

പറയിപ്പിച്ചില്ലേ? എനിക്ക് ഒരു സംശയം, നിങ്ങൾ പറഞ്ഞത് കേരളത്തിലെ കാര്യം തന്നെയാണോയെന്ന്.

<u>ശ്രീ. പാലോട് രവി</u> : സർ, ഇത്രയും വലിയ അക്ഷമ കാണിക്കേണ്ട കാര്യമില്ല. ഇൻഡ്യൻ പാർലമെന്റിൽ ഇൻഡ്യയുടെ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ പാർട്ടിയിലിരുന്നുകൊണ്ട് ശ്രീ.ഫിറോസ് ഗാന്ധി ആ പാർട്ടിയ്ക്കകത്തുള്ള മന്ത്രിയ്ക്കെതിരെ അഴിമതിയാരോപണമുന്നയിച്ചിട്ടുണ്ട്. അതാണ് പാരമ്പര്യം. അത് കാണാനും കേൾക്കാനുമുള്ള ക്ഷമ അന്ന് പാർലമെന്റ് കാണിച്ചത് എനിക്കറിയാം.

<u>ശ്രീ. അടൂർ പ്രകാശ്</u> : സർ, അത് ജനാധിപത്യവും ഇവിടെ കാണിച്ചത് ഫാസിസവുമാണ്. നിങ്ങൾ പറഞ്ഞത് കേരളത്തിലെ കാര്യംതന്നെയാണോ? ക്രമസമാധാന തകർച്ചയുടെ കാര്യത്തിൽ കണ്ണൂരിലെയും കൊല്ലത്തേയും കാര്യങ്ങൾ മാത്രം പരിശോധിച്ചാൽ സത്യാവസ്ഥ പുറത്ത് വരികയില്ലേ? നവോത്ഥാന നായകനായ ശ്രീ. നാരായണഗുരുവിന്റെ പേരിൽ സ്ഥാപിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിങ്ങൾ കാണിച്ച പ്രാകൃതമായ സമരമുറ കേരളത്തിലെ സമസ്ത വിഭാഗം ജനങ്ങളേയും ചിന്തിപ്പിക്കുന്ന ഒന്നായി മാറാൻ കഴിഞ്ഞു. കോളേജ് പ്രിൻസിപ്പാലിനെ ബന്ദിയാക്കി ഭീഷണിപ്പെടുത്തി. നിങ്ങളുടെ നിർദ്ദേശമനുസരിച്ച് എഗ്രിമെന്റുണ്ടാക്കി കൊല്ലം എസ്.പിയുടെയും കൊല്ലം ജില്ലാ കളക്ടറുടെയും സാന്നിദ്ധ്യത്തിൽ വച്ച് ഒപ്പ് വയ്പിച്ച് വിജയം കൈവരിച്ചുവെന്ന് പ്രഖ്യാപിച്ചില്ലേ? അതിന് മുൻപ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ, സി.പി.എം ന്റെ സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം, എസ്.എഫ്.ഐ യുടെ സമരം ഉൽഘാടനം ചെയ്തുകൊണ്ടു പറഞ്ഞു. കോളേജിൽ മുദ്രാവാക്യം വിളിക്കാൻ പാടില്ലെന്ന് ഏത് ഹൈക്കോടതിയാണ് പറഞ്ഞിട്ടുള്ളത്. ഒരു മുദ്രാവാക്യം വിളിച്ചാൽ ഇടിഞ്ഞുവീഴുന്നതാണോ മാനേജ്മെന്റ്? ഏതെങ്കിലും കോടതിയുടെ ശീട്ട് വാങ്ങിച്ചിട്ടല്ല എസ്.എഫ്.ഐ വിദ്യാർത്ഥികൾ പ്രവർത്തിക്കുന്നത്. സമരം നടത്താൻ പാടില്ലെന്ന് ഏത് കോടതി പറഞ്ഞാലും അതിനെ പുല്ലാക്കി സമരം ചെയ്യും. ഇതാണ് അദ്ദേഹം പറഞ്ഞത്. കോടതി വിധിയെപ്പോലും ധിക്കരിച്ചുകൊണ്ടു സമരം നടത്താൻ നേതൃത്വം കൊടുത്ത രാഷ്ട്രീയ പ്രസ്ഥാനമാണ് നിങ്ങളുടേത്. എസ്.എൻ.ഡി.പി യോഗത്തിന്റെ പ്രസിഡന്റ് എ.ഐ. പ്രതാപ്സിംഗ് അന്തരിച്ച് യോഗനേതാക്കൾ അദ്ദേഹത്തിന്റെ ഭൗതിക ശരീരവുമായി തൃശ്ശൂരിലുള്ള അദ്ദേഹത്തിന്റെ വീട്ടിലെത്തിക്കാൻ പോയ തക്കം നോക്കിയാണ് നിങ്ങൾ ഈ നാടകങ്ങളെല്ലാം നടത്തിയത്. 'മനുഷ്യത്വമെന്ന' വാക്ക് നിങ്ങളുടെ നിഘണ്ടുവിലില്ലെന്ന് ഞങ്ങൾക്കറിയാം. ഈ ഒത്തു തീർപ്പ് വ്യവസ്ഥ അംഗീകരിക്കാൻ ഒരു വിഭാഗം എസ്.എഫ്.ഐ നേതാക്കളും ഡി.വൈ.എഫ്.ഐ യുടെ നേതാക്കളും തയ്യാറായിരുന്നില്ല. ഈ നാടകം അവസാനിപ്പിച്ചതിനുശേഷം അവരുടെ നേതൃത്വത്തിൽ പ്രകടനവുമായി എസ്.എൻ.ഡി.പി ഓഫീസിന്റെ മുൻപിലേക്ക് നീങ്ങുകയായിരുന്നു. വ്യവസ്ഥ അംഗീകരിക്കാത്ത ഈ വിഭാഗമാണ് ശ്രീനാരായണ ഗുരുവിന്റെ പ്രതിമ എറിഞ്ഞുതകർത്തത്. നിങ്ങൾ ആ പ്രതികളെ അറസ്റ്റുചെയ്തിട്ടുണ്ടോ? അതിനുശേഷം ദിവസേന പ്രതിമകൾ തകർക്കുന്ന പരമ്പര നടക്കുന്നു. കാർത്തികപള്ളിയിലും കരുവാറ്റയിലും രണ്ടെണ്ണം തകർത്തു. ചെങ്ങന്നൂരിലും അമ്പലപ്പുഴയിലും നെയ്യാറ്റിൻകരയിലും തൃശ്ശൂരിൽ ചന്ദനപ്പള്ളിയിലും തകർക്കപ്പെട്ടു. ഇതെല്ലാം ചെയ്തത് നിങ്ങളാണെന്ന് ഞാൻ പറയുന്നില്ല. നിങ്ങളുടെ പോലീസിന് എന്താണ് പണി? നിങ്ങൾ കൊല്ലത്ത് പിടിച്ച പ്രതിയെക്കുറിച്ച് പറയട്ടെ. നിങ്ങൾ പ്രതിയെ പിടിച്ചുവെന്ന്

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നല്ലോ. കൈക്ക് സ്വാധീനമില്ലാത്ത ഒരാളിനെ പിടിച്ചിട്ട് ഇതാണ് പ്രതിയെന്നു പറയുന്ന ഒരവസ്ഥയാണ് ഇവിടെയുണ്ടായത്. നിങ്ങളുടെ പോലീസിനു എന്താണ് പണി? നിങ്ങൾക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ കേരളത്തിലെ പ്രതിമ തകർക്കുന്നവരെ കൈയ്യോടെ പിടിക്കാമായിരുന്നു. ഈ സംഭവപരമ്പര തുടങ്ങിയിട്ട് പത്തിലേറെ പോലീസുകാരെയെങ്കിലും ഈ പ്രതിമയുള്ള സ്ഥാനങ്ങളിൽ ഇട്ടിരുന്നുവെങ്കിൽ നിങ്ങൾക്ക് കൈയ്യോടെ പിടികൂടാൻ കഴിയുമായിരുന്നു. നിങ്ങൾക്ക് ആത്മാർത്ഥതയില്ലെന്നുള്ളതിന്റെ പരമപ്രധാനമായ തെളിവാണിത്. പല്ലനയിൽ ഒരു ഗുരുമന്ദിരം തകർക്കാനുള്ള ശ്രമം നടന്നു. ശബ്ദം കേട്ട് നാട്ടുകാർ അവിടെ ഓടിക്കൂടി. പ്രതികളെ പിടിച്ചു. ആ പ്രതി ആരാണെന്നറിയുമോ? ഒന്നാം പ്രതി സതീഷ്. അദ്ദേഹം സി.പി.എം(ന്റെ) ലോക്കൽ കമ്മിറ്റി സെക്രട്ടറിയായിരുന്ന, പിന്നീട് അയിരൂർ ലോക്കൽ കമ്മിറ്റിയുടെ സെക്രട്ടറിയായിരുന്ന, ഇപ്പോൾ ആറൻമുള പഞ്ചായത്ത് മെമ്പറും ഇപ്പോഴത്തെ കെ.എസ്.കെ.ടി യുവിന്റെ നേതാവുമായ പി.കെ. വിദ്യാധരന്റെ അമ്മാവന്റെ മകനായ കാവിന്റെ മേലേതിൽ ശശിയുടെ മകനാണ്. ഇത് നിങ്ങൾ കേൾക്കണം. ഈ സതീഷ് സി.പി.എം ന്റെ സജീവ പ്രവർത്തകനാണ്. ഡി.വൈ.എഫ്.ഐ .യുടെ കുറിച്ചിമുട്ടം യൂണിറ്റിന്റെ സജീവ പ്രവർത്തകനാണ്. കൊടുമണ്ണിൽ നടന്ന ജില്ലാ സമ്മേളനത്തിൽ പങ്കെടുത്ത ആളാണ്. ഭേശാഭിമാനി പത്രത്തിൽ പിറ്റേ ദിവസം ഒരു പടം വന്നു. അതിൽ അടിക്കുറിപ്പ് എഴുതിയിരിക്കുന്നത് സതീഷ് യൂത്തു കോൺഗ്രസ്സുകാരനാണെന്നാണ്. അത് എവിടെനിന്ന് കിട്ടി? ഈ സംഭവം നടന്നത് ഫെബ്രുവരി 17 ന് രാത്രി പത്ത് മണിക്ക് ശേഷമാണ്. നാട്ടുകാർ പിടിച്ച് പോലീസ് കസ്റ്റഡിയിൽ ഏൽപ്പിച്ച ഈ പ്രതിയെക്കുറിച്ച് അടുത്ത ദിവസം ഉച്ചവരെ രാഷ്ട്രീയ ബന്ധമെന്താണെന്ന് പത്രക്കാർ അന്വേഷിച്ചപ്പോൾ പോലീസ്സുകാർ പറഞ്ഞില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ പത്തനംതിട്ടയിൽ എത്തുകയുണ്ടായി. ഉച്ചയ്ക്കുശേഷം പോലീസുകാർക്ക് അദ്ദേഹം കൊടുത്ത നിർദ്ദേശമനുസരിച്ച് പോലീസുകാർതന്നെ പത്രക്കാരെ വിളിച്ച് സതീശ് യൂത്ത്മൂവ്മെന്റിന്റെ പ്രവർത്തകനാണെന്ന് പറയുകയുണ്ടായി. ഇത് തെളിയിക്കാനുള്ള ബാദ്ധ്യത നിങ്ങൾക്കില്ലേ? നിങ്ങൾക്ക് അധികാരമുണ്ടല്ലോ? എന്തുകൊണ്ട് നിങ്ങൾ തെളിയിക്കാൻ തയ്യാറാകുന്നില്ല? തെളിയിക്കാതിരിക്കുന്നത് മാർക്സിസ്റ്റ് പാർട്ടി പ്രവർത്തകനായതുകൊണ്ടും ഡി.വൈ.എഫ്.ഐ.യുടെ പ്രവർത്തകനായതുകൊണ്ടും, നിങ്ങൾക്ക് തെളിയിക്കാനുള്ള തന്റേടമില്ലാത്തതുകൊണ്ടുമാണെന്നു ഞാൻ ആരോപിക്കുകയാണ്. ഡി.വൈ.എഫ്.ഐ. ഇപ്പോൾ ഗുരുദേവ ചിത്രം വച്ച് കുമ്പസരിക്കുകയാണ്. എന്താണ് സർ ഇത്? എത്ര കുമ്പസരിച്ചാലും കേരളത്തിലെ ശ്രീനാരായണീയരുടെ ഹൃദയത്തിനേൽപ്പിച്ച മുറിവ് നിങ്ങൾക്ക് ഉണക്കാൻ കഴിയുകയില്ല. വലിയ കാലതാമസമില്ലാതെ ജനകീയ കോടതിയിൽ നിങ്ങൾക്കെതിരെ വിധിയുണ്ടാകും. ആട്ടിൻതോലണിഞ്ഞ ചെന്നായ്ക്കുട്ടികളെപ്പോലെ നിങ്ങളുടെ ഉള്ളിലെ ചെന്നായ്ക്കളെ മറയ്ക്കുവാൻ ശ്രമിച്ചാൽ ചരിത്രം നിങ്ങൾക്ക് മാപ്പു തരില്ല. ഇപ്പോൾ എസ്.എൻ.ഡി.പി. യോഗ നേതൃത്വവും എസ്.എൻ.ഡി.പി. യൂണിയനുമായിട്ട് തെറ്റിപ്പിക്കാൻ വേണ്ടി ചില പരിപാടികളുമായിട്ട് ഇവിടെ ഇറങ്ങിത്തിരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായിട്ടാണ് ബഹുമാനപ്പെട്ട പിണറായി വിജയൻ ഇവിടെ പ്രസംഗിച്ചത്. കൊല്ലം എസ്.എൻ.ഡി.പി. യൂണിയനാണ് കൊല്ലം ശ്രീനാരായണ കോളേജ് സമരം തീർക്കാതിരുന്നതെന്ന്. എസ്.എൻ.ഡി.പി. യൂണിയനേയും വെള്ളാപ്പള്ളി നടേശനേയും തെറ്റിപ്പിക്കുന്നതിനുവേണ്ടി നിങ്ങൾ ശ്രമിച്ചാൽ അത്തര

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ തെറ്റുന്നവരല്ല എന്ന് നിങ്ങൾ മനസ്സിലാക്കുന്നത് നല്ലതായിരിക്കുമെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. ശ്രീനാരായണഗുരു മന്ദിരം തകർത്തുകൊണ്ട്, ശ്രീനാരായണ പ്രസ്താവനകളെ അടിച്ചുതകർത്തുകൊണ്ട്, ഇവിടെ നിങ്ങൾക്ക് ഒന്നും നേടിയെടുക്കാൻ കഴിയുകയില്ല. അത് ഒരു സംശയവുമുള്ള കാര്യമല്ല. ഇവിടെ ഇത്തരത്തിൽ മുന്നോട്ടുപോയാൽ ഇതിനെതിരായി ശബ്ദ മുയർത്താൻ ഈ രാജ്യത്തെ ശ്രീനാരായണപ്രസ്ഥാനവും അതിന്റെ പ്രവർത്ത കരും ഉണ്ടായിരിക്കുമെന്ന് അപ്പുറത്തുള്ളവർ അറിഞ്ഞിരിക്കുന്നത് നല്ലതായിരി ക്കുമെന്നു മാത്രം ഞാൻ ഈയവസരത്തിൽ വളരെ വിനയപൂർവ്വം അഭ്യർത്ഥി ക്കുകയാണ്. ഇവിടെ ക്രമസമാധാന നില തകർത്തതിനെക്കുറിച്ച് ഞങ്ങൾ പറയുമ്പോൾ അപ്പുറത്തിരിക്കുന്ന ശ്രീ. ജയദേവൻ വളരെ കാര്യങ്ങൾ പ്രസംഗിച്ചു. അദ്ദേഹം പറഞ്ഞത് ഇവിടെ ക്രമസമാധാന നില വളരെ ഭദ്രമാ ണെന്നാണ്. ഇന്നത്തെ മലയാളമനോരമ പത്രത്തിൽ വന്നിരിക്കുന്ന ഒരു ന്യൂസ്: 'നെടുമങ്ങാട് പോലീസിന്റെ പെരുമാറ്റം പക്ഷപാതപരം - സി.പി.ഐ.' ശ്രീ. ജയദേവൻ അറിഞ്ഞുകാണില്ല. ഈ പത്രമൊന്നു വായിച്ചുനോക്കണം. നിങ്ങളുടെ ലോക്കൽ കമ്മിറ്റി സെക്രട്ടറിയുടെ പ്രസ്താവനയാണിത്. എന്താ ണെന്ന് അറിയാമോ? ബസിൽ യാത്ര ചെയ്തിരുന്ന ഒരാളെ ബസിൽനിന്നും പിടിച്ചിറക്കി വധിക്കാൻ ശ്രമിച്ചു. രാമചന്ദ്രൻ എന്നു പറയുന്ന ആളെ പ്രതി യാക്കി വധശ്രമത്തിന് കേസ് എടുത്തുവെന്നാണ് പറയുന്നത്, സി.പി.ഐ. ബ്രാഞ്ച് സെക്രട്ടറി ഇതെല്ലാം കണ്ടിട്ടും വായിച്ചിട്ടും മനസ്സിലാക്കിയിട്ടും പിന്നെയും ഇത് കൊള്ളുന്നത് സുഖമെന്ന് പറയുന്നത് ഇതെവിടത്തെ കാര്യ മാണ്? ഇത് എത്രനാൾ കൊണ്ടുകൊണ്ട് നടക്കും? അതുകൊണ്ട് ഇവിടെ ക്രമസമാധാനനില തകർത്ത, തകർക്കാൻ നേതൃത്വം കൊടുത്ത, ഒരു ഗവൺമെന്റ് എന്നുള്ള നിലയിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന നയപ്രഖ്യാപ നത്തെയും അതിന് അവതരിപ്പിച്ച നന്ദിപ്രമേയത്തെയും ഞാൻ ശക്തിയായി എതിർക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

<u>ശ്രീ. പി. രാഘവൻ</u> : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കു കയാണ്. പുതിയ സഹസ്രാബ്ദത്തിലേയ്ക്കും പുതിയ നൂറ്റാണ്ടിലേയ്ക്കും കേരളത്തെ നയിക്കാൻ കരുത്ത് എടുക്കുന്ന ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിന്റെ നയം വ്യക്തമാക്കുന്ന ഒരു പ്രഖ്യാപനമായിരുന്നു ബഹുമാനപ്പെട്ട ഗവർണർ കഴിഞ്ഞ 18-ാം തീയതി സഭയിൽ നടത്തിയത്. മൂന്നുകോടി ജനങ്ങളെ വെളിച്ചത്തിലേയ്ക്കു നയിക്കുന്ന ഈ നയത്തെ കേരള ത്തിലെ ജനങ്ങളും സകല മാധ്യമങ്ങളും സ്വാഗതം ചെയ്യുകയുണ്ടായി. ഇരു ട്ടിന്റെ സന്തതികൾ കറുത്ത തുണി തലയിൽ അണിഞ്ഞും കൈയിലെടുത്തും അതിനെ സ്വാഗതം ചെയ്തു. അവരിൽനിന്നും അതു മാത്രമേ പ്രതീക്ഷിക്കാ വൂ. എന്തിനായിരുന്നു നിങ്ങൾ കറുത്ത തുണികൾ കൈയിലെടുത്തത്? നിങ്ങൾ ഒരക്ഷരംപോലും ഉരിയാടിയില്ല. യഥാർത്ഥത്തിൽ യു.ഡി.എഫിന്റെ മരണത്തിലുള്ള നിങ്ങളുടെ അനുശോചനം അറിയിക്കുകയായിരുന്നു അത്. ഇനി ഒരിക്കലും യു.ഡി.എഫ്. കേരളത്തിൽ ഉണ്ടാകുകയില്ല എന്നതിന്റെ തെളിവാണത്. ഈ നയപ്രഖ്യാപനത്തിൽ യാതൊന്നുമില്ലെന്ന് നിങ്ങൾ പറഞ്ഞല്ലോ. ഞാൻ ശ്രദ്ധിച്ചു, ബഹുമാനപ്പെട്ട പി.പി. തങ്കച്ചൻ മുതൽ അടൂർ പ്രകാശ്വരെയുള്ള ആളുകൾ പ്രസംഗിച്ചപ്പോൾ ഈ നയ പ്രഖ്യാപന പ്രസംഗ ത്തിൽ ഏതെങ്കിലുമൊരു ഖണ്ഡികയെ സംബന്ധിച്ച് ഒരക്ഷരംപോലും പറഞ്ഞില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ കൂടിയില്ലായിരുന്നുവെങ്കിൽ,

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തിന്റെ പ്രസംഗം കൂടിയില്ലായിരുന്നുവെങ്കിൽ അടൂർ പ്രകാശിന്റെ കഥ എന്താകുമായിരുന്നു? എല്ലാം ശ്രീ. കോടിയേരി ബാലകൃഷ്ണനെക്കുറിച്ചാണ് പറഞ്ഞത്. ഇതിൽ 43 ഖണ്ഡികയിൽ ഏതെങ്കിലുമൊരു ഖണ്ഡികയെ നിങ്ങൾ എതിർക്കുന്നുണ്ടോ? നിങ്ങൾക്ക് പറയാൻ പറ്റുമോ, ഇനി ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പ്രസംഗിക്കുമല്ലോ, അപ്പോൾ ഇന്നതിനെ നിങ്ങൾ എതിർക്കുന്നുവെന്നു പറയണം. അതിൽ മൂന്നാമത്തെ ഖണ്ഡിക ഭരണഘടനയെ തുരങ്കം വയ്ക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ നിലപാടിന് എതിരായിട്ടുള്ളതാണ്. നിങ്ങൾക്ക് അതിനെ സംബന്ധിച്ച് വല്ലതും പറയാനുണ്ടോ? ഭരണഘടനയെ ബഹുമാനമുണ്ടെന്ന് ആയിരംവട്ടം ആണയിട്ടു പറഞ്ഞവരല്ലേ നിങ്ങൾ? അതിനെ സംബന്ധിച്ച് എന്തെങ്കിലും പറയാനുണ്ടോ? അതിൽ നാലാമത്തേത് ഇൻഷ്വറൻസും ബാങ്കും സ്വകാര്യവൽക്കരിക്കുന്നതിനെതിരായിട്ടാണ്. നിങ്ങളുടെ നേതാവ് ശ്രീമതി സോണിയാഗാന്ധി അടക്കം അതിനാണ് വോട്ട് ചെയ്തത്. അതുകൊണ്ടാണ് ഞങ്ങൾ പറഞ്ഞത് ബി.ജെ.പി.യും കോൺഗ്രസും ഒരേ നാണയത്തിന്റെ രണ്ടുവശങ്ങളാണെന്ന്. നിങ്ങൾക്ക് അതിനെ സംബന്ധിച്ച് ഇതു മാത്രമല്ലേ പറയാനുള്ളൂ. ഞാൻ നീട്ടിപ്പറയാൻ ആഗ്രഹിക്കുന്നില്ല. ഇൻഷ്വറൻസ് മേഖലയേയും ബാങ്കിംഗ് മേഖലയേയും മുഴുവൻ തന്നെ വിദേശ സാമ്രാജ്യശക്തികൾക്ക് പണയം വയ്ക്കുന്നതിന് ബി. ജെ.പി. ഗവൺമെന്റിന് ഒത്താശ ചെയ്തുകൊടുത്ത ആളുകളാണ് കോൺഗ്രസ് എന്നു പറയുന്നവർ. നിങ്ങൾക്ക് ഇതു പറയാൻ പറ്റുമോ? അതാണ് ഈ പ്രശ്നത്തിലുള്ളത്. അതുപോലെതന്നെ ആഗോളവൽക്കരണത്തെ സംബന്ധിച്ച് 5-ാമത്തെ ഖണ്ഡികയിൽ പറയുകയാണ്. അതിന്റെ ആപത്തിനെക്കുറിച്ച് ശ്രീ. വയലാർ രവി പറയാൻ തുടങ്ങിയിരിക്കുന്നു. ഇന്ന് ശ്രീ. ഉമ്മൻചാണ്ടി പ്രസംഗിക്കാൻ തുടങ്ങിയിരിക്കുന്നു. നിങ്ങളുടെയിടയിൽത്തന്നെ ചിന്തിക്കാൻ തുടങ്ങിയിട്ടുപോലും ഇവിടെ പ്രസംഗിച്ച ആളുകൾപോലും ആഗോളവൽക്കരണത്തെക്കുറിച്ച് പറഞ്ഞിട്ടില്ല. 1427 ഇനങ്ങൾ 2001-2002 ആകുമ്പോൾ ഇൻഡ്യാ രാജ്യത്തിലേക്ക് ഇറക്കുമതി ചെയ്യാൻ പോകുകയാണ്. കേരളത്തിലടക്കമുള്ള ഇൻഡ്യയിലെ ആളുകൾ കുത്തുപാള എടുക്കേണ്ടി വരും. നിങ്ങളുടെ ഈ നയത്തിന്റെ ഫലമായിട്ട് നിങ്ങൾ അതിനെ അംഗീകരിക്കുകയല്ലേ ചെയ്യുന്നത്. ഞങ്ങളുടെ നയ പ്രഖ്യാപനപ്രസംഗത്തിലും അത് പറഞ്ഞതാണോ തെറ്റ്? ആ നിലയിലുള്ള നടപടിയാണ് നിങ്ങളും ബി.ജെ.പി.യും കൂടെ എടുത്തിട്ടുള്ളത്. 6-ാമത്തെ ഖണ്ഡികയിൽ ബഹുമാനപ്പെട്ട കാർത്തികേയൻ വായിക്കണം. അമേരിക്കയുമായിട്ട് ഈ ബി. ജെ.പി. ഗവൺമെന്റ് ഉണ്ടാക്കിയ കരാർ നമ്മുടെ രാജ്യത്തെ എവിടെയാണ് എത്തിക്കുന്നത്? ശ്രീ. ക്ലിന്റൺ മാർച്ച് മാസം 20-ാം തീയതി ഇൻഡ്യയിലേയ്ക്ക് വരികയാണ്. കോൺഗ്രസ്സിന്റെ നിലപാട് എന്താണ്; ശ്രീ. ക്ലിന്റനോടും അതുപോലെ തന്നെ ഇൻഡ്യഗവൺമെന്റിന്റെ ഇറക്കുമതി നയത്തോടുമുള്ളത്? 8 ലക്ഷത്തിലധികം വരുന്ന കേരളത്തിലെ റബ്ബർ കൃഷിക്കാരെയടക്കം കുത്തുപാള എടുപ്പിക്കുന്ന നിങ്ങളുടെ നയത്തിന്റെ തുടർച്ചയാണ് ബി. ജെ.പി. ഗവൺമെന്റ് എടുത്തിട്ടുള്ളത്. 714 ഇനങ്ങൾ ഈ കൊല്ലം ഇറക്കുമതി ചെയ്യുകയാണ്. അങ്ങനെ ഇൻഡ്യ മലേഷ്യയെപ്പോലെയും ബ്രസീലിനെപ്പോലെയും കുത്തുപാളയെടുക്കുന്ന സ്ഥിതിയിലേയ്ക്ക് മാറുകയാണ്. 7-ാമത്തേത് പൊതുവിതരണ സമ്പ്രദായത്തെ സംബന്ധിച്ചാണ്. ആ പൊതുവിതരണ സമ്പ്രദായം പൂർണ്ണമായി തകർക്കുന്ന ഇൻഡ്യാഗവൺമെന്റിന്റെ നയം വന്നാൽപോലും, സബ്സിഡി പൂർണ്ണമായി എടുത്തു കളഞ്ഞാൽപ്പോലും, ഈ കേരള ഗവൺമെന്റ് എത്ര കടം വാങ്ങിയിട്ടായാലും കേരളത്തിലെ ജനങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

സബ്സിഡി കൊടുക്കുമെന്ന് പ്രഖ്യാപിച്ചതിനെ അംഗീകരിക്കാൻ നിങ്ങൾക്ക് സാധിക്കുമോ? അതിനെ സ്വാഗതം ചെയ്യാൻ നിങ്ങൾക്ക് സാധിക്കുന്നുണ്ടോ? ഞാൻ ബഹുമാനപ്പെട്ട ആന്റണിയോടു പറയുന്നു, നിങ്ങളുടെ നയത്തിന്റെ ഭാഗമല്ലേ ഇത്? രണ്ട് കാർഡുകൾ ഈ നയത്തിന്റെ ഭാഗമായി ഉണ്ടാക്കിയത് ശ്രീ. എ.കെ. ആന്റണിയാണ്; ചുവന്ന കാർഡും മഞ്ഞ കാർഡും. ഇനി വരാൻ പോകുന്നത്; സബ്സിഡി പൂർണ്ണമായി എടുത്തുകളയാൻ പോകുന്നു. നമ്മുടെ കേരളത്തിലെ പൊതുവിതരണ ശൃംഖല പൂർണ്ണമായി തകർക്കുന്ന ആ നയത്തെ കോൺഗ്രസ് എതിർക്കുന്നുവെന്നു പറയണം. ബഹുമാനപ്പെട്ട ആന്റണി പ്രസംഗിക്കാനുണ്ടല്ലോ; അങ്ങ് കേന്ദ്രത്തിലെ മന്ത്രിയായിരുന്നപ്പോൾ ഈ നയം പ്രഖ്യാപിച്ചതാണ്. നിങ്ങൾക്ക് അതിനെയും എതിർക്കാൻ സാധിക്കുന്നില്ല. അതാണ് ബി.ജെ.പി.യുമായി നിങ്ങളുടെ ഒത്തുതീർപ്പ് എന്ന് പറയുന്നത്. അതുപോലെതന്നെ കോൺഗ്രസിന്റെ തെരഞ്ഞെടുപ്പു മാനിഫെസ്റ്റോയിൽ പറഞ്ഞത് എന്താണ്? ആര്യാടൻ പറഞ്ഞല്ലോ - needy people യഥാർത്ഥത്തിൽ ബി.ജെ.പി.യുടെ നയത്തെ അംഗീകരിക്കുന്ന ഒരു നയമായിരുന്നു കോൺഗ്രസിന്റെ മാനിഫെസ്റ്റോയിൽ. കഴിഞ്ഞ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ പറഞ്ഞത് അതാണ്. അതുകൊണ്ടാണ് ബി.ജെ.പി.ക്കാർ ഈ നയം കൊണ്ടുവന്നപ്പോൾ നിങ്ങൾക്ക് എതിർക്കാൻ സാധിക്കാതെ വരുന്നത്. സംസ്ഥാനങ്ങൾക്കുള്ള നികുതി വരുമാനം സെയിൽസ് ടാക്സിന്റെ 29% എന്നുള്ളത് മാറ്റി നെറ്റ് ഇൻകത്തിന്റെ 29% എന്നാക്കിയപ്പോൾ കേരളത്തിന് 80 കോടി രൂപ നഷ്ടമായി. 513 കോടി രൂപയുടെ വേറെ നഷ്ടവും. ഈ നഷ്ടമെല്ലാമുണ്ടായി ഇൻഡ്യയിലെ സംസ്ഥാനങ്ങൾക്കുള്ള അധികാരത്തെ പിടിച്ചടക്കുന്ന ഒരു നടപടിയിലേയ്ക്ക് ഇൻഡ്യാഗവൺമെന്റ് പോകുമ്പോൾ ശ്രീമതി സോണിയാഗാന്ധി അടക്കമുള്ള ഏതെങ്കിലും കോൺഗ്രസ് നേതാക്കന്മാർ അതിനെതിരായി ഒരക്ഷരം ഉരിയാടിയോ? പറഞ്ഞില്ല. എന്താണ് ശ്രീമതി സോണിയാഗാന്ധി ആദ്യത്തെ പാർലമെന്റ് പ്രസംഗത്തിൽ പറഞ്ഞത്? ഇൻഷ്വറൻസ് ഭേദഗതി ബില്ലിനെ അംഗീകരിച്ചുകൊണ്ട് പറഞ്ഞത് ഇൻഡ്യാഗവൺമെന്റിന്റെ നയം നല്ലതെന്നാണ്. ആ നയത്തെ അംഗീകരിക്കുകയാണ് വാസ്തവത്തിൽ സോണിയാഗാന്ധി ചെയ്തത്. 10-ാമത്തെ ഖണ്ഡിക അധികാരവികേന്ദ്രീകരണത്തെ സംബന്ധിച്ചാണ്. ഇവിടെ പല ആളുകളും അധികാരവികേന്ദ്രീകരണത്തെ സംബന്ധിച്ച് ചോദിച്ചു, 3,000 കോടി രൂപ നമ്മുടെ ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും കൊടുത്തില്ലേ? ബഹുമാനപ്പെട്ട ആര്യാടൻ പലപ്പോഴും ആടിന്റെ തലയെ സംബന്ധിച്ചാണ് പറയുന്നത്. കോൺഗ്രസ്സിന്റെ 380-ഓളം വരുന്ന പഞ്ചായത്തുകളിൽ ആടിന്റെ തല മാത്രമാണോ വിൽക്കുന്നത്? അവിടെ വികസന പ്രവർത്തനങ്ങൾ നടക്കുന്നില്ലേ? എത്ര വ്യാപകമായി നടക്കുകയാണ്. ഹിന്ദുപത്രം കോൺഗ്രസ്സിനെ പിന്താങ്ങുന്ന പത്രമല്ലേ, കോൺഗ്രസ്സുകാർ ഈ നിയമസഭയിൽ എഴുന്നേറ്റു നിന്നാൽ വെണ്ടയ്ക്കാ അക്ഷരത്തിൽ എഴുതുന്ന പത്രമല്ലേ? ഇന്നലത്തെ പത്രത്തിൽ പറയുകയാണ്, കോട്ടയം ജില്ലയിൽ കല്ലറ പഞ്ചായത്തിൽ തരിശായി കിടന്നിരുന്ന ആയിരം ഏക്കർ സ്ഥലം ജനങ്ങളും പഞ്ചായത്തുകളും ചേർന്നുകൊണ്ട് വിളനിലമാക്കി മാറ്റിയിരിക്കുകയാണ്. കനകം വിളയിക്കുന്ന നിലമാക്കി മാറ്റിയിരിക്കുകയാണ്. അവർ അതിനെ സംബന്ധിച്ച് "People's plan turns fallow land into rice bowl" എന്നു പറയുകയാണ്. ഞാൻ വിശദമായി പറയാൻ ആഗ്രഹിക്കുന്നില്ല. അവർ എത്ര ഗംഭീരമായിട്ടാണ് എഴുതിയിരിക്കുന്നത്. ഹിന്ദുപ്പത്രം നിങ്ങളുടെ നയം പ്രചരിപ്പിക്കുന്ന പത്രമാണ്. കോൺഗ്രസ്സുകാർക്കുപോലും അധികാരവികേന്ദ്രീകരണത്തെ

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിക്കുവാൻ സാധിക്കുന്നില്ല. ബി.ജെ.പി. ഗവൺമെന്റ് അധികാരങ്ങൾ പിടിച്ചെടുക്കാൻ നോക്കുകയാണ്. നിങ്ങളുടെ ഗവൺമെന്റ് ഇത്രയും കൊല്ല ക്കാലം ഭരിച്ചിട്ട് കോടിക്കണക്കിന് രൂപ നിങ്ങളുടെ കൈയിൽ ഉണ്ടായിട്ട് (ശ്രീ. നരസിംഹറാവുവിന് ഇഷ്ടം പോലെ പൈസ ഉണ്ടായിരുന്നില്ലേ?) ഇന്ത്യാ രാജ്യത്ത് ഏതെങ്കിലും ഒരു പഞ്ചായത്തിന് കൊടുത്തോ? നിങ്ങൾ പറയു ന്നില്ലേ 73-74 ഭരണഘടനാ ഭേദഗതികൾ ഞങ്ങളാണ് കൊണ്ടുവന്നതെന്ന്. നിങ്ങൾ ഭരിക്കുന്ന സംസ്ഥാനത്തിലൊന്നും 73-74 ഭരണഘടനാ ഭേദഗതികൾ ഇല്ലേ? ഏതെങ്കിലും ഒരു സംസ്ഥാനത്തിനകത്ത് ഇതു നടപ്പിലാക്കുവാൻ, ഈ ജനകീയാസൂത്രണ പരിപാടി നടപ്പിലാക്കുവാൻ, ഈ ജനകീയാസൂത്രണ പരി പാടി നടപ്പിലാക്കാൻ, സാധിച്ചോ? ആ നിലയിൽ എന്തുകൊണ്ട് കാണുവാൻ സാധിച്ചില്ല? അതുപോലെ വിമുക്തഭടന്മാർക്ക്, രണ്ടാം ലോക മഹായുദ്ധ ത്തിൽ പങ്കെടുത്തവർക്ക്, 200 രൂപ പെൻഷൻ ഉണ്ടായിരുന്നത് 300 രൂപയായി വർദ്ധിപ്പിച്ചു. നിങ്ങൾക്ക് അവരോട് വല്ല സ്നേഹവുമുണ്ടോ? അത് നിങ്ങൾക്ക് കാണുവാൻ സാധിക്കുന്നില്ലല്ലോ. 13-ാം ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള ക്രമസ മാധാന നിലയെ സംബന്ധിച്ച് വലിയ വേവലാതിയാണല്ലോ നിങ്ങൾക്ക്. ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് ചോദിക്കട്ടെ, ഈ കഴിഞ്ഞ ദിവസം കേരളത്തിൽ കണ്ട കാഴ്ചയെന്താണ്? നിങ്ങളുടെ അനുയായികൾ റോഡിലിറങ്ങി പേ പിടിച്ച പട്ടികളെ പോലെയല്ലേ കല്ലുപെറുക്കി ഈ രാജ്യ ത്തിലെ ജനങ്ങളുടെ നേരെ, ഈ രാജ്യത്തിലെ കെട്ടിടങ്ങളുടെ നേരെ, എറി ഞ്ഞത്? ഇത് മലയാളമനോരമ പേപ്പർ കട്ടിംഗ് ആണ്. (പേപ്പർ കട്ടിംഗ് സഭ യിൽ ഉയർത്തിക്കാണിച്ചു) എന്റെ നാട്ടിലെ എസ്.ഐ. സേതുമാധവന്റെ ഫോട്ടോ കൊടുത്തിട്ടുണ്ട്. കാസർകോട് യൂത്ത് കോൺഗ്രസ്സുകാർ അദ്ദേഹ ത്തിന്റെ കൈയിൽനിന്നും ലാത്തി വാങ്ങിയിട്ട് അടിച്ച് തല പൊട്ടിച്ചു. ഒഴു കുന്ന ചോരയാണിത്. ശ്രീ. കാർത്തികേയൻ ശ്രദ്ധിച്ചില്ലേ, കോൺഗ്രസിന്റെ നേതാവല്ലേ? അഹിംസാ വാദം നമ്മുടെ രാജ്യത്ത് മുഴുവൻ പ്രചരിപ്പിക്കുന്ന ആളല്ലേ? മലയാളമനോരമ എന്നു പറഞ്ഞാൽ, കോൺഗ്രസിനെ നിലത്തുവ ച്ചാൽ ഉറുമ്പരിക്കും തലയിൽ വച്ചാൽ പേനരിയ്ക്കും എന്ന നിലയിൽ കൊണ്ടുനടക്കുന്ന പത്രമാണ്. ഈ ചോര കണ്ടോ? എന്നിട്ട് പോലീസ് അതി ക്രമംപോലും! ഇതേ മലയാള മനോരമ പറയുന്നു: "പോലീസും പ്രവർത്ത കരും തമ്മിൽ പല തവണ ഉന്തും തള്ളും നടന്നു, ഇടയ്ക്കിടെ ഏറും. തള്ളിൽ പോലീസിന്റെ കൈയിലുള്ള ചുരൽ ഷീൽഡ് - കല്ലേറ് തടുക്കാനുള്ള ഉപകരണം - പിടിച്ചു വാങ്ങി എറിഞ്ഞു." നല്ല സമാധാനപരമായ കോൺഗ്ര സ്സിന്റെ സമരമാണ്! "കൂട്ടത്തിൽ ഒരു സബ് ഇൻസ്പെക്ടറുടെ തൊപ്പി തട്ടി യെടുത്ത് തട്ടിക്കളിച്ചു." തൊപ്പിയെടുത്ത് തട്ടിക്കളിക്കുകയാണ്. എന്നാലും പോലീസ് തല്ലാൻ പാടില്ല, എന്നിട്ടും തല്ലിയില്ല. "ധാരാളം ചെരിപ്പുകളും പോലീസിന്റെമേൽ എറിഞ്ഞു. ഒരു എസ്.ഐ.യുടെ തല പൊട്ടി." ഇതാണ് കോൺഗ്രസ്സിന്റെ ക്രമസമാധാനനിലയെ സംബന്ധിച്ച് പറഞ്ഞത്. എല്ലാ അക്ര മവും അവസാനിപ്പിച്ചു എന്ന് പറയുന്നില്ല. തിരുവനന്തപുരത്ത് എം.എൽ.എ. ആയ ശ്രീമാൻ വിജയകുമാറിന്റെ നേതൃത്വത്തിൽ നടന്ന പ്രകടനം ഞാൻ ടി. വി.യിൽ കണ്ടതാണ്. ചുറ്റുപാടുമുള്ള മുഴുവൻ കടകൾക്കും കല്ലെറിഞ്ഞില്ലേ? പിരിഞ്ഞു പോകുമ്പോഴാണ് കല്ലെറിഞ്ഞത്. അപ്പോഴും മിണ്ടാതിരിക്കണമെ ന്നല്ലേ നിങ്ങൾ പറഞ്ഞത്? ഒരു എം.എൽ.എ.യും എം.പി.യും നടത്തിയ പ്രകട നംപോലും അക്രമാസക്തമായപ്പോൾ ആ ജനങ്ങളെ പിന്തിരിപ്പിക്കാൻ നിങ്ങൾ ഒന്നും ചെയ്തില്ലല്ലോ. പ്രതിപക്ഷത്തെ എം.എൽ.എ.മാർ ഈ ഭാഗ ത്തേയ്ക്ക് വന്നല്ലോ. സമാധാനത്തിന്റെ സന്ദേശവാഹകനാണെന്ന് അഭിമാനി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്ന ശ്രീ. എ.കെ. ആന്റണിക്ക് പറയാമായിരുന്നില്ലേ, നിങ്ങൾ ഈ ഭരണകക്ഷിയിലേക്ക് പോകാൻ പാടില്ലെന്ന്? പറഞ്ഞില്ല. കേരളത്തിലെ അക്രമത്തിന് എതിരായി ഒരക്ഷരം പോലും പറയാൻ ശ്രീമാൻ ആന്റണിക്ക് സാധിച്ചില്ലല്ലോ. ക്രമസമാധാനനിലയെ സംബന്ധിച്ച് നിങ്ങൾ പറയുന്നല്ലോ?

ശ്രീ. ബി. വിജയകുമാർ : സർ, പോയിന്റ് ഓഫ് ഓർഡർ. ഞങ്ങൾ രാഷ്ട്രീയ നേതാക്കന്മാർ, രാഷ്ട്രീയ പ്രവർത്തകർ ജാഥയിൽ പങ്കെടുക്കാറുണ്ട്, ജാഥ നയിക്കാറുണ്ട്, ആ ജാഥയിൽ നടക്കുന്ന സംഭവത്തിന്റെ പേരിൽ എം.എൽ.എ. കല്ലെറിഞ്ഞുവെന്ന് ശ്രീ. രാഘവൻ ഇവിടെ പറഞ്ഞു. ഞാൻ കല്ലെറിയുന്നതായി എന്തെങ്കിലും ഒരു രേഖ എവിടെയെങ്കിലും ഉണ്ടെങ്കിൽ അത് ഹാജരാക്കട്ടെ, നേരത്തെ ഒരു പേപ്പർ കട്ടിംഗ് ഇവിടെ കൊണ്ടുവന്നു, അതുപോലെ ഹാജരാക്കാമെങ്കിൽ ഞാൻ ക്ഷമ പറയാൻ തയ്യാറാണ്. അംഗങ്ങളെ ആക്ഷേപിക്കരുത്.

ശ്രീ. പി. രാഘവൻ : എം.എൽ.എ. കല്ലെറിഞ്ഞുവെന്നല്ല ഞാൻ പറഞ്ഞത് എം.എൽ.എ.യും എം.പി.യും നയിച്ച ജാഥ... എന്നാണ് പറഞ്ഞത്.

മി. സ്പീക്കർ : കല്ലെറിഞ്ഞെന്നല്ല പറഞ്ഞത്,

ശ്രീ. പി. രാഘവൻ : എം.എൽ.എ. നയിച്ച ജാഥ, അക്രമാസക്തമായി കടകൾക്ക് നേരെ കല്ലെറിഞ്ഞത് ഞാൻ ടി.വി.യിൽ കണ്ടതാണ്. ശ്രീ. വിജയകുമാർ അടക്കമുള്ളവർ ആൾക്കാരെ വിലക്കേണ്ടേ? ഒരു ജനനേതാവല്ലേ? ആക്രമിക്കാൻ പാടില്ലെന്നു പറയണ്ടേ? നാട്ടിലെ മുഴുവൻ ആൾക്കാരെ കല്ലെറിഞ്ഞാൽ! അതാണ് ഞാൻ കണ്ടത്. നിങ്ങളുടെ കോൺഗ്രസ് നേതാവ് ഭരിക്കുന്ന ഒറീസ്സയിൽ ഒരു സ്ത്രീയുടെ പ്രസ്താവന ഞാൻ വായിക്കാം. അതും മലയാള മനോരമയിലാണ്. അവിടെ ചില പ്രശ്നങ്ങളുണ്ടായി. ക്രമസമാധാനം എന്നു പറയുന്ന പ്രശ്നം തന്നെയാണ്. "കേസിന്റെ നടപടി ഊർജ്ജിതപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് അന്ന് മുഖ്യമന്ത്രിയായിരുന്ന ശ്രീ. പട്നായിക്കിനെ ചെന്നു കണ്ടു. അയാൾ എന്നെ നിരുത്സാഹപ്പെടുത്തുകയും കേസ് രേഖാമൂലം പിൻവലിക്കാൻ സമ്മർദ്ദം ചെലുത്തുകയുമാണ് ചെയ്തത്." ആ സ്ത്രീ മുഖ്യമന്ത്രിയെ കണ്ട് സംസാരിച്ചപ്പോഴാണ് മുഖ്യമന്ത്രി ആ സ്ത്രീയോടു പറയുന്നത്, കേസ് പിൻവലിക്കണമെന്ന്. അവർ അഡ്വക്കേറ്റ് ജനറലായിരുന്ന ഇന്ദ്രജിത്ത് റോയിയെ കാണാൻ ചെന്നു. റോയി അവരെ കിടപ്പുമുറിയിലേക്ക് കൊണ്ടുപോയി. "പരാതി കൊടുക്കാൻ പോയപ്പോൾ," അവർ പറയുകയാണ് അവരെ കിടപ്പുമുറിയിലേയ്ക്ക് കൊണ്ടുപോകുകയും മാനഭംഗപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു. രക്ഷപ്പെട്ട അഞ്ജന പോലീസിൽ പരാതി നൽകി, മുഖ്യമന്ത്രിയെ സമീപിച്ചപ്പോഴാണ് കേസ് പിൻവലിക്കാൻ സമ്മർദ്ദമുണ്ടായത്. സുഹൃത്തായ റോയിയെ സംരക്ഷിക്കുകയായിരുന്നു ശ്രീ. പട്നായിക്കിന്റെ ലക്ഷ്യം. എന്നാൽ അഞ്ജന വഴങ്ങിയില്ല. വനിതാ സംഘടന വഴിയാണ് കേസ് ഉണ്ടായത്. ഇവിടെ ഇന്നലെ ശ്രീ. ടി.എം. ജേക്കബ് ഉറഞ്ഞുതുള്ളിയില്ലേ, ശ്രീമതി നളിനി നെറ്റോയുടെ പ്രശ്നം പറഞ്ഞുകൊണ്ട്? മൂന്നു ദിവസംകൊണ്ട് പ്രശ്നം പരിഹരിക്കാനും നടപടിയെടുക്കാനും ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് സാധിച്ചു. നിങ്ങളുടെ കോൺഗ്രസ് ഭരിക്കുന്ന സ്ഥലത്താണ് കിടപ്പുമുറിയിലേക്ക് പിടിച്ചുകൊണ്ടുപോയത്. നാണമുണ്ടോ കോൺഗ്രസ്സുകാരന്?

ശ്രീ. ജി. കാർത്തികേയൻ : അഡ്വക്കേറ്റ് ജനറൽ അങ്ങനെ ചെയ്തുകൊണ്ട് 24 മണിക്കൂറിനകം ആ സ്ഥാനത്തുനിന്നും മാറ്റി.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാഘവൻ : അതിനെ സംബന്ധിച്ചാണ് പറയുന്നത്, ബഹുമാനപ്പെട്ട കാർത്തികേയൻ മനസ്സിലാക്കണം, കോൺഗ്രസ്സുകാരെ സംബന്ധിച്ച് ശ്രീമതി ശോഭനാ ജോർജ് രഹസ്യമായി പത്രക്കാരെ വിളിച്ചു പ്രസ്താവന നടത്തിയില്ലേ? ശ്രീ.എ.കെ. ആന്റണിക്ക് എതിരായിട്ട് പത്ര പ്രസ്താവന നടത്തിയപ്പോൾ ഒരു ചെറുവിരലനക്കാൻപോലും ശ്രീ.എ.കെ. ആന്റണിക്ക് സാധിച്ചോ? അത് പത്രങ്ങളിൽ അടിച്ചു വന്നില്ലേ? ബഹുമാനപ്പെട്ട എ.കെ.ആന്റണി മുഖ്യമന്ത്രിയായിരിക്കുമ്പോൾ ബി.ജെ.പിക്കെതിരായി 16 വയസ്സ് മാത്രം പ്രായമായ പിഞ്ചോമനക്കുഞ്ഞ് പരാതികൊടുത്തപ്പോൾ ആ കുഞ്ഞിന്റെ അച്ഛനെ എന്തായിരുന്നു ശ്രീമാൻ എ.കെ.ആന്റണി പറഞ്ഞത്? രാഷ്ട്രീയത്തിന്റെ നിറം കൊടുത്തുകൊണ്ട് ആ പെറ്റീഷൻപോലും പിച്ചിച്ചീന്തുകയാണ് എ.കെ.ആന്റണി ചെയ്തത്. ശ്രീ. എ.കെ. ആന്റണിക്ക് എതിരായിട്ടും പത്രപ്രസ്താവന നടത്തിയില്ലേ? അപ്പോൾ ഒരു ചെറുവിരലനക്കാൻപോലും ആന്റണിക്ക് സാധിച്ചോ? അതും പത്രങ്ങളിൽ അടിച്ചുവന്നില്ലേ? ആ പിഞ്ചുകുഞ്ഞിന്റെ കേസ് കോടതിയിൽ വന്നു. കോടതിയിൽ വന്നപ്പോൾ അയാൾ പ്രതിയായി മാറിയിരിക്കുകയാണ്. ആ നിലയിലുള്ള കോൺഗ്രസ്സുകാർ ഇവിടെ വന്ന് ചാരിത്ര്യപ്രസംഗം നടത്തുകയാണ്. വേശ്യയുടെ ചാരിത്ര്യപ്രസംഗംപോലെ. ഇവിടെ ഇന്ന് രാവിലെ നമ്മുടെ കോൺഗ്രസ്സുകാർ ഒരു ഇറങ്ങിപ്പോക്ക് നടത്തി. ദളിതരോട് എന്തൊരു സ്നേഹം! ഈ പറയുന്ന നെടുമ്പാശ്ശേരി വിമാനത്താവളം നിങ്ങളുടെ കാലത്ത് സ്വകാര്യ കമ്പനിയായിരുന്നില്ലേ? ഈ ഗവൺമെന്റ് 25 കോടി രൂപ പൊതു ഖജനാവിൽ നിന്നും എണ്ണിക്കൊടുത്ത് 51 ശതമാനം ഷെയർ എടുത്ത് അത് പൊതുമുതലാക്കി മാറ്റി, പൊതുമേഖലാ സ്ഥാപനമാക്കി, പൊതുമേഖലാ സ്ഥാപനമാക്കിയപ്പോൾ അവിടെ 302 നിയമനങ്ങൾ നടന്നു. ആ 302 നിയമനങ്ങളിൽ 42 എണ്ണം പിന്നോക്ക ദളിത് വിഭാഗത്തിൽപ്പെട്ടവരാണ്. എത്ര ശതമാനം? 13 ശതമാനം, നിങ്ങൾ പറയുന്നത് പത്ത് ശതമാനം കൊടുക്കണമെന്നാണ്. ഇന്നു നിങ്ങളുടെ ഗവൺമെന്റായിരുന്നെങ്കിലോ? ആ സംവരണം കൊണ്ടുവരാൻ സാധിക്കുമായിരുന്നോ? സ്വകാര്യമാനേജുമെന്റിനകത്ത് സംവരണം കൊണ്ടുവരാൻ സാധിക്കുമായിരുന്നോ?

[3 PM] ശ്രീ. കെ. ബാബു : സർ, ബഹുമാനപ്പെട്ട മെമ്പർ നെടുമ്പാശ്ശേരി വിമാനത്താവളത്തിലെ സംവരണത്തെക്കുറിച്ചാണ് പറഞ്ഞത്. കഴിഞ്ഞ മാസം 17-ാം തീയതി സമരം ആരംഭിച്ചു. തലേ ദിവസം ഗവൺമെന്റ് ഒരു പ്രഖ്യാപനം നടത്തി. തുടർന്ന് സംവരണം നൽകുമെന്ന്. ഈ മാസം 17-ാം തീയതി ഡോ. എം.എ. കുട്ടപ്പൻ സമരമാരംഭിച്ചു. അപ്പോൾ ഗവൺമെന്റ് വീണ്ടും പറഞ്ഞു, സംവരണം മുൻകാല പ്രാബല്യത്തോടെ നൽകുമെന്ന്. അതിന്റെ അർത്ഥം എന്താണ്?

ശ്രീ. പി. രാഘവൻ : ഞാൻ ശ്രീ. കെ. ബാബുവിനോടും കോൺഗ്രസ്സിനോടും ചോദിക്കുന്നു. നിങ്ങളുടെ ഗവൺമെന്റാണ് അന്നുണ്ടായിരുന്നതെങ്കിൽ ആ സ്വകാര്യ മാനേജുമെന്റല്ലേ നെടുമ്പാശ്ശേരി വിമാനത്താവളം നയിക്കുക? അങ്ങനെയാണെങ്കിൽ ഒരാൾക്കുപോലും നിയമനം കൊടുക്കാൻ സാധിക്കുമായിരുന്നോ? ഞങ്ങളുടെ ഗവൺമെന്റ് വന്നു. 42 പേർക്ക് കൊടുത്തു. അത് 13 ശതമാനമാണ്. നിങ്ങൾ ആവശ്യപ്പെട്ടത്, 10 ശതമാനമാണ്. 3 ശതമാനം ആളുകളെ ഞങ്ങൾ തിരിച്ചുവിളിക്കണോ? അതാണോ നിങ്ങളുടെ സമരത്തിന്റെ ആവശ്യം? ഞാൻ ചോദിക്കട്ടെ, ഇത്രമാത്രം ദളിതരോട് സ്നേഹമുണ്ടായിരുന്നുവെങ്കിൽ, 1957-ലെ ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന വിദ്യാഭ്യാസ നിയമത്തിലെ 11-ാമത്തെ വകുപ്പ്, മാനേജുമെന്റിന്റെ നിയമനാധികാരം എടു

ത്തുകളഞ്ഞ് പി.എസ്.സി കൊടുക്കുന്ന ലിസ്റ്റിൽനിന്നും മാനേജ്മെന്റ്എടുക്ക ണമെന്നല്ലേ ഗവൺമെന്റ് കൊണ്ടുവന്നത്? അങ്ങനെയാണെങ്കിൽ കേരള ത്തിലെ ആയിരക്കണക്കിന് ദളിതർക്ക് സ്കൂളുകളിൽ നിയമനം കിട്ടുമായിരു ന്നില്ലേ? അതിനെ ആരാണ് തകർത്തത്? ഈ രാജ്യത്തെ മുഴുവൻ മാതൃക യായ കേരള ഗവൺമെന്റിനെ അമേരിക്കയുടെ കാശുവാങ്ങി പിന്നിൽ നിന്നു കുത്തി മലർത്തി ആയിരക്കണക്കിന് ദളിതർക്ക് സംവരണം കിട്ടാനുള്ള ആ നിയമത്തെ ഇല്ലാതാക്കിയവരാണ് ഇന്ന് ദളിതർക്കുവേണ്ടി കണ്ണീരൊഴുക്കുന്ന ത്. ശ്രീ. കെ കരുണാകരൻ കേരളം ഭരിച്ചപ്പോൾ മാനഭംഗപ്പെട്ടസ്ത്രീകൾക്ക് പതിനായിരം രൂപ സമ്മാനം കൊടുക്കുമെന്ന് പറഞ്ഞ് നാണം കെട്ട ഗവൺമെന്റാണ് നിങ്ങളുടെ ഗവൺമെന്റ്.

(ശ്രീ. ബി.ആനത്തലവട്ടം ആനന്ദൻ : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം - വിദ്യാഭ്യാസ നിയമത്തിലെ 11-ാം വകുപ്പുനീക്കം ചെയ്യണ മെന്ന് പറഞ്ഞ് വിമോചന സമരം സംഘടിപ്പിച്ചതിന് നേതൃത്വം കൊടുത്ത പാർട്ടിയാണ് അപ്പുറത്തിരിക്കുന്ന കോൺഗ്രസ്സ് ഐ പാർട്ടി. അതിൽ ചേർന്ന് ഒപ്പം നിന്ന് പാർട്ടിയാണ് മുസ്ലീംലീഗ്. അതിലെ ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ ഉൾപ്പടെ ഇന്നിവിടെ സംവരണത്തിനുവേണ്ടി വലിയ വാചാലമായി പ്രസംഗി ക്കുന്നതുകേട്ടു. പിന്നോക്ക സമുദായക്കാർക്ക് സ്വകാര്യ വിദ്യാഭ്യാസ സ്ഥാപ നങ്ങളിൽ റിസർവേഷൻ കിട്ടുന്നതിന് കൊണ്ടുവന്ന വകുപ്പിനെതിരെ വിമോച നസമരം നടത്തി, ആ ഗവൺമെന്റിനെ തകർത്തവരാണ് അപ്പുറത്തിരിക്കുന്ന യു.ഡി.എഫ് കക്ഷികൾ എന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

(ശ്രീ. പി. രാഘവൻ : 1957-ലെ ഗവൺമെന്റ് തന്നെയാണ് പിന്നോക്ക ജന വിഭാഗത്തിൽപ്പെട്ട 25 പിന്നോക്ക ജാതിയിൽപ്പെട്ടവർക്കുമാത്രം സംവ രണം ഏർപ്പെടുത്തിക്കൊണ്ടുള്ള കെ.എസ്.എസ്.ആർ എന്നു പറഞ്ഞ നിയമം കൊണ്ടുവന്നത്. ആ ഗവൺമെന്റിനെ പിരിച്ചുവിട്ടത് ഇൻഡ്യൻ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ആയിരുന്നു. ഞാൻ കോൺഗ്രസ്സുകാരോട് വേറൊന്ന് ചോദിക്കട്ടെ, അതിനുശേഷമാണ് വി.പി.സിംഗിന്റെ ഗവൺമെന്റ് മൺഡൽകമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ ശ്രമിച്ചപ്പോൾ ബി.ജെ.പി.യോ ടൊപ്പം കൈപൊക്കിക്കൊണ്ട് ആ ഗവൺമെന്റിനേയും തകർത്തത്. അല്ലായിരു ന്നുവെങ്കിൽ ആ ഗവൺമെന്റ് 5 കൊല്ലം ഭരിക്കുമായിരുന്നില്ലേ? ആ നിലയിൽ തങ്ങൾക്ക് അധികാരം ഉണ്ടായിരുന്നപ്പോഴും ഇല്ലായിരുന്നപ്പോഴും ഈ പാവ പ്പെട്ട ഹരിജനങ്ങളേയും ഗിരിജനങ്ങളേയും കുരുതി കൊടുത്തവരാണ് നിങ്ങൾ. പട്ടികജാതിക്കാരെ മുഴുവൻ പിന്നോട്ടടുപ്പിച്ച് അവർക്ക് കിട്ടുമായി രുന്ന ആനുകൂല്യങ്ങൾ മുഴുവൻ തട്ടിയെടുത്ത കാട്ടുകള്ളൻമാരാണ് കോൺഗ്ര സ്സ്. എന്നിട്ട് ഇവിടെ വന്നിരുന്ന് പറയുകയാണ് ഞങ്ങൾ ദളിതർക്കുവേണ്ടി നിരാഹാരം കിടക്കുകയാണെന്ന്. ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻവേണ്ടി നടത്തുന്ന ആ സമരത്തേയും നടപടികളേയും കേരളത്തിലെ ജനങ്ങൾ അറി യും. കേരളത്തിലെ ജനങ്ങൾക്കുനേരെ കല്ലെറിയുന്ന, ജനാധിപത്യത്തിനു നേരെ കല്ലെറിയുന്ന, നിങ്ങളെ പിടിച്ചുകെട്ടി, ഈ അധികാര സോപാനത്തി ലേയ്ക്ക് ഒരിക്കലും വരാത്തനിലയിൽ തള്ളികളയും എന്നു മനസ്സിലാക്കി കൊണ്ട് കോൺഗ്രസ്സ് പെരുമാറുന്നത് നല്ലതായിരിക്കും എന്നുമാത്രം പറഞ്ഞു കൊണ്ട് ഒരിക്കൽകൂടി ഈ നയപ്രഖ്യാപന പ്രസംഗത്തേയും നന്ദിപ്രമേയ ത്തേയും ഞാൻ അനുകൂലിക്കുകയാണ്.

(ശ്രീ. എ.കെ. ആന്റണി: സർ, ശ്രീ. ആനത്തലവട്ടം ആനന്ദൻ അവതരി പ്പിച്ച നന്ദി പ്രമേയത്തെ ഞൻ എതിർക്കുകയാണ്. കഴിഞ്ഞ മൂന്നു ദിവസമായി

LIBRARY ARCHIVES Kerala Legislative Assembly

ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തെക്കുറിച്ചുള്ള ചർച്ചകൾ നടന്നുകൊ കൂടാത്ത നിർഭാഗ്യകരമായ ചില സംഭവങ്ങളും ഉണ്ടായി. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ച ഭരണകക്ഷി മെമ്പർമാരുടെ പ്രസംഗത്തിൽ പൊതുവായി കണ്ട ഒരു പരാമർശമുണ്ട്; ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തെക്കുറിച്ചുള്ള ചർച്ചയിൽ പങ്കെടുത്ത പ്രതിപക്ഷാംഗങ്ങൾ ആരുംതന്നെ, പ്രത്യേകിച്ചു കോൺഗ്രസ്സ് അംഗങ്ങൾ, ദേശീയ രാഷ്ട്രീയം കടന്നുപോകുന്ന ആപൽക്കര മായ സ്ഥിതിവിശേഷത്തെക്കുറിച്ച് ഒരു പരാമർശനവും നടത്തി കണ്ടില്ല. ചിലർക്ക് അതിൽ പ്രതിഷേധം, ചിലർക്ക് അതിൽ പരിഭവം, കേരള നിയമസഭ ചർച്ച ചെയ്യുന്നത് രാഷട്രപതിയുടെ പ്രസംഗത്തെക്കുറിച്ചല്ല എന്നാണ് എന്റെ ധാരണ. നാം ഇവിടെ ചർച്ച ചെയ്യുന്നത് കേരള ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തെക്കുറിച്ചാണ്. കേരളം ഭരിക്കുന്നത് ബി.ജെ.പി യുടെ ഒരു ഗവൺമെന്റാണെന്ന് ഞാൻ മനസ്സിലാക്കിയിട്ടില്ല. കേരളം ഭരിക്കുന്നത് ഇടതു പക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്; സഖാവ് ഇ.കെ. നായനാരുടെ നേതൃത്വത്തിലുള്ള ഇടതുപക്ഷ മുന്നണി ഗവൺമെന്റ്, ബി.ജെ.പി-വിരോധ ത്തിന്റെ പേരിൽ, ഈ ഭരണത്തിൻകീഴിൽ നടക്കുന്ന അക്രമങ്ങളെക്കുറിച്ച്, അഴിമതികളെക്കുറിച്ച്, എല്ലാം ഞങ്ങൾ സ്തുതിഗീതം പാടണമെന്നു പറ ഞ്ഞാൽ അത് നടപ്പുള്ള കാര്യമല്ല. ഞങ്ങൾ ഇവിടെ കേരളത്തിലെ കാര്യങ്ങൾ ചർച്ച ചെയ്യുന്ന അവസരത്തിൽ പ്രധാനമായും നിങ്ങളുടെ ദുർഭരണത്തെ തന്നെ എതിർക്കും; നിങ്ങൾക്കുണ്ടാകുന്ന വീഴ്ചകൾ തന്നെ ഞങ്ങൾ ചൂണ്ടി ക്കാണിക്കും. അതിൽ നിന്നും ബി.ജെ.പി.യും കോൺഗ്രസ്സും ഒരേ തൂവൽപ ക്ഷികൾ എന്നുള്ള ആക്ഷേപങ്ങൾ ഉന്നയിച്ച് ഞങ്ങളെ പിൻതിരിപ്പിക്കാൻ സാധ്യമല്ല. നിങ്ങൾക്കെതിരായിട്ടുള്ള ഞങ്ങളുടെ എതിർപ്പുകൾ തുടരും. നിങ്ങളെ ഞങ്ങൾ തുറന്നു കാണിച്ചുകൊണ്ടിരിക്കും. നിങ്ങൾ ഈ കേരള ത്തിൽ കണ്ണൂർ മോഡൽ മസിൽ പവർ രാഷ്ട്രീയം അടിച്ചേൽപ്പിക്കാൻ ശ്രമി ച്ചാൽ ജനങ്ങളുടെ സഹായത്തോടുകൂടി ഞങ്ങൾ അതിനെ തോൽപ്പിക്കും. അതിൽ ഒരു വിട്ടുവീഴ്ചയുമില്ല.

പക്ഷെ ദേശീയ രാഷ്ട്രീയത്തിലെ അപകടങ്ങൾ കാണാത്തവരല്ല ഞങ്ങൾ. ദേശീയ രാഷ്ട്രീയം അപകടം പിടിച്ച ഒരു സ്ഥിതിയിൽ എത്തിയിരി ക്കുകയാണ്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് ബി.ജെ.പി. ഗവൺമെന്റിന്റെ പുതിയ, ഭരണഘടന പൊളിച്ചെഴുതാനുള്ള, നീക്കം. ഭരണഘടന പൊളിച്ചെഴു താനുള്ള നീക്കം ആരംഭിച്ച ഘട്ടം മുതൽ ഇഞ്ചോടിഞ്ചു അതിനോട് പൊരു തുന്ന ഒരു പാർട്ടിയാണ് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ്. ഞങ്ങളുടെ പാർട്ടിക്ക് രാജ്യസഭയിൽ നിർണായകമായ ഒരു സംഖ്യയുള്ളതുകൊണ്ടാണ് ബി.ജെ.പി. ആഗ്രഹിച്ചാലും ആ ഭേദഗതി അവിടെ പാസ്സാക്കാൻ കഴിയാതെ വരുന്നത്. ബി.ജെ.പി. ആഗ്രഹിച്ചതുപോലെ നിലവിലുള്ള ഭരണഘടന പൊളി ച്ചെഴുതി ഇൻഡ്യയിൽ ഒരു പ്രസിഡൻഷ്യൽ സമ്പ്രദായം ഏർപ്പെടുത്താനുള്ള നീക്കം ഈ രാജ്യത്ത് വിജയിക്കാൻ പോകുന്നില്ല. അതു പരാജയപ്പെടുത്താൻ പാർലമെന്റിനകത്തും പുറത്തും യോജിക്കാവുന്ന എല്ലാ കക്ഷികളുമായി യോജിച്ചുകൊണ്ട് ബി.ജെ.പി.യുടെ നീക്കത്തെ പരാജയപ്പെടുത്തും. അതുന് ഒരു വിട്ടുവീഴ്ചയുമില്ല. ഭരണഘടനയിൽ മാറ്റം പാടില്ലെന്ന അഭിപ്രായം ഞങ്ങൾക്കില്ല. ഭരണഘടനയിൽ കാര്യക്ഷമമായ മാറ്റമുണ്ടാകണം. ഇനിയുമു ണ്ടാകണം. ഇൻഡ്യയുടെ ഭരണഘടന 79 പ്രാവശ്യം ഭേദഗതി ചെയ്തതാണ്. ആ ഭേദഗതികളിൽ ഒട്ടുമിക്കതും തുടങ്ങിവച്ചത് കോൺഗ്രസ് ഗവൺമെന്റിന്റെ ഭരണകാലത്താണ്. മഹാനായ ജവഹർലാൽ നെഹ്റു തന്നെയാണ് ആ

LIBRARY ARCHIVES Kerala Legislative Assembly

നീക്കം ആദ്യം തുടങ്ങിവച്ചത്. ഈ രാജ്യത്തെ കൃഷിക്കാരന്റെ താൽപ്പര്യം സംരക്ഷിക്കാൻ വേണ്ടി, തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കാൻ വേണ്ടി, സാധാരണ പൗരന്റെ താൽപ്പര്യം സംരക്ഷിക്കാൻ വേണ്ടി, പലവട്ടം ഭരണഘടന ഭേദഗതി ചെയ്തിട്ടുണ്ട്. ഇനിയും ഭേദഗതി ചെയ്യേണ്ടിവരും. ഭരണഘടനാഭേദഗതി 79-ാമത്തേതോടുകൂടി അവസാനിക്കുന്നതല്ല. ഇനിയും കാലപ്രവാഹത്തിൽ ഭരണഘടനയുടെ ഭേദഗതി വേണ്ടിവരും. എന്നാൽ ഭരണഘടനയുടെ അടിസ്ഥാനപ്രമാണങ്ങൾ പൊളിച്ചെഴുതാൻ സാധ്യമല്ല. ബി.ജെ.പി. എത്ര കിണഞ്ഞു പരിശ്രമിച്ചാലും ഭരണഘടനയുടെ അടിസ്ഥാനപരമായ ജനാധിപത്യ സ്വഭാവം, മതേതര സ്വഭാവം, സാമൂഹ്യനീതിയിലധിഷ്ഠിതമായിട്ടുള്ള ദർശനങ്ങൾ, അതിനുള്ള വകുപ്പുകൾ, ഇവയൊന്നും എടുത്തുമാറ്റാൻ സാധ്യമല്ല. ഭരണഘടന ഉണ്ടാക്കുന്നതിനുവേണ്ടി നേതൃത്വപരമായ പങ്കു വഹിച്ച ഇൻഡ്യൻ നാഷണൽ കോൺഗ്രസ് ഇൻഡ്യയിൽ ശക്തമായുള്ള കാലത്തോളം ബി.ജെ.പി.യുടെ നീക്കത്തെ എതിർത്ത് പരാജയപ്പെടുത്തും. അതിന് നിങ്ങളുടെ സഹകരണം വേണ്ടിടത്ത് നിങ്ങളുടെ സഹകരണവും തേടും. പാർലമെന്റിൽ ഇത്തരം കാര്യങ്ങളിൽ നിങ്ങളുമായി സഹകരിച്ചുകൊണ്ടു തന്നെ ഞങ്ങൾ ആ നീക്കത്തെ എതിർത്ത് പരാജയപ്പെടുത്തും. ഉത്തർ പ്രദേശ് ഗവൺമെന്റ് ആരാധനാലയങ്ങളുടെ കാര്യത്തിൽ പുതിയ നിയമം കൊണ്ടുവന്നു. അതിനെ ആദ്യമായി എതിർത്തത് കോൺഗ്രസ്സാണ്, കോൺഗ്രസ് പാർട്ടിയാണ്. അതിനെ ശക്തമായി എതിർത്തു. ഗുജറാത്തിൽ സർക്കാരുദ്യോഗസ്ഥന്മാർക്ക് ആർ.എസ്.എസ്.-ൽ ചേർന്നു പ്രവർത്തിക്കുന്നതിനുള്ള നിരോധനമുണ്ടായിരുന്നു. കോൺഗ്രസ് ഗവൺമെന്റാണ് ആ നിരോധനം ഏർപ്പെടുത്തിയത്. അത് ബി.ജെ.പി. ഗവൺമെന്റ് എടുത്തുകളഞ്ഞു. ആ നീക്കത്തിനെതിരായി നിരന്തരമായി ശബ്ദിക്കുന്നത് കോൺഗ്രസ്സാണ്. ആ എതിർപ്പിന്റെ ഭാഗമായി കഴിഞ്ഞ ജനുവരി 30-ാം തീയതി ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രസിഡന്റ് സോണിയാ ഗാന്ധി തന്നെ പ്രധാനമന്ത്രി വാജ്പേയിയുടെ വീട്ടിലേയ്ക്ക് മാർച്ച് നടത്തി അറസ്റ്റ് വരിച്ചു. ഞാനും അറസ്റ്റു ചെയ്യപ്പെട്ട ആളാണ്. ഗുജറാത്തിൽ ഞങ്ങൾ പ്രക്ഷോഭം നടത്തി. ഗുജറാത്തിൽ ഞങ്ങൾ അറസ്റ്റു വരിച്ചു. ഞങ്ങൾ ഇവിടെക്കൊണ്ട് അവസാനിപ്പിക്കുന്നില്ല. ഞങ്ങൾ പ്രധാനമന്ത്രിയുടെ വസതിയിലേയ്ക്ക് മാർച്ച് ചെയ്തതുകൊണ്ടോ, ഗുജറാത്തിൽ പ്രക്ഷോഭണം ചെയ്തതുകൊണ്ടോ ഞങ്ങളുടെ പ്രക്ഷോഭണം അവസാനിക്കാൻ പോകുന്നില്ല. ഞങ്ങൾ ഇനിയും സമരവുമായി മുന്നോട്ടുപോകും. ഈ വരുന്ന മാർച്ച് 6-ാം തീയതി ഗുജറാത്ത് ഗവൺമെന്റിന്റെ നടപടി പിൻവലിക്കുന്നതിന് പാർലമെന്റിലേയ്ക്ക് കോൺഗ്രസ്സുകാർ മാർച്ച് ചെയ്യുകയാണ്. പാർലമെന്റ് മാർച്ച് സംഘടിപ്പിക്കുവാൻ പോവുകയാണ്. സമരം തുടരാൻ പോവുകയാണ്. അത്തരം കാര്യങ്ങളിലൊന്നും ഞങ്ങൾക്ക് വിട്ടുവീഴ്ചയില്ല. ബി.ജെ.പി. ഗവൺമെന്റായ കേന്ദ്ര ഗവൺമെന്റിന്റെയായാലും ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാന ഗവൺമെന്റുകളുടേതായാലും തെറ്റായ നീക്കങ്ങൾക്കെതിരെ സംഘടിക്കുകയാണ്. മാർച്ച് 6-ാം തീയതിയിലെ പാർലമെന്റ് മാർച്ചുകൊണ്ടും അവസാനിപ്പിക്കുന്നില്ല. നിങ്ങൾക്ക് സന്ദേഹമുള്ള കാര്യങ്ങളെക്കുറിച്ചാണ് ഞാൻ പറയാൻ ഉദ്ദേശിക്കുന്നത്; ഞാൻ ഇന്ന് മറ്റ് അധികം വിഷയങ്ങളിലേയ്ക്ക് പോകുന്നില്ല. നിങ്ങളുടെ സംശയം തീർത്തുകളയാൻ നിൽക്കുകയാണ്. അതുകൊണ്ട് അൽപ്പം ക്ഷമ കാണിക്കൂ. മാർച്ച് 6-ാം തീയതി ഞങ്ങൾ പാർലമെന്റ് മാർച്ച് സംഘടിപ്പിക്കുകയാണ്. ആർ.എസ്.എസ്.ന്റെ ഒരു നിരോധനം, ഗുജറാത്ത് ഗവൺമെന്റിന്റെ ഉത്തരവ് പിൻവലിക്കണമെന്ന്, ആവശ്യപ്പെട്ടുകൊണ്ടാണ്, മാർച്ച്. അതവിടെയും അവസാനിക്കുന്നില്ല. ഇന്നു

LIBRARY ARCHIVES Kerala Legislative Assembly

വൈകുന്നേരം ഡൽഹിയിൽ ഇൻഡ്യയൊട്ടുക്കുള്ള കോൺഗ്രസ് നേതാക്കാൻമാരുടെ യോഗം ചേരുകയാണ്. കേരളത്തിലെ കെ.പി.സി.സി. പ്രസിഡന്റും അതിന് പോയിട്ടുണ്ട്. തുടർന്നുള്ള നടപടികൾ ആലോചിക്കാൻ വേണ്ടിയാണ്. അതുകൊണ്ട്, കേന്ദ്രത്തിൽ ഇപ്പോൾ അധികാരം കിട്ടിയതിന്റെ പേരിൽ ഇൻഡ്യയിലെ ഭരണഘടന പൊളിക്കാനും ഇൻഡ്യാരാജ്യത്ത് ആകമാനം മതമൗലികവാദം ശക്തിപ്പെടുത്താനും ആർ.എസ്.എസ്.ന്റെ പിടിയിലേയ്ക്ക് ഈ രാജ്യം നൽകുവാനും ബി.ജെ.പി. ശ്രമിച്ചാൽ അതിനെതിരായിട്ടുള്ള പോരാട്ടത്തിൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് മുന്നിലുണ്ടാകും. അതാണ് ഞങ്ങളുടെ കാഴ്ചപ്പാട്.

ശ്രീ. ആനത്തലവട്ടം ആനന്ദനും ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർക്കും ഉള്ള സംശയം ഉദാരവൽക്കരണത്തെക്കുറിച്ച് ഒന്നും മിണ്ടാത്തതെന്തന്നാണ് എന്നാണ്. അതും പറയാം. 1991-ൽ നരസിംഹറാവുഗവൺമെന്റ് ഉണ്ടായിരുന്ന കാലത്താണ് ഉദാരവൽക്കരണം തുടങ്ങിയത്. ഉദാരവൽക്കരണം ഇന്ന് ഇൻഡ്യയിൽ മാത്രം ഒതുങ്ങിനിൽക്കുന്ന പ്രതിഭാസമല്ല. ഉദാരവൽക്കരണം ലോകമാസകലം നടക്കുകയാണ്. അതിന്റെ ഭാഗമായിട്ടാണ്, വർഷങ്ങൾക്കു മുമ്പ് ഡബ്ല്യൂ. ടി.ഒ.യിൽ നിന്നും ഇറങ്ങിപ്പോയ ചൈന അമേരിക്കയുമായി സംസാരിച്ച് ഒത്തുതീർപ്പായി വീണ്ടും ചൈന ഡബ്ല്യൂ. ടി.ഒ.യിലേയ്ക്ക് പ്രവേശിക്കാൻ ആപ്ലിക്കേഷൻ കൊടുത്തിരിക്കുകയാണ്. ലോകമൊട്ടുക്കു നടക്കുന്ന ഒരു പ്രക്രിയയാണത്. പണ്ട് ജപ്പാൻ ഒറ്റപ്പെട്ടു കഴിഞ്ഞതുപോലെ ഇന്നത്തെ ലോകത്തിൽ ഒരു രാജ്യത്തിനും ഒറ്റപ്പെട്ടു കഴിയാൻ സാധ്യമല്ല. പല മാറ്റങ്ങളും ഉണ്ടാകും. അതിന്റെ ഭാഗമായി ഇൻഡ്യയിലും നരസിംഹറാവു ഗവൺമെന്റിന്റെ കാലത്ത് ഉദാരവൽക്കരണനടപടികൾ ആരംഭിച്ചു. പക്ഷേ ആ നടപടികളാരംഭിച്ചപ്പോഴും ചില കാര്യങ്ങളിൽ ആ ഗവൺമെന്റ് നിർബന്ധബുദ്ധി കാണിച്ചു. ഒന്ന്, ഫുഡ് സെക്യൂരിറ്റി. ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രി രാവിലെ പറഞ്ഞു: ഇൻഡ്യാ രാജ്യത്ത് റേഷനിംഗ് സമ്പ്രദായം കൊണ്ടുവന്നതിന് ചരിത്രപരമായ ചില യാഥാർത്ഥ്യങ്ങളുണ്ട്. ഇവിടെ പട്ടിണി മരണങ്ങളുണ്ടായ സാഹചര്യത്തിലാണ്, ലക്ഷക്കണക്കിന് ആളുകൾ ആഹാരസാധനങ്ങൾ കിട്ടാതെ പട്ടിണി കിടന്ന സാഹചര്യത്തിലാണ്, റേഷനിംഗ് കൊണ്ടുവന്നത്. അങ്ങനെ പട്ടിണി കിടന്ന കാലത്ത് ഇൻഡ്യയിലെ ഗോഡൗണുകൾ പലയിടത്തും നിറഞ്ഞുകിടന്നിരുന്നു. പക്ഷേ കരിഞ്ചന്തക്കാരും കൊള്ളലാഭക്കാരും ഭക്ഷ്യസാധനങ്ങൾക്ക് വില കുത്തനെ ഉയർത്തിയതുകൊണ്ട്, ഈ രാജ്യത്തെ പാവപ്പെട്ട ജനവിഭാഗങ്ങൾ കൊള്ളവിലയ്ക്ക് ആ ഭക്ഷ്യസാധനങ്ങൾ വാങ്ങാൻ നിവൃത്തിയില്ലാതെ പട്ടിണി കൊണ്ട് പിടഞ്ഞു മരിക്കുന്ന സാഹചര്യത്തിലാണ് ഈ രാജ്യത്ത് റേഷനിംഗ് ഏർപ്പെടുത്തിയത്. ആ റേഷനിംഗ് സംപ്രദായം തകർക്കാൻ ഞങ്ങൾ കാരണക്കാരവുകയില്ല. കോൺഗ്രസ് ഗവൺമെന്റ് ഇൻഡ്യാ രാജ്യത്ത് റേഷനിംഗ് സമ്പ്രദായം വ്യാപകമായി തുടങ്ങുവാൻ മുന്നോട്ടുവന്നതേയുള്ളൂ. ഞങ്ങൾ ഇന്നും അതിൽ വിശ്വസിക്കുന്നവരാണ്. ഉദാരവൽക്കരണ നടപടി തുടങ്ങിയ കാലഘട്ടത്തിൽ ഭക്ഷ്യ സബ്സിഡി ഞങ്ങൾ പടിപടിയായി കൂട്ടികൊണ്ടിരുന്നു. അല്ലാതെ ഐ.എം.എഫും വേൾഡ് ബാങ്കും ആഗ്രഹിക്കുന്നതുപോലെ ഭക്ഷ്യ സബ്സിഡി വെട്ടിക്കുറയ്ക്കുവാനല്ല ശ്രീ. നരസിംഹറാവുവിന്റെ ഗവൺമെന്റ് തയ്യാറായത്. ആ കാലഘട്ടത്തിലെ സബ്സിഡിയുടെ തുക നിങ്ങൾക്ക് അറിയണമെങ്കിൽ ഞാൻ വായിച്ചു കേൾപ്പിക്കാം. 1992-ൽ ഉദാരവൽക്കരണം തുടങ്ങിയ വർഷം ഭക്ഷ്യ സബ്സിഡി 2,800 കോടി രൂപ. 1993-ൽ 5,700 കോടിരൂപ, 1994-ൽ 5,100 കോടി രൂപ, 1995-ൽ 5,377 കോടിരൂപ, 1996-ൽ ശ്രീ. നരസിംഹറാവുവിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് ഇറങ്ങിപ്പോയപ്പോൾ 6,066 കോടിരൂപ. 1992-ൽ 2,800 കോടി രൂപ ഉണ്ടായിരുന്ന സബ്സിഡി ശ്രീ. നരസിംഹറാവുവിന്റെ ഗവൺമെന്റ് ഇറങ്ങിപ്പോയപ്പോൾ 6,066 കോടി രൂപയായിരുന്നു. ഞങ്ങൾ സബ്സിഡി വെട്ടിക്കുറച്ചില്ല. കൂട്ടിക്കൊണ്ടേയിരുന്നു. ഫുഡ് സബ്സിഡി മാത്രമല്ല. ഞങ്ങൾ കാർഷിക സബ്സിഡിയും കൂട്ടിക്കൊണ്ടിരുന്നു. സോഷ്യൽ സെക്ടറിലെ ചില ഇനങ്ങൾക്ക് ഉദാരവൽക്കരണ കാലഘട്ടങ്ങളിൽ വർഷംതോറുമുള്ള ബഡ്ജറ്റിൽ തുക കൂട്ടിക്കൊണ്ടിരുന്നു. മൊത്തം തുകയാണ് ഞാൻ ഇവിടെ വായിച്ചത്. അഗ്രിക്കൾച്ചർ സബ്സിഡി കൂട്ടി, ഫുഡ് സബ്സിഡി കൂട്ടി, സോഷ്യൽ സെക്ടറിലെ മൊത്തം എക്സ്പെന്റിച്ചറും കൂട്ടി. അങ്ങനെയാണ് മുന്നോട്ടു പോയത്. പ്രൊക്യുവർമെന്റ് എല്ലാ വർഷവും കൂട്ടിക്കൊണ്ടിരിക്കും. മറ്റൊന്ന് മനസ്സിലാക്കേണ്ടത്, ശ്രീ. നരസിംഹറാവുവിന്റെ ഗവൺമെന്റ് തുടങ്ങിവച്ച ഉദാരവൽക്കരണം തന്നെയാണ് തുടർന്നുവന്ന ശ്രീ. എച്ച്.ഡി. ദേവഗൗഡയുടെ ഗവൺമെന്റും തുടർന്നത്. ശ്രീ. ഐ.കെ. ഗുജറാളിന്റെ ഗവൺമെന്റും തുടർന്നത് അതുതന്നെയാണ്. ഗുജറാൾ-ഗൗഡ ഗവൺമെന്റുകളുടെ പ്രധാന പിന്തുണക്കാർ ഇടതുപക്ഷപാർട്ടികളായിരുന്നു. ആ നയം നടപ്പാക്കുന്നതിനു വേണ്ടി ക്യാബിനറ്റിൽ രേഖ തയ്യാറാക്കിയപ്പോൾ അവിടെ സി.പി.ഐ.യുടെ മന്ത്രിമാരുണ്ടായിരുന്നു. പുറത്തുള്ള യോഗങ്ങളിൽ അദ്ധ്യക്ഷത വഹിച്ചത് ശ്രീ. ഹർകിഷൻസിംഗ് സുർജിത്താണ്. യു.എഫും. ശ്രീ. പി.വി. നരസിംഹറാവുവിന്റെ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയ അതേ ഉദാരവൽക്കരണനയം തന്നെയാണ് തുടർന്നത്. ഇപ്പോൾ ബി.ജെ.പി. ഗവൺമെന്റ് ഉദാരവൽക്കരണവുമായി മുന്നോട്ടുപോവുകയാണ്. കോൺഗ്രസ് ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിവച്ച ഉദാരവൽക്കരണ നയമാണെങ്കിലും തുടർന്നുവന്ന യു.എഫ്. ഗവൺമെന്റുകൾ തുടർന്നുവന്ന നയമാണെങ്കിലും, ഇന്നു ബി.ജെ.പി. ഗവൺമെന്റ് തുടരുന്ന സാമ്പത്തിക നയങ്ങളെയെല്ലാം കോൺഗ്രസ് ഗവൺമെന്റിന്റെ കാലത്തു തുടങ്ങിയ നയങ്ങളുടെ തുടർച്ചയല്ല. ബി.ജെ.പി. യുടെ നീക്കങ്ങളെല്ലാം പഴയ നീക്കങ്ങളുടെ തുടർച്ചയല്ല. ആ പഴയ നീക്കത്തിന്റെ ചുവടുപിടിച്ചുകൊണ്ട് ഇന്നത്തെ സർക്കാർ തെറ്റായ പല നീക്കങ്ങളും നടത്തുന്നുണ്ട്. അതിനോട് പൂർണ്ണമായും ഞങ്ങൾക്ക് യോജിപ്പില്ല.

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u> : നിങ്ങൾക്ക് യോജിപ്പുണ്ട്.

<u>ശ്രീ. എ.കെ. ആന്റണി</u> : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ അൽപം ക്ഷമിക്ക്. കൊല്ലത്തെ പഴയ ചൂടൊക്കെ മറക്ക്. ഞാൻ ഇവിടെ നിൽക്കുകയല്ലേ; ശാന്തമായിരിക്കൂ. തൽക്കാലത്തേയ്ക്ക് ഒക്കെ മറക്ക്. ഞാൻ വളരെ സഹകരണത്തിലാണല്ലോ; നിങ്ങളുടെ സംശയങ്ങൾക്കൊക്കെ ദൂരീകരണം ഉണ്ടാക്കിക്കൊണ്ടിരിക്കുകയല്ലേ? പക്ഷേ എനിക്ക് ചോദിക്കുവാനുള്ളത്, നിങ്ങളുടെ സാമ്പത്തികനയങ്ങൾ 1957-ലേതാണോ? 1967-ലേതാണോ? നിങ്ങൾക്ക് മാറ്റമില്ലേ; നിങ്ങൾക്കും മാറ്റമുണ്ടായിട്ടില്ലേ? 1967-ൽ ഇ.എം.എസ്. ഗവൺമെന്റിലെ വ്യവസായ മന്ത്രിയായിരുന്ന ടി.വി.തോമസ് കേരളത്തിൽ വ്യവസായം ആരംഭിക്കുവാൻവേണ്ടി ജപ്പാനിൽ പോയപ്പോൾ അദ്ദേഹത്തെ, ബൂർഷ്വാസിക്ക് കേരളം അടിയറവെച്ച പിന്തിരിപ്പനെന്ന് ആക്ഷേപിച്ച പഴയ നിലപാടണോ ഇന്നു മാർക്സിസ്റ്റ് പാർട്ടിക്കുള്ളത്? ടി.വി. തോമസ് അതിന്റെ പേരിൽ സഹിച്ച പീഡനങ്ങൾ എന്തെല്ലാമാണ്; കുറെ വ്യവസായികളുമായി ജപ്പാനിൽ പോയതിന്റെ പേരിൽ ടി.വി. തോമസിനെ ആക്രമിക്കുക നിങ്ങളുടെ പതിവായിരുന്നില്ലേ? ആ നയമാണോ ഇന്നത്തെ നിങ്ങളുടെ നയം? ടി.വി. തോമസ് ജപ്പാനിലാണ് പോയതെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യവസാ

LIBRARY ARCHIVES Kerala Legislative Assembly

യികളെ വിളിക്കുവാൻ അമേരിക്കയിൽ പോയില്ലേ? ആരും വന്നില്ല എന്നത് വേറെ കാര്യം. മുഖ്യമന്ത്രി പോയില്ലേ? ഞാൻ കുറ്റപ്പെടുത്തുകയല്ല. നിങ്ങളുടെ 1957-ലെ നയമല്ല ഇന്നത്തെ നയം. 1967-ലെ നയമല്ല ഇന്നത്തെ നയം. ഇൻഡ്യൻ സംസ്ഥാനങ്ങളിൽ ഇൻഡ്യയിലെ സ്വകാര്യ കുത്തക വ്യവസായികൾക്കും ബഹുരാഷ്ട്രക്കുത്തകകൾക്കും ഏറ്റവും സമാധാനപരമായി വ്യവസായം തുടങ്ങുവാൻ അനുകൂലമായ കാലവസ്ഥയുള്ളതുകൊണ്ട് അവർ പറഞ്ഞത് അവർക്ക് ഏറ്റവും നന്നായി ചുമപ്പുപരവതാനി വിരിക്കുന്നത് പശ്ചിമ ബംഗാളാണെന്നാണ്. കാലം മാറിയിരിക്കുന്നു. മുഖ്യമന്ത്രി മാത്രമാണോ പോയത്? ഇപ്പോഴത്തെ പാർട്ടി സെക്രട്ടറി ശ്രീ. പിണറായി വിജയൻ കാനഡയിൽ പോയില്ലേ? കാനഡ ഭരിക്കുന്നത് സോഷ്യലിസ്റ്റ് ഗവൺമെന്റാണോ? മുതലാളിത്ത ഗവൺമെന്റല്ലേ? ഇവിടുത്തെ വ്യവസായികളെ കൊണ്ടുപോയില്ലേ? ബഹുമാനപ്പെട്ട വ്യവസായ മന്ത്രി പോയില്ലേ? എവിടെയൊക്കെ പോയി? അമേരിക്കയിൽ മുഖ്യമന്ത്രി കൊണ്ടുപോയില്ലെങ്കിലും മറ്റു നിരവധി സ്ഥലങ്ങളിൽ പോയില്ലേ? മുഖ്യമന്ത്രി, പാർട്ടി സെക്രട്ടറി, വ്യവസായ മന്ത്രി-നിങ്ങൾ എല്ലാപേരും അമേരിക്കയിൽ, കാനഡയിൽ, ജപ്പാനിൽ, ജർമ്മനിയിൽ, ഫ്രാൻസിൽ, ഗൾഫിൽ-എല്ലാ ബൂർഷ്വാ രാജ്യങ്ങളിലുംപോയി വ്യവസായികളുടെ ആതിഥ്യം സ്വീകരിക്കുന്നില്ലേ? അവരെ ഇങ്ങോട്ടു ക്ഷണിക്കുന്നില്ലേ? അവരുമായി ചർച്ച നടക്കുന്നില്ലേ? 1957-ലെ നയമാണെങ്കിൽ സാധിക്കുമായിരുന്നോ? ഇപ്പോൾ നിങ്ങളുടെ നയം മാറി. നിങ്ങളുടെ നയത്തിലും കാതലായ മാറ്റങ്ങൾ വന്നു. ഞാൻ ഈ മാറ്റത്തെ എതിർക്കുന്നില്ല. നിങ്ങളെ പരിഹസിക്കുന്നതിനുവേണ്ടി പറഞ്ഞതുമല്ല. ടോർച്ച് അങ്ങോട്ട് അടിച്ച് നോക്കുവാൻ വേണ്ടി പറഞ്ഞതാണ്. പഴയ നയമല്ല നിങ്ങളുടേത്. ഞാൻ ചോദിക്കട്ടെ, നിങ്ങളുടെ സമരം, പഴയ സിഐറ്റിയു-വിന്റെയും എൻ.ജി.ഒ. യൂണിയന്റെയും സമരമുഖങ്ങളിലെ ഏറ്റവും പ്രധാനപ്പെട്ട സമരമുഖം എന്തായിരുന്നു? കമ്പ്യൂട്ടർ വിരുദ്ധസമരം. അല്ലേ? മോഡേൺ ട്രാക്ടർ വിരുദ്ധ സമരം, തൊണ്ട് തല്ല് മിഷ്യന് എതിരെയുള്ള സമരം. വ്യവസായമന്ത്രി, നമ്മുടെ നാട്ടിലല്ലേ തൊണ്ടു തല്ലുന്ന മിഷ്യൻ തല്ലി തകർത്തത്, മെക്കനൈസേഷന് എതിരായിട്ട്? നിങ്ങൾ നടത്തിയതല്ലേ? ഇത് ആ കാര്യത്തിൽ പഴയ നിലപാടാണോ? ഇന്ന് കമ്പ്യൂട്ടർവൽക്കരണത്തെക്കുറിച്ച് പറയാത്ത ഏതു മന്ത്രിയുണ്ട്? എന്റെ സ്നേഹിതൻ ശ്രീ. സി.കെ. നാണു മന്ത്രിയായതിനുശേഷം ആദ്യം നടത്തിയ മീറ്റ് ദ പ്രസ്സിലെ ഏറ്റവും നവീനമായ പ്രഖ്യാപനം, ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ കമ്പ്യൂട്ടർ ഏർപ്പെടുത്തുമെന്നാണ്. അത് നല്ല കാര്യമാണ്. എല്ലാ മന്ത്രിമാരും ഇന്ന് കമ്പ്യൂട്ടർവൽക്കരണത്തെക്കുറിച്ചല്ലേ പറയുന്നത്? നിങ്ങളുടെ പ്രധാനപ്പെട്ട ഒരു പ്രഖ്യാപനം അതല്ലേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസ് കമ്പ്യൂട്ടർവൽക്കരിച്ചില്ലേ? ബഹുമാനപ്പെട്ട സ്പീക്കർ പറയുന്നു, എം. എൽ. എ ഹോസ്റ്റലിൽ ഇന്റർനെറ്റ് ഏർപ്പെടുത്തുമെന്ന്. നല്ലതാണ്. ഞാൻ എതിർക്കുകയല്ല. ഇന്ന് യന്ത്രവൽക്കരണമാണ്, കമ്പ്യൂട്ടർവൽക്കരണമാണ്. അപ്പോൾ പഴയ നിലപാടണോ നിങ്ങൾക്ക്? മാറിയില്ലേ? എത്രമാത്രം മാറ്റം വന്നു. പണ്ട് ഐ.എം.എഫ് ലോണിന് നിങ്ങൾ എതിരായിരുന്നില്ലേ? വേൾഡ് ബാങ്കിന് എതിരല്ലേ? ഇന്ന് ഐ.എം.എഫ് ലോണിനു വേണ്ടി നമ്മൾ പോകുന്നില്ലേ? വേൾഡ് ബാങ്ക് ലോണിനു വേണ്ടി പോകുന്നില്ലേ? പഴയ നിലപാടാണോ? ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽ ലോണിനു വേണ്ടി പോകുന്നില്ലേ? ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽ നിന്ന് രണ്ടായിരം കോടി രൂപ കിട്ടാൻ പോകുന്നു എന്നാണ്. ഇപ്പോൾ നയം മാറിയില്ലേ? 1957-ലെ നയമാണോ? 1967-ൽ ഐ.എം.എഫിനെക്കുറിച്ചും വേൾഡ് ബാങ്കിനെക്കുറിച്ചും നിങ്ങൾക്കു

LIBRARY ARCHIVES Kerala Legislative Assembly

ണ്ടായിരുന്ന നിലപാടണോ ഇപ്പോഴുള്ളത്? ഈ മാറ്റത്തെ എതിർക്കുകയല്ല. സ്വാഗതാർഹമാണ്. പക്ഷേ നിങ്ങളുടെ നിലപാട് മാറി. ഇവിടെ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷനുണ്ടാക്കി. ആയിരം കോടി രൂപ അതിന്റെ പേരിൽ ധനകാര്യവകുപ്പുമന്ത്രിയ്ക്ക് അഡ്ജസ്റ്റ് ചെയ്യാൻ സാധിച്ചു. ആയിരം വരെയാകാം. 500 കോടി രൂപ വാങ്ങിച്ചു. നല്ല കാര്യം. പക്ഷേ അതു സാധിച്ചത് ലിബറലൈസേഷന്റെ ഭാഗമായി വന്ന നയം മാറ്റത്തിന്റെ ഫലമായിട്ടാണ്. അല്ലേ? ഇവിടെ റോഡ്സ് ആൻഡ് ബ്രിഡ്ജസ് കോർപ്പറേഷനുണ്ടാക്കിയിട്ടുണ്ട്. അതും പുതിയ നയംമാറ്റമാണ്. ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പു മന്ത്രി പറഞ്ഞത് മട്ടാഞ്ചേരി പാലം വേഗത്തിൽ തീർക്കാൻ വേണ്ടി ബി.ഒ.ടി (ബിൽഡ് ഓപ്പറേറ്റ്, ട്രാൻസ്ഫർ) 14 വർഷത്തേയ്ക്ക് അതു പണിയാൻ സ്വകാര്യമുതലാളിക്ക് വിട്ടുകൊടുത്തിരിക്കുകയാണ് എന്നാണ്. അതു സ്വകാര്യവൽക്കരണമല്ലേ? വിഴിഞ്ഞം തുറമുഖം 30 വർഷത്തേയ്ക്ക് അല്ലേ സ്വകാര്യ വ്യവസായിക്ക് കൊടുത്തിരിക്കുന്നത്. ഞാൻ എതിർക്കുകയല്ല. നിങ്ങൾക്കു വന്ന മാറ്റങ്ങൾ നിങ്ങളുടെ ഓട്ടത്തിനിടയിൽ നിങ്ങൾ ശ്രദ്ധിക്കുന്നില്ല. നിങ്ങളെ ശ്രദ്ധിക്കുന്നത് മറ്റുള്ളവരാണ്. ഞങ്ങളെ നിങ്ങളായിരിക്കും ശ്രദ്ധിക്കുന്നത്. നമ്മളാരും സ്വയംവിമർശിക്കുന്നതിൽ വേണ്ടത്ര വിജയിക്കുകയില്ല. അങ്ങോട്ടു വിമർശിക്കുന്നതുപോലെ ഇങ്ങോട്ടും വിമർശിക്കണം. വിഴിഞ്ഞം തുറമുഖം 30 വർഷം സ്വകാര്യമേഖലയ്ക്കാണ്. വേണമെങ്കിൽ 30 വർഷത്തേയ്ക്കുകൂടി എക്സ്റ്റൻഡ് ചെയ്യാം. പണ്ട് ചിന്തിക്കാൻ പോലും പറ്റുമായിരുന്നോ? ഇതൊക്കെ ലിബറലൈസേഷന്റെ ഭാഗമായി വന്ന മാറ്റങ്ങളാണ്. അതു നിങ്ങൾ ഉൾക്കൊള്ളുകയല്ലേ? ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രിയോട് ഞാൻ ചോദിക്കുകയാണ്, എത്ര കമ്പനികളിൽ കേരളത്തിൽ വി.ആർ.എസ്.(വോളന്ററി റിട്ടയർമെന്റ് സ്കീം) ഏർപ്പെടുത്തിയിട്ടുണ്ട്. നിങ്ങൾ കേന്ദ്ര ഗവൺമെന്റിനെ ഒറ്റപ്പെടുത്തുന്നുണ്ടല്ലോ? കേരളത്തിൽ നടപ്പാക്കുന്നില്ലേ? എതിർക്കാൻ നിങ്ങൾക്ക് കഴിയുമോ? സത്യം അതല്ലേ? ഞാനൊരു കാര്യം പറയാം; നിങ്ങൾ പിണങ്ങരുത്. നിങ്ങളറിയാതെ നിങ്ങൾക്കു വന്നിരിക്കുന്ന മാറ്റങ്ങൾ നിങ്ങൾ മനസ്സിലാക്കണം. ഞാൻ വ്യക്തിപരമായി പറയുകയാണ്. ലിബറലൈസേഷന്റെ സൗകര്യങ്ങൾ ഞങ്ങളേക്കാൾ കൂടുതൽ അനുഭവിക്കുന്നവർ നിങ്ങളാണ്. നിങ്ങൾ അതിനെക്കുറിച്ച് ആലോചിക്കുക. ഇപ്പുറത്തിരിക്കുന്നവർ അനുഭവിക്കുന്നതിനേക്കാൾ ലിബറലൈസേഷന്റെ സൗകര്യങ്ങൾ പതിൻമടങ്ങ് നിത്യേന അനുഭവിക്കുന്നത് നിങ്ങളും നിങ്ങളുടെ പ്രസ്ഥാനങ്ങളുമാണ്. അടുത്ത കാലത്തായി നിങ്ങളുടെ പുതിയൊരു സംരംഭമായി വന്നത് ടി.വി ചാനൽ തുടങ്ങാനാണ്. ഞാൻ കുറ്റപ്പെടുത്തുകയല്ല. അതിന്റെ ഷെയർ വിൽപ്പനയെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. ഞാൻ അതിലേയ്ക്കു കടക്കുന്നില്ല. ടി.വി ചാനൽ തുടങ്ങാൻ സാധിക്കുന്നത് എന്തുകൊണ്ട്? പണ്ട് ഇൻഡ്യയിലെ മോണോപ്പൊളി ദൂരദർശനായിരുന്നു. രണ്ടാം ചാനൽ തുടങ്ങുന്നതിനെ എതിർത്തവരാണ് നിങ്ങൾ. പക്ഷേ ലിബറലൈസേഷന്റെ ഫലമായി ദൂരദർശന്റെ മോണോപ്പൊളി തകർന്നതിന്റെ ഫലമായിട്ടാണ് ഇൻഡ്യയിൽ സ്വകാര്യചാനലുകൾ വന്നത്. ലിബറലൈസേഷന്റെ ഫലമെന്നു പറയുന്നത് ദൂരദർശന്റെ മോണോപ്പൊളി അവസാനിപ്പിച്ചതാണ്. സ്വകാര്യമേഖലയ്ക്ക് ഇവിടെ കടന്നുവരാൻ കിട്ടിയ അവസരം ഇൻഡ്യയിൽ ആദ്യമായി ഉപയോഗിച്ച പാർട്ടി നിങ്ങളാണ്. ലിബറലൈസേഷന്റെ ഏറ്റവും വലിയ സൗകര്യം അനുഭവിക്കുന്ന പാർട്ടി നിങ്ങളല്ലേ? എ.കെ.ജി. സെന്ററല്ലേ? എ.കെ.ജി സെന്ററിൽ എന്തെല്ലാം ആധുനികസൗകര്യങ്ങളാണുള്ളത്. സത്യമതല്ലേ? ചെറിയ കാര്യങ്ങളാണെങ്കിലും ഒന്നുരണ്ടു കാര്യങ്ങൾ ഞാൻ പറയാം. വ്യക്തിപരമായി എടുക്കുരുത്.

LIBRARY ARCHIVES Kerala Legislative Assembly

ഈ മന്ത്രിസഭയിൽ ഇപ്പോൾ അംബാസഡർ കാറുപയോഗിക്കുന്ന എത്ര പേരുണ്ട്? നിങ്ങൾ ആലോചിച്ചിട്ടുണ്ടോ. നിങ്ങൾ ഉദാരവൽക്കരണത്തെക്കുറിച്ച് കൂടുതൽ സംസാരിക്കുന്നുണ്ടല്ലോ. അംബാസഡർ കാർ ഉപയോഗിക്കുന്ന എത്ര മന്ത്രിമാരുണ്ട്? മോബൈൽ ഫോൺ ഉപയോഗിക്കാത്ത എത്ര പേരിവിടെയുണ്ട്? ഇതൊക്കെ എങ്ങനെ വന്നു? ഇതൊക്കെ യാഥാർത്ഥ്യമല്ലേ? ലിബറലൈസേഷന്റെ സൗകര്യങ്ങളും ആനുകൂല്യങ്ങളും പരമാവധി ഉപയോഗിക്കുന്നത് നിങ്ങളാണ്. ഈ സത്യം കൂടി ഇതിനെ എതിർക്കുമ്പോൾ നിങ്ങൾ ഓർക്കണ്ടേ? ഞാൻ കൂടുതലൊന്നും പറയുന്നില്ല, പറഞ്ഞാൽ നിങ്ങളിൽ പലർക്കും ഇഷ്ടപ്പെടില്ല. എനിക്കു പറയാനുണ്ട്. ചില കാര്യങ്ങൾ പറഞ്ഞാൽ നിങ്ങൾക്ക് വിഷമം തോന്നും. ഞങ്ങൾ ചില കാര്യങ്ങളൊക്കെ വാച്ച് ചെയ്യുന്നുണ്ട്, ചില കാര്യങ്ങൾ കാണുന്നുണ്ട്. ശ്രീ. പാലോട് രവി സംസാരിച്ചപ്പോൾ മിലോവൻ ഡി. ജയ്ലാസ് എഴുതിയ പുസ്തകത്തെക്കുറിച്ചു പറഞ്ഞു. പുസ്തകം എഴുതിയത് യൂഗോസ്ലാവിയയിലാണെങ്കിലും ആ പുസ്തകം ഒത്തുചേരുന്നത് കേരളത്തിലെ മാർക്സിസ്റ്റു പാർട്ടിയാണ്. You are a new class. പുതിയ ഭരണവർഗ്ഗമായി മാറിയിരിക്കുന്നു. നിങ്ങൾക്ക് ലോകത്തിലെ ആധുനികമായ എല്ലാ സൗകര്യങ്ങളും വേണം. നിങ്ങൾ അങ്ങനെ മാറിയിട്ടുണ്ട്. ഉദാരവൽക്കരണത്തിന്റെ ഫലമായി ഇൻഡ്യയിലേയ്ക്ക് ഒഴുകുന്ന എല്ലാ ആധുനികസൗകര്യങ്ങളും നിങ്ങൾക്കു വേണം. പാവപ്പെട്ട നിങ്ങളുടെ അനുയായികൾ, അടിസ്ഥാനവർഗ്ഗത്തിൽപ്പെട്ട അനുയായികളെ ആശ്വസിപ്പിക്കാൻ വേണ്ടി വാ തോരാതെ അതിനെ എതിർത്തു പ്രസംഗിക്കുകയാണ്. ഇത് ഇരട്ടത്താപ്പ് അല്ലേ?

ഞാൻ അതിനെക്കുറിച്ച് വിശദീകരിക്കുന്നില്ല. പക്ഷേ ഒരു കാര്യം പറയാം. ഉദാരവൽക്കരണം തുടങ്ങിവച്ചത് ഞങ്ങളാണ്. അത് കാലഘട്ടത്തിന്റെ ആവശ്യമായിരുന്നു. പക്ഷേ ബി.ജെ.പി ഗവൺമെന്റ് ഉദാരവൽക്കരണത്തിന്റെ പേരിൽ നടത്തുന്ന എല്ലാ നീക്കങ്ങളോടും യോജിപ്പുള്ളവരല്ല ഞങ്ങൾ. അതിൽ ഞങ്ങൾക്കുള്ള കാര്യങ്ങൾ ഞങ്ങൾ പറയും; തെറ്റായ കാര്യങ്ങളെ ഞങ്ങൾ എതിർക്കും. മാത്രമല്ല, ഉദാരവൽക്കരണം തുടങ്ങി ഒൻപതു വർഷത്തിനു ശേഷം സെക്കന്റ് ജനറേഷൻ റിഫോംസ് എന്നു പറയുന്ന അടുത്ത ഘട്ടത്തിലേക്കു പോകുന്നതിനു മുമ്പായി ചില കാര്യങ്ങൾ സൂക്ഷ്മമായി പഠിക്കണമെന്നു ഞങ്ങൾക്ക് അഭിപ്രായമുണ്ട്. പൊതുമേഖലാസ്ഥാപനങ്ങളെ മുഴുവൻ സ്വകാര്യവൽക്കരിക്കുന്ന ഉദാരവൽക്കരണത്തിന് ഞങ്ങൾ അനുകൂലമല്ല. സമ്പൂർണ്ണമായ സ്വകാര്യവല്കരണത്തിന് ഞങ്ങൾ അനുകൂലമല്ല. ഇന്ദിരാഗാന്ധിയാണ് ഈ രാജ്യത്ത് ബാങ്കുകൾ ദേശസാൽക്കരിച്ചത്. (14 ബാങ്കുകൾ). ഇന്ദിരാഗാന്ധി മുന്നോട്ടുവച്ച മാറ്റം ഇൻഡ്യൻ സമൂഹത്തിൽ വരുത്തിയ വിപ്ലവകരമായ നടപടിയാണ്. ബാങ്കുകളിൽ കിടക്കുന്ന പണം ഈ രാജ്യത്തെ പാവപ്പെട്ടവർക്ക്, കച്ചവടക്കാർക്ക്, സാധാരണക്കാർക്ക്, ഇടത്തരക്കാർക്ക് ഉപയോഗിക്കാനുണ്ടായ സാഹചര്യം വന്നത് ബാങ്കു ദേശസാൽക്കരണംമൂലമാണ്. ഇന്ദിരാഗാന്ധിയുടെ നടപടികളുടെ ഫലമായി ദേശസാൽക്കരിക്കപ്പെട്ട ഇന്ത്യയിലെ ദേശസാൽക്കൃത ബാങ്കുകളുടെ പ്രൈവറ്റൈസേഷനുള്ള നീക്കത്തിൽ ഞങ്ങൾ അനുകൂലമല്ല. അതുപോലെതന്നെ ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി രാവിലെ പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. ഇന്ത്യയിൽ റേഷൻ സംപ്രദായം ആരംഭിച്ചത് കോൺഗ്രസ്സാണ്. ഈ രാജ്യത്തെ ജനങ്ങളിൽ ഗണ്യമായ ഒരുവിഭാഗം ഇന്നും പട്ടിണികിടക്കുന്നു. ഈ രാജ്യത്ത് റേഷൻ സമ്പ്രദായം അവസാനിപ്പിക്കുന്നതിനെക്കുറിച്ച് ചിന്തിക്കാനേ സാധ്യമല്ല. ഫുഡ് സബ്സിഡി നില നിർത്തണമെന്നുമാത്രമല്ല, ആവ

LIBRARY ARCHIVES Kerala Legislative Assembly

ശ്യാനുസരണം കൂട്ടിക്കൊണ്ടിരിക്കണം. അഗ്രിക്കൾച്ചറൽ സബ്സിഡി കുറയ്ക്കാൻ സാധ്യമല്ല. റേഷൻ സമ്പ്രദായം നിലനിർത്തുന്നതിനുവേണ്ടി ഏറ്റവും ശക്തമായ നടപടി സ്വീകരിക്കുന്ന കാര്യത്തിൽ കോൺഗ്രസ് ആരുടേയും പിന്നിലായിരിക്കില്ല. റേഷൻ സമ്പ്രദായം നിലനിർത്തുന്ന കാര്യത്തിൽ ഞങ്ങൾക്ക് വളരെ നിർബന്ധമുണ്ട്. ഞാനതേക്കുറിച്ച് ഒറ്റവാചകത്തിൽ പറയാം. ഞങ്ങൾ സ്വകാര്യമേഖലയ്ക്കെതിരല്ല, പക്ഷേ സമ്പൂർണ്ണമായ സ്വകാര്യവൽക്കരണം ഞങ്ങൾ അനുവദിക്കില്ല. ഞങ്ങൾ സമ്മിശ്ര സമ്പദ്വ്യവസ്ഥയിൽ വിശ്വസിക്കുന്നവരാണ്. ഞങ്ങൾ മിക്സഡ് ഇക്കോണമിയിൽ വിശ്വസിക്കുന്നു. ഞങ്ങളുടെ അടിസ്ഥാന സമീപനം ഇതാണ്. ഞങ്ങൾ സ്വകാര്യമേഖലയ്ക്കും അനുകൂലമാണ്. പ്രധാനപ്പെട്ട മേഖലകളിൽ പൊതുമേഖല നിൽക്കണം, സമ്മിശ്ര സമ്പദ് വ്യവസ്ഥ ഈ രാജ്യത്ത് നിൽക്കണം. അതാണ് ഞങ്ങളുടെ കാഴ്ചപ്പാട്.

ഞാൻ ഗവർണ്ണറുടെ നന്ദിപ്രമേയത്തിലേയ്ക്ക് വരികയാണ്. ബഹുമാനപ്പെട്ട മീനാക്ഷി തമ്പാൻ പണ്ട് നല്ലൊരു അദ്ധ്യാപികയായിരുന്നു, ഇപ്പോൾ മെമ്പറാണ്. ബഹുമാനപ്പെട്ട മീനാക്ഷി തമ്പാൻ ഇന്നലെ എന്നോടൊരു സംശയം ചോദിച്ചു, മി. ആന്റണിയുടെ പ്രയോറിറ്റി എന്താണെന്ന്. ഞാൻ ഒരു യുവജനപ്രസ്ഥാനത്തിൽക്കൂടി കടന്നുവന്നതാണ്. അതുകൊണ്ട് എന്റെ പ്രയോറിറ്റി ആദ്യം മുതലേ ക്ലീയറാണ്. കേരളത്തിലെ തൊഴിലില്ലാത്ത മുഴുവൻ ചെറുപ്പക്കാർക്കും തൊഴിലുണ്ടാകണമെന്നാണ് എന്റെ ഫസ്റ്റ് പ്രയോറിറ്റി. എല്ലാവർക്കും തൊഴിൽ കൊടുക്കാൻ സാധിച്ചില്ലെങ്കിലും ആദ്യമായി മുഖ്യമന്ത്രിയാകാൻ അവസരം കിട്ടിയപ്പോൾ 1978-ൽ ഞാൻ മുഖ്യമന്ത്രിയായിരുന്ന അവസരത്തിൽ എന്റെ ഗവൺമെന്റാണ് ഇന്ത്യയിൽ ആദ്യമായി തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിലില്ലായ്മ വേതനം ഏർപ്പെടുത്തിയത്. ഞാൻ വളർന്നു വന്ന യുവജന പ്രസ്ഥാനത്തോട്, എന്നെ വളർത്തിയ ചെറുപ്പക്കാരോട്, അത്രയും നീതിയെങ്കിലും ഞാൻ ചെയ്തിട്ടുണ്ട്.....(തടസ്സം)..... ഏതായാലും റെക്കാർഡ് റെക്കാർഡാണ്. ഞാൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ എന്റെ ഗവൺമെന്റാണ് ഇന്ത്യയിലാദ്യമായി തൊഴിലില്ലായ്മ വേതനം ഏർപ്പെടുത്തിയതും 18 വയസ്സുകാർക്ക് വോട്ടവകാശം കൊടുത്തതും. അത് ചരിത്രത്തിൽ റെക്കോർഡ് ചെയ്യപ്പെടുന്ന കാര്യമാണ്. യുവജനപ്രസ്ഥാനത്തിൽ കൂടി കടന്നുവന്ന ഞാൻ ആ നീതി ചെയ്തിട്ടുണ്ട്. ഞങ്ങളുടെ കാഴ്ചപ്പാട് ഇതാണ്... (ബഹളം)... അന്ന് സി.പി.ഐ. ഞങ്ങളുടെ കൂടെയുണ്ടായിരുന്നു. നിങ്ങൾക്കും അതിൽ കാര്യമായ പങ്കുണ്ട്. ഞാനത് നടപ്പാക്കിയത് ശ്രീ.ജോസ് ബേബിയുടെ പാർട്ടിയോടുകൂടി ആലോചിച്ചതിനുശേഷമാണ്..... (ബഹളം)..... അതുകൊണ്ട് എന്റെ കാഴ്ചപ്പാടിൽ ഏറ്റവും വലിയ പ്രയോറിറ്റി തൊഴിലില്ലായ്മക്കു തന്നെയാണ്. കേരളത്തിലെ എല്ലാ കുടുംബങ്ങളേയും ഒരുപോലെ ബാധിക്കുന്ന പ്രശ്നമാണ് തൊഴിലില്ലാത്ത ചെറുപ്പക്കാർ. ആ തൊഴിലില്ലായ്മയ്ക്ക് പരിഹാരമുണ്ടാകണം. ശ്രീ. ജോസ് ബേബി ചോദിച്ചല്ലോ രണ്ടാം പ്രാവശ്യം എന്തുചെയ്തുവെന്ന്? തൊഴിലില്ലാത്ത ചെറുപ്പക്കാർ കാശുമായി, ശുപാർശയുമായി ഓരോരുത്തരുടെ പുറകെ നടക്കാനുള്ള സാഹചര്യം ഒഴിവാക്കാൻ വേണ്ടി ജില്ലാ ബാങ്കുകളുൾപ്പെടെയുള്ള സഹകരണ ബാങ്കുകളിലെ നിയമനം പി.എസ്.സി ക്കു വിട്ടത് രണ്ടാം പ്രാവശ്യം ഞാൻ മുഖ്യമന്ത്രിയായി വന്ന അവസരത്തിലാണ്. അതിനേക്കാൾ ഒരിഞ്ചുപോലും നിങ്ങൾ മുന്നോട്ടുപോയിട്ടില്ല, അതല്ലേ സത്യം.? എനിക്ക് ഈ സർക്കാരിനോടുള്ള ഒരു പരാതി ഇതാണ്. ഈ നയപ്രഖ്യാപന പ്രസംഗത്തിൽ തൊഴിലില്ലായ്മ പരിഹരിക്കാനുള്ള നിർദ്ദേശങ്ങളില്ല. 1998 ൽ ഈ ഗവൺമെന്റ് വ്യവസായ നയങ്ങൾ പ്രഖ്യാപിച്ച

LIBRARY ARCHIVES Kerala Legislative Assembly

താണ്. വ്യവസായ വകുപ്പു മന്ത്രി പ്രഖ്യാപിച്ച ആ നയത്തിൽ പറഞ്ഞത് രണ്ടര വർഷത്തിനകം മൂന്നര ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്നാണ്. ആ വ്യവസായ നയം 1998 ൽ പാസ്സാക്കിയതാണ്. ഇന്ന് എന്താണ് സ്ഥിതി? ശ്രീ. എ.കണാരൻ ഇവിടെയുണ്ടല്ലോ. ഇന്ന് കേരളത്തിലെ സ്ഥിതിയെന്താണ്? കേരളത്തിലെ കർഷകതൊഴിലാളികളുടെ സ്ഥിതിയെന്താണ്? കേരളത്തിലെ കർഷകത്തൊഴിലാളികൾക്ക് തൊഴിൽ കുറഞ്ഞു വരുന്നു. തൊഴിലില്ല ഓട്ടുകമ്പിനിയിലെ തൊഴിലാളികൾക്ക് തൊഴിലില്ല. ബീഡിത്തൊഴിലാളികൾക്ക് തൊഴിലില്ല. കൈത്തറിത്തൊഴിലാളികൾക്ക് തൊഴിലില്ല. സംശയം വേണ്ട, നെയ്യാറ്റിൻകരയിൽ പോയി നോക്കണം, അവിടെ പട്ടിണിയാണ്. മത്സ്യതൊഴിലാളികൾക്ക് പ്രയാസമാണ്.അപ്പോൾ പരമ്പരാഗത വ്യവസായങ്ങളുടെ സ്ഥിതിയെന്താണ്? അഭ്യസ്തവിദ്യരുടെ ഇന്നത്തെ സ്ഥിതിയെന്താണ്? 1996 ൽ ശ്രീ.ഇ.കെ നായനാരുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഇവിടെ സത്യവാചകം ചൊല്ലി അധികാരത്തിൽ കയറിയപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ തൊഴിലിനുവേണ്ടി രജിസ്റ്റർ ചെയ്തിരുന്ന ചെറുപ്പക്കാരുടെയെണ്ണം 32,87,474 പേർ. 1999 ഡിസംബർ വരെ എംപളോയ്മെന്റ് എക്സ്ചേഞ്ചിൽ തൊഴിലിനു വേണ്ടി പേര് രജിസ്റ്റർ ചെയ്തവരുടെ എണ്ണം 38,80,678 ആണ്. നിങ്ങളുടെ ഭരണം നാലുവർഷം പൂർത്തിയായിട്ടില്ല. നാലു വർഷം കൊണ്ട് കേരളത്തിൽ ഏഴു ലക്ഷം ചെറുപ്പക്കാരാണ് തൊഴിലില്ലാത്തവരായി മാറിയിരിക്കുന്നത്. വിപ്ലവകരമായ, മനോഹരമായ ഭരണത്തിൻ കീഴിൽ ഏഴു ലക്ഷം പേരാണ് തൊഴിലില്ലാത്തവരായി മാറിയതെന്നുള്ള കാര്യം നിങ്ങൾ ഓർക്കണം. കേരളത്തിലെ ജനസംഖ്യ 32 ദശലക്ഷമെന്നുള്ളത് 30 ദശലക്ഷമായി മാറിയിരിക്കുന്നു. കേരളത്തിൽ ജനസംഖ്യ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇന്ത്യയിൽ ജനസംഖ്യ കുറയുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. കേരളത്തിലെ തൊഴിലില്ലാത്ത ലക്ഷോപലക്ഷം വരുന്ന ചെറുപ്പക്കാരെ വഞ്ചിച്ച ഒരു ഗവൺമെന്റാണ് ഇവിടെ ഭരിക്കുന്നത്. നിങ്ങൾ ഈ സംസ്ഥാനത്തെ കടക്കെണിയിൽ എത്തിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി, അങ്ങയുടെ 45 മാസക്കാലത്തെ ഭരണം ഈ സംസ്ഥാനത്തെ പാപ്പരാക്കിയിരിക്കുകയാണ്. കേരളത്തിൽ 1957 മുതൽ 1996 വരെ ഭരിച്ച ഗവൺമെന്റുകളെല്ലാം കൂടി ഉണ്ടാക്കിയ പൊതു കടം എത്രയാണെന്നറിയാമോ? 40 വർഷക്കാലം കേരളം ഭരിച്ച യു.ഡി.എഫ്, എൽ.ഡി.എഫ് എല്ലാം കൂടിയുണ്ടാക്കിയ കടം 10,114 കോടി രൂപയാണ്. 45 മാസം മാത്രം ഭരിച്ച നിങ്ങളുടെ സർക്കാരിന്റെ ഇപ്പോഴത്തെ കടം 20,269 കോടി രൂപ. 40 വർഷം ഭരിച്ചവരുണ്ടാക്കിയതിന്റെ ഇരട്ടി കടം 45 മാസം കൊണ്ട് വരുത്തി നിങ്ങൾ ഈ സംസ്ഥാനത്തെ പാപ്പരാക്കിയിരിക്കുകയാണ്. കേരളത്തെ നിങ്ങൾ സാമ്പത്തികമായി തകർത്തില്ലേ, നശിപ്പിച്ചില്ലേ? ഇതിന്റെ ഫലമെന്താണ്? കേരളത്തിൽ ജനിക്കുന്നവരുടെ കടബാധ്യത വർദ്ധിക്കില്ലേ? 1995 ൽ ഇവിടെ ജീവിക്കുന്ന ഒരാളുടെ ആളോഹരി കടം 3253 രൂപയായിരുന്നു. ഇപ്പോഴത്തെ കടം 6,450 രൂപ. ഇരട്ടിച്ചില്ലേ? ഇതുപോലെ ഈ സംസ്ഥാനത്തെ തകർത്ത ഒരു കാലമുണ്ടോ?

ഇവിടെ ഗവർണ്ണർ പറഞ്ഞ ഒരു കാര്യം ഓംബുഡ്സ്മാനും അപ്പലേറ്റു ട്രൈബ്യൂണലും ആഡിറ്റ് കമ്മീഷനും ഈ വർഷം തന്നെ രൂപീകരിക്കുമെന്നു പറഞ്ഞു. ത്രിതല പഞ്ചായത്തിൽ ഇലക്ഷൻ വരാൻ ഇനി ആറുമാസം മാത്രമേയുള്ളു. ഇത് എത്രാമത്തെ പ്രഖ്യാപനമാണ്. ഇവിടെ ത്രിതല പഞ്ചായത്തുകളിൽ അഴിമതിയുണ്ടാകുന്നുവെന്നുള്ള ആക്ഷേപം ഈ നിയമസഭാ വേദിയിലും പുറത്തും പറഞ്ഞപ്പോൾ മുഖ്യമന്ത്രിയും തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയും പറഞ്ഞു. സെൻ കമ്മീഷനെ നിയമിച്ചിട്ടുണ്ടെന്ന്. സെൻ

LIBRARY ARCHIVES Kerala Legislative Assembly

കമ്മീഷന്റെ റിപ്പോർട്ട് വന്നാൽ അഴിമതി അവസാനിപ്പിക്കാനുള്ള സംവിധാന മുണ്ടാക്കുമെന്ന്. സെൻ കമ്മീഷൻ റിപ്പോർട്ട് നൽകിയില്ലേ? സെൻ കമ്മീഷന്റെ ഫൈനൽ റിപ്പോർട്ടാണിത്. രണ്ടാഘട്ടം റിപ്പോർട്ട് കൊടുത്തു. സെക്കന്റ് റിപ്പോർട്ട് 1997 ഡിസംബർ 23-ന് കിട്ടി. ഇന്നേയ്ക്ക് രണ്ടേകാൽ വർഷം മുമ്പ് സെൻ കമ്മീഷൻ റിപ്പോർട്ട് കിട്ടി. ആ റിപ്പോർട്ടിൽ എന്താണ് പറഞ്ഞത്? അപ്പലേറ്റ് ട്രൈബ്യൂണലും ഓംബുഡ്സ്മാനും ഉണ്ടാക്കണം. രണ്ടേകാൽ വർഷം മുൻപ് നൽകിയ റിപ്പോർട്ട് നിങ്ങൾ വച്ചു താമസിപ്പിച്ചു. അതിനുശേഷം 8-7-1998 ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ പറഞ്ഞു. റൂൾ 300 അനുസരിച്ച് നിയമസഭയിൽ ചെയ്ത പ്രസ്താവനയാണ്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ നടക്കുന്ന അഴിമതിയും ക്രമക്കേടുകളും അന്വേഷിക്കുന്നതിന് ഹൈക്കോടതി ജഡ്ജി ചെയർമാനായി ഏഴു അംഗങ്ങളുള്ള സംസ്ഥാനതല അതോറിറ്റി, ഓംബുഡ്സ്മാൻ രൂപീകരിക്കുന്നതാണ്. "തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിയമാനുസൃത നടപടികളിൻമേൽ അപ്പീലുകളും....തീർപ്പാക്കുന്നതിന് അപ്പലേറ്റ് ട്രൈബ്യൂണലുകൾ രൂപീകരിക്കുന്നതാണ്." കമ്മീഷൻ റിപ്പോർട്ട് കിട്ടിയിട്ട് രണ്ടേ കാൽ കൊല്ലമായി. അങ്ങിതു പറഞ്ഞിട്ടു ഏതാണ്ട് രണ്ടു വർഷമാകാൻ പോകുന്നു. അതിനുശേഷം പഞ്ചായത്ത് രാജ് ആക്ട് നമ്മുടെ അസംബ്ലിയിൽ (ഭേദഗതി) പാസ്സാക്കി. ഈ ഭേദഗതി നിയമം പാസ്സായത് 24-2-1999-ലാണ്. ഇന്നേയ്ക്ക് ഒരു വർഷത്തിനു മുൻപാണ് ഓംബുഡ്സ്മാൻ വ്യവസ്ഥ ചെയ്യുന്ന പഞ്ചായത്ത് രാജ് നിയമം പാസ്സാക്കിയത്. സെൻ കമ്മിറ്റി റിപ്പോർട്ട് കിട്ടിയിട്ട് രണ്ടേകാൽ വർഷമായി. അതു മന്ത്രിസഭ അംഗീകരിച്ചിട്ട് ഒരു വർഷവും 10 മാസവുമായി. ഓംബുഡ്സ്മാൻ രൂപീകരിക്കാനുള്ള നിയമം പാസ്സാക്കിയിട്ട് വർഷം ഒന്നു കഴിഞ്ഞു. ഇത്രയും നാളായിട്ടും ത്രിതല പഞ്ചായത്തുകളിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷിക്കാൻ ഓംബുഡ്സ്മാൻ രൂപീകരിക്കുവാൻ നിങ്ങൾ കാണിച്ച വീഴ്ച, അതിനു എന്തുപേരാണ് പറയേണ്ടത്? ഇതു നിങ്ങൾ കരുതിക്കൂട്ടി ചെയ്തതല്ലേ? നിങ്ങളുടെ പാർട്ടിയിൽപ്പെട്ട പഞ്ചായത്തു മെമ്പർമാരായിരിക്കും അന്വേഷിച്ചാൽ കൂടുതൽ കുടുങ്ങുക, കുറ്റക്കാരാകുക. അതുകൊണ്ട് നിങ്ങൾ മന:പൂർവമായി അടുത്ത പഞ്ചായത്ത് ഇലക്ഷൻ വരെ നീട്ടുകയല്ലേ? ഇനി പഞ്ചായത്തു മെമ്പർമാരെ ഓംബുഡ്സ്മാൻ രൂപീകരിച്ചുകഴിഞ്ഞാലും അടുത്ത പഞ്ചായത്ത് ഇലക്ഷനു മുൻപായി, ഇതിന്റെയടിസ്ഥാനത്തിൽ നടപടിയെടുത്ത് ഇലക്ഷനിൽ മൽസരിപ്പിക്കാതിരിക്കാനുള്ള സമയ പരിധിയുണ്ടോ? മന:പൂർവമായ ക്രിമിനൽ നെഗ്ലിജൻസല്ലേ ഇത്? അഴിമതിക്കാരായ നിങ്ങളുടെ പാർട്ടിക്കാരെ സഹായിക്കുവാൻ വേണ്ടി മന:പൂർവം ചെയ്തതല്ലേ? ഈ അഴിമതി കാണിച്ചതിൽ ഭൂരിപക്ഷം പേരും യു.ഡി.എഫ് കാരായിരുന്നുവെങ്കിൽ നിങ്ങൾ വെറുതേ വിടുമായിരുന്നോ? ഊമക്കത്തിന്റെ അടിസ്ഥാനത്തിൽ വരെ യു.ഡി.എഫ് ലെ മുൻ മന്ത്രിമാർക്കെതിരെ വിജിലൻസ് കേസെടുത്ത നിങ്ങൾ എന്താണ് ഇതിൽ ചെയ്തത്? പിടികൂടാൻ പോകുന്നത് ഭൂരിപക്ഷവും നിങ്ങളുടെ ആളുകളായതുകൊണ്ട് നിങ്ങൾ ഇതു മനഃപൂർവം വെച്ചു താമസിപ്പിച്ചു. അഴിമതിയെ നിങ്ങൾ മൂടിവച്ചു. അഴിമതിക്കാരെ സംരക്ഷിക്കുവാൻ ശ്രമിച്ചു. യു.ഡി.എഫ് ലെ ആളുകളെല്ലാം നല്ലവരെന്നല്ല പറഞ്ഞത്, അതിലും കുഴപ്പക്കാരുണ്ടാകും. ഈ നിയമത്തിന്റെ ഫലമായി, യു.ഡി.എഫിൽപ്പെട്ട ആരെങ്കിലും കുഴപ്പം കാണിച്ചിട്ടുണ്ടെങ്കിൽ അവരെ ശിക്ഷിക്കണം.

സർ, അതുപോലെ,ഗുരുദേവ പ്രതിമകൾ തകർത്തതാരാണെന്നു എനിക്കറിയില്ല. പക്ഷെ അത് ഒരു സാധാരണ സംഭവം പോലെ നിരന്തരമായുണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

കുകയാണ്. കൊല്ലം എസ്.എൻ.ഡി.പി ഓഫീസിൽ സ്ഥാപിച്ച പ്രതിമയെ വികൃതമാക്കിയത് മുതൽ തകർക്കൽ സംഭവം തുടരുകയാണ്. അടിയന്തിര മായി ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ശക്തികളെ കണ്ടെത്തി ശിക്ഷിക്കണം. ഏതു വിഭാഗത്തിൽപ്പെട്ടവരാണ് ഇതു ചെയ്തതെങ്കിലും അവർ മാപ്പർഹിക്കു ന്നില്ല. അതുകൊണ്ട് കേസ് അന്വേഷണം ശക്തിപ്പെടുത്തണം. സംസ്ഥാ നത്തെ ഏറ്റവും ഉയർന്ന പോലീസ് ഉദ്യോഗസ്ഥൻമാരുടെ ഒരു ടീമിനെ വയ്ക്കണം. ടൈം ബൗണ്ടായി ഇതു തീർക്കാൻ ശ്രമിക്കണം.

4 PM

മറ്റൊന്നു ജനകീയ പോലീസ്. ഞാൻ അതിനെക്കുറിച്ച് വിശദീകരി ക്കുന്നില്ല. ഇപ്പുറത്തുനിന്നു വന്ന വിമർശനത്തിന്റെ അടിസ്ഥാന ത്തിൽ അതിനെക്കുറിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഒരു കമ്മി റ്റിയെ വച്ചുവെന്ന് പത്രത്തിൽ വായിച്ചു. അത്രയും നല്ലത്. എനിക്ക് ഒരു സജ ഷനേയുള്ളു. അതു മുഖ്യമന്ത്രിയുടെയും ലാ മിനിസ്റ്ററുടെയും മുൻപിൽ സമർപ്പിക്കുകയാണ്. നിങ്ങൾ ജനകീയ പോലീസിനെക്കുറിച്ച് പൊതുജനങ്ങ ളുടെയും മറ്റുള്ളവരുടെയും അഭിപ്രായമാരായാൻ ഒരു കമ്മിറ്റിയെ വച്ചിട്ടുണ്ട്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് വന്നതിനുശേഷം നടപ്പാക്കുമെന്നാണ് പറഞ്ഞിരി ക്കുന്നത്. നിയമാനുസൃതം സംരക്ഷണം നൽകുമെന്ന് പറഞ്ഞിട്ടുണ്ട്. എനി ക്കുള്ള ഒരേയൊരു സജഷൻ ആ കമ്മിറ്റിയുടെ റിപ്പോർട്ട് വരുമ്പോൾ അസംബ്ലി പിരിയും. ഈ അസംബ്ലിയിൽ ചർച്ച ചെയ്യാതെ ഒരു ഓർഡി നൻസിൽക്കൂടി ജനകീയ പോലീസ് സംവിധാനം കേരളത്തിൽ നടപ്പാക്കരുത്. നിങ്ങൾ കമ്മിറ്റിയിൽ പരിശോധിച്ചുണ്ടാക്കുന്ന കരട്, മന്ത്രിസഭ ചർച്ച ചെയ്ത നിയമം- അത് ഓർഡിനൻസിൽക്കൂടി നടപ്പാക്കരുത്. കേരളത്തിലെ ക്രമസമാ ധാന രംഗത്ത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കാനിടയുള്ള ആ ജന കീയ പോലീസിനെപ്പറ്റി നിങ്ങളിറക്കുന്ന നിയമം ഓർഡിനൻസായി പ്രസിദ്ധീ കരിക്കരുത്. അത് നിയമസഭയിൽ ചർച്ച ചെയ്ത് നിയമസഭയിലെ ചർച്ചയ്ക്കു ശേഷം മാത്രമേ അത് നടപ്പാക്കാവൂ എന്നാണ് എന്റെ റിക്വസ്റ്റ്.

മറ്റൊന്നു കൊല്ലം എസ്.എൻ കോളേജിലെ പ്രിൻസിപ്പലിനെ ബന്ദിയാ ക്കിയ പ്രശ്നം, കൊല്ലത്ത് യൂത്ത് കോൺഗ്രസിനു നേരെയുണ്ടായ ആക്രമണം. അതിനെത്തുടർന്ന് ഡി.സി.സി. ഓഫീസിലുണ്ടായ പോലീസ് കൈയ്യേറ്റം, എ.ഐ.എസ്.എഫ് പ്രവർത്തകരുടെ നേരെയുള്ള ലാത്തിച്ചാർജ്: മൂന്നു ലാത്തിച്ചാർജും അതുപോലെ പ്രിൻസിപ്പാളിനെ ബന്ദിയാക്കിയ സംഭവവും ഇങ്ങനെ ഈ സംസ്ഥാനത്ത് നടന്നുകൂടാത്ത ചില സംഭവങ്ങൾ കൊല്ലത്ത് നടന്നിരിക്കുന്നു. ഗുരുദേവ പ്രതിമ വികൃതമാക്കിയ സംഭവം. കൊല്ലം സംഭവങ്ങളെക്കുറിച്ച് ഡി.സി.സി. ഓഫീസിലെ മർദ്ദനമുൾപ്പെടെ നിങ്ങൾക്ക് വേറെ ആക്ഷേപമുണ്ടെങ്കിൽ അതിനെക്കുറിച്ചും ഹൈക്കോടതി യിലെ ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ടു അന്വേഷിക്കാൻ തയ്യാറാകണം. അതിനു തയ്യാറാകാതെ ജനവികാരം മാനിക്കാതെ മുന്നോട്ടു പോകാനാണ് ഭാവമെങ്കിൽ ഹർത്താലുകൊണ്ടൊന്നും ഇത് അവസാനിക്കാൻ പോകുന്നില്ല. നിങ്ങൾക്കെതിരായി അതിശക്തമായി ജനങ്ങളെ സംഘടിപ്പിച്ചുകൊണ്ട് കേരള ത്തിൽ ഞങ്ങൾ ജനകീയ പ്രക്ഷോഭമുണ്ടാക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമ ന്ത്രിയെ മിതമായ ഭാഷയിൽ ഓർമ്മപ്പെടുത്തിക്കൊണ്ടു ഞാൻ ഈ നന്ദിപ്രമേ യത്തെ ശക്തമായി എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly